# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

## 74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത

**കേരള സർക്കാർ**

**2022 വർഷത്തെ റിപ്പോർട്ട് നമ്പർ 3**

# ഉള്ളടക്കം


| ഖണ്ഡിക | വിവരണം | പുറം |
|---|---|---|
| | മുഖവുര | v |
| | മുഖ്യ സംഗ്രഹം | vii |
| | **അദ്ധ്യായം I - ആമുഖം** | |
| 1.1 | കേരളത്തിലെ വികേന്ദ്രീകരണം | 1 |
| 1.2 | കേരളത്തിലെ നഗരഭരണത്തിന്റെ ഘടനാനില | 1 |
| 1.3 | ഓഡിറ്റ് ലക്ഷ്യങ്ങൾ | 3 |
| 1.4 | ഓഡിറ്റ് മാനദണ്ഡങ്ങൾ | 3 |
| 1.5 | ഓഡിറ്റ് വ്യാപ്തിയും രീതിയും | 3 |
| 1.6 | കൃതജ്ഞത | 4 |
| | **അദ്ധ്യായം II - സ്ഥാപനപരമായ സംവിധാനങ്ങളിലൂടെയുള്ള ശാക്തീകരണം** | |
| 2.1 | സംസ്ഥാന നിയമത്തിന്റെ ആവിഷ്കരണം | 5 |
| 2.2 | 74-ാം ഭേദഗതിയുമായുള്ള സംസ്ഥാന തല നിയമനിർമ്മാണങ്ങളുടെ താരതമ്യം | 6 |
| 2.3 | പ്രാദേശിക ഭരണകൂടങ്ങളിലേക്കുള്ള ചുമതലകളുടെ കൈമാറ്റത്തിന്റെ യഥാർത്ഥസ്ഥിതി | 6 |
| 2.4 | അധികാര കൈമാറ്റരീതിയിലെ പോരായ്മകൾ | 9 |
| 2.5 | നഗര തദ്ദേശ ഭരണകൂടങ്ങളുടെ ശാക്തീകരണത്തിന് വേണ്ടിയുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ | 11 |
| 2.6 | യുഎൽബികളിന്മേൽ സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ | 17 |
| 2.7 | ജില്ലാ ആസൂത്രണ സമിതി | 18 |
| 2.8 | വൻനഗര ആസൂത്രണ സമിതി | 19 |
| | **അദ്ധ്യായം III – അധികാര വികേന്ദ്രീകരണത്തിലെ ഫലപ്രാപ്തി** | |
| 3.1 | ജലവിതരണം | 21 |
| 3.2 | ഖരമാലിന്യപരിപാലനം | 25 |
| 3.3 | പൊതുജനാരോഗ്യവും ശുചീകരണവും | 28 |
| 3.4 | കർത്തവ്യനിർവ്വഹണത്തിലെ മറ്റു പാരാസ്റ്റേറ്റലുകളുടെ ഇടപെടൽ | 30 |
| | **അദ്ധ്യായം IV – സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം** | |
| 4.1 | യുഎൽബികളുടെ ധനസ്ഥിതി | 35 |
| 4.2 | യുഎൽബികളുടെ വരവുകൾ | 42 |

| ഖണ്ഡിക | വിവരണം | പുറം |
|---|---|---|
| | **അദ്ധ്യായം V – മനുഷ്യവിഭവങ്ങൾ** | |
| 5.1 | യുഎൽബികളിലെ മനുഷ്യശേഷിയുടെ വ്യവസ്ഥാപനം | 57 |
| | **അദ്ധ്യായം VI – ഉപസംഹാരവും ശുപാർശകളും** | |
| 6.1 | ഉപസംഹാരം | 63 |
| 6.2 | ശുപാർശകൾ | 64 |

| അനുബന്ധങ്ങൾ | പുറം |
|---|---|
| **അനുബന്ധം 1.1:** തെരഞ്ഞെടുത്ത യുഎൽബികളുടെ ലിസ്റ്റ് | 69 |
| **അനുബന്ധം 2.1:** 74-ാം ഭേദഗതിനിയമവുമായുള്ള സംസ്ഥാനതല നിയമനിർമ്മാണങ്ങളുടെ താരതമ്യം | 70 |
| **അനുബന്ധം 2.2:** പ്രവർത്തന മാപ്പിംഗ് | 76 |
| **അനുബന്ധം 2.3:** കൗൺസിലർമാരുടെ എണ്ണത്തിൽ സംസ്ഥാന വ്യാപകമായ കുറവ് | 83 |
| **അനുബന്ധം 2.4:** എസ്.എഫ്.സികളുടെ രൂപീകരണത്തിലെയും റിപ്പോർട്ടുകളുടെ സമർപ്പണത്തിലെയും സമയനിഷ്ഠ | 85 |
| **അനുബന്ധം 2.5:** സർക്കാർ അംഗീകരിച്ചെങ്കിലും ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത, യുഎൽബികളുടെ ശാക്തീകരണം സുഗമമാക്കുന്ന സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ | 86 |
| **അനുബന്ധം 2.6:** കെ.എം ആക്ടിനുമേൽ സർക്കാരിനുള്ള അധികാരങ്ങൾ | 88 |
| **അനുബന്ധം 3.1:** തെരഞ്ഞെടുത്ത യുഎൽബികളുടെ ഖരമാലിന്യനിർമ്മാർജനത്തിന്റെ വിശദാംശങ്ങൾ | 90 |
| **അനുബന്ധം 3.2:** 2015-20 കാലയളവിൽ ഖരമാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ച ഫണ്ടിന്റെയും തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ | 93 |

# മുഖവുര

ഭരണഘടനയുടെ 151 (2)-ാം അനുച്ഛേദപ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2021 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2015-20 കാലയളവിലെ '74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യക്ഷമത' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റിന്റെ കണ്ടെത്തലുകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പും, കേരള സർക്കാരും, നഗരകാര്യ ഡയറക്ടറേറ്റും, തെരഞ്ഞെടുക്കപ്പെട്ട എല്ലാ യുഎൽബികളും ഓഡിറ്റ് നടപടി ക്രമങ്ങളുടെ ഓരോ ഘട്ടത്തിലും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# മൂല്യ സംഗ്രഹം

# മുഖ്യ സംഗ്രഹം

ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) നിയമം, 1992, 243പി മുതൽ 243ഇസഡ്ജി വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം IX എ (നഗരസഭകൾ) ഭരണഘടനയിൽ ചേർത്തു കൊണ്ട് നഗരതദ്ദേശ സ്ഥാപനങ്ങൾക്ക് (യുഎൽബി) ഭരണഘടനാ പദവി പകർന്നു നൽകി. സ്വയം ഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ അധികാരങ്ങളും പ്രാമാണ്യവും നൽകിക്കൊണ്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിന്യസിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനും അനുച്ഛേദം 243ഡബ്ല്യൂ സംസ്ഥാന നിയമസഭകളെ അധികാരപ്പെടുത്തി. ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ കാര്യശേഷിയുടെ വ്യാപ്തി നിർണ്ണയിക്കുവാനായി '74-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ നടപ്പാക്കലിന്റെ ഫലപ്രാപ്തി' എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ പ്രധാന നിരീക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## സ്ഥാപനപരമായ സംവിധാനങ്ങളിലൂടെയുള്ള ശാക്തീകരണം

ഭരണഘടനയുടെ പന്ത്രണ്ടാമത് ഷെഡ്യൂളിൽ എണ്ണിപ്പറഞ്ഞിരിക്കുന്ന 18 പ്രവൃത്തികളിൽ 17 എണ്ണവും യുഎൽബികൾക്ക് കൈമാറിയെങ്കിലും കെ.എം. ആക്ടിന്റെ ഒന്നാം ഷെഡ്യൂളിലെ, പൊതുവായ-അനിവാര്യ-മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ കീഴിൽ വരുന്ന ഇനങ്ങളെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിലെ ഇനങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ഡോക്യുമെന്റഡ് മാപ്പിംഗ് ലഭ്യമല്ലായിരുന്നു. കൈമാറിയ 17 ചുമതലകളിൽ യുഎൽബികൾക്ക് ഏഴെണ്ണത്തിന്റെ മാത്രം പൂർണ്ണ ഉത്തരവാദിത്വമുണ്ടായിരുന്നു. ശേഷിക്കുന്ന പത്ത് ചുമതലകളുടെ കാര്യത്തിൽ, സംസ്ഥാന സർക്കാർ നേരിട്ടോ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയോ പദ്ധതികൾ നടപ്പാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് തുടർന്നു.

**(*ഖണ്ഡിക 2.3*)**

സ്കീമുകളുടെ സമാന്തര നടപ്പാക്കൽ സർക്കാർ ചെയ്തത് വഴി യുഎൽബികളിൽ നടപ്പിലാക്കേണ്ട വകുപ്പ് സ്കീമുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വകുപ്പധികാരികൾ ചെയ്യാനിടയായി. ഗുണഭോക്തൃ പട്ടികകൾ വകുപ്പധികാരികൾ തയ്യാറാക്കിയത് വാർഡ് സമിതികളോ / വാർഡ് സഭകളോ പരിശോധനയ്ക്ക് വിധേയമാക്കിയില്ല. തൻമൂലം ഇത്തരത്തിലുള്ള തെരഞ്ഞെടുക്കലിൽ അനർഹരായ ഗുണഭോക്താക്കളെ ചേർക്കൽ / ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് എന്നിവയ്ക്കുള്ള സാദ്ധ്യത ഉണ്ടായിരുന്നു.

**(*ഖണ്ഡിക 2.4.2*)**

സംസ്ഥാനത്ത് 2015-ലും 2020-ലും ഡീലിമിറ്റേഷൻ കമ്മീഷൻ സർക്കാർ രൂപീകരിക്കുകയും ഡീലിമിറ്റേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും സംസ്ഥാനത്ത് ഡീലിമിറ്റേഷൻ നടത്തിയില്ല. തൽഫലമായി, 2015-ലും 2020-ലും യുഎൽബികളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ കൗൺസിലർമാരുടെ സീറ്റുകളുടെയും വാർഡുകളുടെയും എണ്ണം നിശ്ചയിച്ചത്, 29 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലും ഒഴികെ, 2001 സെൻസസിലെ ജനസംഖ്യാ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ്. കൗൺസിലർമാരുടെ സീറ്റുകളുടെ എണ്ണം 2001 സെൻസസിലെ കണക്കുകളുടെ അടിസ്ഥാനത്തിലായിരുന്നതിനാൽ, സംസ്ഥാനത്ത് നിലവിൽ 60 കൗൺസിലർമാരുടെ മൊത്തം കുറവുണ്ടായിരുന്നു (കോർപ്പറേഷനുകൾ 01, മുനിസിപ്പാലിറ്റികൾ 59).

**(*ഖണ്ഡിക 2.5.1*)**

സംസ്ഥാനത്ത് രൂപീകരിച്ച അഞ്ച് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നൽകിയ 406 ശുപാർശകളിൽ 325 ശുപാർശകൾ സർക്കാർ അംഗീകരിച്ചു. ഇതിൽ 200 എണ്ണം (61.54 ശതമാനം) ഇനിയും നടപ്പാക്കാനുണ്ട്

**(*ഖണ്ഡിക 2.5.3*)**

വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള കരട് വികസന പദ്ധതി ഓരോ വർഷവും സെപ്റ്റംബർ 30-ന് മുൻപായി ഡിപിസി തയ്യാറാക്കേണ്ടതും, ആയത് സർക്കാർ അംഗീകാരത്തിനായി സമിതി ചെയർമാൻ അയയ്ക്കേണ്ടതുമായിരുന്നുവെങ്കിലും, ഓഡിറ്റ് കാലയളവിൽ ഒരിക്കൽ മാത്രമാണ്(2017-18) ജില്ലാ പദ്ധതി തയ്യാറാക്കിയത്.

**(*ഖണ്ഡിക 2.7*)**

## അധികാര വികേന്ദ്രീകരണത്തിലെ ഫലപ്രാപ്തി

കെ.എം നിയമം നിർദ്ദേശിക്കുന്നത്, സർക്കാർ ഗസറ്റ് വിജ്ഞാപനത്തിൽ വ്യക്തമാക്കിയ തീയതി മുതൽ എല്ലാ ആസ്തികളും, ജലവിതരണ അഴുക്കുചാൽസേവനങ്ങളും, ജോലികളുടെ നിർവ്വഹണവും, ജലസംഭരണം / വിതരണം, വാട്ടർ ചാർജ്ജ് നിശ്ചയിക്കൽ, പിരിച്ചെടുക്കൽ എന്നിവ മുനിസിപ്പാലിറ്റിക്ക് കൈമാറണമെന്നാണ്. പക്ഷെ അത്തരമൊരു വിജ്ഞാപനം സർക്കാർ ഇറക്കിയിട്ടില്ല. തൽഫലമായി ജലവിതരണം, അഴുക്കുചാൽസേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആസ്തി-ബാദ്ധ്യതകൾ പാരാസ്റ്റേറ്റൽ ആയ കേരള വാട്ടർ അതോറിറ്റിയിൽ (കെഡബ്ല്യൂഎ) തന്നെ നിക്ഷിപ്തമാണ്, ഇത് സൂചിപ്പിക്കുന്നത്, നിയമം നിഷ്കർഷിക്കുന്ന അടിസ്ഥാന ചുമതലകളുടെ പോലും വികേന്ദ്രീകരണത്തിന്റെ അഭാവമാണ്.

**(*ഖണ്ഡിക 3.1.1*)**

ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളിൽ ₹33.94 കോടിയുടെ ഡെപ്പോസിറ്റ് ജോലികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കെഡബ്ല്യൂഎ ലഭ്യമാക്കിയില്ല.

**(*ഖണ്ഡിക 3.1.1*)**

യുഎൽബികളിൽ ജലവിതരണത്തിലെ പ്രമുഖ പങ്കുവഹിക്കുന്ന പാരാസ്റ്റേറ്റൽ ആയിരുന്നിട്ടും കെഡബ്ല്യൂഎ പ്രവൃത്തികളുടെ നിലവാരത്തിന്റെ അളവുകോൽ ആവിഷ്കരിക്കുകയോ, ജലവിതരണത്തിന്റെ സേവനതലത്തിലെ അളവുകോൽ നിർണ്ണയത്തെ(എസ്.എൽ.ബി) ക്കുറിച്ചുള്ള വിശദാംശങ്ങൾ യുഎൽബികളെ അറിയിക്കുകയോ ചെയ്തില്ല. അനന്തരഫലമായി പ്രവൃത്തിയുടെ യഥാർത്ഥ നടത്തിപ്പിനെക്കുറിച്ച് കെഡബ്ല്യൂഎയിൽ നിന്ന് പ്രത്യേക വിവരങ്ങളൊന്നുമില്ലാതെ യുഎൽബികൾക്ക് എസ്.എൽ.ബി നടത്തേണ്ടി വന്നു.

**(*ഖണ്ഡിക 3.1.2*)**

കേരള വാട്ടർ അതോറിറ്റി അവസാനമായി വാട്ടർ ചാർജ്ജുകൾ പുതുക്കിയത് 2014 ഒക്ടോബറിലാണ്. കേരള വാട്ടർ അതോറിറ്റി നിശ്ചയിച്ചതനുസരിച്ച് ഓരോ പൊതുടാപ്പിനും ₹7884 വെച്ച് യുഎൽബികൾ ഓരോ വർഷവും അടയ്ക്കണമെന്നാണ്. ഓഡിറ്റ് പരിശോധന നടത്തപ്പെട്ട യുഎൽബികൾ ₹9.66 കോടി ഓഡിറ്റ് കാലയളവിൽ പൊതുടാപ്പുകൾക്കായി കെഡബ്ല്യൂഎയ്ക്ക് നൽകി.

**(*ഖണ്ഡിക 3.1.3*)**

അവരവരുടെ അധികാര പരിധിയിലെ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ എല്ലാ യുഎൽബികളും പരിപൂർണ്ണമായും പ്രാപ്തരല്ല എന്നത്, ഖരമാലിന്യ പരിപാലനത്തിന്റെ വികേന്ദ്രീകരണത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് ആശങ്ക ഉയർത്തുന്നു. പരിശോധന നടത്തിയ 21 യുഎൽബികളിൽ, ഒൻപത് യുഎൽബികളിൽ ജൈവമാലിന്യങ്ങളുടെ സംസ്കരണശേഷി ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമല്ല എന്ന് കണ്ടു, ഒൻപതും പതിനൊന്നും യുഎൽബികളിൽ യഥാക്രമം,

പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യത്തിന്റെ കാര്യത്തിലും പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യത്തിന്റെ കാര്യത്തിലും, സംസ്കരണശേഷി ഉൽപാദിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമായിരുന്നില്ല.

***(ഖണ്ഡിക 3.2.1)***

ഓഡിറ്റ് കാലയളവിലെ (2015-2020), ഖരമാലിന്യ പരിപാലനത്തിനു വേണ്ടിയുള്ള ചെലവിന്റെ ശതമാനം വിതരണം ചെയ്ത ഫണ്ടിന്റെ 1.58 മുതൽ 45.16 വരെ മാത്രമായിരുന്നു.

***(ഖണ്ഡിക 3.2.1)***

കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ് 2021, പ്രഖ്യാപിച്ചത്, സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് സംസ്ഥാനത്തെ പൊതുജനാരോഗ്യത്തിന്റെ ഭരണം മെച്ചപ്പെടുത്തുന്നതിന് ആവശ്യമുള്ള അധികാരം നൽകുവാൻ വേണ്ടി ആയിരുന്നെങ്കിലും, ഓർഡിനൻസ് ഇതുവരെ നിയമമാക്കാത്തതിനാൽ സംസ്ഥാനത്തിന് അര നൂറ്റാണ്ടിലേറെയായി ഒരു ഏകീകൃത ആരോഗ്യ നിയമം ലഭിക്കാതെ പോയി.

***(ഖണ്ഡിക 3.3.1)***

തിരിച്ചടവ് പ്രയാസമാകുമെന്ന കാരണത്താൽ ലോൺ സൗകര്യം സ്വീകരിക്കുന്നത് എതിർത്ത യുഎൽബി കൗൺസിലുകളുടെ അഭിപ്രായം അമൃതിന് കീഴിൽ പ്രോജക്ടുകൾ അംഗീകരിക്കുന്ന സമയത്ത് പരിഗണിക്കപ്പെട്ടില്ല. തെരഞ്ഞെടുത്ത യുഎൽബി (കണ്ണൂർ കോർപ്പറേഷൻ) വാർഷിക പദ്ധതി ഫണ്ടു വിഹിതം ₹30 കോടിയായിരിക്കെ ₹33 കോടി അമൃതിന് വേണ്ടി മാറ്റി വയ്ക്കാൻ സാധിക്കില്ലെന്നും അങ്ങനെ ചെയ്താൽ വികസന പദ്ധതികൾ നടപ്പാക്കാനാകാതെ വരുമെന്നും അഭിപ്രായപ്പെട്ടത് സംസ്ഥാനം പരിഗണിച്ചില്ല.

***(ഖണ്ഡിക 3.4.2)***

## സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം

2019-20-ലെ ഡേറ്റാ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ, പരിശോധന നടത്തിയ 21 യുഎൽബികളിൽ ഒരു യുഎൽബിക്ക് മാത്രമെ തനതു വരുമാനവും ആകെ വരുമാനവുമായുള്ള അനുപാതം 40 ശതമാനത്തിൽ കൂടുതൽ ആയിരുന്നുള്ളൂ. രണ്ട് യുഎൽബികളിൽ അനുപാതം 30-40 ശതമാനപരിധിയിൽ ആയിരുന്നു. തദ്ദേശസാമ്പത്തിക സ്വയംപര്യാപ്തതയ്ക്കായി യുഎൽബികൾ വരുമാനസാദ്ധ്യതയുള്ള സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന അടിയന്തിര ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

***(ഖണ്ഡിക 4.1.3)***

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികളിലെ ആകെ വരുമാനവുമായി തനതു വരുമാനത്തിന്റെ വിഹിതം 17.42 മുതൽ 26.65 ശതമാനം വരെ ആയിരുന്നു. ഇത് സൂചിപ്പിക്കുന്നത് തനതു വരുമാനം വർദ്ധിപ്പിക്കേണ്ട സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്നാണ്.

***(ഖണ്ഡിക 4.2.1)***

കണ്ടിൻജന്റ് ബില്ലുകൾ മുഖാന്തിരം സഞ്ചിത നിധിയിൽ നിന്നും പിൻവലിക്കുന്ന സംവിധാനമനുസരിച്ച്, എല്ലാ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ ട്രഷറി ക്യൂവിലോട്ട് മാറ്റേണ്ടതും അടുത്ത സാമ്പത്തികവർഷം പാസാക്കാൻ ഉദ്ദേശിച്ചുള്ളതും ആണ്. എന്നാൽ വളരെ നേരത്തെ, അതായത്, മുൻവർഷത്തെ ജൂൺ മാസത്തിൽ തന്നെ സമർപ്പിച്ച ബില്ലുകൾ പോലും ട്രഷറി ക്യൂവിൽ നിലനിർത്തിയിരുന്നു.

തൽഫലമായി, തെരഞ്ഞെടുത്ത യുഎൽബികൾക്ക് 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ എസ്.എഫ്.സി സഹായധനത്തിൽ നിന്നും ₹447.74 കോടി വിനിയോഗിക്കാൻ കഴിഞ്ഞില്ല.

**(*ഖണ്ഡിക 4.2.3*)**

നഗരകാര്യ ഡയറക്ടർ (ഡിയുഎ) സൂക്ഷിക്കുന്ന കേന്ദ്രപെൻഷൻ ഫണ്ടിലേയ്ക്ക് (സി.പി.എഫ്), യുഎൽബികൾ പെൻഷൻ വിഹിതം യഥാസമയം ശേഖരിക്കുകയും ഡിയുഎയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നുണ്ടോ എന്ന് മേൽനിരീക്ഷിക്കുവാൻ യാതൊരു സംവിധാനവും ഇല്ലായിരുന്നു. തൽഫലമായി, യുഎൽബിയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ വിതരണം സി.പി.എഫിൽ നിന്ന് ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. തെരഞ്ഞെടുത്ത 21 യുഎൽബികളിൽ, 14 എണ്ണം നൽകിയ വിവരം ചൂണ്ടിക്കാണിക്കുന്നത് ഓഡിറ്റ് കാലയളവിൽ മരണാനന്തര റിട്ടയർമെന്റ് ആനുകൂല്യങ്ങൾ യുഎൽബികൾ തനതു ഫണ്ട് / പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നാണ് നൽകിയിരുന്നത് എന്നാണ്. സംസ്ഥാനത്തൊട്ടാകെ, 2020 മാർച്ചോടെ, 75 യുഎൽബികൾക്ക് ₹542.81 കോടി സി.പി.എഫിൽ നിന്നും കൊടുക്കേണ്ടതായി അവശേഷിച്ചിരുന്നു.

**(*ഖണ്ഡിക 4.2.4*)**

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നത്, പുതിയ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14 മുതലും നിലവിലെ കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2011 ഏപ്രിൽ 01 മുതലും ബാധകമാക്കേണ്ടതാണ്. നിലവിലെ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന രീതി നിലവിൽ വരുന്ന തീയതി, ആദ്യം 2013 ഏപ്രിൽ 01 (2013 മാർച്ചിൽ) വരെയും പിന്നീട് 2016 ഏപ്രിൽ 01 (2019 മാർച്ചിൽ) വരെയും സർക്കാർ നീട്ടി. തൽഫലമായി നിലവിലെ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14-ൽ നിലവിലുണ്ടായിരുന്ന നിർണ്ണയ രീതിയും നിരക്കും തുടർന്നു.

**(*ഖണ്ഡിക 4.2.5.1*)**

പുതിയ നികുതി ദായകർക്ക് തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതി നിരക്കുകൾ 2011 ജനുവരി 14 മുതൽ നിലവിൽ വന്നിട്ടും, അഞ്ചുവർഷത്തിനു ശേഷം 2016-ൽ നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതായിരുന്നെങ്കിലും, പത്തു വർഷക്കാലം കഴിഞ്ഞിട്ടും (2021 മാർച്ച്) നിരക്കു പരിഷ്കരണം നടന്നിട്ടില്ല. അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ പരിഷ്കരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതു കാരണം, യുഎൽബികൾക്ക് വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കാൻ കഴിഞ്ഞിരുന്നില്ല.

**(*ഖണ്ഡിക 4.2.5.1*)**

നികുതി ചുമത്തേണ്ടുന്ന എല്ലാ വസ്തുക്കൾക്കും മേൽ വസ്തു നികുതി ചുമത്തി പിരിക്കുന്നത് ഉറപ്പാക്കാൻ, യുഎൽബികളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ വസ്തുക്കളുടെയും കണക്കെടുത്ത് വസ്തു നികുതി നിശ്ചയിച്ച്, വസ്തുക്കളുടെ നികുതി നിർണ്ണയത്തിനും, മൂല്യനിർണ്ണയത്തിനും അനുയോജ്യമായ അടിസ്ഥാനത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുവാനും അവ കാലാനുസൃതമായി പരിഷ്കരിക്കാനുമുള്ള നടപടികൾ വസ്തു നികുതി ബോർഡ് എടുക്കേണ്ടതാണ്. സംസ്ഥാനത്ത് ഇതുവരെ ബോർഡ് രൂപീകരിച്ചിട്ടില്ല.

**(*ഖണ്ഡിക 4.2.5.1*)**

എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, ജീവനക്കാരുടെയും, അസംഘടിതമേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും അനുയോജ്യമായ ഡേറ്റാബേസിന്റെ അഭാവം കൊണ്ടും, ബന്ധപ്പെട്ട തദ്ദേശ സർക്കാരുകളുടെ പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ

തൊഴിൽ നികുതി വലയത്തിനുള്ളിൽ കൊണ്ടു വരുന്നതിനായി വാർഡ് മെമ്പർമാർ / കൗൺസിലർമാരുടെ സഹായത്തോടെ ഈ ഉദ്യോഗസ്ഥരുടെ ഒരു സർവ്വേ നടത്തുന്നതിലുണ്ടായ പരാജയം കൊണ്ടും, യുഎൽബികളുടെ തൊഴിൽ നികുതിയുടെ അടിത്തറ വ്യാപിപ്പിക്കാൻ സാധിച്ചില്ല.

**(*ഖണ്ഡിക 4.2.5.2*)**

2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് വരുമാനമായി വിനോദനികുതി പിരിച്ചിരുന്നില്ല. ഈയിനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി, 2017-18 കാലയളവിലേയ്ക്ക് യുഎൽബികൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയെങ്കിലും, 2018 ഏപ്രിൽ മുതൽ 2019 മെയ് വരെയുള്ള കാലയളവിലേയ്ക്ക് ഒരു നഷ്ടപരിഹാരവും നൽകിയിരുന്നില്ല.

**(*ഖണ്ഡിക 4.2.5.4*)**

2011-ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ, മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള സമയം 2011 മുതൽ 2017 ജനുവരി വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച നിരവധി സർക്കാർ ഉത്തരവുകളിലൂടെ നിരന്തരം നീട്ടി വച്ചു. അങ്ങനെ, ചട്ടങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കുകൾ അനുസരിച്ച് ലൈസൻസ് ഫീ ചുമത്തുന്നത് തുടർന്നു കൊണ്ടിരിക്കുകയും തൽഫലമായി 2011 മുതൽ 2018 വരെയുള്ള കാലയളവിൽ യുഎൽബികൾക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാന സ്രോതസ്സ് നിഷേധിക്കപ്പെടുകയും ചെയ്തു.

**(*ഖണ്ഡിക 4.2.5.6*)**

## മനുഷ്യവിഭവങ്ങൾ

2014-ൽ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളെ I, II, III എന്നീ ഗ്രേഡുകളായി തരംതിരിച്ചുവെങ്കിലും, മുനിസിപ്പൽ കോർപ്പറേഷനുകളെ അത്തരത്തിൽ തരംതിരിച്ചില്ല. ഗ്രേഡിങ്ങ് പ്രക്രിയയുടെ ഫലമായി, പുതുതായി രൂപീകരിച്ച 27 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കോർപ്പറേഷനിലും നിലവിലുള്ള മറ്റു രണ്ട് കോർപ്പറേഷനുകളിലും ഒഴികെ, ഒരു യുഎൽബിയിലും പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഒരേ ഗ്രേഡിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾക്കിടയിൽപ്പോലും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, സീനിയർ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് മുതലായ തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ വ്യതിയാനമുണ്ട്.

**(*ഖണ്ഡിക 5.1.1*)**

2020-ലെ പ്രഖ്യാപിത ജനസംഖ്യ പ്രകാരം 21 തെരഞ്ഞെടുത്ത യുഎൽബികളിൽ, ഓരോ 1000 ജനസംഖ്യയ്ക്കുള്ള ജീവനക്കാരുടെ എണ്ണം വിശകലനം ചെയ്തപ്പോൾ, അത് 0.3-നും 2.74-നും ഇടയിൽ ആണെന്ന് കണ്ടു. ആലുവ മുനിസിപ്പാലിറ്റിയിൽ ഓരോ 1000 ജനസംഖ്യയ്ക്ക് 2.74 ജീവനക്കാർ ഉണ്ടെന്നിരിക്കെ, 17 യുഎൽബികളിൽ ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിൽ കുറവ് ജീവനക്കാരാണുണ്ടായിരുന്നത്. മൂന്ന് യുഎൽബികളിൽ മാത്രമാണ് ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിനും രണ്ടിനും ഇടയിൽ ജീവനക്കാരുടെ എണ്ണം ഉണ്ടായിരുന്നത്.

**(*ഖണ്ഡിക 5.1.1*)**

സംസ്ഥാനത്തെ യുഎൽബികളിൽ 2021 മാർച്ച് 31-ൽ 6619 തസ്തികകളിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ തസ്തികകൾ ഒഴികെ) 859 എണ്ണം ഒഴിഞ്ഞുകിടന്നത്, നിയമനത്തിലെ അപര്യാപ്തത വെളിപ്പെടുത്തുന്നു. യുഎൽബികളിലെ എൻജിനീയറിംഗ്

വിഭാഗത്തിൽ അനുവദിക്കപ്പെട്ട 1117 അംഗബലത്തിനെതിരെ 994 ജീവനക്കാർ മാത്രമാണുള്ളത്.

**(*ഖണ്ഡിക 5.1.2.1*)**

# അദ്ധ്യായം I

# ആമുഖം

# അദ്ധ്യായം I

# ആമുഖം

ജനാധിപത്യപരമായ വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള വ്യക്തമായൊരു അനുശാസനം എഴുപത്തിനാലാം ഭേദഗതിയിലൂടെ ഇന്ത്യൻ ഭരണഘടന നൽകിയിട്ടുണ്ട്. അത് രാജ്യത്തെ നഗരപ്രദേശങ്ങളിൽ സ്വയം ഭരണം നടത്തുന്ന തദ്ദേശ സ്ഥാപനങ്ങളിലൂടെ താഴേക്കിടയിലേക്ക് ജനാധിപത്യത്തെ സന്നിവേശിപ്പിക്കുന്നതിനുള്ള സ്ഥാപനപരമായ ചട്ടക്കൂട് സൃഷ്ടിക്കുന്നതിന് വേണ്ടി ആയിരുന്നു. ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) നിയമം, 1992-ൽ (74-ാം സിഎഎ) 243പി മുതൽ 243ഇസഡ്ജി വരെയുള്ള അനുച്ഛേദങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം IX എ (നഗരസഭകൾ) ചേർത്തു കൊണ്ട് നഗരതദ്ദേശ സ്ഥാപനങ്ങൾക്ക് (യുഎൽബികൾ) ഭരണഘടനാപദവി പകർന്നു നൽകി[1]. സ്വയം ഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ അധികാരങ്ങളും പ്രാമാണ്യവും നൽകിക്കൊണ്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിന്യസിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനും അനുഛേദം 243ഡബ്ല്യു സംസ്ഥാന നിയമസഭകളെ അധികാരപ്പെടുത്തി. എഴുപത്തിനാലാം ഭേദഗതിയിലൂടെ പന്ത്രണ്ടാം പട്ടിക കൂടി അവതരിപ്പിക്കുകയും അതിൽ അക്കമിട്ട് പറഞ്ഞിരിക്കുന്ന കാര്യങ്ങളെ യുഎൽബികൾക്ക് ഏൽപ്പിക്കാവുന്ന ചുമതലകളായി കണക്കാക്കുകയും ചെയ്തു.

## 1.1 കേരളത്തിലെ വികേന്ദ്രീകരണം

ജനകീയാസൂത്രണ ക്യാമ്പയിൻ (1996) പോലുള്ള സംരംഭങ്ങളിലൂടെ പ്രാദേശികോചിതമായ വികസനപദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങൾക്ക് ഗണ്യമായ വികസനഫണ്ടുകൾ ഏൽപ്പിക്കുന്നതിലൂടെയുള്ള വികേന്ദ്രീകരണത്തിന് കേരള സംസ്ഥാനം ഊന്നൽ നൽകി. യുഎൽബികൾക്ക് സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുന്നതിനാവശ്യമായ അധികാരങ്ങളും പ്രാമാണ്യവും നൽകിക്കൊണ്ട്, എഴുപത്തിനാലാം ഭേദഗതിക്കനുസൃതമായി കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം), 1994 നിലവിൽ വന്നു.

## 1.2 കേരളത്തിലെ നഗരഭരണത്തിന്റെ ഘടനാനില

ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന തദ്ദേശ സ്വയംഭരണവകുപ്പാണ് (തസ്വഭവ) എല്ലാ യുഎൽബികളുടെയും ഭരണനിർവ്വഹണത്തിന്റെ നോഡൽ ഡിപ്പാർട്ട്മെന്റ്. 1962-ൽ സ്ഥാപിക്കപ്പെട്ട നഗരകാര്യ ഡയറക്ടറേറ്റിനാണ് (ഡിയുഎ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ഭരണകാര്യങ്ങളുടെ ചുമതലയുള്ളത്.

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തരംതിരിക്കപ്പെട്ട 87 മുനിസിപ്പാലിറ്റികൾ/ മുനിസിപ്പൽ കൗൺസിലുകളും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും സംസ്ഥാനത്തുണ്ട്. 1994 മെയ് 30-നു പ്രാബല്യത്തിൽ വന്ന കേരള മുനിസിപ്പാലിറ്റി


[1] ചുമതലകൾ, നികുതി ചുമത്തുന്നതിനുള്ള അധികാരങ്ങൾ, വരുമാനം വീതംവെക്കുന്നതിനും, തെരഞ്ഞെടുപ്പുകളുടെ ക്രമാനുഗതമായ നടത്തിപ്പും, അസാധുവാക്കപ്പെട്ടുമ്പോളുള്ള കാലാനുഗതമായ തെരഞ്ഞെടുപ്പുകളും ഉറപ്പുവരുത്തുന്നതിനും ദുർബലവിഭാഗങ്ങളുടെ പര്യാപ്തമായ പ്രാതിനിധ്യം നൽകുന്നതിനുമുള്ള ഏർപ്പാടുകൾ എന്നിവയുടെ കാര്യത്തിൽ, സംസ്ഥാന സർക്കാരും യുഎൽബികളും തമ്മിലുള്ള ബന്ധത്തിന് ദൃഢമായ അടിത്തറ പാകുന്നതിനു വേണ്ടി യുഎൽബികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കരുതിയതായി ഭരണഘടനാ (എഴുപത്തിമൂന്നാം ഭേദഗതി) ബിൽ, 1991-നോട് അനുബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജെക്ട്സ് ആന്റ് റീസൺസിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നിയമം, 1994 അനുസരിച്ചാണ് മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഭരണം നടത്തുന്നത്. സംസ്ഥാനത്ത്, 25 (കൂത്താട്ടുകുളം മുനിസിപ്പാലിറ്റി) മുതൽ 100 (തിരുവനന്തപുരം കോർപ്പറേഷൻ) വരെ കൗൺസിലർമാരുള്ള 93 യുഎൽബികളിലായി 3527 വാർഡുകളുണ്ട്[2]. തെരഞ്ഞെടുത്ത യുഎൽബികളിൽ, വാർഡുകളുടെ എണ്ണം 26 (ആലുവ മുനിസിപ്പാലിറ്റി) മുതൽ 100 (തിരുവനന്തപുരം കോർപ്പറേഷൻ) വരെയായിരുന്നു.

യുഎൽബികൾക്കു പുറമേ, നഗരങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനോ, സൗകര്യപ്പെടുത്തുന്നതിനോ ആയി കേരള വാട്ടർ അതോറിറ്റി (കെഡബ്ല്യൂഎ), കുടുംബശ്രീ, ശുചിത്വമിഷൻ, തിരുവനന്തപുരം ഡെവലപ്മെന്റ് അതോറിറ്റി (ട്രിഡ), ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (ജി.സി.ഡി.എ), ഗോശ്രീ ഐലൻറ് ഡെവലപ്മെന്റ് അതോറിറ്റി (ജി.ഐ.ഡി.എ), ഇംപാക്റ്റ് കേരള ലിമിറ്റഡ്, അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്.സി.ടി.എൽ), കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ) മുതലായ ഏജൻസികളുണ്ട്.

സംസ്ഥാനത്തെ നഗരഭരണത്തിന്റെ ഘടനാനില **ചാർട്ട് 1.1**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.1: സംസ്ഥാനത്തെ നഗരഭരണത്തിന്റെ ഘടനാനില**




[2] മുനിസിപ്പാലിറ്റികളിൽ 3113 വാർഡുകളും കോർപ്പറേഷനുകളിൽ 414 വാർഡുകളും

ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, വ്യാപ്തി, രീതി എന്നിവ താഴെ വിശദീകരിച്ചതു പ്രകാരമാണ്.

## 1.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

പ്രവർത്തനക്ഷമതാ ഓഡിറ്റ് (പിഎ) താഴെ പറയുന്നവ പരിശോധിച്ചറിയുവാൻ ശ്രമിച്ചു:

- അനുയോജ്യമായി രൂപകൽപ്പന ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും / സ്ഥാപനപരമായ സംവിധാനങ്ങളുടെയും സൃഷ്ടിയിലൂടെയും അവയുടെ പ്രവർത്തനങ്ങളിലൂടെയും സംസ്ഥാന സർക്കാർ യുഎൽബികളെ അവയുടെ ചുമതലകൾ / ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ടോ;
- കൈമാറ്റം ചെയ്തുവെന്ന് പ്രസ്താവിക്കപ്പെടുന്ന ചുമതലകളുടെ കൈമാറ്റത്തിന്റെ ഫലപ്രാപ്തി;
- യുഎൽബികൾക്ക് കൈമാറ്റം ചെയ്തുവെന്ന് പ്രസ്താവിക്കപ്പെടുന്ന ചുമതലകളുടെ നിർവ്വഹണത്തിനു പര്യാപ്തമായ സാമ്പത്തിക – മനുഷ്യവിഭവങ്ങളുടെ വിനിയോഗത്തിന് അവയെ അധികാരപ്പെടുത്തിയിട്ടുണ്ടോ.

## 1.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

താഴെപ്പറയുന്നവയിൽ നിന്നും ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് ഓഡിറ്റ് നിരീക്ഷണങ്ങൾ നടത്തിയത്:

i) ഭരണഘടനാ (എഴുപത്തിനാലാം ഭേദഗതി) നിയമം, 1992
ii) കേരള മുനിസിപ്പാലിറ്റി നിയമം, 1994
iii) കേന്ദ്ര/സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ
iv) കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, വിജ്ഞാപനങ്ങൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ

## 1.5 ഓഡിറ്റ് വ്യാപ്തിയും രീതിയും

2015-16 മുതൽ 2019-20[3] വരെയുള്ള കാലയളവ് ഉൾക്കൊള്ളുന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് 2020 ഓഗസ്റ്റ് മുതൽ 2021 മാർച്ച് വരെ നടന്നു. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയെ അടിസ്ഥാനമാക്കി സിംപിൾ റാൻഡം സാമ്പ്ലിംഗിലൂടെ 21 യുഎൽബികളെ തെരഞ്ഞെടുത്തു **(അനുബന്ധം 1.1).** പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിരിക്കുന്ന 18 ചുമതലകളിൽ നിന്നും താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പരിശോധനയ്ക്കായി തെരഞ്ഞെടുത്തു.

എ) ജലവിതരണം

ബി) പൊതുജനാരോഗ്യവും ശുചിത്വവും

സി) ഖരമാലിന്യ സംസ്കരണം

ഡി) വസ്തു നികുതി

ഇ) ജലനികുതി/ചാർജ്ജുകൾ

പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവയുമായി 2020 ഒക്ടോബർ 22-ന് എൻട്രി കോൺഫറൻസ് നടത്തുകയും ഓഡിറ്റ് രീതി, വ്യാപ്തി, ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ

[3] ഓഡിറ്റ് കാലയളവായി 2015 മുതൽ 2020 വരെയുള്ള അഞ്ചു വർഷക്കാലത്തെയാണ് പരിഗണിച്ചതെങ്കിലും, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന വസ്തുതകളെ സംബന്ധിച്ച് 2021 മാർച്ച് വരെയുള്ള പരിഷ്കരിച്ച സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ലഭ്യതയനുസരിച്ച് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നിവ വിശദീകരിക്കുകയും അംഗീകരിക്കുകയും ചെയ്തു. 2021 നവംബർ 05-ന് തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുമായി പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ എക്സിറ്റ് കോൺഫറൻസ് നടത്തുകയും, റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. രേഖകളുടെ വിശകലനം, സർക്കാർ/യുഎൽബി ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ, ഓഡിറ്റ് ചോദ്യങ്ങളിലൂടെ ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ പ്രതികരണങ്ങൾ ആരായൽ എന്നിവ ഓഡിറ്റ് രീതിയിൽ ഉൾപ്പെട്ടു.

## 1.6 കൃതജ്ഞത

പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ സുഗമമായ നിർവ്വഹണത്തിനു തദ്ദേശസ്വയംഭരണ വകുപ്പും, കേരള സർക്കാരും, നഗരകാര്യഡയറക്ടറേറ്റും, തെരഞ്ഞെടുക്കപ്പെട്ട എല്ലാ യുഎൽബികളും നൽകിയ സഹകരണത്തിനും സഹായത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

# അദ്ധ്യായം II

## സ്ഥാപനപരമായ സംവിധാനങ്ങളിലൂടെയുള്ള ശാക്തീകരണം

# അദ്ധ്യായം II

# സ്ഥാപനപരമായ സംവിധാനങ്ങളിലൂടെയുള്ള ശാക്തീകരണം

## 2.1 സംസ്ഥാന നിയമത്തിന്റെ ആവിഷ്കരണം

കേരള മുനിസിപ്പാലിറ്റീസ് ആക്ട്, 1960-ഉം കേരള മുനിസിപ്പൽ കോർപ്പറേഷൻസ് ആക്ട്, 1961-ഉം, ഭരണഘടന (എഴുപത്തിനാലാമത് ഭേദഗതി) ആക്ട്, 1992 (74-ാം സിഎഎ) മുഖേന ഇന്ത്യൻ ഭരണഘടനയുടെ ഭാഗം IX എയിൽ കൊണ്ടു വന്ന വ്യവസ്ഥകളുമായി പൊരുത്തപ്പെടാതിരുന്നത് കൊണ്ട്, 74-ാം സിഎഎയുമായി പൊരുത്തപ്പെടുത്താനായി സമഗ്രമായ ഒരു നിയമനിർമ്മാണത്തിലൂടെ അവയെ പുനഃസ്ഥാപിക്കേണ്ടതായിരുന്നു. മുനിസിപ്പൽ കൗൺസിലുകളും മുനിസിപ്പൽ കോർപ്പറേഷനുകളും സ്ഥാപിച്ച് കൊണ്ട് ആസൂത്രിത വികസനത്തിലും പ്രാദേശിക ഭരണകാര്യങ്ങളിലും ജനങ്ങളുടെ പങ്കാളിത്തം വലിയ അളവിൽ ഉറപ്പാക്കാനും സ്വയം ഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കാനുള്ള അധികാരവും പ്രാമാണ്യവും നഗരതദ്ദേശ സ്ഥാപനങ്ങൾക്ക് (യുഎൽബി) കൊടുക്കാനുമായി 1994 മെയ് 30 മുതൽ കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 (കെ.എം ആക്ട്) പ്രാബല്യത്തിൽ വന്നു.

### 2.1.1 മികച്ച രീതികൾ

ഫലപ്രദമായ അധികാരകൈമാറ്റത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നേട്ടങ്ങൾ സംസ്ഥാനം കൈവരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

- കേരളത്തിൽ 1996-ൽ സമാരംഭിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനം, തദ്ദേശസ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങളുടെ സമൂല വികസനത്തിനായി പദ്ധതികളുടെ രൂപീകരണത്തിനും നടപ്പാക്കലിനും വേണ്ടി, എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പ്രാദേശിക വികസനത്തിന് ഊന്നൽ കൊടുത്ത് കൊണ്ട്, പ്രാദേശിക ഭരണകൂടങ്ങളിലേക്കുള്ള അധികാരവികേന്ദ്രീകരണത്തിന് ശ്രമിച്ചു.
- വാർഡ് കമ്മിറ്റികളുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും രൂപീകരണത്തെയും മുനിസിപ്പൽ പ്രദേശങ്ങളിലെ നേരിട്ടുള്ള തിരഞ്ഞെടുപ്പുകളിലെ സീറ്റുകളുടെ സംവരണത്തെയും സംബന്ധിച്ച വ്യവസ്ഥകൾ[4] സർക്കാർ പാലിച്ചു. കെ.എം.ആക്ടിന്റെ സെക്ഷൻ 20-ൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം അഞ്ച് വർഷക്കാലയളവിൽ (2015-20) വാർഡ് സമിതികളും വാർഡ് സഭകളും രൂപീകരിച്ചതായി തെരഞ്ഞെടുത്ത 21 യുഎൽബികളിലെ സെക്രട്ടറിമാർ ഓഡിറ്റിനെ അറിയിച്ചു. തെരഞ്ഞെടുത്ത മൂന്ന് മുനിസിപ്പൽ കോർപ്പറേഷനുകളിൽ എട്ട് സ്റ്റാന്റിംഗ് കമ്മിറ്റികളും[5] 18 മുനിസിപ്പാലിറ്റികളിൽ ആറ് സ്റ്റാന്റിംഗ് കമ്മിറ്റികളും[6] വീതം ഉണ്ടായിരുന്നു. യുഎൽബിയുടെ എക്സിക്യൂട്ടീവ് ഓഫീസർ ആയി മുനിസിപ്പൽ സെക്രട്ടറി പ്രവർത്തിച്ചു.
- പ്രാദേശിക ഭരണകൂടങ്ങൾക്ക് ഉയർന്ന തോതിൽ അധികാരം വിഭജിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട്, പ്രാദേശിക സ്വയംഭരണപദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനുമുള്ള അധികാരം ജില്ലാ ആസൂത്രണ സമിതിയിൽ (ഡി.പി.സി) നിക്ഷിപ്തമാക്കുന്നതിന് സംസ്ഥാനം സവിശേഷമായി

---

[4] ഭരണഘടനയുടെ അനുച്ഛേദം 243എസ്, 243പി, കെ.എം ആക്ടിന്റെ സെക്ഷൻ 42, 6

[5] ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം, മരാമത്ത്,നഗരാസൂത്രണം, നികുതി അപ്പീൽ, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ

[6] ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം, മരാമത്തും വിദ്യാഭ്യാസവും, കലാ-കായികം, എന്നിവയ്ക്കുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ

മുൻകൈ എടുത്തു. ഈ പദ്ധതികൾക്ക്, കേന്ദ്രാവിഷ്കൃത പദ്ധതികളുമായുള്ള പൊരുത്തപ്പെടലിലും, സെക്ടറൽ, ഇൻർ സെക്ടറൽ ഏകീകരണവും പ്രാദേശിക ഭരണകൂടങ്ങൾക്കിടയിലെ സംയോജനവും ഉൾപ്പെടെ സംസ്ഥാന-കേന്ദ്രമാർഗ്ഗരേഖകളുടെയും മുൻഗണനകളുടെയും അനുവർത്തനം ഡി.പി.സി ഉറപ്പാക്കേണ്ടതാണ്.

- ഓരോ പഞ്ചായത്തിലും / മുനിസിപ്പാലിറ്റിയിലും സ്ത്രീകൾക്കും പട്ടികജാതിക്കും (എസ്.സി) പട്ടികവർഗ്ഗത്തിനും (എസ്.റ്റി), എസ്.സി, എസ്.റ്റി വിഭാഗങ്ങളിലെ സ്ത്രീകൾക്കും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെന്ന് നിയമം സൂചിപ്പിക്കുന്നു. എസ്.സി, എസ്.റ്റിയ്ക്കുള്ള സംവരണം പഞ്ചായത്തിലോ / മുനിസിപ്പാലിറ്റിയിലോ ബന്ധപ്പെട്ട വിഭാഗത്തിന്റെ ജനസംഖ്യയുടെ ആനുപാതികമായിരിക്കേണ്ടതാണ്. കേരളത്തിൽ എസ്.സി, എസ്.റ്റിയ്ക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ 50 ശതമാനം എസ്.സി, എസ്.റ്റിയിലെ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ആകെ സീറ്റുകളുടെ (എസ്.സി/എസ്.റ്റി സ്ത്രീകൾ ഉൾപ്പെടെ) 50 ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- കേരള മുനിസിപ്പാലിറ്റി ആക്ടും കേരള പഞ്ചായത്ത് രാജ് ആക്ടും പ്രാബല്യത്തിൽ വന്നതു മുതൽ, സംസ്ഥാനത്തെ ഗ്രാമീണ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പുകൾ 1995 മുതൽ ഓരോ അഞ്ച് വർഷവും നടത്തപ്പെട്ടു.
- 1994 മുതൽ സംസ്ഥാനം ആറ് ധനകാര്യ കമ്മീഷനുകൾ ഇതുവരെ രൂപീകരിച്ചു. സംസ്ഥാന ധനകാര്യ കമ്മീഷനുകൾ (എസ്.എഫ്.സി) അവരുടെ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയും എസ്.എഫ്.സി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സർക്കാർ നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 2.2 74-ാം സിഎഎയുമായുള്ള സംസ്ഥാനതല നിയമനിർമ്മാണങ്ങളുടെ താരതമ്യം

മുനിസിപ്പാലിറ്റികൾക്ക് സ്വയം ഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനുള്ള ഭരണഘടനാപരമായ പിൻബലം നൽകുന്നതിന്, ഭരണഘടനയിൽ 243ക്യു മുതൽ 243ഇസഡ്ജി വരെയുള്ള അനുഛേദങ്ങൾ ഉൾപ്പെടുത്തി 74-ാം സിഎഎയിലെ വ്യവസ്ഥകളുമായി സംസ്ഥാന നിയമനിർമ്മാണം എത്രത്തോളം യോജിക്കുന്നു എന്ന് ഓഡിറ്റ് താരതമ്യം ചെയ്തു. ആയതിന്റെ ഫലങ്ങൾ **അനുബന്ധം 2.1**-ൽ കാണിച്ചിരിക്കുന്നു.

താരതമ്യപഠനം വെളിപ്പെടുത്തിയത്, ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യത്തിൽ പുതിയ ചട്ടം മിക്കവാറും 74-ാം സിഎഎയ്ക്ക് അനുസൃതമായിരുന്നു എന്നാണ്. എന്നാൽ, നിയമപരമായി ഭരണഘടനാ വ്യവസ്ഥകൾ പാലിച്ചാലും ഫലപ്രദമായി നടപ്പാക്കിയില്ലെങ്കിൽ, താഴേത്തട്ടിലെ ഫലപ്രദമായ വികേന്ദ്രീകരണം ഉറപ്പാകുകയില്ല. നിയമപരമായ വ്യവസ്ഥകൾക്ക് പിന്നാലെ ഫലപ്രദമായ നടപടികളുടെ പിൻബലം ഉണ്ടാവാത്തതിനാൽ, തുടർന്ന് വരുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നത് പോലെ, ഭരണഘടനാഭേദഗതിയുടെ അന്തഃസത്തയുടെ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കിടവരുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## 2.3 പ്രാദേശിക ഭരണകൂടങ്ങളിലേക്കുള്ള ചുമതലകളുടെ കൈമാറ്റത്തിന്റെ യഥാർത്ഥസ്ഥിതി

കെ.എം. ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി യുഎൽബികൾക്ക് ചുമതലകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവ കൈമാറാനായി സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചു (1995 സെപ്റ്റംബർ). ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു.


- ഭരണഘടനയുടെ പന്ത്രണ്ടാമത് ഷെഡ്യൂളിലെ 18 പ്രവൃത്തികളിലെ 17 എണ്ണവും (അഗ്നിശമനം ഒഴികെ) കൈമാറിയതായി സർക്കാർ ഓഡിറ്റിനെ അറിയിച്ചെങ്കിലും, കെ.എം. ആക്ടിന്റെ ഒന്നാം ഷെഡ്യൂളിലെ, പൊതുവായ / അനിവാര്യ / മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ കീഴിൽ വരുന്ന ഇനങ്ങളെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിലെ ഇനങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ഡോക്യുമെന്റഡ് മാപ്പിംഗ് ലഭ്യമല്ലായിരുന്നു.
- ഓരോ ചുമതലകളും / ഉപചുമതലകളും ഏതു സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചതെന്ന് വ്യക്തമായി സൂചിപ്പിച്ചിരുന്നില്ല. കെ.എം. ആക്ടിലോ 1995 സെപ്റ്റംബറിലെ സർക്കാർ ഉത്തരവിലോ, അധികാരങ്ങൾ, പ്രാമാണ്യങ്ങൾ, ഉത്തരവാദിത്വങ്ങൾ സംസ്ഥാനത്തിന്റെ കൈവശമായി തുടരുന്നോ എന്നും, അങ്ങനെയെങ്കിൽ ചുമതലകളും / ഉപചുമതലകളും സംബന്ധിച്ച് ഏത് പരിധി വരെ മുനിസിപ്പാലിറ്റികൾക്ക് കൈമാറിയെന്നോ വ്യക്തമാക്കിയില്ല. നടപ്പാക്കുന്ന ഏജൻസിയുമായുള്ള ചുമതലകളുടെ പ്രവൃത്തി തിരിച്ചുള്ള മാപ്പിംഗ് സംബന്ധിച്ച ഒരു രേഖയും ഓഡിറ്റിന് ലഭ്യമായില്ല. പ്രവൃത്തി തിരിച്ചുള്ള മാപ്പിംഗ് പ്രവൃത്തികളുടെ വ്യക്തമായ വിഭാഗീകരണം സാദ്ധ്യമാക്കുകയും, ഏത് അതോറിറ്റിയെയാണ് നടപ്പാക്കാൻ ഏൽപ്പിച്ചതെന്നു വ്യക്തമാക്കുകയും ചെയ്യുമായിരുന്നു. അത്തരത്തിൽ ഉത്തരവാദിത്വങ്ങൾ വേർതിരിച്ച് തിട്ടപ്പെടുത്താത്തതിനാൽ മുനിസിപ്പാലിറ്റികൾക്ക് വികേന്ദ്രീകരിച്ചു നൽകി എന്ന് പറയപ്പെട്ടിരുന്ന പ്രവൃത്തികളുടെ നടപ്പാക്കലിൽ സർക്കാർ വകുപ്പുകളും പാരാസ്റ്റേറ്റൽ ഏജൻസികളും ഉൾപ്പെടുന്നതായി കണ്ടു. നടപ്പാക്കേണ്ട ചുമതലകളുടെ കൂടിക്കുഴച്ചിലും ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളുടെ ഇരട്ടിപ്പും ഓഡിറ്റ് നിരീക്ഷിച്ചു.

ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ വിവരിക്കുന്ന ചുമതലകളുടെ നിർവ്വഹണം, കെ.എം. ആക്ടിന്റെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് പോലെ ചുമതലകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് യുഎൽബികളുടെ പങ്കിനെപ്പറ്റി ഒരു ആക്ടിവിറ്റി മാപ്പിംഗ് ഓഡിറ്റ് നടത്തി. ഒരു ചുമതലയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിയത് യുഎൽബികൾ ആണെങ്കിൽ യുഎൽബികളുടെ പങ്ക് 'പൂർണ്ണ അധികാരം' ആയി തരംതിരിച്ചപ്പോൾ, ഏതെങ്കിലും ബന്ധപ്പെട്ട പ്രവൃത്തികളിൽ യുഎൽബികൾക്കൊപ്പം സർക്കാർ വകുപ്പുകളോ / പാരാസ്റ്റേറ്റൽ ഏജൻസികളോ / മറ്റ് ഏജൻസികളോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ യുഎൽബികളുടെ പങ്ക് 'പരിമിതം' ആയി തരംതിരിച്ചു **(അനുബന്ധം 2.2)**.

ടി ഉദ്യമം വെളിപ്പെടുത്തിയത്, കൈമാറിയ 17 ചുമതലകളിൽ ഏഴെണ്ണത്തിൽ[7] യുഎൽബികൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരുന്നെന്നും, പത്ത് പ്രവൃത്തികളിൽ പരിമിതമായ പങ്കുണ്ടായിരുന്നെന്നുമാണ്. യുഎൽബികളുടെ ചുമതല തിരിച്ചുള്ള പങ്ക് **ചാർട്ട് 2.1-ൽ** ചിത്രീകരിച്ചിരിക്കുന്നു.

[7] റോഡുകളും പാലങ്ങളും, ചേരി മെച്ചപ്പെടുത്തലും നവീകരണവും, നഗരദാരിദ്ര്യനിർമ്മാർജ്ജനം, ശവസംസ്കാരങ്ങളും ശ്മശാനങ്ങളും, ശവദാഹങ്ങളും, ശവദാഹഭൂമികളും വൈദ്യുതി ശ്മശാനങ്ങളും, ജനനമരണങ്ങളുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നിർണ്ണായകമായ സ്ഥിതിവിവരക്കണക്കുകൾ, തെരുവു വിളക്കുകൾ, പാർക്കിംഗ് സ്ഥലങ്ങൾ, ബസ് സ്റ്റോപ്പുകൾ, ഉൾപ്പെടെയുള്ള പൊതു സൗകര്യങ്ങൾ, കശാപ്പുശാലകളുടെയും തുകൽശാലകളുടെയും നിയന്ത്രണം

**ചാർട്ട് 2.1: കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്ക്**




*(ഉറവിടം: കെഎം ആക്ട്, സർക്കാർ ഉത്തരവുകൾ)*

പന്ത്രണ്ടാം ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളെ സംബന്ധിച്ച പ്രവൃത്തികളിൽ ഭൂരിഭാഗത്തിലും യുഎൽബികൾക്ക് പരിമിതമായ പങ്ക് മാത്രമെ ഉള്ളുവെന്ന് കണ്ടു. ഖണ്ഡിക 2.4-ൽ പ്രതിപാദിച്ചിരിക്കുന്ന സന്ദർഭങ്ങളിൽ നിന്നും കാണുന്നതുപോലെ, ഒരു ചുമതലയുടെ നിർവ്വഹണത്തിൽ ഒന്നിൽ കൂടുതൽ ഏജൻസികളുടെ പങ്കാളിത്തത്തിന് ഈ സാഹചര്യം ഇടവരുത്തുന്നത് പദ്ധതി നിർവ്വഹണത്തിന്റെ വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുന്നു.

സർക്കാർ മറുപടി നൽകിയത് (2021 ഡിസംബർ), കെ.എം ആക്ടിൽ നിലവിൽത്തന്നെ ചുമതലകളുടെ സമ്പൂർണ്ണമായ വേർതിരിവും, ഉത്തരവാദിത്വങ്ങളുടെ തിട്ടപ്പെടുത്തലും ഉണ്ടെന്നും, അതിനുള്ളിൽ തന്നെ സമഗ്രമായ ആക്ടിവിറ്റി മാപ്പിംഗ് നിലവിലുണ്ടായിരുന്നു എന്നും കെ.എം ആക്ടിന്റെ XIII മുതൽ XX വരെയുള്ള അദ്ധ്യായങ്ങളിലും ഒന്നാം ഷെഡ്യൂളിലും പ്രത്യേക ചുമതലകളെപ്പറ്റി പ്രതിപാദിക്കുകയും ആക്ടിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട് തന്നെ വിശദമായ ആക്ടിവിറ്റി മാപ്പിംഗ് നടത്തുകയും ചെയ്യുന്നുണ്ട് എന്നുമാണ്.

ഉചിതമായ രീതിയിൽ ആക്ടിവിറ്റി മാപ്പിംഗ് ഉണ്ടായിരുന്നെങ്കിൽ, ഖണ്ഡിക 2.4.2-ൽ പറഞ്ഞിരിക്കും പോലെ സംസ്ഥാന സർക്കാരും നഗര തദ്ദേശസ്ഥാപനങ്ങളും തദ്ദേശ സ്ഥാപനങ്ങളിൽ സമാനമായ പദ്ധതികൾ ഏറ്റെടുക്കുമായിരുന്നില്ല എന്നതിനാൽ, മറുപടി സ്വീകാര്യമല്ല.

ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിലെ വിഭാഗീകരണത്തിന്റെ ചുവട് പിടിച്ച്, കൈമാറ്റംചെയ്യപ്പെട്ട ചുമതലകളെ, (എ) പൂർണ്ണമായും മുനിസിപ്പാലിറ്റി ചുമതലകൾ (മുനിസിപ്പാലിറ്റി പട്ടിക) (ബി) സംസ്ഥാനത്തിനും മുനിസിപ്പാലിറ്റിക്കും ഇടയിലെ പൊതുവായ ചുമതലകൾ (കൺകറന്റ് - പട്ടിക) ഈ രണ്ട് പട്ടികകളിലായി പരിധികൾ വ്യക്തമായി നിശ്ചയിച്ചുകൊണ്ട് അവതരിപ്പിക്കുന്നതിന്റെ സാദ്ധ്യത പരിഗണിക്കാവുന്നതാണ്.

സംസ്ഥാനത്തിന്റെ ചുമതലകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടേതിൽ നിന്ന് വേർതിരിക്കാനായി ഒരു കൺകറന്റ് പട്ടിക കൊണ്ടു വരുന്നതിനുള്ള നിർദ്ദേശത്തിന് ഉചിതമായ പരിഗണന നൽകുന്നതാണ് എന്ന് സർക്കാർ ഉറപ്പ് നൽകി (2021 ഡിസംബർ).

## 2.4 അധികാര കൈമാറ്റരീതിയിലെ പോരായ്മകൾ

### 2.4.1 കൈമാറിയ ചുമതലകൾക്ക് വേണ്ടി സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും അപൂർണ്ണമായ കൈമാറ്റം

ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ വിവരിക്കുന്ന കാര്യങ്ങൾക്കായി പദ്ധതികൾ നടപ്പാക്കുന്നതിന് 10 വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങൾ സർക്കാർ കൈമാറി (1995 സെപ്റ്റംബർ). കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്നീ നാല് തസ്തികകൾ മുനിസിപ്പാലിറ്റികൾക്കും / മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കൈമാറി. എന്നാൽ കൈമാറ്റം നടന്നത് പൂർണ്ണരീതിയിലായിരുന്നില്ല എന്ന് താഴെ കൊടുത്തിരിക്കുന്ന **പട്ടിക 2.1**-ൽ നിന്ന് വ്യക്തമാണ്.

**പട്ടിക 2.1: ചുമതലകളുടെ കൈമാറ്റത്തിലെ പോരായ്മകൾ**

| ക്രമനമ്പർ | കെ.എം. ആക്ടിലും സർക്കാർ ഉത്തരവിലും (1995 സെപ്റ്റംബർ) കൈമാറ്റം നടത്തിയെന്നു പറഞ്ഞ ചുമതല | യുഎൽബികൾക്കുള്ള കൈമാറ്റത്തിന്റെ യഥാർത്ഥ സ്ഥിതി | തെരഞ്ഞെടുത്ത യുഎൽബി കളിലെ പ്രഭാവം |
|---|---|---|---|
| 1 | ക്ഷീരവികസനം | സ്ഥാപനങ്ങളുടെയും ഭാരവാഹികളുടെയും കൈമാറ്റം നടന്നിട്ടില്ല. | തെരഞ്ഞെടുത്ത 21 യുഎൽബി കളിൽ 11 എണ്ണത്തിൽ ക്ഷീരമേഖലാ സ്കീമുകൾ, വെറ്ററിനറി സർജൻ, യുഎൽബി സെക്രട്ടറി മുതലായ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നടപ്പാക്കേണ്ടതായി വന്നു. |
| 2 | സഹകരണം | ജില്ലയിലെ എല്ലാ യുഎൽബി കളുടെയും നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റിയിൽ/ കോർപ്പറേഷനിൽ നിർവ്വഹണ ഉദ്യോഗസ്ഥനായി, ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറെ നിയമിച്ചു. | കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാകാതിരുന്നു. 21 യുഎൽബികളിൽ ഒന്നിലും സഹകരണ മേഖലയുമായി ബന്ധപ്പെട്ട ഒരു സ്കീമോ / പ്രോജക്ടോ നിർദ്ദേശിക്കപ്പെടുകയോ നടപ്പിലാക്കപ്പെടുകയോ ചെയ്തില്ല. |
| 3 | വ്യവസായം | എല്ലാ യുഎൽബികളിലും വ്യവസായ എക്സ്റ്റൻഷൻ ഓഫീസറുടെ തസ്തിക കൈമാറ്റം ചെയ്തു. | 21 യുഎൽബികളിൽ എട്ടെണ്ണത്തിൽ ബന്ധപ്പെട്ട പദ്ധതി നടപ്പിലാക്കുന്നതിനായി വ്യവസായ എക്സ്റ്റൻഷൻ ഓഫീസറുടെ സേവനം ലഭ്യമാക്കിയില്ല. |
| 4 | പട്ടികജാതി വികസനം (എസ് സി) | എസ്.സി വകുപ്പ് സ്കീമുകൾ യുഎൽബികളിലേയ്ക്ക് കൈമാറി (1997 ഫെബ്രുവരി). യുഎൽബികളിലെ എസ്.സി സ്കീമുകൾ നടപ്പാക്കാൻ ഉള്ള സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും താലൂക്ക് തല പട്ടികജാതി വികസന ഓഫീസർ (എസ്.സി.ഡി.ഒ) നൽകണം. | 21 യുഎൽബികളിൽ ഏഴിടങ്ങളിൽ എസ്.സി.ഡി.ഒയുടെ സേവനം ലഭ്യമാക്കിയില്ല. എസ്.സി. വികസന സ്കീമുകൾ യുഎൽബിയിലെ ദാരിദ്ര്യ നിർമ്മാർജ്ജന സെല്ലിലെ സെക്രട്ടറി / പ്രോജക്ട് ഓഫീസർ ആണ് നടപ്പാക്കിയിരുന്നത്. |

വകുപ്പുകളുടെ തലത്തിൽ മുൻഗണനാകാര്യങ്ങൾ കൂടുതൽ ഫലപ്രദമാകാൻ, ശേഷിക്കുന്ന ചുമതലകൾ ഏറ്റെടുക്കേണ്ടതിനാൽ വികേന്ദ്രീകൃത ഭരണത്തിൽ പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, എന്നിവയുടെ കൈമാറ്റം പൂർണ്ണമായിട്ടില്ല എന്ന് മറുപടിയിൽ സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). മിക്ക കേന്ദ്രാവിഷ്കൃത പദ്ധതികളും വിഭാവനം ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കുറഞ്ഞ പങ്കാളിത്തവും വകുപ്പ് തല/ജില്ലാ ഭരണകൂടങ്ങളുടെ വ്യക്തമായ പങ്കുമാണ് എന്നും പ്രസ്താവിക്കപ്പെട്ടു. സാമ്പത്തിക പരിമിതികളുടെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ബന്ധപ്പെട്ട ഭാരവാഹികളുടെ ഒരു സ്വതന്ത്രകേഡർ സൃഷ്ടിക്കാൻ സാധിച്ചില്ല. ഇത്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മുൻഗണനകളെ വകുപ്പ് തല ആവശ്യങ്ങളുടെ പിന്നണിയിലേക്ക് മാറ്റിക്കൊണ്ട്, യുഎൽബിയുടെയും വകുപ്പിന്റെയും ഇരട്ട നിയന്ത്രണം അനിവാര്യമാക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള ചുമതലകളുടെ അപൂർണ്ണമായ കൈമാറ്റത്തെപ്പറ്റിയുള്ള ഓഡിറ്റ് നിരീക്ഷണം ശരി വെയ്ക്കുന്ന സർക്കാരിന്റെ മറുപടി പ്രതിഫലിപ്പിക്കുന്നത്, ഇതുവരെയെടുത്ത വികേന്ദ്രീകരണ നടപടികൾ കണക്കിലെടുക്കുമ്പോഴും, മുനിസിപ്പാലിറ്റികളുടെമേൽ സർക്കാർ നിയന്ത്രണത്തിന്റെ മേൽക്കോയ്മ ഉണ്ടെന്ന യാഥാർത്ഥ്യത്തെയാണ്.

### 2.4.2 യുഎൽബികൾക്ക് കൈമാറിയ പദ്ധതികളുടെ സർക്കാർ വകുപ്പുകൾ മുഖേനയുള്ള സമാന്തരമായ നടപ്പാക്കൽ

യുഎൽബികളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ, കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ സമാന്തരരൂപേണ ബന്ധപ്പെട്ട വകുപ്പും കൂടി നടപ്പാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇക്കാര്യത്തിൽ താഴെപ്പറയുന്ന സന്ദർഭങ്ങൾ ശ്രദ്ധിക്കപ്പെട്ടു.

- കൃഷി എന്ന ചുമതലയുടെ കീഴിൽ വരുന്ന പ്രവൃത്തികളായ കൃഷി ഭവനങ്ങളുടെ പ്രവർത്തനം, ഹോർട്ടിക്കൾച്ചറിന്റെയും പച്ചക്കറി കൃഷിയുടെയും പ്രോത്സാഹനം, വിത്തുൽപാദന വികസനം മുതലായവ യുഎൽബികൾക്ക് കൈമാറിയിരുന്നു. വകുപ്പിലും യുഎൽബിയിലും ഉള്ള കാര്യപരിപാടികൾ കൈകാര്യം ചെയ്തിരുന്ന ഒരേ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം യുഎൽബികൾ ഏറ്റെടുത്ത സ്കീമുകൾ കൃഷി വകുപ്പും, സമാന്തര രീതിയിൽ നടപ്പാക്കിയിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2019-20 കാലയളവിൽ വകുപ്പ്, നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കൽ യുഎൽബികളിൽ നടപ്പാക്കിയപ്പോൾ, അതേ സ്കീം 'സംയോജിത നെല്ലുൽപ്പാദനം' എന്ന പേരിൽ, തെരഞ്ഞെടുത്ത 11[8] യുഎൽബികൾ ഏറ്റെടുത്തു.
- യുഎൽബികൾ ഏറ്റെടുത്ത പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ, പട്ടികജാതി വികസനവകുപ്പ്, വകുപ്പ് ഫണ്ട് ഉപയോഗിച്ച് സമാന്തര രീതിയിൽ നടപ്പാക്കി. തെരഞ്ഞെടുത്ത 21 യുഎൽബികളിൽ 20-ലും എസ്.സി സ്ത്രീകൾക്കുള്ള വിവാഹ സഹായവും എസ്.സി / എസ്.റ്റിയ്ക്കുള്ള ഭവനനിർമ്മാണ പദ്ധതിയും യുഎൽബികൾ നടപ്പാക്കിയപ്പോൾ, എസ്.സി/എസ്.റ്റി വകുപ്പും അതേ സ്കീമുകൾ നടപ്പാക്കി.
- ഉപഭോക്തൃകേന്ദ്രീകൃതമായി മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വാർഡ് / പ്രദേശത്ത് നിന്ന് അർഹരായ അപേക്ഷകരെ വാർഡ് സമിതികളോ / വാർഡ് സഭകളോ

[8] വടക്കാഞ്ചേരി, തിരുവല്ല, പന്തളം, നീലേശ്വരം, ചെർപ്പുളശ്ശേരി, മട്ടന്നൂർ, ഒറ്റപ്പാലം, കൽപ്പറ്റ, ഇരിങ്ങാലക്കുട, ഹരിപ്പാട് മുനിസിപ്പാലിറ്റികളും തിരുവനന്തപുരം കോർപ്പറേഷനും

കണ്ടെത്തുകയും ഉൾപ്പെടുത്തുകയും അന്തിമ പട്ടിക യുഎൽബിയ്ക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. സ്കീമുകളുടെ നടപ്പാക്കൽ സമാന്തരമായി സർക്കാർ ചെയ്തത് വഴി യുഎൽബികളിൽ നടപ്പിലാക്കേണ്ട വകുപ്പ് സ്കീമുകളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വകുപ്പധികാരികൾ ചെയ്യാനിടയായി. ഗുണഭോക്തൃ പട്ടികൾ വകുപ്പധികാരികൾ തയ്യാറാക്കിയത് വാർഡ് സമിതികളോ / വാർഡ് സഭകളോ പരിശോധനയ്ക്ക് വിധേയമാക്കിയില്ല. തൻമൂലം, തെരഞ്ഞെടുക്കലിൽ അനർഹരായ ഗുണഭോക്താക്കാളെ ചേർക്കൽ / ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് എന്നീ സാദ്ധ്യതകൾ ഉണ്ടായിരുന്നു. തെരഞ്ഞെടുത്ത 11[9] യുഎൽബികൾ സ്ഥിരീകരിച്ചതെന്തെന്നാൽ വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് വകുപ്പധികാരികൾ നടപ്പാക്കിയ സ്കീമുകളുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ അവർക്ക് പങ്കൊന്നും ഇല്ലായിരുന്നു എന്നാണ്.

നാലാം എസ്.എഫ്.സി നിരീക്ഷിച്ചത്, തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയ ചുമതലകൾ നടത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പാരാസ്റ്റാറ്റലുകൾ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിനും ഇടയിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ വ്യക്തത ഇല്ലായിരുന്നു എന്നും ഇത് വ്യക്തമായി രേഖപ്പെടുത്തേണ്ടതായിരുന്നു എന്നുമാണ്. സർക്കാർ ഈ ശുപാർശ സ്വീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ധനകാര്യ സെല്ലിനെ ഭരമേൽപ്പിക്കുകയും ചെയ്തെങ്കിലും ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തു കണ്ടില്ല.

കൈമാറിയ ചുമതലകളുമായി ബന്ധപ്പെട്ട് സമാനപ്രകൃതിയുള്ള സ്കീമുകൾ സമാന്തര രീതിയിൽ യുഎൽബികളും സർക്കാരും നടപ്പാക്കുന്നത്, സ്കീമുകളുടെ ഫലപ്രദമായ നടപ്പാക്കലിന്റെ കാര്യത്തിൽ യുഎൽബികളിലുള്ള ഉത്തരവാദിത്വമില്ലായ്മയിൽ കലാശിക്കും. കൂടാതെ, കൈമാറ്റം നടത്തിയ ചുമതലകളിന്മേലുള്ള പദ്ധതികൾ തുടർന്നും വകുപ്പുകൾ നടപ്പാക്കുന്നത്, അധികാര വികേന്ദ്രീകരണത്തിന്റെ സത്തയ്ക്കെതിരായതും യുഎൽബികളുടെ സ്വാശ്രയാധികാരത്തെ കുറയ്ക്കുന്നതുമാണ്.

ഓഡിറ്റ് നിരീക്ഷണം സ്വീകരിച്ച്കൊണ്ട്, എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറി പ്രസ്താവിച്ചത്, സാമ്പത്തിക സാമൂഹിക ആസൂത്രണത്തിലെ ഇടപെടലുകളിൽ വകുപ്പുകൾ അവയുടെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് കൊണ്ട് പ്രാദേശിക ഭരണകൂടങ്ങളെ പിന്തുണയ്ക്കണം എന്നാണ്. കൈമാറ്റം പൂർണ്ണമായിട്ടില്ലാത്തതും ആസ്തികളും ജീവനക്കാരും ഇപ്പോഴും വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുമാണ്. തദ്ദേശഭരണകൂടങ്ങൾക്ക് കൈമാറിയ ബന്ധപ്പെട്ട ജീവനക്കാരുടെ പ്രവർത്തനം ഭരണവകുപ്പുകൾ നിരീക്ഷിക്കേണ്ടതും പ്രവർത്തനഗ്രൂപ്പുകളിലും പദ്ധതികളുടെ നടപ്പാക്കലിലും അവർ സജീവമായി പങ്കെടുക്കുന്നുണ്ടോ എന്നും, അതുവഴി തദ്ദേശഭരണകൂടങ്ങൾ വികസന അജൻഡ മുന്നോട്ടുകൊണ്ടുപോകുന്നുണ്ടോ എന്നും നിരീക്ഷിക്കേണ്ടതാണ്. വകുപ്പുകളുടെ മേൽനോട്ടം ഫലപ്രദമായിരുന്നെങ്കിൽ, ഫലപ്രാപ്തിയില്ലാത്ത നടപ്പാക്കൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ഉണ്ടാകുമായിരുന്നില്ലെന്ന് എ.സി.എസ് അഭിപ്രായപ്പെടുകയും ചെയ്തു.

## 2.5 നഗര തദ്ദേശഭരണകൂടങ്ങളുടെ ശാക്തീകരണത്തിന് വേണ്ടിയുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ

**അനുബന്ധം 2.1**-ൽ പ്രതിപാദിക്കും വിധം അനിവാര്യമായ സ്ഥാപനങ്ങൾ ഉൾപ്പെട്ട മുനിസിപ്പൽ സേവനങ്ങളുടെ കാര്യക്ഷമവും ഫലപ്രദവുമായ വിതരണത്തിനായി പൊതുവായ ഒരു സ്ഥാപനപരമായ ചട്ടക്കൂട്, ഭരണഘടനയുടെ 74-ാമത് ഭേദഗതി

[9] ചെർപ്പുളശ്ശേരി, ഇരിങ്ങാലക്കുട, ഹരിപ്പാട്, തിരുവല്ല, വടക്കാഞ്ചേരി, മട്ടന്നൂർ, നെടുമങ്ങാട്, കായംകുളം മുനിസിപ്പാലിറ്റികളും കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും

നിഷ്കർഷിക്കുന്നു. മുനിസിപ്പാലിറ്റികൾക്ക് കൈമാറിയ ചുമതലകളുടെ കാര്യനിർവ്വഹണം ഫലപ്രദമായ രീതിയിൽ നടത്താൻ സാധിക്കുന്നത്, ഉദ്ദിഷ്ട ലക്ഷ്യങ്ങളുടെ പൂർത്തീകരണം സാദ്ധ്യമാകുന്ന വിധത്തിൽ പര്യാപ്തമായി ശാക്തീകരിക്കപ്പെട്ട ഉചിതമായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ മാത്രമാണ്. സംസ്ഥാനത്ത് നിലവിൽ വന്ന സ്ഥാപനപരമായ സംവിധാനത്തിന്റെ പ്രവർത്തനത്തെപ്പറ്റി വരും ഖണ്ഡികകളിൽ പ്രതിപാദിക്കുംവിധം ഓഡിറ്റ് ഒരു അവലോകനം നടത്തി.

### 2.5.1 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243കെയിലും കെ.എം ആക്ട് 1994-ലെ സെക്ഷൻ 68-ലും പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം, മുനിസിപ്പാലിറ്റികളിലേയ്ക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകൾക്കും വേണ്ടി വോട്ടർ പട്ടികകൾ തയ്യാറാക്കുന്നതിന്റെയും തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന്റെയും മേൽനോട്ടവും മാർഗനിർദ്ദേശവും നിയന്ത്രണവും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും. കേരളത്തിൽ കെ.പി ആക്ട്, 1994-ന്റെ സെക്ഷൻ 10(1) അനുസരിച്ചും കെ.എം ആക്ട്, 1994-ന്റെ സെക്ഷൻ 69 അനുസരിച്ചും ഡീലിമിറ്റേഷൻ[10] 2005 ജനുവരി 10 വരെ നടപ്പാക്കാൻ അധികാരപ്പെട്ടിരിക്കുന്നത് സംസ്ഥാന ഇലക്ഷൻ കമ്മീഷണറോ (എസ്.ഇ.സി) അദ്ദേഹം ചുമതലപ്പെടുത്തുന്ന അധികാരിയോ ആണ്. 2005 ജനുവരി 10 മുതൽ, സർക്കാർ രൂപീകരിക്കുന്ന ഡീലിമിറ്റേഷൻ കമ്മീഷനായിരിക്കും ഡീലിമിറ്റേഷന്റെ ചുമതല എന്ന് കെ.എം ആക്ട് (സെക്ഷൻ 69) വ്യവസ്ഥ ചെയ്യുന്നു. എസ്.ഇ.സി ചെയർപേഴ്സൺ ആയും സർക്കാർ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത നാല് അധികാരികൾ അംഗങ്ങൾ ആയും ഡീലിമിറ്റേഷൻ കമ്മീഷൻ 2005-ൽ സംസ്ഥാനത്ത് രൂപീകരിച്ചു. ഓരോ യുഎൽബിയിലും കൗൺസിലർമാരുടെ സീറ്റുകൾ യുഎൽബിയിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുന്നത്. ഭരണഘടനയുടെ 243പി(ജി) അനുസരിച്ച് ജനസംഖ്യ എന്നാൽ പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയ തൊട്ട് മുമ്പത്തെ സെൻസസിൽ നിർണ്ണയിച്ച ജനസംഖ്യ ആണ്.

സംസ്ഥാനത്ത് 2015-ലും 2020-ലും സർക്കാർ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുകയും ഡീലിമിറ്റേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും സംസ്ഥാനത്ത് ഡീലിമിറ്റേഷൻ നടത്തിയില്ല. തൽഫലമായി, 2015-ലും 2020-ലും യുഎൽബികളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ കൗൺസിലർമാരുടെ സീറ്റുകളും വാർഡുകളുടെ എണ്ണവും നിശ്ചയിക്കുന്നതിനായി, 29 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലും[11] ഒഴികെ, 2001 സെൻസസിലെ ജനസംഖ്യാ കണക്കുകളാണ് അടിസ്ഥാനപ്പെടുത്തിയത്.

കൗൺസിലർമാരുടെ സീറ്റുകളുടെ എണ്ണം 2001 സെൻസസിലെ കണക്കുകളുടെ അടിസ്ഥാനത്തിലായിരുന്നതിനാൽ, സംസ്ഥാനത്ത് നിലവിൽ **അനുബന്ധം 2.3**-ൽ കാണിച്ചിരിക്കും വിധം 60 കൗൺസിലർമാരുടെ മൊത്തം കുറവുണ്ടായിരുന്നു (കോർപ്പറേഷനുകൾ 01, മുനിസിപ്പാലിറ്റികൾ 59). തെരഞ്ഞെടുത്ത യുഎൽബികളിൽ ഒൻപത് കൗൺസിലർമാരുടെ കുറവുണ്ടായിരുന്നു.

കോവിഡ് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് ഉയർന്ന പ്രത്യേക സാഹചര്യം മൂലം, ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചെങ്കിലും, പൊതു ജനങ്ങളുമായി ചർച്ചകൾ

---

[10] സീറ്റുകൾക്കനുസരിച്ച് (മെമ്പർമാർ/കൗൺസിലർമാർ) കഴിയുന്നത്ര മണ്ഡലങ്ങളോ അല്ലെങ്കിൽ വാർഡുകളോ ആക്കി പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും വിഭജിക്കുകയും പൊതു തെരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യത്തിനായി പ്രാദേശിക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യുന്ന നടപടി ക്രമമാണ് ഡീലിമിറ്റേഷൻ.

[11] ഏറ്റവും അടുത്ത കാലത്തായി രൂപീകരിച്ച ഈ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും, 2011 സെൻസസ് കണക്കുകളാണ് സ്വീകരിച്ചത്.

നിയന്ത്രിക്കപ്പെടുകയും ഡീലിമിറ്റേഷൻ പ്രക്രിയ നടത്താതിരിക്കാൻ സർക്കാരിനെ നിർബ്ബന്ധിതമാക്കുകയും ചെയ്തതാണ്, ഓഡിറ്റ് ചൂണ്ടിക്കാട്ടിയ കുറവിന് കാരണമായതെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ).

സർക്കാരിന്റെ മറുപടി, 2015-ലെ തെരഞ്ഞെടുപ്പിൽ 2011 സെൻസസ് ജനസംഖ്യാ കണക്കുകൾ സ്വീകരിക്കാത്തതിനെ ന്യായീകരിക്കുന്നില്ല.

ഏറ്റവും പുതിയ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള വാർഡുകളുടെ കാലോചിതമായ ഡീലിമിറ്റേഷന്റെ അഭാവത്തിൽ, സംസ്ഥാനത്തെ യുഎൽബികളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് ഡീലിമിറ്റേഷൻ വഴി സീറ്റുകളുടെ എണ്ണം പുനർനിർണ്ണയിക്കപ്പെടുമ്പോൾ ഉള്ളതിനെക്കാൾ വലിയ വിഭാഗം ജനങ്ങളുടെ താൽപര്യങ്ങൾ നോക്കേണ്ടതായി വന്നു.

### 2.5.2 ഓംബുഡ്സ്മാനും അപ്പലേറ്റ് ട്രിബ്യൂണലും

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 271 ജി[12] അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും ഭരണനിർവ്വഹണത്തിലെ അഴിമതിയെയും ദുർഭരണത്തെയും ക്രമക്കേടുകളെയും സംബന്ധിച്ച ആരോപണങ്ങളെപ്പറ്റി സൂക്ഷ്മാന്വേഷണവും പൊതുവായ അന്വേഷണവും നടത്താനായി ഒരു സംസ്ഥാനതല അതോറിറ്റി ആയി പ്രവർത്തിക്കാൻ ഒരു ഓംബുഡ്സ്മാനെ നിയമിച്ചു. സംസ്ഥാനം തുടക്കത്തിൽ ഏഴ് അംഗങ്ങൾ[13] ഉൾപ്പെട്ട ഒരു ഓംബുഡ്സ്മാൻ രൂപീകരിച്ചെങ്കിലും (2000 മെയ്) പിന്നീട് അത് പിരിച്ച് വിടുകയും 2001 ഡിസംബർ 11-ൽ ഒരു ഏകാംഗ ഓംബുഡ്സമാൻ സംവിധാനം നിലവിൽ വരികയും ചെയ്തു. ഓബുഡ്സ്മാനെ ഒരു മൂന്നംഗ സമിതി[14] ആയി മാറ്റണമെന്ന് നാലാം എസ്.എഫ്.സി (2011-12) ശുപാർശ ചെയ്തെങ്കിലും, ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കായി മാറ്റിവച്ച ശുപാർശ നാളിതുവരെ നടപ്പിലാക്കിയതായി കണ്ടില്ല. അങ്ങനെ, നിർണ്ണായക ഉത്തരവാദിത്വങ്ങൾ ഭരമേൽപ്പിക്കപ്പെട്ട സ്ഥാപനമായിട്ടും, കഴിഞ്ഞ ഇരുപത് വർഷമായി അത് ഏകാംഗ സംവിധാനമായി തുടർന്നു പോരുന്നു.

കെ.എം ആക്ടിന്റെ സെക്ഷൻ 509-ൽ വിഭാവനം ചെയ്തതനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകളായ നികുതി, ഫീസ്, സെസ് എന്നിവയുടെ നിർണ്ണയിക്കൽ, ഡിമാന്റ്, പിരിവ്, ലൈസൻസുകൾ നൽകൽ, അനുമതി നൽകൽ, എന്നീ കാര്യങ്ങൾ നിർവ്വഹിക്കുന്നതിലെ തദ്ദേശ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരെയുള്ള അപ്പീലുകളും റിവിഷനുകളും പരിഗണിക്കാനായി തിരുവനന്തപുരത്ത് തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ഒരു അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിച്ചു[15] (2004 ഫെബ്രുവരി). സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ, മുഖ്യമായും കോഴിക്കോട് ഒരു അപ്പലേറ്റ് ട്രിബ്യൂണൽ കൂടി സ്ഥാപിക്കണമെന്ന് നാലാം എസ്.എഫ്.സി ശുപാർശ ചെയ്തെങ്കിലും ഇതുവരെ സംഭവ്യമായില്ല.

എസ്.എഫ്.സിയുടെ മേൽപ്പറഞ്ഞ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കിയിരുന്നെങ്കിൽ ഓംബുഡ്സ്മാന്റെയും അപ്പലേറ്റ് ട്രിബ്യൂണലിന്റെയും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കപ്പെടുന്നതിൽ അധിക ഫലപ്രാപ്തി നേടാമായിരുന്നു.

[12] കെ.എം ആക്ടിന്റെ സെക്ഷൻ 57, 64, 90, 229 (എ) അനുസരിച്ച്.

[13] ഹൈക്കോടതി ജഡ്ജിയുടെ പദവി വഹിച്ചിരുന്ന ചെയർമാനും ജ്യുഡീഷ്യൽ, ഭരണ സെക്ഷനുകളിൽ നിന്നും വിശിഷ്ടരായ സാമൂഹ്യപ്രവർത്തകരിൽ നിന്നുമായി മറ്റ് ആറ് അംഗങ്ങളും.

[14] സേവനത്തിൽ ഇരിക്കുന്ന അല്ലെങ്കിൽ വിരമിച്ച ഒരു ഹൈക്കോടതി ജഡ്ജിയും സേവനത്തിൽ ഇരിക്കുന്ന അല്ലെങ്കിൽ വിരമിച്ച ഒരു സർക്കാർ സെക്രട്ടറിയും ഒരു പ്രമുഖ വ്യക്തിയും ഉൾപ്പെടുന്നത്.

[15] ഒരു ജില്ലാ ജഡ്ജിയുമായി എകാംഗട്രിബ്യൂണൽ രൂപീകരിച്ചുകൊണ്ട്

### 2.5.3 സംസ്ഥാന ധനകാര്യ കമ്മീഷൻ

പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ രൂപീകരിച്ച ധനകാര്യ കമ്മീഷൻ തന്നെ മുനിസിപ്പാലിറ്റികളുടെയും സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യണമെന്ന് അനുച്ഛേദം 243 വൈ വിഭാവനം ചെയ്തിരിക്കുന്നു. 1996-2001 കാലഘട്ടം ഉൾക്കൊള്ളിച്ചു കൊണ്ട് ആദ്യത്തെ സംസ്ഥാന ധനകാര്യ കമ്മീഷൻ (എസ്.എഫ്.സി) 1994 ഏപ്രിൽ 23-ൽ രൂപീകരിച്ചു. അന്നു മുതൽ സംസ്ഥാനത്ത് ആറ് എസ്.എഫ്.സികൾ ഇതുവരെ രൂപീകരിച്ചു (2021 സെപ്റ്റംബർ). എസ്.എഫ്.സികൾ ഇതുവരെ രൂപീകരിക്കുന്നതിലെ സമയനിഷ്ഠയും സർക്കാർ ശുപാർശകളുടെ നടപടി റിപ്പോർട്ട് (ഏ.റ്റി.ആർ) സമർപ്പണവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 2.4**-ൽ കൊടുത്തിരിക്കുന്നു.

ബന്ധപ്പെട്ട എസ്.എഫ്.സികൾ അവാർഡ് കാലയളവിന് മുമ്പ് റിപ്പോർട്ടുകൾ സമർപ്പിച്ചെങ്കിലും, ഒന്നും രണ്ടും അഞ്ചും എസ്.എഫ്.സി റിപ്പോർട്ടുകളുടെ കാര്യത്തിൽ എസ്.എഫ്.സികളുടെ ശുപാർശകളിന്മേൽ സർക്കാർ ഏ.റ്റി.ആർ സമർപ്പിച്ചതിൽ പ്രകടമായ കാലതാമസം വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. രണ്ടും അഞ്ചും എസ്.എഫ്.സികളുടെ ശുപാർശകളിന്മേലുള്ള ഏ.റ്റി.ആർ റിപ്പോർട്ട് സംസ്ഥാന നിയമസഭയ്ക്ക് സമർപ്പിച്ചത് രണ്ട് വർഷത്തിലധികമുള്ള കാലതാമസത്തിനു ശേഷമായിരുന്നു. ഏ.റ്റി.ആറുകൾ സമർപ്പിയ്ക്കുന്നതിലെ താമസം സൂചിപ്പിക്കുന്നത് ശുപാർശകൾ നടപ്പാക്കുന്നതിനായുള്ള ഫലപ്രദമായ സമയത്തിന്റെ ലഭ്യതക്കുറവിനെയാണ്. സ്വീകരിച്ച ശുപാർശകൾ നടപ്പാക്കുന്നത് അവലോകനം ചെയ്യുന്നതിനുള്ള ഫലപ്രദമായ ഒരു സംവിധാനം സർക്കാർ ഉറപ്പാക്കിയില്ലെന്നും കാണാൻ സാധിച്ചു. അത്തരത്തിലൊരു സംവിധാനത്തിന്റെ അഭാവം സ്വീകരിക്കപ്പെട്ട ശുപാർശകളുടെ നടപ്പാക്കലിലെ മാന്ദ്യത്തിന് ഇടയാക്കിയിട്ടുണ്ട്.

മുൻ എസ്.എഫ്.സികളുടെ ശുപാർശകളിന്മേൽ സർക്കാരിന്റെ അനുവർത്തനം സംബന്ധിച്ച്, നടപടി റിപ്പോർട്ടുകളിൽ നിന്ന് സമാഹരിച്ച് ഒരു തത്സ്ഥിതി റിപ്പോർട്ട്, ഓഡിറ്റ് തയ്യാറാക്കിയത് താഴെയുള്ള **പട്ടിക 2.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.2: എസ്.എഫ്.സികളുടെ ശുപാർശകൾ സർക്കാർ സ്വീകരിച്ചതും നടപ്പാക്കിയതുമായവയുടെ തത്സ്ഥിതി**

| എസ്.എഫ്.സി | ശുപാർശകളുടെ ആകെ എണ്ണം | സർക്കാർ സ്വീകരിച്ചത് | മാറ്റി വെച്ചത് | സ്വീകരിക്കാത്തത് | സ്വീകരിച്ചെങ്കിലും നടപ്പാക്കാത്തത് |
|---|---|---|---|---|---|
| **ഒന്നാമത്** | 69 | 59 | 6 | 4 | 15 |
| **രണ്ടാമത്** | 51 | 46 | 1 | 4 | 19 |
| **മൂന്നാമത്** | 32 | 31 | 1 | 0 | 17 |
| **നാലാമത്** | 151 | 115 | 35 | 1 | 113 |
| **അഞ്ചാമത്** | 103 | 74 | 3 | 26 | 36 |
| **ആകെ** | 406 | 325 | 46 | 35 | 200 |

*(സ്രോതസ്സ്: സംസ്ഥാന ധനകാര്യകമ്മീഷനുകളുടെ റിപ്പോർട്ടുകളിൽമേലുള്ള നടപടി റിപ്പോർട്ടുകളും, ആറാമത് എസ്.എഫ്.സി റിപ്പോർട്ടിന്റെ ഭാഗം I- ഉം)*

സർക്കാർ സ്വീകരിച്ചെങ്കിലും ഇനിയും നടപ്പാക്കേണ്ടതായുള്ള ശുപാർശകളുടെ ഗണ്യമായ എണ്ണം, സംസ്ഥാനത്തെ യുഎൽബികളുടെ സാമ്പത്തിക സ്ഥിതിയുടെ സമഗ്രവിശകലനത്തിനും മെച്ചപ്പെടുത്തലിനുമായി രൂപീകരിച്ച ഭരണഘടനാ

സ്ഥാപനത്തിന്റെ നിർദ്ദേശങ്ങൾക്ക് സർക്കാർ കുറഞ്ഞ മുൻഗണനയാണ് കൊടുക്കുന്നതെന്ന് പ്രതിഫലിപ്പിക്കുന്നതിനാൽ ആശങ്കയ്ക്കിട നൽകുന്നു.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിൽ എസ്.എഫ്.സികൾ സമയബന്ധിതമായാണ് രൂപീകരിക്കപ്പെട്ടതെന്നും അവയുടെ ശുപാർശകൾ സർക്കാർ ഉചിതമായി പരിഗണിച്ചുവെന്നും, എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) തദ്ദേശഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാണിച്ചു. നടപടി എടുക്കേണ്ടതായി അനവധി ശുപാർശകൾ ഉണ്ടെങ്കിലും ഭൂരിഭാഗവും പരസ്പരപൂരകവും / അനുബന്ധവുമായ ശുപാർശകൾ ആയിരുന്നു. ഫണ്ടുകളുടെ കൈമാറ്റം സംബന്ധിച്ച നിർണ്ണായകമായവകളിൽ കേരള സർക്കാർ തുടർച്ചയായി നടപടി എടുത്തുകൊണ്ടിരിക്കുകയുമാണ്. പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് ഫണ്ടുകൾ ഉചിതമായ രീതിയിൽ വിഭജിച്ചു നൽകുക എന്ന പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടിയായിരുന്നു എസ്.എഫ്.സികൾ രൂപീകരിച്ചത് എന്നതിനാൽ, ഇത് ഗണ്യമായ രീതിയിൽ കൈവരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് പരിഗണിക്കേണ്ടതാണ്. പുതിയ സംഭവ വികാസങ്ങളുടെയും / ശുപാർശകളുടെയും പശ്ചാത്തലത്തിൽ മുൻ എസ്.എഫ്.സി കളുടെ ചില ശുപാർശകൾ അനുവർത്തനത്തിനും തീർപ്പാക്കലിനുമായി അവലോകനം ചെയ്തു കൊണ്ടിരിക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ).

നടപ്പാക്കേണ്ട ശുപാർശകളിൽ പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ ശാക്തീകരണം സാദ്ധ്യമാക്കുന്ന സുപ്രധാന ശുപാർശകൾ **അനുബന്ധം 2.5**-ൽ വിവരിക്കുംവിധം, ഉൾപ്പെട്ടിരിക്കുന്നതായി കണ്ടിരുന്നതിനാൽ ഫണ്ടുകളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ നടപടി എടുത്തു എന്നുള്ള എ.സി.എസിന്റെ വാദം സ്വീകാര്യമല്ല.

കൂടാതെ, ഫണ്ടുകളുടെ കൈമാറ്റം സംബന്ധിച്ച് ആദ്യത്തെ നാല് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നടത്തിയ ശുപാർശകൾ അതേപടിയോ പരിഷ്കാരങ്ങളോടെയോ സ്വീകരിക്കപ്പെട്ടുവെങ്കിലും അഞ്ചാമത്തെ എസ്.എഫ്.സിയെ സംബന്ധിച്ചിടത്തോളം പൊതുആവശ്യങ്ങൾ, ആസ്തി പരിപാലനം, വികസനം എന്നിവയ്ക്കുള്ള വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ, അധികാര കൈമാറ്റവുമായി ബന്ധപ്പെട്ട പ്രധാന ശുപാർശകളിൽ ഭൂരിഭാഗവും നിരസിക്കപ്പെട്ടു. എസ്.എഫ്.സികളുടെ ശുപാർശകൾ മുഴുവനായോ ഭാഗികമായോ സ്വീകരിക്കാനുള്ള ഒരു ബാദ്ധ്യതയും സർക്കാരിന്റെ ഭാഗത്തില്ലെങ്കിലും, പ്രധാനപ്പെട്ട ശുപാർശകൾ അപ്പാടെ തള്ളുന്നത് വിശദമായ ന്യായീകരണത്തോടെയാണെങ്കിൽ കൂടി, ധനവികേന്ദ്രീകരണ സംവിധാനത്തെ അട്ടിമറിക്കുകയേ ഉള്ളൂ.

എസ്.എഫ്.സികളുടെ ശുപാർശകളുടെ നടപ്പാക്കൽ, നേടിയ ഫലങ്ങൾ വിശകലനം ചെയ്യുന്നതിനായി, സൂക്ഷ്മമായി നിരീക്ഷിക്കണമെന്ന് ആദ്യത്തെ എസ്.എഫ്.സി അതിന്റെ അന്തിമ റിപ്പോർട്ടിൽ (1996 ഫെബ്രുവരി) പ്രസ്താവിച്ചു. തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക വികസന ആവശ്യങ്ങൾക്കായി കൃത്യമായ നിർണ്ണയങ്ങൾ നടത്തുന്നതിന് സംസ്ഥാന സർക്കാരിനെ സഹായിക്കുന്ന പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രധാനപ്പെട്ട അടിസ്ഥാനസാമ്പത്തിക സൂചകങ്ങൾ ഇപ്പോൾ ഫലത്തിൽ ലഭ്യമല്ലാത്തത് കൊണ്ട്, ഇപ്പോൾ തന്നെ യോജിച്ച ഒരു പരിശ്രമം തുടങ്ങിയാൽ മാത്രമേ ഭാവിയിലെ ഉപയോഗത്തിനായി അവ ശേഖരിക്കാനും ഒത്തുനോക്കാനും സാധിക്കുകയുള്ളൂ. ആകയാൽ ധനകാര്യ വകുപ്പിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തു.

- സമുചിതമായ ഫോർമാറ്റുകളിൽ ഗ്രാമ, നഗര തദ്ദേശസ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട അടിസ്ഥാനസാമ്പത്തിക സൂചകങ്ങളുടെ വിശ്വാസയോഗ്യമായ

ഒരു ഡാറ്റാബേസ് തയ്യാറാക്കുകയും അവ വരുംകാല ഉപയോഗത്തിനായി ഫ്ളോപ്പി ഡിസ്കിൽ സൂക്ഷിക്കുകയും ചെയ്യുക.

- തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ പൗരസംബന്ധ ഭരണകാര്യങ്ങളിൽ ഉദ്ദേശിച്ച തലത്തിലേക്ക് നിലവാരമുയർത്തൽ, പ്രത്യേകപ്രശ്നങ്ങൾ, നിലവിലുള്ള വിഭവങ്ങളും തൃപ്തികരമായ നിലവാരങ്ങളിൽ പൗരസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള വിലയും തമ്മിലുള്ള വിടവ് നിർണ്ണയിക്കൽ എന്നിവയിൽ സമഗ്രമായി കേസ് സ്റ്റഡികൾ നടത്തുക.

കേരള സർക്കാരിന്റെ ധനകാര്യവകുപ്പിൽ സംസ്ഥാന ധനകാര്യ സെൽ 1996-ൽ രൂപീകൃതമായി. മേൽപ്പറഞ്ഞ കാര്യങ്ങളെപറ്റിയുള്ള ഓഡിറ്റ് ചോദ്യത്തിന് മറുപടിയായി എസ്.എഫ്.സി സെൽ പറഞ്ഞത് (2021 സെപ്റ്റംബർ), ഈ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല എന്നാണ്. എസ്.എഫ്.സികളുടെ ശുപാർശകളിൽ ഫലപ്രദമായ അനുവർത്തനം പാലിക്കുന്നതിൽ വിവേകരാഹിത്യം ഉണ്ടായി എന്നാണ്, മറുപടി സൂചിപ്പിക്കുന്നത്.

### *2.5.3.1 എസ്.എഫ്.സികളുടെ രൂപീകരണം*

സംസ്ഥാന ധനകാര്യകമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ മൂന്നിൽ കവിയാതെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എസ്.എഫ്.സിയുടെ ഒരംഗത്തിന് സാമ്പത്തിക കാര്യങ്ങളിലും സാമ്പത്തിക ശാസ്ത്രത്തിലും വിശേഷജ്ഞാനവും അനുഭവവും ഉണ്ടായിരിക്കേണ്ടതും മറ്റ് രണ്ട് അംഗങ്ങൾക്ക് പൊതുഭരണത്തിലോ പ്രാദേശിക ഭരണത്തിലോ അനുഭവമുണ്ടായിരിക്കേണ്ടതും അല്ലെങ്കിൽ സർക്കാരിന്റെയും പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെയും സാമ്പത്തിക കാര്യത്തിലും കണക്കുകളിലും വിശേഷജ്ഞാനം ഉണ്ടായിരിക്കേണ്ടതുമാണ്.

പന്ത്രണ്ടാം കേന്ദ്ര ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടത്, എസ്.എഫ്.സികൾ സമയ പരിധിക്കുള്ളിൽ തങ്ങളുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ട താൽക്കാലിക സ്ഥാപനങ്ങൾ ആയതിനാൽ, എല്ലാ അംഗങ്ങളും ചെയർമാനും മുഴുവൻ സമയ അംഗങ്ങൾ ആയിരിക്കണം. കൂടാതെ, എസ്.എഫ്.സിയിൽ അനൗദ്യോഗിക വിദഗ്ദ്ധരെ ആണ് ഉൾപ്പെടുത്തുന്നതെങ്കിൽ, സർക്കാർ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുക വഴി പതിവായുള്ള സ്ഥലംമാറ്റം മൂലം ഉണ്ടാകുന്ന എസ്.എഫ്.സികളുടെ കൂടെക്കൂടെയുള്ള പുനഃക്രമീകരണം ഒഴിവാക്കാവുന്നതാണ്. എന്നാൽ, നാളിതു വരെ സംസ്ഥാനത്ത് രൂപീകരിച്ച ആറ് എസ്.എഫ്.സികളിലും, അനൗദ്യോഗിക അംഗമായ ചെയർമാനെ കൂടാതെ, ധനകാര്യവകുപ്പിനെയും തദ്ദേശസ്വയംഭരണ വകുപ്പിനെയും പ്രതിനിധീകരിച്ച് സർക്കാർ സെക്രട്ടറിമാരായിരുന്ന അംഗങ്ങളായി ഉണ്ടായിരുന്നത്. സർക്കാർ മറുപടി നൽകിയത് (2021 ഡിസംബർ) തദ്ദേശസ്വയം ഭരണ-ധനകാര്യ സെക്രട്ടറിമാരെ എസ്.എഫ്.സികളിൽ ഉൾപ്പെടുത്തിയത് വഴി, അധികാര വിഭജനവും കൈമാറ്റവുമായി ബന്ധപ്പെട്ട ഏറ്റവും നിർണ്ണായകമായ ശുപാർശകൾ സർക്കാർ തടസ്സങ്ങളില്ലാതെ നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട് എന്നാണ്.

എന്നാൽ, എസ്.എഫ്.സികൾ നിർദ്ദേശിച്ച ശുപാർശകൾ രൂപീകരിക്കുന്നതിൽ ടി സെക്രട്ടറിമാർ സുപ്രധാന പങ്ക് വഹിക്കുകയും, അവരുടെ കീഴിലുള്ള ഭരണ വകുപ്പുകൾ സ്വീകരിക്കപ്പെട്ട ശുപാർശകൾ നടപ്പാക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുകയും ചെയ്തുവെങ്കിലും, സ്വീകരിക്കപ്പെട്ട 325 ശുപാർശകളിൽ 200 എണ്ണവും (61.50 ശതമാനം) ഇനിയും നടപ്പാക്കാതെ കിടക്കുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## 2.6 യുഎൽബികളിന്മേൽ സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ

യുഎൽബികളിന്മേൽ സംസ്ഥാന സർക്കാരിന് മേലധികാരം ലഭിക്കുന്ന രീതിയിൽ കെ.എം. ആക്ടിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയത്, 74-ാം ഭേദഗതിയുടെ സത്തയ്ക്ക് എതിരായിരുന്നു. ഈ വ്യവസ്ഥകളിൽ ചിലത് **അനുബന്ധം 2.6**-ൽ കാണിച്ചിരിക്കുന്നു.

മുനിസിപ്പാലിറ്റികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനായി സംസ്ഥാന സർക്കാരിന് അതിവിപുലമായ അധികാരങ്ങൾ നൽകുന്ന വിധത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 58-ന് ഒരു ഭേദഗതി (1999 മാർച്ച് 24 മുതൽ) കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടു. ഭേദഗതിക്ക് മുമ്പ്, മുനിസിപ്പാലിറ്റിയുടെ വാദം കേട്ടതിനു ശേഷമേ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് ഈ സെക്ഷൻ അനുമതി നൽകിയിരുന്നുള്ളൂ. കൂടാതെ, മുനിസിപ്പൽ അതോറിറ്റിയുടെ ഏതെങ്കിലും നടപടി / പുറപ്പെടുവിച്ച ഉത്തരവ് / ലൈസൻസ് അല്ലെങ്കിൽ അനുമതി പ്രത്യേക കാരണങ്ങളാൽ[16] പോരായ്മയുള്ളതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അത്തരം നിർദ്ദേശം പുറപ്പെടുവിക്കാൻ സാധിച്ചിരുന്നുള്ളൂ. ഈ ഭേദഗതിയിലൂടെ സർക്കാരിന് സാമ്പത്തികം, കണക്കു സൂക്ഷിക്കൽ, കാര്യാലയ നിർവ്വഹണം, പദ്ധതികളുടെയും സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തെരഞ്ഞെടുക്കൽ, വാർഡ് സഭകളുടെയും വാർഡ് കമ്മിറ്റികളുടെയും ശരിയായ പ്രവർത്തനം, ക്ഷേമ പദ്ധതികൾ, പരിസ്ഥിതി നിയന്ത്രണം മുതലായ കാര്യങ്ങളിൽ മുനിസിപ്പാലിറ്റികൾക്ക് നിർദ്ദേശങ്ങൾ നല്കാനുള്ള അധികാരം ലഭിക്കുകയും മുനിസിപ്പാലിറ്റികൾ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കേണ്ടി വരികയും ചെയ്തു.

മറുവശത്ത്, മുനിസിപ്പാലിറ്റികളുടെ തീരുമാനം എടുക്കുന്നതിനുള്ള അധികാരങ്ങൾ പരിരക്ഷിക്കുന്നതിലേയ്ക്കായി ഒരു ക്രിയാത്മക ചുവട് എന്ന നിലയിൽ കൗൺസിലിന്റെ പ്രമേയങ്ങൾ തടയാനും റദ്ദാക്കാനും സർക്കാരിന് അധികാരങ്ങൾ നൽകുന്ന സെക്ഷൻ 57 ൽ സെക്ഷൻ 57(2) ചേർത്തുകൊണ്ട്, 1999 മാർച്ച് 24 മുതൽ പരിഷ്കരിച്ച് ഭേദഗതി ചെയ്തു. ഭേദഗതിയുടെ ഫലമായി മുനിസിപ്പൽ കൗൺസിലിന്റെ ഒരു തീരുമാനം മാറ്റിവയ്ക്കാനും / റദ്ദാക്കാനുമുള്ള ഏത് നിർദ്ദേശവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ വാദം കേൾക്കാനുള്ള ഒരു അവസരം കൊടുത്തിട്ട്, ട്രിബ്യൂണലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ, കൗൺസിലിന്റെ ഒരു പ്രമേയം / തീരുമാനം റദ്ദ് ചെയ്യുകയോ / പരിഷ്കരിക്കുകയോ / അംഗീകരിക്കുകയോ ചെയ്യാവൂ.

തദ്ദേശ ഭരണസംവിധാനങ്ങൾ മെച്ചപ്പെടുത്തുമ്പോൾ, തദ്ദേശ ഭരണസ്ഥാപനങ്ങളിലേക്ക് വികേന്ദ്രീകരിച്ചു നൽകിയ അധികാരത്തിന്റെ പിന്നിലെ തത്ത്വം, അതായത്, ജനങ്ങളുടെയും ഗ്രാമ / വാർഡ് സഭകളുടെയും പരമാധികാരം ഉറപ്പാക്കുക എന്നത്, സംസ്ഥാനത്തിന്റെ ഉത്തരവാദിത്വം ആണ് എന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). എന്നിരുന്നാലും, സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും നയങ്ങളിലും ആധികാരികതയിലും വിപരീതമായ പ്രത്യാഘാതങ്ങൾ വരാവുന്ന രീതിയിൽ ചില പ്രാദേശിക നടപടികൾ ഉണ്ടാകുമ്പോഴും, ചില മേഖലകളിലെ നിഷ്ക്രിയത്വം, പൗരന്മാരുടെ, പ്രത്യേകിച്ച് ദുർബ്ബലവിഭാഗങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി വരുമ്പോഴും, സംസ്ഥാനത്തിന് ഇടപെടേണ്ടി വന്നു.

---

[16](എ) തെറ്റായതോ, അനുചിതമായതോ, മറ്റോ; അല്ലെങ്കിൽ (ബി) ഏതെങ്കിലും വ്യക്തിക്കോ മറ്റോ അനീതി വരുന്നതോ അല്ലെങ്കിൽ വരാൻ സാദ്ധ്യതയുള്ളതോ; അല്ലെങ്കിൽ (സി) ഏതെങ്കിലും വ്യക്തിയ്ക്ക് അനർഹമായ ക്ലേശമോ മറ്റോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാദ്ധ്യതയുള്ളതോ; അല്ലെങ്കിൽ (ഡി) നിയമാനുസൃതമായ ഒരു കർത്തവ്യം നിർവ്വഹിക്കുന്നതിലോ നിയമം അർപ്പിച്ചിട്ടുള്ള ഒരു ബാദ്ധ്യത നിറവേറ്റുന്നതിലോ വീഴ്ച വരുത്തുക; അല്ലെങ്കിൽ (ഇ) പൊതുതാൽപര്യത്തിനും മുനിസിപ്പാലിറ്റിയുടെ കൂടുതൽ മെച്ചപ്പെട്ട ഭരണത്തിനും എതിരായത്.

മുനിസിപ്പാലിറ്റികളുടെ വാദം കേൾക്കപ്പെടാനുള്ള അവകാശം നിർത്തലാക്കിയതിനെപ്പറ്റി സർക്കാരിന്റെ മറുപടി നിശബ്ദമാണ്. സർക്കാർ ഇടപെടൽ അനിവാര്യമായ അസാധാരണ സന്ദർഭങ്ങളിൽപ്പോലും മുനിസിപ്പാലിറ്റിയുടെ അവകാശം സംരക്ഷിക്കപ്പെടേണ്ടതാണ്. 74-ാം ഭേദഗതി നിയമം അനുശാസിക്കുന്ന, തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പ്രവർത്തനാധികാരം ഇത്തരം ഭേദഗതികളിലൂടെ വിട്ടുവീഴ്ചയ്ക്ക് വിധേയമാവുന്നു.

## 2.7 ജില്ലാ ആസൂത്രണ സമിതി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി ഒരു ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി) രൂപീകരിക്കുന്നതിന് കെ.എം ആക്ടിന്റെ സെക്ഷൻ 53 വ്യവസ്ഥ ചെയ്യുന്നു. ജില്ലയ്ക്ക് മൊത്തമായി, സ്ഥലസംബന്ധിയായ ആസൂത്രണം, വെള്ളത്തിന്റെയും മറ്റ് ഭൗതികപ്രകൃതിദത്ത വിഭവങ്ങളുടെയും പങ്കുവയ്ക്കൽ, അടിസ്ഥാന സൗകര്യത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും സംയോജിത വികസനം എന്നിവ ഉൾപ്പെട്ട പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഇടയിൽ പൊതുവായി താൽപര്യമുള്ള വിഷയങ്ങളുടെ ഒരു കരട് വികസനപദ്ധതി ഡി.പി.സി തയ്യാറാക്കേണ്ടതാണ്. മുനിസിപ്പൽ കൗൺസിൽ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വാർഷിക പദ്ധതികൾ യുഎൽബികൾ സുലേഖ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നു. ബന്ധപ്പെട്ട ഡി.പി.സികൾ ഈ പദ്ധതികൾ അംഗീകരിക്കുന്നു. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യുഎൽബികൾ അപ് ലോഡ് ചെയ്ത വാർഷിക പദ്ധതികൾ 14 ജില്ലകളിലെയും ഡി.പി.സികൾ അംഗീകരിച്ചു. എന്നിരുന്നാലും, താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു:

- വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള കരട് വികസന പദ്ധതി ഓരോ വർഷവും സെപ്റ്റംബർ 30-ന് മുൻപായി ഡി.പി.സി തയ്യാറാക്കേണ്ടതും, ആയത് സർക്കാർ അംഗീകാരത്തിനായി സമിതി ചെയർമാൻ അയയ്ക്കേണ്ടതുമായിരുന്നുവെങ്കിലും, ഓഡിറ്റ് കാലയളവിൽ 2017-18-ൽ ഒരിക്കൽ മാത്രമാണ് ജില്ലാ പദ്ധതി തയ്യാറാക്കിയത്.
- സ്ഥല സംബന്ധിയായ ആസൂത്രണം, വെള്ളത്തിന്റെയും മറ്റ് ഭൗതിക പ്രകൃതിദത്ത വിഭവങ്ങളുടെയും പങ്ക് വയ്ക്കൽ, അടിസ്ഥാന സൗകര്യത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും സംയോജിത വികസനവും, ലഭ്യമായ പ്രകൃതി വിഭവങ്ങളുടെ വ്യാപ്തിയും തരവും, തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഇടയിൽ പൊതുവായി താൽപര്യമുള്ള വിഷയങ്ങൾ കരട് വികസന പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല.
- 2016-17-ലെ പദ്ധതി രൂപീകരണ, സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 15.2 അനുസരിച്ച്, ഓരോ ഡി.പി.സിയും അഞ്ച് വർഷത്തിലൊരിക്കൽ ജില്ലാ വികസന വീക്ഷണ രേഖ തയ്യാറാക്കേണ്ടതാണ്. ഡി.പി.സികൾ ജില്ലാ വികസന വീക്ഷണ രേഖ തയ്യാറാക്കിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

എക്സിറ്റ് കോൺഫറൻസിൽ, തസ്വഭവ എ.സി.എസ് പ്രസ്താവിച്ചത് (2021 നവംബർ) ജില്ലാ പദ്ധതിയുടെ തയ്യാറാക്കൽ ഒരു സമ്പൂർണ്ണ പ്രക്രിയ ആയിരുന്നെന്നും ആയതിന് നിരവധി സാങ്കേതിക സ്ഥാപനങ്ങളുടെയും വിദഗ്ദ്ധരുടെയും ഇടപെടൽ ആവശ്യമായിരുന്നെന്നും, ആയത് സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ലഭ്യമാക്കാൻ സാധ്യമായില്ല എന്നുമാണ്. ജില്ലാപദ്ധതിയുടെ രൂപീകരണത്തിന്റെ നടപടിക്രമം ഭരണഘടനയിൽ വിവരിക്കാത്തത് കൊണ്ട്, ഒരു തലത്തിലും വ്യക്തമായ നിർദ്ദേശമില്ല. വീക്ഷണ രേഖയെ സംബന്ധിച്ചിടത്തോളം, പഞ്ചവത്സര പദ്ധതി നടപടിക്രമം ലക്ഷ്യം

നിർവ്വഹിക്കുന്നുണ്ടെങ്കിലും സംസ്ഥാനം അത്തരത്തിൽ ഒരു രേഖ തയ്യാറാക്കുന്ന ദിശയിൽ പ്രവർത്തിക്കുന്നതാണ്. സ്ഥലസംബന്ധിയായ ആസൂത്രണവും അപകട സാധ്യതാമുന്നറിയിപ്പും ഉൾപ്പെടുത്തിക്കൊണ്ട് നഗര-ഗ്രാമ ആസൂത്രണ നിയമം ഭേദഗതി വരുത്തിക്കൊണ്ടിരിക്കുകയാണെന്നും എ.സി.എസ് അറിയിച്ചു.

പ്രദേശത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളും തയ്യാറാക്കുന്ന പ്രാദേശികതല പദ്ധതികൾ സംയോജിപ്പിച്ചും ഏകോപിപ്പിച്ചും കൊണ്ട് ഡി.പി.സി ഒരു ജില്ലാപദ്ധതി രൂപീകരിച്ചിരുന്നെങ്കിൽ, ജില്ലയുടെ വികസന നില ശാസ്ത്രീയമായി നിരീക്ഷിച്ചു കൊണ്ട് ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കാൻ സാധിക്കുമായിരുന്നു.

## 2.8 വൻനഗര ആസൂത്രണ സമിതി

എല്ലാ വൻനഗര പ്രദേശത്തും[17] ആ പ്രദേശത്തിന്റെ സമഗ്രമായ ഒരു കരട് വികസന പദ്ധതി തയ്യാറാക്കാനായി ഒരു വൻനഗര ആസൂത്രണ സമിതി (എം.പി.സി) രൂപീകരിക്കേണ്ടതാണെന്ന് അനുച്ഛേദം 243ഇസഡ് ഇ അനുശാസിക്കുന്നു. വൻനഗര പ്രദേശങ്ങൾക്കായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കാനായി എം.പി.സി രൂപീകരിക്കുന്ന കാര്യം കെ.എം ആക്ട്, 1994-ന്റെ സെക്ഷൻ 54 വ്യവസ്ഥ ചെയ്യുന്നു. കെ.എം ആക്ട്, 1994-ന്റെ സെക്ഷൻ 54-ന്റെ കീഴിൽ കേരളാ വൻനഗര ആസൂത്രണ സമിതി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും സമിതിയുടെ നടപടി ക്രമങ്ങളും) ചട്ടങ്ങൾ, 1995 രൂപപ്പെടുത്തി.

ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടെങ്കിലും, ഇന്നുവരെ കേരളത്തിൽ വൻനഗരപ്രദേശങ്ങൾ പ്രഖ്യാപിക്കുകയോ എം.പി.സികൾ രൂപീകരിക്കുകയോ ചെയ്തിട്ടില്ല. ഒരു വൻനഗരപ്രദേശത്തെ വികസന ആവശ്യങ്ങളെപ്പറ്റി പഠിച്ചിട്ട് റിപ്പോർട്ടുകൾ സമർപ്പിക്കാനായി, ബന്ധപ്പെട്ട മേഖലകളിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദഗ്ധരെ ഉൾപ്പെടുത്തി ഉപസമിതികൾ രൂപീകരിക്കാൻ എം.പി.സികളുടെ രൂപീകരണം സഹായിക്കുമായിരുന്നു.

കേരളത്തിൽ, വൻനഗരപ്രദേശമാകാൻ യോഗ്യതയുള്ള, 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഒരു യുഎൽബിയും ഇല്ലെന്നും നഗരസംയോജനവും കൂടി കണക്കിലെടുത്താൽ കൊച്ചി കോർപ്പറേഷൻ അതിന് യോഗ്യത നേടുമെന്നും പ്രതികരണമായി തസ്വഭവ എ.സി.എസ് പ്രസ്താവിച്ചു (2021 നവംബർ). വിശാലകൊച്ചി പ്രദേശത്തെ ഒരു വൻനഗര പ്രദേശമായി പ്രഖ്യാപിക്കാനുള്ള സാധ്യത സംസ്ഥാനത്തിന്റെ അടുത്ത പഞ്ചവത്സര പദ്ധതി പരിഗണിക്കുമെന്നും എ.സി.എസ് കൂട്ടിച്ചേർത്തു.

[17] വൻനഗര പ്രദേശം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്, പത്ത് ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള ഒരു പ്രദേശം, ഒന്നോ അതിലധികമോ ജില്ലകൾ ഉൾക്കൊള്ളുന്നതോ, രണ്ടോ അതിലധികമോ മുനിസിപ്പാലിറ്റികളോ പഞ്ചായത്തുകളോ അല്ലെങ്കിൽ മറ്റ് സമീപ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതോ, പൊതു അറിയിപ്പിലൂടെ വൻനഗര പ്രദേശമായി ഗവർണ്ണർ പ്രഖ്യാപിക്കുന്നതോ ആയ പ്രദേശം.

# അദ്ധ്യായം III

## അധികാര വികേന്ദ്രീകരണത്തിലെ ഫലപ്രാപ്തി

# അദ്ധ്യായം III

# അധികാര വികേന്ദ്രീകരണത്തിലെ ഫലപ്രാപ്തി

74-ാമത് ഭരണഘടനാ ഭേദഗതി നിയമത്തിലെ (74-ാമത് സിഎഎ) അനുച്ഛേദം 243 ഡബ്ല്യൂവിന് അനുസൃതമായി കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 30(3) വിഭാവനം ചെയ്യുന്നത് ഒന്നാം ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ചുമതലകളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും, പദ്ധതികളും, കെട്ടിടങ്ങളും, ആസ്തികളും, ബാദ്ധ്യതകളും മുനിസിപ്പാലിറ്റികൾക്ക് സർക്കാർ കൈമാറണമെന്നാണ്. കൂടാതെ, സെക്ഷൻ 30(4) പ്രകാരം മുനിസിപ്പാലിറ്റിക്ക് കൈമാറിയ വിഷയങ്ങളുടെ കേന്ദ്രസംസ്ഥാന പദ്ധതി വിഹിതങ്ങളും വാർഷിക ബജറ്റ് വിഹിതങ്ങളും മുഴുവനായും സർക്കാർ അതാത് മുനിസിപ്പാലിറ്റികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

കൈമാറ്റം ചെയ്തതായി പറയപ്പെടുന്ന പ്രത്യേക ചുമതലകളുടെ വികേന്ദ്രീകരണം എത്രമാത്രം ഫലപ്രദമാണ് എന്ന്, ചുമതലകൾ പൊതുവായി നടപ്പാക്കുന്നതിൽ തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളുടെ പങ്ക് അവലോകനം ചെയ്തുകൊണ്ട് ഓഡിറ്റ് പരിശോധിച്ചു. ജലവിതരണം, വാട്ടർ ചാർജ്ജ്, ഖരമാലിന്യ പരിപാലനം, പൊതുജനാരോഗ്യവും ശുചീകരണവും, വസ്തുനികുതി എന്നിവയാണ് വികേന്ദ്രീകരണത്തിന്റെ ഫലപ്രാപ്തി നിർണ്ണയിക്കുവാൻ തിരഞ്ഞെടുത്ത ചുമതലകൾ.

## 3.1 ജലവിതരണം

1984 മാർച്ച് ഒന്നിന് നിലവിൽ വന്ന കേരള ജലവിതരണ മലിനജല നിയമം, 1986, നിലവിലുള്ള എല്ലാ ജലവിതരണ മലിനജല സേവനങ്ങളും, മലിനജല സംബന്ധപ്രവൃത്തികളും സ്വീവേജ് ഫാമുകളും, സംസ്ഥാനത്തെ ജലവിതരണവും മലിനജല നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ജോലികളും നടപ്പാക്കുന്നതിനായി രൂപീകരിച്ച സ്വയം ഭരണ സ്ഥാപനമായ കേരള ജല അതോറിറ്റിയ്ക്ക് (കെഡബ്ല്യൂഎ) കൈമാറി. നഗര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ജലവിതരണവുമായി ബന്ധപ്പെട്ട എല്ലാ ആസ്തികളും ബാദ്ധ്യതകളും കെഡബ്ല്യൂഎയ്ക്ക് കൈമാറണമെന്നും ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജലപദ്ധതികളുടെ നിർവ്വഹണം, പദ്ധതികളുടെ വിപുലനവും, നടത്തിപ്പും പരിപാലനവും, ഉപഭോക്താക്കളിൽ നിന്നുള്ള വാട്ടർ ചാർജ്ജ് പിരിക്കൽ എന്നിവ കെഡബ്ല്യൂഎയുടെ ചുമതലയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ആസ്തികൾ, ജലവിതരണ സേവനങ്ങൾ എന്നിവ വീണ്ടും മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്യണം എന്ന് വിഭാവനം ചെയ്യുന്ന വ്യവസ്ഥകൾ കെഎം നിയമം, 1994-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട നഗരതദ്ദേശ സ്ഥാപനങ്ങളിൽ ഈ വ്യവസ്ഥകളൊന്നും താഴെത്തട്ടിൽ പരിപാലിക്കപ്പെട്ടില്ല എന്ന് ആഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടത്, തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

### 3.1.1 വികേന്ദ്രീകരണത്തിന്റെ ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിചലനം

ജലവിതരണ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ 74-ാമത് സിഎഎയിലെ വികേന്ദ്രീകരണത്തിന്റെ തത്വങ്ങളിൽ നിന്നുള്ള വ്യതിചലനങ്ങൾ തെരഞ്ഞെടുത്ത യുഎൽബികളിൽ ഓഡിറ്റ് നിരീക്ഷിച്ചു:

- കെ.എം നിയമത്തിലെ സെക്ഷൻ 315 നിർദ്ദേശിക്കുന്നത് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിൽ വ്യക്തമാക്കിയ തീയതി മുതൽ എല്ലാ ആസ്തികളും, ജലവിതരണ അഴുക്കുചാൽസേവനങ്ങളും, ജോലികളുടെ നിർവ്വഹണവും, ജലസംഭരണം / വിതരണം, വാട്ടർ ചാർജ്ജ് നിശ്ചയിക്കൽ, പിരിച്ചെടുക്കൽ എന്നിവ മുനിസിപ്പാലിറ്റിക്ക് കൈമാറണമെന്നാണ്. പക്ഷെ, കേരളസർക്കാരിന്റെ

തദ്ദേശസ്വയംഭരണ വകുപ്പ് ഓഡിറ്റിനോട് സ്ഥിരീകരിച്ചത് (2021 ജനുവരി) അത്തരമൊരു വിജ്ഞാപനം സർക്കാർ ഇറക്കിയിട്ടില്ല എന്നാണ്. തൽഫലമായി ജലവിതരണം, അഴുക്കുചാൽസേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആസ്തി-ബാദ്ധ്യതകൾ പാരാസ്റ്റേറ്റൽ ആയ കെഡബ്ല്യുഎയിൽ തന്നെ നിക്ഷിപ്തമാണ്. സർക്കാർ ഒരു വിജ്ഞാപനത്തിലൂടെ ജലവിതരണവുമായി ബന്ധപ്പെട്ട ആസ്തി ബാദ്ധ്യതകളും ചുമതലകളും യുഎൽബികൾക്ക് കൈമാറ്റം ചെയ്യാതിരിക്കുന്നിടത്തോളം, സംസ്ഥാനത്ത് കെ.എം നിയമം അനുസരിച്ച് തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള അടിസ്ഥാനപരമായ ചുമതലകളുടെ വികേന്ദ്രീകരണത്തിന് തുടക്കമിട്ടു എന്ന് അവകാശമുന്നയിക്കാൻ സാധിക്കുകയില്ല.

- യുഎൽബികൾ അവരുടെ പ്രത്യേക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഡിപിസിയുടെ അനുമതിയോടെ പൈപ്പ് ലൈനുകളുടെ വ്യാപനത്തിനുള്ള വാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നു. യുഎൽബികൾ പൈപ്പ് ലൈനുകളുടെ വിപുലീകരണം ഡെപ്പോസിറ്റ് ജോലികളായി കെഡബ്ല്യുഎയെ ഏൽപ്പിക്കുന്നു. എന്നാൽ, മുനിസിപ്പൽ ഫണ്ടുപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ആസ്തികൾ യുഎൽബികൾക്ക് കൈമാറാതെ കെഡബ്ല്യുഎ സ്വന്തമാക്കുകയാണ് ചെയ്യുന്നത്. യുഎൽബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച പൈപ്പ് ലൈനുകൾ കെഡബ്ല്യുഎയുടെ ആസ്തികളാകുകയും ജലവിതരണ പദ്ധതികളുടെ പ്രവർത്തനവും, സംരക്ഷണവും കെഡബ്ല്യുഎയുടെ ഉത്തരവാദിത്വത്തിലാവുകയും ചെയ്യുന്നു. ഓഡിറ്റ് നിരീക്ഷിച്ചത് തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ ഓഡിറ്റ് കാലയളവിൽ (2015-2020) ഡെപ്പോസിറ്റ് ജോലികൾ ഏറ്റെടുക്കുന്നതിന് ₹37.76 കോടി കെഡബ്ല്യുഎയ്ക്ക് കൊടുത്തെങ്കിലും യുഎൽബികളിൽ നിന്ന് ലഭിച്ച ഫണ്ടുപയോഗിച്ച് നിർമ്മിച്ച ആസ്തികൾ യുഎൽബികൾക്ക് കൈമാറിയിട്ടില്ല എന്നാണ്.

- പരിശോധന നടന്ന യുഎൽബികളിൽ ഓഡിറ്റ് കണ്ടെത്തിയത് ഉപയോഗിച്ച ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് പൊതു ടാപ്പുകളിൽ വാട്ടർ മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ല എന്നും ഇത് യുഎൽബികളിലെ യഥാർത്ഥത്തിലുള്ള ഉപഭോഗത്തിന്റെ അളവ് ഉറപ്പുവരുത്തുന്നത് ഇല്ലാതാക്കി എന്നുമാണ്. കൂടാതെ, പരിശോധന നടത്തിയ യുഎൽബികളിൽ അവരുടെ നിയന്ത്രണത്തിലുള്ള സ്ഥലത്തെ പ്രവർത്തനരഹിതമായ ടാപ്പുകൾ കണ്ടെത്തിനിർണ്ണയിക്കുന്നതിന് യുഎൽബി കൾ കെഡബ്ല്യുഎയുമായി സംയുക്ത പരിശോധന നടത്തിയിരുന്നില്ല. അതിനാൽ തിരഞ്ഞെടുത്ത യുഎൽബികൾക്ക് പ്രവർത്തനരഹിതമായ ടാപ്പുകൾ തിരിച്ചറിയാനും, നന്നാക്കുവാനും ഒരു നടപടിയും എടുക്കാൻ സാധിച്ചില്ല. അതുകൊണ്ട് യുഎൽബികൾ കെഡബ്ല്യുഎ ജലവിതരണത്തിന് നിശ്ചയിച്ച വാർഷിക ചാർജ്ജ് യഥാർത്ഥ ഉപഭോഗത്തിന് അനുസൃതമായല്ലാതെ കെഡബ്ല്യുഎയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്നു.

- കെഡബ്ല്യുഎയെ ഏൽപ്പിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ ജോലികൾ സാധ്യമല്ലാത്തതാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കെഡബ്ല്യുഎയുടെയും സംയുക്ത യോഗം നടത്തി, പദ്ധതികളെ പ്രാവർത്തികമാക്കാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നാണ് സർക്കാർ നിർദ്ദേശിച്ചത് (2019 ഫെബ്രുവരി). പരിശോധന നടത്തിയ 13[18] യുഎൽബികൾ പ്രസ്താവിച്ചത്, ഓഡിറ്റ് കാലയളവിൽ സംയുക്തയോഗം നടത്തിയിട്ടില്ല എന്നാണ്. മാത്രമല്ല, ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളിൽ ₹33.94 കോടിയുടെ ഡെപ്പോസിറ്റ് ജോലികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ

[18] ഇരിങ്ങാലക്കുട, വടക്കാഞ്ചേരി, ചെർപ്പുളശ്ശേരി, ഒറ്റപ്പാലം, കൽപ്പറ്റ, മട്ടന്നൂർ, പാനൂർ, നീലേശ്വരം, കായംകുളം, ഹരിപ്പാട്, പന്തളം, കൊച്ചി കോർപ്പറേഷൻ, തിരുവനന്തപുരം കോർപ്പറേഷൻ

യുഎൽബികൾ അഭ്യർത്ഥിച്ചിട്ടും കെഡബ്ല്യുഎ ലഭ്യമാക്കിയില്ല. കെഡബ്ല്യുഎയെ ഏൽപ്പിച്ച ജോലികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാത്തത് സൂചിപ്പിക്കുന്നത് ജോലികൾ പൂർത്തീകരിക്കാത്തതും ചില അപ്രായോഗിക ജോലികളെങ്കിലും തുടരുന്നതിന്റെ സാദ്ധ്യതയുമാകാം. യുഎൽബികളുടെയും, കെഡബ്ല്യുഎയുടെയും ഉദ്യോഗസ്ഥരുടെ സംയുക്തയോഗം നടത്താതിരിക്കുന്നതിനാൽ അത്തരം ജോലികൾ കണ്ടെത്തുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തി പദ്ധതികൾ അനുയോജ്യമായി നടത്തിക്കുന്നതിനും ഒരു നടപടിയും എടുത്തതായി കാണുന്നില്ല.

- തദ്ദേശസ്വയംഭരണവകുപ്പ് പ്രസിദ്ധീകരിച്ച (2002 ജൂലൈ) കേരള സംസ്ഥാന നഗര വികസന പദ്ധതിയുടെ അന്തിമ റിപ്പോർട്ട് പ്രസ്താവിക്കുന്നത്, കെഡബ്ല്യുഎയുടെ പ്രവർത്തനങ്ങളെകുറിച്ച് അവലോകനം നടത്തി തയ്യാറാക്കിയ ധവള പത്രത്തിൽ 2007-ഓടുകൂടി നഗരജലവിതരണ ചുമതല യുഎൽബികൾക്ക് കൈമാറേണ്ട ആവശ്യകതയ്ക്ക് ഊന്നൽ നൽകിയിരുന്നു എന്നാണ്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൊത്തമായുള്ള ജലവിതരണം നടത്താനും, മീറ്റർ ചെയ്ത് ചാർജ്ജ് ചെയ്യുവാനും മാത്രമുള്ള അധികാരമാണ് കെഡബ്ല്യുഎയിൽ നിക്ഷിപ്തമായിരിക്കുന്നത് എന്നും പരാമർശിച്ചിരുന്നു. എങ്കിലും 13 വർഷങ്ങൾ കഴിഞ്ഞിട്ടും കെഡബ്ല്യുഎ ഇപ്പോഴും ജലവിതരണവുമായി ബന്ധപ്പെട്ട എല്ലാ ആസ്തികളും, ജലവിതരണ സംവിധാനങ്ങളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നു വ്യത്യസ്തമായി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ മാത്രം യുഎൽബി അതിന്റെ അധികാരപരിധിയിലുള്ള ജലവിതരണ സമ്പ്രദായം കൈകാര്യം ചെയ്യുന്നു.

സർക്കാർ മറുപടിയായി പ്രസ്താവിച്ചത് (2021 ഡിസംബർ) കെഡബ്ല്യുഎയിൽ നിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ജലവിതരണ സംവിധാനം കൈമാറ്റം ചെയ്യുന്ന വിജ്ഞാപനം ഇറക്കാത്തത്, ആസന്നമായ ചുമതലകൾ ഏറ്റെടുക്കുന്നതിനുള്ള മനുഷ്യശേഷി ബന്ധപ്പെട്ട വകുപ്പുകൾ അവർക്ക് കൈമാറാത്തതു കൊണ്ടാണെന്നും, ഇന്നത്തെ ചുറ്റുപാടിൽ ഇത് യുഎൽബികൾക്ക് കൂടുതൽ ബാദ്ധ്യതകളും പ്രയാസവും സൃഷ്ടിക്കുമെന്നുമാണ്. പ്രധാന കുടിവെള്ളവിതരണ പദ്ധതികൾ പല ജില്ലകളിലും പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും നടപ്പാക്കുന്നതിനാൽ സംസ്ഥാനതലത്തിലുള്ള ഒരു ഏജൻസിയുടെ കേന്ദ്രീകൃത മാനേജ്മെന്റ് ആവശ്യമാണ് എന്നും പ്രസ്താവിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ മറുപടി സൂചിപ്പിക്കുന്നത് കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിൽ സംസ്ഥാനത്തിനുള്ള വിമുഖതയാണ്. സംസ്ഥാനതലത്തിലുള്ള ഏജൻസികളുടെ തദ്ദേശസ്ഥാപനങ്ങളിന്മേലുള്ള നിയന്ത്രണം തുടർന്നു കൊണ്ട് പോകുന്നത് വികേന്ദ്രീകരണത്തിന്റെ അന്ത:സത്തയെ ശുഷ്കമാക്കിക്കൊണ്ട്, സംസ്ഥാനത്ത് നടപ്പാക്കപ്പെട്ട അർത്ഥവത്തായ വികേന്ദ്രീകരണത്തിന്റെ വ്യാപ്തിയെ സംബന്ധിച്ച് ആശങ്കയ്ക്കിട നൽകുന്നു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കിയ ഫലവത്തായ വികേന്ദ്രീകൃത ജലവിതരണത്തിന്റെ വെളിച്ചത്തിൽ, ജലവിതരണപദ്ധതികൾ നടപ്പാക്കാൻ ആവശ്യമായ മനുഷ്യശേഷിയും സാങ്കേതിക വൈദഗ്ധ്യവും തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറി, പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രാപ്തമാക്കുകയാണ് വേണ്ടത്.

### 3.1.2 സേവനങ്ങളുടെ തലത്തിലെ അളവുകോൽ നിർണ്ണയത്തിന്റെ അപര്യാപ്തത

കേന്ദ്രസർക്കാരിന്റെ നഗരവികസന മന്ത്രാലയത്തിന്റെ സേവനതലത്തിലെ അളവുകോൽ (എസ് എൽബി) നിർണ്ണയത്തിന്റെ കൈപുസ്തകത്തിൽ

രേഖപ്പെടുത്തിയിരിക്കുന്നത് (2008) പൗരന്മാരോടുള്ള ഉത്തരവാദിത്വം നിറവേറ്റേണ്ട യുഎൽബികൾ ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിൽ പിന്നോക്കം പോയി എന്നാണ്. അളവുകോൽ നിർണ്ണയം നടത്തുന്നത് സേവനദാതാവിന്റെ പ്രവർത്തനം കൃത്യമായും, തുടർച്ചയായും അളക്കുകയും, നിരീക്ഷിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ്. സുസ്ഥിരമായ അളവുകോൽ നിർണ്ണയം സേവനങ്ങളുടെ വിതരണത്തിലെ പ്രവർത്തന വിടവ് കണ്ടെത്തുന്നതിനും വിവരങ്ങളും ശ്രേഷ്ഠമായ പ്രവൃത്തികളും പങ്ക് വയ്ക്കുന്നതിലൂടെ മെച്ചപ്പെടുത്തലുകൾക്ക് ആരംഭം കുറിക്കാനും, ആത്യന്തികമായി യുഎൽബിയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുവാനും സഹായകമാവുകയും ചെയ്യുന്നു.

പതിമൂന്നാമത് കേന്ദ്രധനകാര്യകമ്മീഷൻ യുഎൽബികൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ നാലു സേവന സെക്ടറുകളിലായി-ജലവിതരണം, മലിനജലനിർമ്മാർജനം, ഖരമാലിന്യ പരിപാലനം, ഓടകളുടെ പരിപാലനം എന്നിവയിൽ അടുത്ത സാമ്പത്തിക വർഷം കൈവരിക്കാനുള്ള ഒൻപതു സേവനതല അളവുകോലുകൾ വിജ്ഞാപനം ചെയ്യണമെന്ന് നിർബന്ധമാക്കി. യുഎൽബികൾ പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതിനായി നിർബന്ധമാക്കിയിട്ടുള്ള അടിസ്ഥാനസേവനങ്ങളുടെ സേവനതല അളവുകോൽ നിർണ്ണയം നടത്തുകയും പ്രസിദ്ധീകരിക്കുകയും വേണമെന്ന് പതിനാലാം ധനകാര്യകമ്മീഷൻ ഊന്നിപ്പറയുകയുണ്ടായി.

ഓഡിറ്റ് നിരീക്ഷിച്ചത്, ജലവിതരണത്തിൽ ഒരു പ്രമുഖ പങ്കുവഹിക്കുന്ന പാരാസ്റ്റേറ്റൽ ആയിരുന്നിട്ടും കെഡബ്ല്യുഎ പ്രവൃത്തികളുടെ നിലവാരത്തിന്റെ അളവുകോൽ ആവിഷ്കരിക്കുകയോ, ജലവിതരണത്തിന്റെ സേവനതലത്തിലെ അളവുകോൽ നിർണ്ണയത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ യുഎൽബികളെ അറിയിക്കുകയോ ചെയ്തില്ല എന്നാണ്. അനന്തരഫലമായി, പ്രവൃത്തിയുടെ യഥാർത്ഥ നടത്തിപ്പിനെക്കുറിച്ച് കെഡബ്ല്യുഎയിൽ നിന്ന് പ്രത്യേക വിവരങ്ങളൊന്നുമില്ലാതെ യുഎൽബികൾക്ക് എസ് എൽബി നിർണ്ണയം നടത്തേണ്ടി വന്നു. ഇത് യുഎൽബികൾ തയ്യാറാക്കിയ എസ് എൽബി ഡാറ്റ അയഥാർത്ഥവും ആധികാരികത കുറഞ്ഞതും ആയിരിക്കുവാനുള്ള സാദ്ധ്യത സൃഷ്ടിക്കുന്നു. എസ് എൽബി നിർണ്ണയത്തിലെ അശ്രദ്ധ കൂടുതൽ നിർണ്ണായകമാകുന്നത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പോലുള്ള പൊതുജനാരോഗ്യവുമായി നേരിട്ടു ബന്ധമുള്ള പ്രവർത്തന സൂചികകളെ ഫലപ്രദമായി നിരീക്ഷിക്കുന്നതിനെ പ്രതികൂലമായി ബാധിക്കും എന്നതുകൊണ്ടാണ്.

പൊതു സേവനങ്ങളുടെ ലഭ്യതയുടെ നിലവാര നിർണ്ണയത്തിന് ഒരു വ്യവസ്ഥിതി അത്യാവശ്യമാണ് എന്ന് സമ്മതിച്ചുകൊണ്ട് സർക്കാർ വ്യക്തമാക്കിയത് (2021 ഡിസംബർ) സംസ്ഥാനതലത്തിൽ നിലവാരം ക്രമീകരിച്ച് ഓരോ യുഎൽബിയുടെയും പൗരന്മാരുടെ അവകാശ പത്രികയിൽ ഉൾപ്പെടുത്തണമെന്നാണ്. സാമൂഹ്യഓഡിറ്റ് ഉൾപ്പെടെയുള്ള സാമൂഹ്യ ഉത്തരവാദിത്വസംവിധാനങ്ങൾ നടപ്പിലാക്കി യോഗ്യതാ നിർണ്ണയത്തിനാവശ്യമായ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിലെ പുരോഗതി ആനുകാലികമായി നിരീക്ഷിക്കണമെന്നും സർക്കാർ ഉറപ്പിച്ചു പറയുകയുണ്ടായി.

### 3.1.3 വാട്ടർ ചാർജ്ജുകൾ

കെഎം നിയമത്തിലെ സെക്ഷൻ 315(ബി) വ്യക്തമാക്കുന്നത് മലിനജല നിർമ്മാർജ്ജനചാർജ്ജ്, വാട്ടർ ചാർജ്ജ്, മീറ്റർ വാടക, ജലവിതരണം, മലിനജലനിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫീസുകൾ എന്നിവയുടെ കുടിശ്ശിക ഈടാക്കാനുള്ള എല്ലാ അവകാശങ്ങളും, ബാദ്ധ്യതകളും ചുമതലകളും മുനിസിപ്പാലിറ്റിക്കാണെന്നാണ്. എങ്കിലും, വാട്ടർ ചാർജ്ജുകൾ നിലവിൽ

കെഡബ്ല്യൂഎ[19] പിരിച്ചെടുക്കുന്നതിനാൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ഒരു വരുമാനമാർഗ്ഗം അല്ല. തെരഞ്ഞെടുത്ത യുഎൽബികളുടെ രേഖകൾ പരിശോധിച്ചതിൽ വെളിവായത് നിലവിലുള്ള സമ്പ്രദായത്തിൽ, പൊതുടാപ്പുകൾക്കുള്ള വാട്ടർ ചാർജ്ജുകൾ കെഡബ്ല്യൂഎ നിശ്ചയിച്ച നിരക്കിൽ അവരവരുടെ അധികാരപരിധിയിലുള്ള ജലവിതരണത്തിന് യുഎൽബികൾ വർഷംതോറും അടയ്ക്കുന്നു എന്നാണ്. കൂടാതെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വാട്ടർ ചാർജ്ജിന്റെ നിരക്ക്, കെഡബ്ല്യൂഎ സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരാണ് നിശ്ചയിക്കുന്നത്. യുഎൽബികൾക്ക് അവരുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ വാട്ടർ ചാർജ്ജുകൾ നിശ്ചയിക്കുന്നതിൽ ഒരു പങ്കുമില്ല.

കെഡബ്ല്യൂഎ അവസാനമായി വാട്ടർ ചാർജ്ജുകൾ പുതുക്കിയത്[20] 2014 ഒക്ടോബറിലാണ്. ഓഡിറ്റ് നിരീക്ഷിച്ചത്, കെഡബ്ല്യൂഎ നിശ്ചയിച്ചതനുസരിച്ച് ഓരോ പൊതുടാപ്പിനും ₹7884 വെച്ച് യുഎൽബികൾ ഓരോ വർഷവും അടയ്ക്കണമെന്നാണ്. ഓഡിറ്റ് പരിശോധനയ്ക്കായി തെരഞ്ഞെടുത്ത യുഎൽബികൾ ₹9.66 കോടി ഓഡിറ്റ് കാലയളവിൽ കെഡബ്ല്യൂഎയ്ക്ക് നൽകി. നിയമത്തിൽ അനുശാസിക്കുന്നതുപോലെ വാട്ടർ ചാർജ്ജ് പിരിക്കുന്നതിനുള്ള അവകാശം യുഎൽബികളിൽ നിക്ഷിപ്തമായിരുന്നെങ്കിൽ യുഎൽബികളുടെ തനതുവരുമാനത്തിൽ വർദ്ധനയുണ്ടാക്കാനും ഇത് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനും സാധിക്കുമായിരുന്നു.

## 3.2 ഖരമാലിന്യപരിപാലനം

അനുച്ഛേദം 243ഡബ്ല്യുവിന് അനുസൃതമായി പന്ത്രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഖരമാലിന്യങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പും ചുമതലകളുടെ നിർവ്വഹണവും, കെ.എം. നിയമത്തിലെ സെക്ഷൻ 30-ലും ഫസ്റ്റ് ഷെഡ്യൂളിലും വിവരിച്ചിരിക്കുന്നതു പോലെ യുഎൽബികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കെ.എം. നിയമം, 1994-ലെ സെക്ഷൻ 332 അനുസരിച്ച് അവരവരുടെ അധികാരപരിധിയിലുള്ള ഖരമാലിന്യത്തിന്റെ പുന:ചംക്രമണം, സംസ്കരണം, ശുദ്ധീകരണം, നീക്കംചെയ്യൽ എന്നീ ചുമതലകൾ യുഎൽബികളെ ഏൽപ്പിച്ചിരിക്കുന്നു.

കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വമിഷൻ[21] ആണ് ഖരമാലിന്യ പരിപാലനത്തിന്റെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ആയി പ്രവർത്തിക്കുന്നത്. തദ്ദേശസ്വയംഭരണവകുപ്പിന്റെ മന്ത്രി ചെയർപേഴ്സൺ ആയും തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർപേഴ്സണായും, ഗ്രാമവികസന കമ്മീഷണർ മെമ്പർ സെക്രട്ടറിയായും, ശുചിത്വമിഷന്റെ ഡയറക്ടർ മെമ്പർ കൺവീനറായും ഉൾപ്പെട്ടതാണ് ഇതിന്റെ ഭരണസമിതി.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (റൂറൽ) എന്നീ പദ്ധതികളുടെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായും മിഷൻ പ്രവർത്തിക്കുന്നു. ഖരമാലിന്യപരിപാലനത്തിന്റെ സംസ്ഥാന കേന്ദ്രഫണ്ടു വിഹിതങ്ങളും ശുചിത്വമിഷൻ വഴിയാണ് കൈമാറ്റം ചെയ്യുന്നത്.

താഴെ ചർച്ചചെയ്യപ്പെടുന്ന പോലെ ഓഡിറ്റ് കണ്ടെത്തിയത്, ഈ ഏജൻസിയുടെ പ്രവർത്തനങ്ങൾ എല്ലായ്പ്പോഴും വികേന്ദ്രീകരണത്തിന്റെ തത്ത്വങ്ങൾക്ക് അനുസൃത മല്ലായിരുന്നു എന്നാണ്.

[19] തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഒഴികെ

[20] ഗൃഹ/ഗൃഹേതര/വ്യവസായം ഉൾപ്പെടെയുള്ള എല്ലാ തരത്തിലുള്ള ഉപഭോക്താക്കൾക്കും ബാധകമായത്

[21] 2008 സെപ്റ്റംബറിൽ ക്ലീൻ കേരള മിഷനെയും കേരള ടോട്ടൽ സാനിറ്റേഷൻ ആന്റ് ഹെൽത്ത് മിഷനെയും സംയോജിപ്പിച്ചാണ് ശുചിത്വമിഷന് രൂപം നൽകിയത്.

മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ കെഎം നിയമത്തിലെ സെക്ഷൻ 58 അനുസരിച്ച് സർക്കാർ തങ്ങളുടെ അധികാരം ഉപയോഗിച്ച് യുഎൽബികൾക്ക് നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഉദാഹരണത്തിന്, സർക്കാർ സെക്ഷൻ 58 ചൂണ്ടിക്കാണിച്ചു കൊണ്ട് യുഎൽബികളോട് നിർദ്ദേശിച്ചത് (2020 സെപ്റ്റംബർ) ഒരു ലോക ബാങ്ക് സഹായ പദ്ധതിയ്ക്ക് (കേരള ഖരമാലിന്യ മാനേജ്മെന്റ് പ്രോജക്ട് (കെ.എസ്.ഡബ്ല്യു.എം.പി)) വേണ്ടി ശുചിത്വ മിഷനുമായി പങ്കാളിത്ത ഉടമ്പടിയിൽ ഏർപ്പെടാനും, അനുബന്ധരേഖകൾ ഒപ്പിട്ട് നിർദ്ദിഷ്ട തീയതിക്കുള്ളിൽ തിരിച്ചയക്കണമെന്നുമാണ്. കരാറിൽ പറഞ്ഞിരിക്കുന്നത് യുഎൽബി ശുചിത്വമിഷനുമായി ചേർന്ന് ഒരു പങ്കാളിത്ത കരാറിൽ ഏർപ്പെടണമെന്നും കെ.എസ്.ഡബ്ല്യു.എം.പിയുടെ കീഴിൽ പങ്കാളിയാകണമെന്നും ആഗ്രഹിക്കുന്നുവെന്നാണ്. ഇത് യുഎൽബികൾ സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കുകയല്ല, മറിച്ച്, സർക്കാർ അതിന്റെ താത്പര്യം യുഎൽബികളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ് എന്ന് സുവ്യക്തമാക്കുന്നു. ഓഡിറ്റ് നിരീക്ഷിക്കുന്നത് 1999 മാർച്ചിൽ കെഎം നിയമത്തിലെ സെക്ഷൻ 58-ൽ വരുത്തിയ ഭേദഗതിയിലൂടെ സംസ്ഥാനസർക്കാരിന് മുനിസിപ്പാലിറ്റിയ്ക്ക് ഉത്തരവുകൾ നൽകാനുള്ള സമ്പൂർണ്ണ അധികാരം ലഭിക്കാനും, അങ്ങനെ 74-ാം സിഎഎയുടെ അന്തഃസത്തയ്ക്കെതിരായി അധികാരം പൂർണ്ണമായും സർക്കാരിന്റെ കൈയിൽ കേന്ദ്രീകരിക്കാനും കാരണമായി എന്നാണ്. ഇതിനുമുൻപ് ഈ സെക്ഷൻ, ഈ റിപ്പോർട്ടിലെ **ഖണ്ഡിക 2.6**-ൽ വിവരിച്ചിരിക്കുന്നതുപോലെ, സർക്കാരിന് മുനിസിപ്പാലിറ്റികൾക്ക് ഉത്തരവുകൾ നൽകാൻ, പ്രത്യേക സാഹചര്യങ്ങളിലൊഴികെ, മുനിസിപ്പാലിറ്റികൾക്ക് പറയുവാനുള്ളത് കേട്ടതിന് ശേഷം മാത്രമേ അനുവദിച്ചിരുന്നുള്ളൂ.

### 3.2.1 മാലിന്യം ഉണ്ടാകുന്നത് നിർമ്മാർജ്ജനം ചെയ്യുന്നതിലെ കാര്യപ്രാപ്തി

യുഎൽബികളിൽ ഉണ്ടാകുന്ന മാലിന്യങ്ങളെ ജൈവമാലിന്യങ്ങൾ, പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യങ്ങൾ, പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യങ്ങൾ[22] എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. യുഎൽബികൾ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ സന്നദ്ധമാണോ എന്ന് ഉൽപ്പാദിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, അത് കൈകാര്യം ചെയ്യാനുള്ള കഴിവ്, എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരിശോധിച്ചു. പരിശോധന നടത്തിയ യുഎൽബികളിലുണ്ടായ മാലിന്യവും, സംസ്കരണ ശേഷിയും **അനുബന്ധം 3.1**-ൽ വിശദമാക്കിയിരിക്കുന്നു.

ഓഡിറ്റ് നിരീക്ഷിച്ചത്, അവരവരുടെ അധികാര പരിധിയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ എല്ലാ യുഎൽബികളും പൂർണ്ണമായും പ്രാപ്തരല്ല എന്നും, ഇത് ഖരമാലിന്യ പരിപാലനത്തിന്റെ വികേന്ദ്രീകരണത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് ആശങ്ക ഉയർത്തുന്നു എന്നുമാണ്. പരിശോധന നടത്തിയ യുഎൽബികളിൽ മാലിന്യ സംസ്കരണശേഷി ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമല്ല എന്ന്, ഒൻപതു യുഎൽബികളിൽ ജൈവമാലിന്യത്തിന്റെ കാര്യത്തിലും, ഒൻപതും പതിനൊന്നും യുഎൽബികളിൽ യഥാക്രമം പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യത്തിന്റെ കാര്യത്തിലും പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യത്തിന്റെ കാര്യത്തിലും കണ്ടു. നാലു[23] തെരഞ്ഞെടുത്ത യുഎൽബികളിലെ സംയുക്ത സ്ഥല പരിശോധനയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്കു കാരണമാകും വിധം പൊതു സ്ഥലങ്ങളിൽ ഖരമാലിന്യം കുന്നുകൂട്ടിയിട്ടിരിക്കുന്നതു കണ്ടു.

[22] ജൈവേതര വസ്തുക്കൾ എന്നത് പ്രകൃതിദത്തമായി വിഘടിക്കാനാകാത്തതും, മലിനീകരണത്തിനു കാരണമാകുന്നതുമായ ഒരു തരം പദാർത്ഥമാണ്. അവയിൽ ചിലതിനെ ഭാവിയിലെ ഉപയോഗത്തിനായി പുനഃചംക്രമണം ചെയ്യാനാകും, എന്നാൽ മറ്റുള്ളവ പുനഃചംക്രമണം ചെയ്യാനാകാത്തവയാണ്.

[23] കായംകുളം, പന്തളം, കട്ടപ്പന മുനിസിപ്പാലിറ്റികളും കൊച്ചി കോർപ്പറേഷനും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവേതര മാലിന്യങ്ങളുടെ പരിപാലനം എൽപ്പിച്ചിരിക്കുന്നത് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സികെസിഎൽ) എന്ന സ്ഥാപനത്തെയാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടെ ഏറ്റവും അനുയോജ്യവും നൂതനവും ശാസ്ത്രീയവുമായ രീതികൾ ഉപയോഗിച്ച്, ജൈവേതര ഖരമാലിന്യങ്ങളായ പ്ലാസ്റ്റിക് മാലിന്യം, ഇ-വേസ്റ്റ് തുടങ്ങിയവയുടെ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്ന വീക്ഷണത്തോടെയാണ് 2013-ൽ സികെസിഎൽ രൂപീകരിച്ചത്.

ഓഡിറ്റ് പരിശോധന നടത്തിയ 21 യുഎൽബികളിൽ 15 യുഎൽബികൾ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് സികെസിഎല്ലുമായി കരാറിൽ ഏർപ്പെട്ടു എന്ന് കണ്ടു. അവശേഷിക്കുന്ന ആറ്[24] യുഎൽബികളിൽ പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം നിരീക്ഷിക്കുന്നതിന് ഫലവത്തായ ഒരു സംവിധാനവും ഉണ്ടായിരുന്നില്ല. മാത്രമല്ല, തിരഞ്ഞെടുത്ത ഒരു യുഎൽബിയും സികെസിഎല്ലുമായി ഇ-വേസ്റ്റ് ശേഖരിക്കുന്നതിന് കരാറിൽ ഏർപ്പെട്ടിരുന്നില്ല.

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഖരമാലിന്യത്തിന്റെ സുരക്ഷിതമായ സംസ്കരണത്തിന് തൃപ്തികരവും അനുയോജ്യവുമായ സൗകര്യങ്ങൾ സ്വായത്തമാക്കാൻ സികെസിഎൽ വഴിയൊരുക്കണം. എന്നാൽ സികെസിഎൽ ഓഡിറ്റിനോട് സ്ഥിരീകരിച്ചത് അത് സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 499-ഉമായും ജൈവേതര മാലിന്യങ്ങൾ സമയോചിതമായി നീക്കം ചെയ്യുവാനായി ഉടമ്പടികളിൽ ഏർപ്പെട്ടിട്ടില്ല എന്നാണ്.

തദ്ദേശസർക്കാരുകളിൽ മുഖ്യ ഉത്തരവാദിത്വം നിക്ഷിപ്തമാക്കിക്കൊണ്ട് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ നടത്തിപ്പിൽ ഉൾപ്പെട്ടിരുന്ന പാരാസ്റ്റേറ്റലുകൾ ആവശ്യമായ പിന്തുണ നൽകുകയാണ് വേണ്ടത്. യുഎൽബികൾക്ക് കൈമാറിയ ചുമതലകൾ ഫലവത്തായി തുടർന്ന്കൊണ്ടുപോകാനും ഖരമാലിന്യസംസ്കരണ സംരംഭങ്ങൾക്കുള്ള സാങ്കേതിക സഹായത്തിനും കൈത്താങ്ങിനും വേണ്ടി രൂപീകരിച്ച ഏജൻസികളെ വേണ്ടവിധം ഉപയോഗിക്കാനും സാധിച്ചില്ല എന്നത് വ്യക്തമാണ്. ഓഡിറ്റ് കാലയളവിലെ (2015-2020) ചിലവിന്റെ ശതമാനം വിതരണം ചെയ്ത ഫണ്ടിന്റെ 1.58 മുതൽ 45.16 വരെ മാത്രമായിരുന്നു **(അനുബന്ധം 3.2)**.

അങ്ങനെ, ഖരമാലിന്യപരിപാലനത്തെ യുഎൽബികൾക്ക് പന്ത്രണ്ടാം ഷെഡ്യൂൾ അനുസരിച്ച് കൈമാറ്റം ചെയ്ത പ്രവൃത്തിയായി തരംതിരിക്കുകയും ഇതിനെക്കുറിച്ചുള്ള വ്യവസ്ഥകൾ കെഎം നിയമത്തിലെ 326 മുതൽ 345 വരെയുള്ള സെക്ഷനുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടും ഈ പ്രവൃത്തികളുടെ വികേന്ദ്രീകരണത്തിന്റെ കാര്യക്ഷമത വിവാദവിഷയമായി അവശേഷിക്കുന്നു. ഇതിനായി ചിലവായ തുകയുടെയും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള ശേഷിയുടെയും അടിസ്ഥാനത്തിൽ യുഎൽബികളിലേക്കുള്ള പ്രവൃത്തിയുടെ വികേന്ദ്രീകരണം, ശരിയായ അർത്ഥത്തിൽ ഫലപ്രദമായിട്ടില്ല.

എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) തദ്ദേശസ്വയം ഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി പ്രസ്താവിച്ചത്, മാലിന്യസംസ്കരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടി, ഖര-ദ്രവമാലിന്യ സംസ്കരണം സുഗമമാക്കാനും, എസ്ഡബ്ല്യൂഎം പ്രവർത്തന രേഖകൾ തയ്യാറാക്കാനും, പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഏജൻസികളെ കണ്ടെത്താനും, തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തുന്നതിനുമായി, യോജിച്ചു പ്രവർത്തിക്കുന്ന ശുചിത്വമിഷൻ, ഹരിതകേരളമിഷൻ,

[24] ആലുവ, കൽപ്പറ്റ, പാനൂർ, പൊന്നാനി, കൊടുവള്ളി മുനിസിപ്പാലിറ്റികളും കൊച്ചി കോർപ്പറേഷനും

ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്നിവയുടെ ഏകീകരണം നടത്തുന്നത് പരിഗണനയിലാണെന്നാണ്.

## 3.3 പൊതുജനാരോഗ്യവും ശുചീകരണവും

ട്രാവൻകൂർ-കൊച്ചിൻ പൊതുജനാരോഗ്യനിയമം, 1955-ലെ സെക്ഷൻ 135-ഉം, മദ്രാസ് പൊതുജനാരോഗ്യനിയമം 1939-ലെ സെക്ഷൻ 127-ഉം ആവശ്യപ്പെടുന്നത്, എല്ലാ മുനിസിപ്പാലിറ്റികളും സർക്കാർ നൽകുന്ന ഗ്രാന്റ് ഒഴികെയുള്ള മറ്റു സ്രോതസ്സുകളിൽ നിന്നെല്ലാം ലഭിക്കുന്ന വരുമാനത്തിന്റെ 30 ശതമാനത്തിൽ കുറയാത്ത തുക വൈദ്യസഹായമുൾപ്പെടെയുള്ള പൊതുജനാരോഗ്യത്തിന്റെ ചിലവിനായി മാറ്റിവയ്ക്കണമെന്നാണ്. വികേന്ദ്രീകരണത്തോടെ, സർക്കാർ മേഖലയിലെ ആരോഗ്യ സുരക്ഷാ സ്ഥാപനങ്ങളുടെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറി. അതിനനുസൃതമായി ആരോഗ്യ സേവന വകുപ്പ്, ഹോമിയോപ്പതി, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ എന്നിവയുടെ കീഴിലുള്ള ഗ്രാമ, ബ്ലോക്ക്, ജില്ലാതലങ്ങളിലെ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലായി. കെ.എം. നിയമം, 1994 അനുസരിച്ച് പരിസ്ഥിതി ശുചിത്വപരിപാലനത്തിന്റെ നിർവ്വഹണവും യുഎൽബികളുടെ നിർബന്ധിത പ്രവർത്തനമാണ്. കിണറുകളുടെ ക്ലോറിനേഷൻ, മഴക്കാലത്തിന് മുൻപുള്ള വൃത്തിയാക്കൽ, കൊതുകിനെതിരെയുള്ള ഫ്യൂമിഗേഷൻ തുടങ്ങിയവയും കണ്ടിൻജന്റ് ജീവനക്കാരെ ഏർപ്പെടുത്തി പൊതു നിരത്തുകളുടെയും, ചന്തകളുടെയും ശുചീകരണം, വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, എന്നിവയിലൂടെ ശുചിത്വം ഉറപ്പാക്കേണ്ടത് യുഎൽബിയിലെ ആരോഗ്യ വിഭാഗം ജീവനക്കാരുടെ (ആരോഗ്യ സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ജെപിഎച്ച്എൻ[25]) ഉത്തരവാദിത്വമാണ്.

### 3.3.1 ആരോഗ്യരംഗത്തെ വികേന്ദ്രീകരണത്തിലെ പ്രശ്നങ്ങൾ

പദ്ധതി രൂപീകരണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ യുഎൽബികൾ ബഡ്ജറ്റ് തയ്യാറാക്കുകയും പ്രോജക്ടുകളുടെയും സ്കീമുകളുടെയും വാർഷിക പദ്ധതിരേഖയ്ക്കുള്ള ഫണ്ടുകൾ വകയിരുത്തുകയും ചെയ്യുന്നു. വാർഷിക പദ്ധതിയിലെ പ്രോജക്ട് / സ്കീമുകൾ സുലേഖ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യപ്പെടുകയും ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുകയും ചെയ്യുന്നു. പൊതുജനാരോഗ്യ ശുചീകരണത്തിനു കീഴിലെ പദ്ധതികൾ നടപ്പാക്കുന്നത് വികസനഫണ്ടുകളും റോഡിതര പരിപാലനഫണ്ടും ഉപയോഗിച്ചാണ്. ഈ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ (സിഎച്ച്സി), സർക്കാർ ആശുപത്രികൾ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ എന്നിവയുടെ നടത്തിപ്പ് യഥാക്രമം കോർപ്പറേഷൻ കൗൺസിലുകളെയും, മുനിസിപ്പൽ കൗൺസിലുകളെയും ഏൽപ്പിച്ചിരിക്കുന്നു. എങ്കിലും പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ / ഉദ്യോഗസ്ഥരെ യുഎൽബികൾക്ക് ഇതുവരെ കൈമാറിയിട്ടില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ റഗുലർ ജീവനക്കാർ സംസ്ഥാന സർക്കാർ ജീവനക്കാരായി അതാത് വകുപ്പിന്റെ കീഴിൽ തുടരുന്നു. യുഎൽബികൾക്ക് ഈ ഉദ്യോഗസ്ഥരുടെ മേൽ പരിമിതമായ നിയന്ത്രണങ്ങളേ ഉള്ളൂ. തദ്ദേശ സർക്കാരുകളിലേക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമനം, പ്രമോഷനും ശമ്പളവും അലവൻസുകളും നൽകൽ എന്നിവ സർക്കാരിന്റെ ചുമതലയായി തുടരുന്നു.

[25] ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്

അങ്ങനെ യുഎൽബിയിലെ ഉദ്യോഗസ്ഥർ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നിയന്ത്രണത്തിലാണ്. ആരോഗ്യ സംരക്ഷണരംഗത്തെ ചുമതലകളുടെയും നിയന്ത്രണത്തിന്റെയും ദ്വൈതഭാവം, 74-ാമത് സിഎഎയിൽ വിഭാവനം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ കൈമാറ്റത്തിനനുസൃതമല്ല.

- 2021 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച ഒരു ഓർഡിനൻസിൽ (കേരള പബ്ളിക് ഹെൽത്ത് ഓർഡിനൻസ് 2021) സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് സംസ്ഥാനത്തെ പൊതുജനാരോഗ്യത്തിന്റെ ഭരണം മെച്ചപ്പെടുത്തുന്നതിന് ആവശ്യമുള്ള അധികാരം കൊടുക്കണമെന്ന് പറഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ആരോഗ്യപ്രവർത്തകർക്ക് പൊതുജനാരോഗ്യത്തിൽ പ്രവർത്തനപദ്ധതി തയ്യാറാക്കാനും, ആകസ്മികമായി ഉണ്ടാകുന്ന രോഗങ്ങളും സാംക്രമിക രോഗങ്ങളും പൊട്ടിപ്പുറപ്പെടുന്നതു തടയാനുള്ള പദ്ധതികൾ നടപ്പിലാക്കാനുമുള്ള ചുമതലകൾ ഏൽപ്പിക്കാനും ഓർഡിനൻസ് ലക്ഷ്യമിട്ടു. അതു വരെ സംസ്ഥാനത്തെ പൊതുജനാരോഗ്യം സംബന്ധിച്ച വിഷയങ്ങൾക്ക് ട്രാവൻകൂർ-കൊച്ചിൻ പൊതുജനാരോഗ്യനിയമം 1955-ഉം മദ്രാസ് പൊതുജനാരോഗ്യനിയമം 1939-ഉം മാത്രം ബാധകമായിരുന്നതിനാൽ അരനൂറ്റാണ്ടു കാലമായി സംസ്ഥാനത്തിന് ഒരു ഏകീകൃത ആരോഗ്യ നിയമം നിഷേധിക്കപ്പെട്ടു. ഈ ഓർഡിനൻസ് ഇതുവരെ നിയമമാക്കിയിട്ടില്ല (2021 സെപ്റ്റംബർ).

സർക്കാർ മറുപടി പറഞ്ഞത് (2021 ഡിസംബർ) മരുന്നുകളുടെ വിതരണം, ഡയാലിസിസ് ഉപകരണങ്ങളുടെ വിതരണം, പാലിയേറ്റീവ് കെയർ സഹായം എന്നിവ കൂടാതെ അടുത്ത കാലത്തെ കോവിഡ് സംബന്ധമായ ഇടപെടലുകളിലൂടെയും സാമൂഹിക ആരോഗ്യത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടലുകൾ ശ്രദ്ധേയമായി എന്നാണ്. പകർച്ചവ്യാധികൾ കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാനത്തിന്റെ അനുഭവം കണക്കിലെടുത്ത് പതിനഞ്ചാം ധനകാര്യകമ്മീഷൻ സംസ്ഥാനങ്ങളിലെ തദ്ദേശസർക്കാരുകൾക്ക് ഹെൽത്ത് ഗ്രാന്റ് നൽകാൻ ശുപാർശ ചെയ്തു എന്നും വ്യക്തമാക്കി. എങ്കിലും, ഓഡിറ്റ് ഉയർത്തിയ പ്രധാന പ്രശ്നങ്ങൾക്ക് സർക്കാർ മറുപടി നൽകിയില്ല.

### 3.3.2 പരിസ്ഥിതി ശുചിത്വപരിപാലനം

കെ.എം നിയമം, 1994-ലെ ഒന്നാംപട്ടിക അനുസരിച്ച് മൃഗങ്ങളുടെ കശാപ്പ്, മാംസ വിൽപ്പന എന്നിവ നിയന്ത്രിക്കുന്നത് യുഎൽബികളുടെ അനിവാര്യ ചുമതലയാണ്. 2021 മാർച്ചിൽ 21 യുഎൽബികളിൽ ഓഡിറ്റ് പരിശോധന നടത്തിയതിൽ നാലു യുഎൽബികളിൽ[26] മാത്രമാണ് കശാപ്പുശാലകൾ പ്രവർത്തിക്കുന്നത്. അവശേഷിക്കുന്ന 17 യുഎൽബികളിൽ കശാപ്പുശാലകൾ പ്രവർത്തിക്കുന്നില്ല എന്നത് സൂചിപ്പിക്കുന്നത്, നിയമപരമല്ലാതെ കശാപ്പ നടക്കാനുള്ള സാദ്ധ്യതയെയാണ്. ഓഡിറ്റ് ടീമും കൊച്ചി കോർപ്പറേഷനിലെ ഉദ്യോഗസ്ഥരും കൊച്ചി കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന കശാപ്പുശാലയിൽ 2021 മാർച്ച് 9-ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ വെളിവായത് കശാപ്പുശാല പ്രവർത്തിക്കുന്നത് പരിസ്ഥിതി വിപത്തുകൾക്ക് കാരണമാകുന്ന വിധം ശുചിത്വ നിലവാരം കുറവായ സാഹചര്യത്തിലാണെന്നും, കശാപ്പ മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുള്ള ഒരു സംവിധാനം ഇല്ലെന്നുമായിരുന്നു. സ്ഥാപിച്ചിരുന്ന ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായിരുന്നു. കശാപ്പുശാല

[26] കൊച്ചി കോർപ്പറേഷൻ, കട്ടപ്പന, പത്തനംതിട്ട, കായംകുളം മുനിസിപ്പാലിറ്റികൾ

പ്രവർത്തിച്ചിരുന്നത് കേരളസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർബന്ധിത അംഗീകാരം ഇല്ലാതെയുമായിരുന്നു.

## 3.4 കർത്തവ്യനിർവ്വഹണത്തിലെ മറ്റു പാരാസ്റ്റേറ്റലുകളുടെ ഇടപെടൽ

ജലവിതരണവും ഖരമാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനനിർവ്വഹണത്തിൽ പരാമർശിക്കപ്പെട്ട പാരാസ്റ്റേറ്റലുകളെ കൂടാതെ ഇംപാക്റ്റ് കേരള ലിമിറ്റഡ്, സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ), സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് അമൃത് എന്നിവയും താഴെ വിശദമാക്കിയിരിക്കുന്നതുപോലെ യുഎൽബികളുടെ പദ്ധതികളുടെ നടത്തിപ്പിൽ നിർണായകപങ്ക് വഹിക്കുന്നു.

### 3.4.1 ഇംപാക്റ്റ് കേരള ലിമിറ്റഡ്

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനു (കിഫ്ബി) വേണ്ടി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി തദ്ദേശ സ്വയംഭരണ മേഖലയിൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കാനായി ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായിട്ടാണ് ഇംപാക്റ്റ് കേരള ലിമിറ്റഡ് (ഇൻവെസ്റ്റ്മെന്റ് ഇൻ മുനിസിപ്പൽ ആന്റ് പഞ്ചായത്ത് അസറ്റ് ക്രിയേഷൻ ഫോർ ട്രാൻസ്ഫോർമേഷൻ കേരളാ ലിമിറ്റഡ്) രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയത് (2017 ഒക്ടോബർ). ഇംപാക്റ്റ് കേരളാ ലിമിറ്റഡിന്റെ ലക്ഷ്യങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ ഇംപാക്റ്റ് കേരളയോ തുടർന്നു കൊണ്ടുപോകേണ്ട പദ്ധതികളും പ്രോജക്ടുകളും തയ്യാറാക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കോ മറ്റു പൊതു ഏജൻസികൾക്കോ വേണ്ടി വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടുകൾ സ്വരൂപിക്കുകയും ചിലവാക്കുകയും ചെയ്യുക എന്നിവ ഉൾപ്പെടുന്നു. സർക്കാർ ഇറക്കിയ (2018 ഫെബ്രുവരി) കിഫ്ബിയുമായുള്ള പ്രോജക്ട് രജിസ്ട്രേഷനുള്ള നടപടി ക്രമങ്ങളും പൊതുവായ മാർഗ്ഗരേഖകളും അനുസരിച്ച്, കിഫ്ബിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് (ഭാഗികമായോ/മുഴുവനായോ) വേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന എല്ലാ പ്രോജക്ടുകൾക്കും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) എസ് പി വി തയ്യാറാക്കണം.

ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളിൽ ഇംപാക്റ്റ് കേരളയുടെ പ്രോജക്ടുകളുടെ 2020 മാർച്ചിലെ പുരോഗതി **പട്ടിക 3.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1: ഇംപാക്റ്റ് കേരള നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സ്ഥിതി**

| പ്രോജക്ടിന്റെ പേര് | യുഎൽബി കളുടെ പേര് | പ്രോജക്ട് ചെലവ് (₹ കോടിയിൽ) | ധനസഹായത്തിനുള്ള അനുമതി സർക്കാരിൽ നിന്നു ലഭ്യമായോ |
|---|---|---|---|
| പുതിയ മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിടം | പന്തളം | 5.89 | ഇല്ല |
| സ്വീവേജ്/സെപ്റ്റേജ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ | വടക്കാഞ്ചേരി | 10.00 | ഇല്ല * |
| | ഒറ്റപ്പാലം | 11.40 | ഉണ്ട് |
| ആധുനിക രീതിയിലുള്ള കശാപ്പുശാലകൾ / അറവുശാലകൾ സ്ഥാപിക്കൽ | തിരുവല്ല | 10.36 | ഉണ്ട് |
| | കോഴിക്കോട് കോർപ്പറേഷൻ | 11.56 | ഉണ്ട് |
| | കായംകുളം | 5.70 | ഇല്ല |

| പ്രോജക്ടിന്റെ പേര് | യുഎൽബി കളുടെ പേര് | പ്രോജക്ട് ചെലവ് (₹ കോടിയിൽ) | ധനസഹായത്തിനുള്ള അനുമതി സർക്കാരിൽ നിന്നു ലഭ്യമായോ |
|---|---|---|---|
| | കൊച്ചി കോർപ്പറേഷൻ | 14.26 | ഇല്ല |
| ഗ്യാസ് ഉപയോഗിക്കുന്ന ആധുനിക ശ്മശാനം സ്ഥാപിക്കൽ | ഹരിപ്പാട് | 11.44 | ഇല്ല |
| | കോഴിക്കോട് കോർപ്പറേഷൻ | 0.80 | ഇല്ല * |
| | പൊന്നാനി | 0.80 | ഇല്ല |
| ആധുനിക ചന്തകൾ സ്ഥാപിക്കൽ | നെടുമങ്ങാട് | 34.60 | ഇല്ല |
| | വടക്കാഞ്ചേരി | 19.31 | ഉണ്ട് |
| | ആലുവ | 4.60 | വിവരം നൽകിയില്ല |

*(അവലംബം : ഇംപാക്ട് കേരളയിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

**കിഫ്ബിക്ക് ഡി പി ആർ സമർപ്പിച്ചില്ല*

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പാക്കാൻ എസിപിവി വഴി കിഫ്ബിയിൽ നിന്നും ഫണ്ടുകൾ ലഭ്യമായിരുന്നിട്ടുകൂടി, 2016-17 ലും 2017-18 ലും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രവൃത്തികളുടെ പുരോഗതി വളരെ മന്ദഗതിയിലായിരുന്നു.

ഇംപാക്ട് കേരള മറുപടി പറഞ്ഞത് (2021 ഏപ്രിൽ), അവിടത്തെ ഭൂരിപക്ഷം സ്റ്റാഫ് അംഗങ്ങളെയും നിയമിച്ചത് 2019 ഓഗസ്റ്റിനും 2019 ഒക്ടോബറിനും ഇടയിലായിരുന്നെന്നും കമ്പനി പൂർണ്ണമായും പ്രവർത്തന സജ്ജമായത് 2019 ഒക്ടോബറിൽ ആണെന്നുമാണ്. യുഎൽബികൾ എല്ലാ പ്രോജക്ടുകളുടെയും ഡിപിആർ തയ്യാറാക്കിയെന്നും പല പ്രോജക്ടുകൾക്കും സർക്കാരിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയും ലഭിക്കാനുണ്ടെന്നും പറഞ്ഞു. കൂടാതെ, ഘടനാപരമായ ഡിസൈനുകൾ എഞ്ചിനീയറിംഗ് കോളേജുകൾ പരിശോധിക്കേണ്ടതും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുമുണ്ട്.

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, അറവുശാലകൾ, ശ്മശാനങ്ങൾ എന്നീ നിർബന്ധിത പ്രവൃത്തികളുമായി ബന്ധപ്പെട്ട യുഎൽബിയുടെ പങ്ക്, നിരവധി നടപടിക്രമങ്ങളും വിവിധതലങ്ങളിലെ അനുമതികളും ഉൾപ്പെട്ട പ്രവർത്തനരീതികളുള്ള പാരാസ്റ്റേറ്റൽ ഏജൻസികളെ ഏൽപ്പിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. കിഫ്ബിയുടെ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നത് ഡിപിആറുകൾ തയ്യാറാക്കുന്നത് എസിപിവികൾ തന്നെയാകണം എന്നാണെങ്കിലും തെരഞ്ഞെടുത്ത യുഎൽബികളിൽ പ്രോജക്ടുകളുടെ ഡിപിആർ തയ്യാറാക്കിയത് യുഎൽബികൾ തന്നെയാണ് എന്നും കണ്ടു.

### 3.4.2 സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത്- മുനിസിപ്പാലിറ്റികളുടെ മേൽ ലോൺ അടിച്ചേൽപ്പിക്കൽ

അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്)[27] ലക്ഷ്യമിടുന്നത് നഗരങ്ങളിലെ കുടുംബങ്ങൾക്ക് അടിസ്ഥാന സേവനങ്ങളും കെട്ടിടസൗകര്യങ്ങളും ഒരുക്കി ദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനാണ്. 2015 സെപ്റ്റംബർ ഒന്നിന് തുടക്കം കുറിച്ച പദ്ധതിയുടെ കാലാവധി അഞ്ച് വർഷമായിരുന്നത് (2015-2020), പിന്നീട് 2022 മാർച്ച് വരെ നീട്ടി. അമൃത് മാർഗ്ഗരേഖയുടെ 13.1 വകുപ്പനുസരിച്ച് യുഎൽബികൾക്ക് നഗര നവീകരണം സാധിക്കുന്നതിനും മിഷൻ മോഡിലൂടെ പദ്ധതികൾ നടപ്പാക്കുന്നതിനും സംസ്ഥാനങ്ങൾക്ക് വ്യാപകമായി ശേഷി

[27] ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷന്റെ (ജൻറം) നവീകരിച്ച പ്രോഗ്രാം

വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. അമൃത് നഗരങ്ങളിൽ സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എസ്എംഎംയു), ജലവിതരണം, സീവറേജ് / സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ് തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പ് സംസ്ഥാന സർക്കാരുമായും കേന്ദ്രസർക്കാരിന്റെ അമൃത് മിഷൻ ഡയറക്ടറേറ്റുമായും ഏകോപിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തെ മൂന്ന് മുനിസിപ്പാലിറ്റികളിലും[28] എല്ലാ ആറ് കോർപ്പറേഷനുകളിലും[29] അമൃത് പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

അമൃതിന്റെ ഫണ്ട് പങ്കിടൽ മാതൃക 50 ശതമാനം കേന്ദ്രവിഹിതവും 30 ശതമാനം സംസ്ഥാനവിഹിതവും 20 ശതമാനം യുഎൽബി വിഹിതവുമായാണ്. മിക്ക അമൃത് നഗരങ്ങൾക്കും യുഎൽബി വിഹിതം നൽകാനുള്ള സാമ്പത്തിക ശേഷി ഇല്ലാതിരുന്നതിനാൽ സർക്കാർ തീരുമാനിച്ചത് (2018 മാർച്ച്), യുഎൽബികൾ പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ വിശേഷ വൈദഗ്ധ്യമുള്ള പാരാസ്റ്റേറ്റൽ ഏജൻസികളെ ഏൽപ്പിക്കാമെന്നാണ്. അത്തരം ഏർപ്പാടുകൾ സംസ്ഥാന സർക്കാരും വൈദഗ്ധ്യമുള്ള പാരാസ്റ്റേറ്റൽ ഏജൻസിയും, ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയും ചേർന്നുള്ള ഒരു ത്രികക്ഷികരാറിലൂടെയാണ് നടപ്പാക്കേണ്ടിയിരുന്നത്. യുഎൽബി വിഹിതത്തിന്റെ 15 ശതമാനം കേരളസർക്കാർ വഹിക്കുന്നതിന്, മുതലും 7.5 ശതമാനം പലിശയും ചേർത്ത് യുഎൽബികൾക്കുള്ള വാർഷിക പദ്ധതി വിഹിതത്തിൽ നിന്ന് 10 വർഷം കൊണ്ട് തിരിച്ചു പിടിക്കണമെന്ന വ്യവസ്ഥയുണ്ട്.

അമൃത് പ്രോജക്ടിന്റെ നടത്തിപ്പിന് വേണ്ടി തെരഞ്ഞെടുത്തിരുന്ന മൂന്നു യുഎൽബികളുടെ[30] രേഖകൾ പരിശോധിച്ചപ്പോൾ വെളിവായത്, തിരിച്ചടവ് പ്രയാസമാകുമെന്ന കാരണത്താൽ ലോൺ സൗകര്യം സ്വീകരിക്കുന്നത് എതിർത്ത യുഎൽബി കൗൺസിലുകളുടെ അഭിപ്രായം പ്രോജക്ട് അംഗീകരിക്കുന്ന സമയത്ത് പരിഗണിച്ചില്ല എന്നാണ്. ലോണിനു വേണ്ടിയുള്ള അപേക്ഷ കൗൺസിൽ അംഗീകരിക്കുകയോ സർക്കാർ / എസ്എംഎംയുവിന് അയച്ചു കൊടുക്കുകയോ ചെയ്തിരുന്നില്ല എന്നു കണ്ടു. അമൃത് പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ നിന്ന് ഒഴിവാക്കുവാൻ അഭ്യർത്ഥിക്കവെ, തെരഞ്ഞെടുത്ത യുഎൽബി (കണ്ണൂർ കോർപ്പറേഷൻ) വാർഷിക പ്ലാൻ ഫണ്ട് ആയി വകയിരുത്തിയ ₹30 കോടിക്കെതിരെ ₹33 കോടി അമൃതിനായി മാറ്റി വയ്ക്കാൻ സാധിക്കില്ലെന്നും അത് വികസന പദ്ധതികളുടെ നടപ്പാക്കലിനെ ബാധിക്കുമെന്നും ചൂണ്ടിക്കാട്ടിയെങ്കിലും സർക്കാർ ഈ അഭിപ്രായം മറികടന്നു. ഇത്തരം സംഭവങ്ങൾ തീർച്ചയായും സ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും ഊട്ടി ഉറപ്പിക്കണമെന്ന 74-മത് സിഎഎയുടെ തത്വങ്ങൾക്കനുസൃതമല്ല.

യുഎൽബിയുടെ പ്രവർത്തന മണ്ഡലത്തെ സംബന്ധിച്ച ഉപാധികളടങ്ങിയ ഏതു കേന്ദ്രാവിഷ്കൃത പദ്ധതിയും യുഎൽബിയുടെ തീരുമാനം എടുക്കാനുള്ള അധികാരത്തെ ഇല്ലാതാക്കുമെന്ന് അംഗീകരിച്ചു കൊണ്ട് തസ്വഭവ എസിഎസ് വ്യക്തമാക്കിയത് (2021 നവംബർ), യുഎൽബികൾക്ക് ഇത്തരം പദ്ധതികളിൽ നിന്ന് ഒഴിഞ്ഞുമാറുവാനുള്ള അവസരം ഇല്ലെന്നാണ്. സംസ്ഥാന സർക്കാർ യുഎൽബികളുടെ തിരിച്ചടവിന്റെ പ്രാപ്തി ഉറപ്പാക്കണമെന്നും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ കൗൺസിലുകളുടെ തീരുമാനത്തെ ഉയർത്തിപ്പിടിക്കുകയും യുഎൽബികളുടെ താൽപര്യത്തിനെതിരായി ലോണുകൾ അടിച്ചേൽപ്പിക്കുന്നതിൽ നിന്ന് പിന്മാറുകയും ചെയ്യണം എന്നാണ് ഓഡിറ്റ് നിരീക്ഷിക്കുന്നത്.

[28] ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്

[29] തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ

[30] കൊല്ലം കോർപ്പറേഷൻ, കണ്ണൂർ കോർപ്പറേഷൻ, ഗുരുവായൂർ മുനിസിപ്പാലിറ്റി

### 3.4.3 സ്മാർട്ട് സിറ്റീസ് മിഷൻ

കേന്ദ്രസർക്കാർ സ്മാർട്ട് സിറ്റി മിഷന് (മിഷൻ) തുടക്കം കുറിച്ചത് (2015 ജൂൺ) പ്രാദേശിക വികസനവും സാങ്കേതികവിദ്യയുടെ ഉപയോഗവും സാദ്ധ്യമാക്കുന്നതിലൂടെ പ്രധാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുകയും, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന സുസ്ഥിരമായ നഗരങ്ങളെ പ്രോത്സാഹിപ്പിച്ച് പൗരജനങ്ങൾക്ക് മികച്ച നേട്ടങ്ങൾ പ്രദാനം ചെയ്യാനാണ്. ഒരു നഗരത്തിന് വർഷംതോറും ശരാശരി ₹100 കോടി നിരക്കിൽ അഞ്ചു വർഷക്കാലത്തേക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നു. അത്രയും തുക തുല്യമായ അളവിൽ സംസ്ഥാനം / യുഎൽബി നൽകണം. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്.സി.റ്റി.എൽ), കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ) എന്നിവ ഈ നഗരങ്ങളുടെ വികസനത്തിനു വേണ്ടി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി രൂപീകരിച്ചു. എസ്.പി.വിയുടെ ഡയറക്ടർ ബോർഡിൽ കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെയും യുഎൽബികളുടെയും പ്രതിനിധികൾ ഉൾപ്പെട്ടിരിക്കണം. ചെയർപേഴ്സൺ ആകേണ്ടത് ഡിവിഷണൽ കമ്മീഷണർ / കളക്ടർ / മുനിസിപ്പൽ കമ്മീഷണർ/ നഗരവികസന അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് എന്നിവരിൽ ഒരാൾ ആണ്.

മുകളിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായി സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറിയായിരുന്നു മിഷന്റെ ചെയർപേഴ്സൺ എന്നും, രണ്ടു ജില്ലകളിലും മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയെ അഞ്ചുവർഷക്കാലയളവിൽ (2010-2015) ഡയറക്ടർ ബോർഡിൽ എല്ലാപ്രാവശ്യവും ഉൾപ്പെടുത്തിയിരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ മിഷൻ സ്റ്റേറ്റ്മെന്റും മാർഗ്ഗരേഖകളും അനുസരിച്ച് സ്മാർട്ട് സിറ്റികളെ സംബന്ധിച്ച മുനിസിപ്പൽ കൗൺസിലിന്റെ അവകാശങ്ങളും ചുമതലകളും എസ്.പി.വിക്കു വിട്ടുകൊടുത്തതായി കണ്ടു. മുനിസിപ്പൽ നിയമം / സർക്കാർ ചട്ടങ്ങൾ അനുസരിച്ചുള്ള യുഎൽബിയുടെ തീരുമാനം എടുക്കാനുള്ള അധികാരം കൈമാറിയത് എസ് പി വി യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കാണ്. നഗരവികസനവകുപ്പ് / തദ്ദേശ സ്വയം ഭരണ വകുപ്പ് / മുനിസിപ്പൽ ഭരണവകുപ്പ് എന്നിവരുടെ അംഗീകാരം നൽകാനും തീരുമാനം എടുക്കാനുമുള്ള അവകാശം ഏൽപ്പിച്ചിരുന്നത് സംസ്ഥാനത്തെയും യുഎൽബിയെയും പ്രതിനിധീകരിക്കുന്ന എസ്.പി.വിയുടെ ഡയറക്ടർ ബോർഡിനെയാണ്.

സ്മാർട്ട് സിറ്റി പ്രോജക്ടിനെ സംബന്ധിച്ച് യുഎൽബിക്കുണ്ടായിരുന്ന വിവിധ അവകാശങ്ങളും ചുമതലകളും എസ്.പി.വിക്ക് കൈമാറിക്കൊണ്ട് എസ്.പി.വിയെ ശാക്തീകരിക്കാനാണ് സ്മാർട്ട്സിറ്റി മിഷൻ സ്റ്റേറ്റ്മെന്റും മാർഗ്ഗരേഖകളും സംസ്ഥാന സർക്കാരിനെയും യുഎൽബിയെയും പ്രേരിപ്പിക്കുന്നത്. മാർഗ്ഗരേഖ വിഭാവനം ചെയ്യുന്ന ചുമതലകളുടെ കൈമാറ്റം 74-ാമത് സിഎഎ അനുസരിച്ച് യുഎൽബികൾക്ക് നൽകിയിരിക്കുന്ന അധികാരങ്ങളെ നിഷ്പ്രഭമാക്കുന്നു.

### 3.4.4 വികസന അതോറിറ്റികൾ

തിരുവനന്തപുരം കോർപ്പറേഷനും അഞ്ച്[31] ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ), കൊച്ചി കോർപ്പറേഷനും 21 പഞ്ചായത്തുകളും ഒൻപതു മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്ന ഗ്രേറ്റർ കൊച്ചിൻ വികസന അതോറിറ്റി (ജിസിഡിഎ), എട്ടു പഞ്ചായത്തുകളും, കൊച്ചി കോർപ്പറേഷനിലെ മൂന്നു ദ്വീപുകളും ഉൾപ്പെട്ട ഗോശ്രീ ഐലന്റ് വികസന അതോറിറ്റി (ജിഐഡിഎ) എന്നീ നഗരവികസന അതോറിറ്റികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

[31] കല്ലിയൂർ, പള്ളിച്ചൽ, വെങ്ങാനൂർ, വിളപ്പിൽ, വിളവൂർക്കൽ ഗ്രാമപഞ്ചായത്തുകൾ

ഉത്തമ മാതൃകയനുസരിച്ച് വികസന അതോറിറ്റികളെ പിരിച്ചുവിട്ട് കൊണ്ട് അവ ഏതു തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിലാണോ, ആ സ്ഥാപനങ്ങൾ അവയുടെ ചുമതലകൾ ഏറ്റെടുക്കുകയോ, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുമായി വികസന അതോറിറ്റികളുടെ വരുമാനം പങ്കുവയ്ക്കുകയോ ചെയ്യണമെന്ന് 13-ാമത് സി.എഫ്.സി ശുപാർശ ചെയ്തു. കേന്ദ്രസർക്കാരിന്റെ രണ്ടാം ഭരണപരിഷ്കരണ കമ്മീഷന്റെ ആറാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തത്, വികസന അതോറിറ്റികൾ സ്ഥലം വിറ്റു കിട്ടുന്നതിന്റെ 25 ശതമാനം, മുനിസിപ്പാലിറ്റികൾക്ക് അവയുടെ അടിസ്ഥാനസൗകര്യപ്രോജക്ടുകളുടെ ചിലവ് വഹിക്കാൻ നൽകണമെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ അഭിപ്രായം അറിയിക്കണമെന്നും ഉചിതമാണെങ്കിൽ നടപ്പാക്കണമെന്നുമാണ്.

വികസന അതോറിറ്റികൾക്ക് സ്വന്തമായി ആസ്തികൾ ഉണ്ടായിരിക്കുകയും അവ വാടകയ്ക്കു കൊടുക്കുന്നതു വഴി വാടകയും പാട്ടവും ആയി വരുമാനമുണ്ടായിരുന്നിട്ടും യുഎൽബികളും വികസന അതോറിറ്റികളും തമ്മിൽ വരുമാനത്തിന്റെ പങ്കിടൽ നടന്നതായി കണ്ടില്ല. കൊച്ചി കോർപ്പറേഷൻ /പഞ്ചായത്തിന്റെ 25 ഹെക്ടർ സ്ഥലം വിറ്റ് ജിഐഡിഎ ₹287.30 കോടി സമ്പാദിച്ചുവെങ്കിലും (2005-06) യുഎൽബികൾക്ക് ഒരു തുകയും കൈമാറിയില്ല. ഇത്തരം സമാന്തര അധികാര സ്ഥാപനങ്ങൾ യുഎൽബികളുടെ സ്ഥലത്തിന്റെ വിൽപ്പനയിലൂടെ ഗണ്യമായ വരുമാനം സ്വന്തമാക്കിയെങ്കിലും തൽഫലമായുണ്ടായ നേട്ടങ്ങൾ യുഎൽബികൾക്ക് ലഭിച്ചതായി കാണുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി പ്രസ്താവിച്ചത് (2021 നവംബർ) വികസന അതോറിറ്റികളെ പിരിച്ചുവിടുന്നത് അടിസ്ഥാനപരമാണെന്നും സർക്കാർ അക്കാര്യം പരിഗണിക്കുകയാണെന്നും, അതോടൊപ്പം തദ്ദേശസ്ഥാപനങ്ങൾക്ക് എത്തിച്ചേരേണ്ട ഫണ്ടുകൾ ഈ അതോറിറ്റികൾ കൈവശം വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയാണെന്നുമാണ്.

# അദ്ധ്യായം IV

## സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം

# അദ്ധ്യായം IV

# സാമ്പത്തിക വിഭവങ്ങളുടെ വികേന്ദ്രീകരണം

നഗര തദ്ദേശസ്ഥാപനങ്ങളുടെ കാര്യശേഷി പ്രതിഫലിക്കുന്നത് അവയുടെ സാമ്പത്തിക സ്ഥിതിയിലും അവയുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള കഴിവിലുമാണ്. യുഎൽബികൾക്ക് അവയുടെ ആവശ്യങ്ങൾക്കനുസൃതമായ സാമ്പത്തിക വിഭവങ്ങൾ ലഭ്യമാക്കുന്ന സാഹചര്യത്തിലാണ് വികേന്ദ്രീകരണം ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാകുന്നത്. വികേന്ദ്രീകരണത്തിന്റെ സുപ്രധാന ഘടകങ്ങളിൽ ഒന്ന് സാമ്പത്തിക സ്വയംഭരണം ആയതിനാൽ ഫലപ്രദമായ വികേന്ദ്രീകരണം കൊണ്ട് അർത്ഥമാക്കുന്നത് സാമ്പത്തിക വിഭവങ്ങളുടെ (തനതു വരുമാനമോ കൈമാറ്റം ചെയ്യപ്പെട്ടതോ) ലഭ്യത മാത്രമല്ല, സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം കൂടിയാണ്. കേരളത്തിലെ യുഎൽബികൾക്ക് ലഭ്യമായ ഫണ്ടുകളിൽ തനതു വരുമാനം (നികുതിയും നികുതിയേതരവും), കേന്ദ്രസംസ്ഥാന ഗ്രാന്റുകൾ, വായ്പകൾ എന്നിവ ഉൾപ്പെടുന്നു. ഈ അദ്ധ്യായത്തിൽ യുഎൽബികളുടെ ധനസ്ഥിതിയുടെ ഉപരിവീക്ഷണത്തിന്റെയും വരവുകളുടെ വിശകലനത്തിന്റെയും നിരീക്ഷണങ്ങളിലൂടെ, 74-ാം സിഎഎയിലൂടെയും സംസ്ഥാന നിയമനിർമ്മാണങ്ങളിലൂടെയും ഏർപ്പെടുത്തിയ സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ ഉദ്ദിഷ്ട ഫലപ്രാപ്തിയുടെ ഒരു പഠനം ഉൾപ്പെടുത്തിയിരിക്കുന്നു.

## 4.1 യുഎൽബികളുടെ ധനസ്ഥിതി

മുനിസിപ്പാലിറ്റികൾക്ക് സംസ്ഥാന സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനും, മുനിസിപ്പാലിറ്റികളുടെ പേരിലും നേരിട്ടും ലഭിക്കുന്ന എല്ലാ പണവും നിക്ഷേപിക്കുന്നതിനും അവ പിൻവലിക്കുന്നതിനും ഫണ്ടു രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 243എക്സ് വ്യവസ്ഥ ചെയ്യുന്നു. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും, സംസ്ഥാനസഞ്ചിതനിധിയിൽ നിന്നും മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം നൽകുന്നതിനെക്കുറിച്ചുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ചും മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ചും ശുപാർശകൾ നടത്തുന്നതിനുമായി, സംസ്ഥാന ധനകാര്യകമ്മീഷൻ രൂപീകരിക്കണമെന്ന് അനുച്ഛേദം 243വൈ നിഷ്കർഷിക്കുന്നു. 1994-ലെ കെ.എം. ആക്ടും അതിന്റെ വ്യവസ്ഥകളിലൂടെ തദ്ദേശ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തേണ്ട നടപടികളെക്കുറിച്ച് ആവർത്തിച്ചു പറയുന്നു.

ഒരു സാമ്പത്തിക വർഷം പൂർത്തിയായി നാലു മാസത്തിനകം, അതായത് ജൂലൈ 31-ന് മുമ്പ് ഓരോ മുനിസിപ്പാലിറ്റിയും ഓഡിറ്റിനായി വാർഷിക ധനകാര്യപത്രികകൾ ആ മുനിസിപ്പാലിറ്റിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ള ഓഡിറ്റർക്ക് സമർപ്പിക്കേണ്ടതാണെന്ന് 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ നിർദ്ദേശിക്കുന്നു. 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ 93 യുഎൽബികളും അവരുടെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിനായി ചട്ടപ്രകാരമുള്ള ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിരുന്നു എന്ന് കണ്ടു.

തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, യുഎൽബികളുടെ സാമ്പത്തിക പരിപാലനത്തിൽ ന്യൂനതകൾ ഓഡിറ്റ് കാണുകയുണ്ടായി. ഇവ പരിഹരിക്കുകയാണെങ്കിൽ ഉയർന്ന തലത്തിലുള്ള സാമ്പത്തിക സ്വയംഭരണത്തിനും തന്മൂലം മെച്ചപ്പെട്ട ഭരണത്തിനും വഴിയൊരുക്കപ്പെടും.

### 4.1.1 അയഥാർത്ഥമായ രീതിയിലുള്ള ബഡ്ജറ്റ് തയ്യാറാക്കൽ

ഓരോ ധനകാര്യവർഷവും ആരംഭിക്കുന്നതിനു മുമ്പായി നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ബഡ്ജറ്റ് നിർബന്ധമായും തയ്യാറാക്കണമെന്ന് 1994-ലെ കെ.എം. ആക്ടിലെ 285-ഉം 287-ഉം വകുപ്പുകൾ നിർദ്ദേശിക്കുന്നു. കെ.എം. ആക്ടിലെ 285-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15-ന് മുൻപായി, വരും വർഷത്തെ വരവുകളുടെയും ചെലവിന്റെയും എസ്റ്റിമേറ്റുകൾ ഉൾക്കൊള്ളുന്ന ബഡ്ജറ്റ് യുഎൽബി സെക്രട്ടറി തയ്യാറാക്കി, അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, യുഎൽബി സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്കലുകളും പരിഗണിച്ചശേഷം നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുനിസിപ്പാലിറ്റിയുടെ അടുത്ത വർഷത്തെ വരവുകളുടെയും ചെലവിന്റെയും ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം അവസാനിക്കുന്നതിനുമുമ്പ് അംഗീകാരത്തിനായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട വർഷം ആരംഭിക്കുന്നതിനു മുമ്പായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ അന്തിമമായി കൗൺസിൽ പാസാക്കേണ്ടതും പകർപ്പുകൾ സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

മുൻവർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും പ്രവണതയുടെ അടിസ്ഥാനത്തിലല്ല തദ്ദേശസ്ഥാപനങ്ങൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരുന്നതെന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. അതിനാൽ, ബഡ്ജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നു. മുൻവർഷങ്ങളിലെ വരവുകളുടെയും ചെലവിന്റെയും പ്രവണതയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയിച്ചിരുന്നുവെങ്കിൽ ബഡ്ജറ്റ് തുകകൾ കൂടുതൽ യാഥാർത്ഥ്യം പുലർത്തുന്നതാകുമായിരുന്നു.

പരിശോധന നടത്തിയ നാല് യുഎൽബികളിലെ അയഥാർത്ഥ ബഡ്ജറ്റ് തയ്യാറാക്കലിന്റെ വിശദമായ ഉദാഹരണങ്ങൾ **പട്ടിക 4.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.1 : അയഥാർത്ഥ ബഡ്ജറ്റിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക**

| യുഎൽബിയുടെ പേര് | വർഷം | വരവുകൾ (രൂപ ലക്ഷത്തിൽ) | | | ചെലവ് (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|---|---|---|
| | | ബഡ്ജറ്റ് | യഥാർത്ഥ തുക | യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം | ബഡ്ജറ്റ് | യഥാർത്ഥ തുക | യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം |
| വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 2015-16 | 3882.11 | 755.69 | *19.47* | 3951.27 | 820.89 | *20.78* |
| | 2016-17 | 9239.04 | 2132.47 | *23.08* | 8733.22 | 1835.20 | *21.01* |
| | 2017-18 | 10748.54 | 3487.55 | *32.45* | 10665.85 | 3118.81 | *29.24* |
| | 2018-19 | 30819.41 | 4234.26 | *13.74* | 29242.48 | 3692.87 | *12.63* |
| | 2019-20 | 20709.59 | 3562.65 | *17.20* | 19680.51 | 2668.07 | *13.56* |
| കൽപ്പറ്റ മുനിസിപ്പാലിറ്റി | 2015-16 | 12947.63 | 3081.15 | *23.80* | 12873.68 | 2379.92 | *18.49* |
| | 2016-17 | 16785.61 | 1896.43 | *11.30* | 16720.61 | 2713.70 | *16.23* |
| | 2017-18 | 19126.67 | 3498.14 | *18.29* | 19073.54 | 3293.88 | *17.27* |
| | 2018-19 | 4444.19 | 3353.67 | *75.46* | 4401.59 | 2887.23 | *65.60* |
| | 2019-20 | 9012.92 | 3622.75 | *40.20* | 8957.61 | 3567.42 | *39.83* |

| യുഎൽബിയുടെ പേര് | വർഷം | വരവുകൾ (രൂപ ലക്ഷത്തിൽ) | | | ചെലവ് (രൂപ ലക്ഷത്തിൽ) | | |
|---|---|---|---|---|---|---|---|
| | | ബഡ്ജറ്റ് | യഥാർത്ഥ തുക | യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം | ബഡ്ജറ്റ് | യഥാർത്ഥ തുക | യഥാർത്ഥ തുകയും ബഡ്ജറ്റുമായുള്ള ശതമാനം |
| തിരുവനന്തപുരം കോർപ്പറേഷൻ | 2015-16 | 80568.96 | 25803.70 | *32.03* | 68620.91 | 26001.81 | *37.89* |
| | 2016-17 | 57454.09 | 39661.63 | *69.03* | 48626.69 | 27492.26 | *56.54* |
| | 2017-18 | 68994.75 | 41952.69 | *60.81* | 60049.23 | 28566.44 | *47.57* |
| | 2018-19 | 84304.17 | 58442.97 | *69.32* | 72873.87 | 54476.21 | *74.75* |
| | 2019-20 | 92205.35 | 55445.56 | *60.13* | 95867.91 | 39486.44 | *41.19* |
| കൊച്ചി കോർപ്പറേഷൻ | 2015-16 | 88154.17 | 42132.93 | *47.79* | 84188.00 | 32506.76 | *38.61* |
| | 2016-17 | 88355.99 | 41367.63 | *46.82* | 84095.02 | 30762.67 | *36.58* |
| | 2017-18 | 85416.69 | 54334.06 | *63.61* | 82229.92 | 43546.86 | *52.96* |
| | 2018-19 | 91747.57 | 65762.97 | *71.68* | 88898.97 | 50134.74 | *56.40* |
| | 2019-20 | 98756.95 | 57885.27 | *58.61* | 94518.59 | 52133.98 | *55.16* |

*(ഉറവിടം: പരിശോധന നടത്തിയ യുഎൽബികൾ നൽകിയ വിവരങ്ങൾ)*

യഥാർത്ഥ വരവുകളുടെ ബഡ്ജറ്റ് തുകകളുമായുള്ള ശതമാനം 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 11.30-നും 75.46-നും, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 13.74-നും 32.45-നും, തിരുവനന്തപുരം കോർപ്പറേഷനിൽ 32.03-നും 69.32-നും, കൊച്ചി കോർപ്പറേഷനിൽ 46.82-നും 71.68-നും ഇടയിലുമായിരുന്നു. മറുവശത്ത് ഈ കാലയളവിൽ, ചെലവ് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 12.63 മുതൽ 29.24 ശതമാനവും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 16.23 മുതൽ 65.60 ശതമാനവും, തിരുവനന്തപുരം കോർപ്പറേഷനിൽ 37.89 മുതൽ 74.75 ശതമാനവും, കൊച്ചി കോർപ്പറേഷനിൽ 36.58 മുതൽ 56.40 ശതമാനവും അധികമായി എസ്റ്റിമേറ്റ് ചെയ്തിരുന്നു. മേൽപ്പറഞ്ഞ പ്രവണതകൾ ഈ യുഎൽബികളുടെ ബഡ്ജറ്റിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഉൽകണ്ഠ ഉളവാക്കുന്നതും അതിനെ സാമ്പത്തിക നിയന്ത്രണത്തിനും ചെലവ് പരിപാലനത്തിനുമുള്ള ഉപകരണമായി വർത്തിക്കുവാനുള്ള അർഹത ഇല്ലാതാക്കുന്നതുമാണ്.

ഒരു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ രൂപപ്പെടുത്തുമ്പോൾ മുൻ സാമ്പത്തിക വർഷങ്ങളിലെ ചെലവിന്റെ പ്രവണത കണക്കിൽ എടുക്കേണ്ടതുണ്ട്. തുടർച്ചയായ മിച്ചം ഉണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനായി കാരണങ്ങൾ വിശകലനം ചെയ്തു ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ യഥാർത്ഥമാക്കേണ്ടതാണ്. ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളിലെ അഞ്ചുവർഷക്കാലത്തെ ബഡ്ജറ്റ് തുകകളും യഥാർത്ഥ തുകകളും തമ്മിലുള്ള തുടർച്ചയായതും ഗണ്യമായതുമായ അന്തരം സൂചിപ്പിക്കുന്നത്, ആസൂത്രിതമായ ബഡ്ജറ്റ് രൂപീകരണത്തിന് യുഎൽബികൾ കുറഞ്ഞ പരിഗണനയേ നൽകിയിരുന്നുള്ളൂ എന്നതാണ്. വികേന്ദ്രീകരണത്തിന്റെ വെളിച്ചത്തിൽ മുനിസിപ്പാലിറ്റിയുടെ ബഡ്ജറ്റിന് സംസ്ഥാനസർക്കാരിന്റെ അംഗീകാരം ആവശ്യമില്ലാത്തതിനാൽ യുഎൽബികൾ അവയുടെ ബഡ്ജറ്റ് പ്രക്രിയകൾക്ക് മതിയായ ശ്രദ്ധ നൽകേണ്ടതാണ്. വികേന്ദ്രീകൃത ആസൂത്രണവും വികസനവും വിലയിരുത്തുവാനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും ബഡ്ജറ്റിനെ സാമ്പത്തിക നിയന്ത്രണത്തിനായുള്ള ഉപകരണമായി ഉപയോഗിക്കുന്നതിലുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരാജയത്തെക്കുറിച്ച് ചൂണ്ടിക്കാട്ടിയിരുന്നു (2009 മാർച്ച്).

സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല (2021 ഡിസംബർ).

### 4.1.2 നഗരതദ്ദേശസ്ഥാപനങ്ങളുടെ ചെലവ്

യുഎൽബികളുടെ ചെലവ് അഞ്ചുവിഭാഗങ്ങൾ ആയി തരം തിരിക്കാവുന്നതാണ്: പദ്ധതി ചെലവുകൾ, പ്രവർത്തനവും പരിപാലനവും, പൊതു ചെലവുകൾ, മാനവശേഷി ചെലവുകൾ, പലിശയും ധനകാര്യ ചെലവുകളും. സംസ്ഥാനത്തെ 93 യുഎൽബികളും, പരിശോധന നടത്തിയ 21 യുഎൽബികളും 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ വരുത്തിയ ചെലവിന്റെ വിശദവിവരങ്ങൾ താഴെ **പട്ടികകൾ 4.2-ലും 4.3-ലും** കാണിച്ചിരിക്കുന്നു.

**പട്ടിക 4.2 : സംസ്ഥാനത്തെ യുഎൽബികൾ വരുത്തിയ ചെലവ്**

*(₹ കോടിയിൽ)*

| വർഷം | മാനവശേഷി ചെലവ് | പൊതു ചെലവുകൾ | പ്രവർത്തനവും പരിപാലനവും | പലിശയും ധനകാര്യചെലവുകളും | പദ്ധതി ചെലവുകൾ, ധനസഹായത്തിൽ നിന്നുള്ള ചെലവുകൾ | ആകെ ചെലവ് |
|---|---|---|---|---|---|---|
| 2015-16 | 107.45 (9.68%) | 39.93 (3.60%) | 118.13 (10.64%) | 9.12 (0.82%) | 835.44 (75.26%) | 1110.07 |
| 2016-17 | 145.77 (13.02%) | 44.84 (4.01%) | 125.34 (11.20%) | 6.98 (0.62%) | 796.66 (71.16%) | 1119.59 |
| 2017-18 | 201.76 (11.05%) | 60.54 (3.32%) | 140.31 (7.68%) | 13.84 (0.76%) | 1409.39 (77.19%) | 1825.84 |
| 2018-19 | 212.27 (8.51%) | 64.95 (2.60%) | 249.70 (10.01%) | 10.39 (0.42%) | 1958.42 (78.47%) | 2495.73 |
| 2019-20 | 197.76 (8.75%) | 44.23 (1.96%) | 207.83 (9.20%) | 13.68 (0.61%) | 1796.07 (79.49%) | 2259.57 |
| ആകെ | 865.01 (9.82%) | 254.49 (2.89%) | 841.31 (9.55%) | 54.01 (0.61%) | 6795.98 (77.13%) | 8810.80 |

*(ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ)*

**പട്ടിക 4.3 : തെരഞ്ഞെടുത്ത യുഎൽബികൾ വരുത്തിയ ചെലവ്**

*(₹ കോടിയിൽ)*

| വർഷം | മാനവശേഷി ചെലവ് | പൊതു ചെലവുകൾ | പ്രവർത്തനവും പരിപാലനവും | പലിശയും ധനകാര്യചെലവുകളും | പദ്ധതി ചെലവുകൾ, ധനസഹായത്തിൽ നിന്നുള്ള ചെലവുകൾ | ആകെ ചെലവ് |
|---|---|---|---|---|---|---|
| 2015-16 | 43.54 (9.79%) | 13.63 (3.07%) | 58.81 (13.23%) | 5.53 (1.24%) | 323.09 (72.67%) | 444.60 |
| 2016-17 | 52.41 (12.10%) | 12.35 (2.85%) | 56.63 (13.07%) | 2.57 (0.59%) | 309.17 (71.38%) | 433.13 |
| 2017-18 | 74.60 (12.08%) | 20.62 (3.34%) | 60.79 (9.85%) | 2.95 (0.48%) | 458.47 (74.25%) | 617.43 |
| 2018-19 | 71.66 (7.62%) | 30.93 (3.29%) | 127.83 (13.60%) | 3.89 (0.41%) | 705.76 (75.08%) | 940.07 |
| 2019-20 | 64.47 (8.42%) | 13.23 (1.73%) | 74.95 (9.79%) | 2.65 (0.35%) | 610.59 (79.72%) | 765.89 |
| ആകെ | 306.68 (9.58%) | 90.76 (2.84%) | 379.01 (11.84%) | 17.59 (0.55%) | 2407.08 (75.19%) | 3201.12 |

*(ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ)*

സംസ്ഥാനത്തെ യുഎൽബികളുടെ ചെലവിന്റെ ഭൂരിഭാഗവും, ആകെ ചെലവിന്റെ 71.16 ശതമാനം മുതൽ 79.49 ശതമാനം വരെ പദ്ധതി ചെലവുകൾ, ഗ്രാന്റുകളിൽ നിന്നുള്ള ചെലവുകൾ എന്നിവയായിരുന്നു. ഇത് യുഎൽബികൾ പദ്ധതി നടപ്പാക്കലിനാണ് മുന്തിയ പരിഗണന നൽകിയിരുന്നത് എന്നതിന്റെ പ്രതിഫലനമാണ്. നിയമപരമായ നാഗരിക ചുമതലകളായ ഖര-ദ്രവ്യ മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കശാപ്പുശാലകൾ സ്ഥാപിക്കൽ, ശ്മശാനപരിപാലനം, പൊതുശൗചാലയങ്ങൾ സൗകര്യപ്പെടുത്തൽ മുതലായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ വേഗത ഉറപ്പാക്കുന്നതിനായി പ്രവർത്തനവും പരിപാലനവും (ഓ ആന്റ് എം) ചെലവുകൾക്കും ഫണ്ടുകളുടെ മതിയായ വിഹിതം അനുവദിക്കേണ്ടതുണ്ട്.

നാഗരിക ചുമതലകളോടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദാസീനത സംസ്ഥാനത്തെ പൊതുജനാരോഗ്യം, ശുചീകരണം, പരിസ്ഥിതി എന്നിവ സംബന്ധിച്ച ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു എന്ന് അഞ്ചാം എസ്.എഫ്.സി നിരീക്ഷിച്ചിരുന്നു. അതിനാൽ ഈ ചുമതലകൾക്ക് മുന്തിയ പരിഗണന നൽകണമെന്നും ഇക്കാര്യത്തിനായി ആവശ്യമുള്ള ഫണ്ടുകൾ നൽകണമെന്നുമായിരുന്നു കമ്മീഷന്റെ സമീപനം.

### 4.1.3 നഗരതദ്ദേശസ്ഥാപനങ്ങളുടെ ധനകാര്യ ഡേറ്റാവിശകലനം

യുഎൽബികളിൽ സാമ്പത്തിക സ്വയംഭരണം സ്ഥാപിക്കുന്നതിനായി ഇനിപ്പറയുന്ന അനുപാതങ്ങൾ ഓഡിറ്റ് പരിഗണിച്ചു.

- തദ്ദേശസാമ്പത്തിക സ്വയംഭരണം: ഇത് യുഎൽബികളുടെ ആകെ വരുമാനവുമായി തനതു വരുമാനത്തിന്റെ വിഹിതമാണ്.


- സാമ്പത്തിക കൈമാറ്റത്തിൽ തദ്ദേശ ആശ്രയത്വം: ഇത് യുഎൽബികളുടെ ആകെ വരുമാനവുമായി കേന്ദ്ര ധനകാര്യകമ്മീഷന്റെയും (സി.എഫ്.സി) സംസ്ഥാന ധനകാര്യകമ്മീഷന്റെയും (എസ്.എഫ്.സി) ധനസഹായത്തിന്റെ വിഹിതമാണ്.

തദ്ദേശസാമ്പത്തിക സ്വയംഭരണവും സാമ്പത്തിക കൈമാറ്റത്തോടുള്ള തദ്ദേശ ആശ്രയത്വവും തമ്മിൽ വിപരീതരീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിക്കുകയാണെങ്കിൽ സാമ്പത്തിക കൈമാറ്റവുമായുള്ള ആശ്രയത്വം കുറയുന്നു. 2019-20-ലെ ഡേറ്റാ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ, തെരഞ്ഞെടുത്ത 21 യുഎൽബികളിൽ നിന്ന് ഒരു യുഎൽബിയിൽ[32] മാത്രമേ തനതു വരുമാനവും ആകെ വരുമാനവുമായുള്ള അനുപാതം 40 ശതമാനത്തിൽ കൂടുതൽ ആയിരുന്നുള്ളൂ എന്ന് നിരീക്ഷിച്ചു. രണ്ട് യുഎൽബികളിൽ അനുപാതം 30-40 ശതമാനപരിധിയിൽ ആയിരുന്നു. തദ്ദേശസാമ്പത്തിക സ്വയം പര്യാപ്തതയ്ക്കായി യുഎൽബികൾ വരുമാനസാദ്ധ്യതയുള്ള സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന അടിയന്തിര ആവശ്യകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

പരിശോധന നടത്തിയ 21 യുഎൽബികളിൽ 2019-20-ലെ സാമ്പത്തിക സ്വയംഭരണത്തിന്റെ പ്രവണത **ചാർട്ട് 4.1**-ൽ വിവരിച്ചിരിക്കുന്നു.

[32] ആലുവ മുനിസിപ്പാലിറ്റി

**ചാർട്ട് 4.1 : തദ്ദേശ സാമ്പത്തിക സ്വയംഭരണം**




### 4.1.4 ഫണ്ടുകളുടെ വിനിയോഗത്തിന്റെ വ്യാപ്തി

2015-16 മുതൽ 2019-20 വരെയുള്ള ആകെ വരുമാനവും ആകെ ചെലവുമായുള്ള താരതമ്യം കാണിക്കുന്നത് സംസ്ഥാനത്തെ 93 യുഎൽബികളുടെ ചെലവ് ആകെ വരുമാനത്തിന്റെ 35.78 മുതൽ 57.67 ശതമാനവും, തെരഞ്ഞെടുത്ത യുഎൽബികളുടെ ചെലവ് 32.71 ശതമാനം മുതൽ 53.54 ശതമാനം വരെയുമായിരുന്നു എന്നാണ്. ഇത് താഴെ **പട്ടികകൾ 4.4-ലും 4.5-ലും** കാണിച്ചിരിക്കുന്നു.

**പട്ടിക 4.4 : സംസ്ഥാനത്തെ യുഎൽബികളുടെ ഫണ്ടിന്റെ വിനിയോഗത്തിന്റെ വ്യാപ്തി**

***(₹ കോടിയിൽ)***

| വർഷം | വരവുകൾ | ചെലവ് | വരവുകളിൽ നിന്നും ചെലവിന്റെ ശതമാനം |
|---|---|---|---|
| 2015-16 | 2169.86 | 1110.07 | 51.16 |
| 2016-17 | 3129.30 | 1119.59 | 35.78 |
| 2017-18 | 3166.06 | 1825.84 | 57.67 |
| 2018-19 | 4447.56 | 2495.73 | 56.11 |
| 2019-20 | 4210.47 | 2259.57 | 53.67 |
| ആകെ | 17123.25 | 8810.80 | 51.46 |

*(ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ)*

**പട്ടിക 4.5 :പരിശോധന നടത്തിയ യുഎൽബികളുടെ ഫണ്ടുകളുടെ വിനിയോഗത്തിന്റെ വ്യാപ്തി**

***(₹ കോടിയിൽ)***

| വർഷം | വരവുകൾ | ചെലവ് | വരവുകളിൽ നിന്നും ചെലവിന്റെ ശതമാനം |
|---|---|---|---|
| 2015-16 | 1002.57 | 444.60 | 44.35 |
| 2016-17 | 1324.25 | 433.13 | 32.71 |
| 2017-18 | 1264.02 | 617.43 | 48.85 |
| 2018-19 | 1755.74 | 940.07 | 53.54 |
| 2019-20 | 1759.69 | 765.89 | 43.52 |
| **ആകെ** | **7106.27** | **3201.12** | **45.05** |

(*ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ*)

സംസ്ഥാനത്തെ യുഎൽബികളും ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികളും 2015-2020 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ വരുത്തിയ ചെലവിന്റെ ശരാശരി ശതമാനം യഥാക്രമം 51.46-ഉം 45.05-ഉം ആയിരുന്നു. വർദ്ധിച്ച ചെലവ് സമൂഹത്തിലെ എല്ലാ ദുർബ്ബല വിഭാഗങ്ങളെയും സാമൂഹ്യസുരക്ഷാ വലയത്തിനു കീഴിൽ കൊണ്ടുവരാനും ആരോഗ്യവിദ്യാഭ്യാസമേഖലകളിൽ ഗുണമേന്മയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുവാനുള്ള യുഎൽബികളുടെ ശക്തമായ ഇടപെടലിനെയാണ് പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ യുഎൽബികൾക്ക് ഓഡിറ്റ് കാലയളവിൽ (2015-2020) ചെലവിനത്തിൽ പ്രശംസനീയമായ പ്രവണതകൾ വരുത്താൻ സാധിച്ചില്ല എന്ന് ശ്രദ്ധിക്കപ്പെട്ടു. ഇത് മുൻഗണനാ മേഖലകളിൽ കൈവരിക്കേണ്ട മെച്ചപ്പെട്ട നേട്ടങ്ങൾക്ക് തടസ്സമാകും.

### 4.1.5 ബഡ്ജറ്റ് മാന്വൽ തയ്യാറാക്കാത്തത്

യുഎൽബികളിൽ ബഡ്ജറ്റ് തയ്യാറാക്കുന്ന നടപടി ക്രമങ്ങൾ കെ.എം. ആക്ട്, 1994-ലെ 285 മുതൽ 293 വരെയുള്ള വകുപ്പുകൾ നിഷ്കർഷിക്കുന്നു. വരവുകളുടെയും ചെലവുകളുടെയും എസ്റ്റിമേറ്റിനെ സംബന്ധിച്ച കാര്യങ്ങളിൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തെക്കുറിച്ച് കെ.എം. ആക്ടിലെ 565-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പങ്കാളിത്ത ആസൂത്രണത്തിനും, ബഡ്ജറ്റ് പ്രക്രിയയ്ക്കും പര്യാപ്തമായ വ്യവസ്ഥകളോടെ ബഡ്ജറ്റ് ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കണമെന്നും ചട്ടങ്ങൾ സുതാര്യതയെക്കുറിച്ചുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണമെന്നും, ബഡ്ജറ്റിന്റെ സത്യസന്ധതയും പവിത്രതയും, പ്രത്യേകിച്ച് വരവുകൾ മുൻകൂട്ടി കാണുന്നതും ചെലവുകൾ കണക്കാക്കുന്നതുമായി ബന്ധപ്പെട്ടത് ഉറപ്പുവരുത്തണമെന്നും നാലാം എസ്.എഫ്.സി ശുപാർശ ചെയ്തിരുന്നു (2011 മാർച്ച്). മതിയായ ഉദാഹരണങ്ങളോടെ ലളിതമായ രീതിയിൽ വിശദമായ വിവരങ്ങളോടെ ബഡ്ജറ്റ് ചട്ടങ്ങൾ വിപുലീകരിക്കുകയും ബഡ്ജറ്റ് മാന്വൽ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതുമാണ്. ഇതിൽ പുനർവിനിയോഗത്തിനും വിനിയോഗനിയന്ത്രണത്തെ സഹായിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കണം. നടപടി റിപ്പോർട്ടിൽ (2011-12) സർക്കാർ മുകളിൽപ്പറഞ്ഞ ശുപാർശകൾ അംഗീകരിക്കുകയും ആവശ്യമായ നടപടികൾ എടുക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തെങ്കിലും സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾക്കായി ഇതുവരെയും ബഡ്ജറ്റ് മാന്വൽ തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റ് മാന്വൽ തയ്യാറാക്കാത്തത് സാമ്പത്തിക മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നിഷ്കർഷയില്ലായ്മയ്ക്കും യഥാർത്ഥമല്ലാത്ത വരവുകളും ചെലവുകളും തദ്ദേശസ്ഥാപനങ്ങൾ കണക്കാക്കുന്നതിനും വഴിയൊരുക്കും. മുകളിൽ പറഞ്ഞ ശുപാർശകൾ

നടപ്പാക്കുകയാണെങ്കിൽ യുഎൽബികൾക്ക് സാമ്പത്തിക അക്കൗണ്ടിംഗ് ഏകീകരിക്കുവാനും തദ്ദേശഭരണത്തിന് വിശ്വസനീയമായ ഒരു സാമ്പത്തിക റിപ്പോർട്ടിംഗ് സമ്പ്രദായം സാദ്ധ്യമാക്കുവാനും കഴിയും.

## 4.2 യുഎൽബികളുടെ വരവുകൾ

യുഎൽബികൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്നത് അവർക്ക് ആവശ്യമായ ധനവിഭവങ്ങൾ ലഭ്യമാകുമ്പോൾ മാത്രമാണ്. ധനവിഭവങ്ങൾ ലഭ്യമാകുന്നത് സംസ്ഥാന ധനകാര്യകമ്മീഷനുകൾ നടപ്പിലാക്കിയ ധനകൈമാറ്റങ്ങളിലൂടെയും, സംസ്ഥാന കേന്ദ്ര ധനകാര്യകമ്മീഷനുകളുടെ ശുപാർശകളുടെ അനുവർത്തനത്തിലൂടെയും, ചെലവിന്റെ ആവശ്യമനുസരിച്ച് തനതുവരുമാന സ്രോതസ്സുകളെ കൂടുതലായി പ്രാപിക്കുന്നതിലൂടെയും ആണ്. യുഎൽബികളുടെ വരവുകൾ വരുന്ന വഴികൾ വിശകലനം ചെയ്യാൻ ഓഡിറ്റ് ശ്രമിക്കുകയുണ്ടായി. അവ താഴെ അവതരിപ്പിച്ചിരിക്കുന്നു:

### 4.2.1 യുഎൽബികളുടെ വരവുകളുടെ സ്രോതസ്സ്

യുഎൽബികളുടെ പ്രധാന വരുമാനസ്രോതസ്സുകൾ എസ്.എഫ്.സി ശുപാർശകൾ പ്രകാരം കൈമാറ്റം ചെയ്യുന്ന ധനസഹായങ്ങളും, നികുതി, നികുതിയേതര വരുമാനങ്ങളും മറ്റു വരുമാനങ്ങളും[33] ഉൾക്കൊള്ളുന്ന തനതുവരുമാനവും ആകുന്നു. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികളുടെ വരവുകളുടെ വിശദവിവരങ്ങൾ **പട്ടിക 4.6**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.6 : 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യുഎൽബികളുടെ വരവുകളുടെ വിശദവിവരം**

**(₹ കോടിയിൽ)**

| വർഷം | ധനകാര്യ കമ്മീഷൻ ധനസഹായം | | തനതു വരുമാനം | മറ്റു വരവുകൾ | ആകെ വരവുകൾ | ആകെ വരവുമായി തനതു വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| | വികസന ഫണ്ട് | പരിപാലനവും പൊതു ആവശ്യഫണ്ടും | | | | |
| 2015-16 | 1000.77 | 595.81 | 791.73 | 582.44 | 2970.75 | 26.65 |
| 2016-17 | 1439.05 | 719.93 | 938.37 | 2289.63 | 5386.97 | 17.42 |
| 2017-18 | 1688.28 | 784.65 | 1008.54 | 1716.33 | 5197.80 | 19.40 |
| 2018-19 | 1850.56 | 935.55 | 1149.05 | 2538.87 | 6474.03 | 17.75 |
| 2019-20 | 1837.16 | 870.55 | 1080.08 | 1595.27 | 5383.06 | 20.06 |

*(ഉറവിടം: എസ്.എഫ്.സി സെല്ലിൽ നിന്ന് ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വിവരങ്ങൾ, ഐകെഎം ലഭ്യമാക്കിയ തനതു വരുമാനത്തിന്റെ സംഖ്യ, ഏജി(ഏ&ഇ) ഓഫീസിലെ വിഎൽസി സെല്ലിൽ നിന്നും, മറ്റു ഓഫീസുകളിൽ നിന്നും ലഭിച്ച മറ്റു വരുമാനത്തിന്റെ സംഖ്യകൾ)*

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ യുഎൽബികളിലെ ആകെ വരുമാനവുമായി തനതു വരുമാനത്തിന്റെ വിഹിതം 17.42 മുതൽ 26.65 ശതമാനം വരെ ആയിരുന്നു. ഇത് സൂചിപ്പിക്കുന്നത് യുഎൽബികളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര ആവശ്യത്തെയാണ്.

### 4.2.2 നഗര തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക കൈമാറ്റങ്ങൾ

കേന്ദ്രസംസ്ഥാന സർക്കാരുകൾ സാമ്പത്തിക കൈമാറ്റങ്ങളിലൂടെ ഗണ്യമായ അളവിൽ ഫണ്ടുകൾ യുഎൽബികൾക്ക് ലഭ്യമാക്കുന്നുണ്ട്. ധനകാര്യകമ്മീഷൻ

[33] കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കും കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുമുള്ള ഫണ്ടുകൾ

ധനസഹായങ്ങൾ[34], കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം, യുഎൽബികൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള പദ്ധതികൾക്കും/ ചുമതലകൾക്കും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മൊത്തം ധനസഹായങ്ങൾ[35] എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികളുടെ വരവുകളുടെ മുഖ്യമായ പങ്ക് (73.35 മുതൽ 82.58 ശതമാനം വരെ) സർക്കാരിൽ നിന്നുള്ള സാമ്പത്തിക കൈമാറ്റങ്ങൾ ആയിരുന്നു.

### എ. സംസ്ഥാന ധനകാര്യകമ്മീഷന്റെ ധനസഹായം

യുഎൽബികളുടെ സാമ്പത്തിക വിഭവങ്ങളുടെ മുഖ്യപങ്ക് എസ്.എഫ്.സി ശുപാർശ ചെയ്ത ധനസഹായങ്ങൾ ആണ്. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം നൽകേണ്ട ഫണ്ടുകളും യഥാർത്ഥത്തിൽ യുഎൽബികൾക്ക് നൽകിയ ഫണ്ടുകളുടെയും വിശദവിവരങ്ങൾ **പട്ടിക 4.7**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.7 : 2015-16 മുതൽ 2019-20 വരെ എസ്.എഫ്.സിയ്ക്ക് കീഴിൽ നൽകേണ്ടതും നൽകിയതും ആയ ധനസഹായത്തിന്റെ വിശദവിവരങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | സംസ്ഥാന സർക്കാർ അംഗീകരിച്ച എസ്.എഫ്.സി വകയിരുത്തൽ | ബഡ്ജറ്റ് അനുബന്ധം IV-ലെ യഥാർത്ഥ വകയിരുത്തൽ | കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിൽ നിന്ന് യഥാർത്ഥത്തിൽ നൽകിയത് | കുറവ് (-) / അധികം (+) നൽകിയത് | കുറവ് (-) / അധികം (+) നൽകിയതിന്റെ ശതമാനം |
|---|---|---|---|---|---|
| 2015-16 (4-ാം - എസ്.എഫ്.സി) | 1438.07 | 1438.07 | 1939.04 | (+)500.97 | (+)34.84 |
| 2016-17 (5-ാം - എസ്.എഫ്.സി) | 2250.33 | 2250.33 | 2222.50 | (-)27.83 | (-)1.24 |
| 2017-18 | 2306.16 | 2306.16 | 2473.00 | (+)166.84 | (+)7.23 |
| 2018-19 | 2554.85 | 2554.85 | 2786.13 | (+)231.28 | (+)9.05 |
| 2019-20 | 2827.72 | 2827.72 | 2707.71 | (-)120.01 | (-)4.24 |

(*ഉറവിടം : എസ്.എഫ്.സി സെൽ നൽകിയ വിവരങ്ങൾ*)

എസ്.എഫ്.സിയ്ക്ക് കീഴിൽ യുഎൽബികൾക്ക് നൽകിയ ഫണ്ടുകൾ 2016-17-ലും 2019-20-ലും നിർബന്ധിതമായ കൈമാറ്റം ചെയ്യപ്പെടേണ്ടതിനേക്കാൾ യഥാക്രമം 1.24 ശതമാനവും 4.24 ശതമാനവും കുറവായിരുന്നു. എന്നാൽ, ബാക്കിയുള്ള മൂന്നു വർഷവും ഫണ്ട് വിതരണത്തിൽ 7.23 ശതമാനം (2017-18) മുതൽ 34.84 ശതമാനം (2015-16) വരെ വ്യത്യാസത്തിൽ അധികം നൽകിയിരുന്നു എന്ന് വ്യക്തമാണ്. തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാന ധനകാര്യകമ്മീഷൻ മുഖാന്തിരമുള്ള ധനസഹായത്തിന്റെ മുഖ്യ പങ്കാണ് ഇത് സൂചിപ്പിക്കുന്നത്.

[34] കേന്ദ്രധനകാര്യകമ്മീഷൻ ധനസഹായം, വികസനഫണ്ട്, പരിപാലനഫണ്ടും പൊതു ആവശ്യഫണ്ടും ഉൾപ്പെടെ.

[35] വകുപ്പുകളുടെ ബന്ധപ്പെട്ട നിർവ്വഹണം മേജർ-സബ് മേജർ ശീർഷകങ്ങൾക്കു കീഴിൽ പ്രത്യേക ഉപശീർഷകങ്ങൾക്ക് കീഴിൽ 191-മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം, 192-മുനിസിപ്പാലിറ്റികൾക്കും / മുനിസിപ്പൽ കൗൺസിലുകൾക്കും ഉള്ള ധനസഹായം എന്ന മൈനർ ശീർഷകത്തിനു കീഴിൽ കാണിച്ചിരിക്കുന്നത്.

**ബി. കേന്ദ്ര ധനകാര്യകമ്മീഷൻ ധനസഹായം**

അതാത് എസ്.എഫ്.സികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടെ വിഭവങ്ങൾക്ക് അനുബന്ധമായി സംസ്ഥാന സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര ധനകാര്യകമ്മീഷൻ (സി.എഫ്.സി) ശുപാർശ ചെയ്യണമെന്ന് ഭരണഘടനയുടെ അനുഛേദം 280(3)(സി) അനുശാസിക്കുന്നു. യുഎൽബികൾക്ക് ബേസിക് ഗ്രാന്റുകളും പെർഫോമൻസ് ഗ്രാന്റുകളും നൽകണമെന്ന് 14-ാം സി.എഫ്.സി ശുപാർശ ചെയ്തിരുന്നു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ാം സി.എഫ്.സി ധനസഹായങ്ങളുടെ വിശദവിവരം **പട്ടിക 4.8**-ൽ കൊടുത്തിരിക്കുന്നു:

**പട്ടിക 4.8 : 2015-20 കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ാം സി.എഫ്.സി ധനസഹായങ്ങളുടെ വിശദവിവരം**

***(₹ കോടിയിൽ)***

| വർഷം | ജനറൽ ബേസിക് ഗ്രാന്റുകൾ | | | പെർഫോമൻസ് ഗ്രാന്റുകൾ | | |
|---|---|---|---|---|---|---|
| | കേന്ദ്ര സർക്കാർ വകയിരുത്തിയത് | കേന്ദ്ര സർക്കാർ സംസ്ഥാനത്തിനു നൽകിയത് | സംസ്ഥാനം യുഎൽബികൾക്ക് നൽകിയത് | കേന്ദ്ര സർക്കാർ വകയിരുത്തിയത് | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാനം യുഎൽബികൾക്ക് നൽകിയത് |
| 2015-16 | 351.66 | 351.66 | 316.49 | 0.00 | 0.00 | 0.00 |
| 2016-17 | 486.94 | 486.94 | 510.84 | 143.71 | 143.71 | 143.71 |
| 2017-18 | 562.61 | 562.61 | 562.61 | 162.63 | 162.63 | 193.82 |
| 2018-19 | 650.84 | 650.84 | 650.84 | 184.69 | 0.00 | 184.69 |
| 2019-20 | 879.42 | 879.42 | 879.42 | 241.83 | 0.00 | 0.00 |
| **ആകെ** | 2931.47 | 2931.47 | 2920.20 | 732.86 | 306.34 | 522.22 |

*(ഉറവിടം : എസ്.എഫ്.സി സെൽ നൽകിയ വിവരങ്ങൾ)*

(i) പതിനാലാം ധനകാര്യകമ്മീഷൻ 2015-20 കാലയളവിലേയ്ക്ക് ആകെ വകയിരുത്തലായി ₹2931.47 കോടി ബേസിക് ഗ്രാന്റുകൾക്ക്[36] കീഴിലും ₹732.86 കോടി പെർഫോമൻസ് ഗ്രാന്റുകൾക്ക്[37] കീഴിലും ശുപാർശ ചെയ്തിരുന്നു. ഈ കാലയളവിലേയ്ക്ക് അനുവദിച്ച ബേസിക് ഗ്രാന്റിൽ ₹2920.20 കോടി സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകി. കേന്ദ്ര സർക്കാർ നൽകിയ ₹306.34 കോടിയുടെ പെർഫോമൻസ് ഗ്രാന്റിനെതിരെ സംസ്ഥാന സർക്കാർ ₹522.22 കോടി യുഎൽബികൾക്ക് നൽകി. ഇത് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച തുകയെക്കാൾ കൂടുതലായിരുന്നു[38]. 14-ാം കേന്ദ്ര ധനകാര്യകമ്മീഷന്റെ പെർഫോമൻസ് ഗ്രാന്റ് സ്കീം അനുസരിച്ച് ഒരു

[36] ജലവിതരണം, മലവിസർജ്ജനസംസ്കരണം ഉൾപ്പെടെയുള്ള ശുചീകരണം, സീവറേജ്, ഖരമാലിന്യ സംസ്കരണവും, മഴവെള്ളം ഒഴുക്കി വിടൽ, സമൂഹആസ്തികളുടെ പരിപാലനം, റോഡുകൾ, നടപ്പാതകൾ, തെരുവ് വിളക്ക് എന്നിവയുടെ പരിപാലനം, ശ്മശാനവും ശവസംസ്കാരസ്ഥലങ്ങളും എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന പൗരസേവനങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ബേസിക് ഗ്രാന്റുകൾ

[37] പെർഫോമൻസ് ഗ്രാന്റുകൾ നൽകുന്നത് ഈ പറയുന്ന കാര്യങ്ങൾ നിറവേറ്റുവാനാകുന്നു: (i) ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ വരവുകളുടെയും ചെലവുകളുടെയും വിശ്വസനീയമായ ഡേറ്റ ലഭ്യമാക്കുക (ii) തനതു വരവുകൾ മെച്ചപ്പെടുത്തുക

[38] പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണവും തൽഫലമായി അപ്ഗ്രേഡ് ചെയ്ത പഞ്ചായത്തുകളുടെ ഫണ്ടുകളുടെ കൈമാറ്റവും മൂലം

യുഎൽബിക്ക് മൂന്ന് മാനദണ്ഡങ്ങളിൽ നിന്നായി 60-ഓ അതിൽ കൂടുതലോ മാർക്ക് ലഭിച്ചാൽ, അതായത്, വാർഷിക കണക്കുകളുടെ ഓഡിറ്റ് (വെയിറ്റേജ് 10), തനത് വരുമാന സ്രോതസ്സുകളുടെ വർദ്ധനവ് (വെയിറ്റേജ് 40), സേവനതല അളവുകോലുകൾ പ്രസിദ്ധപ്പെടുത്തുന്നത് (വെയിറ്റേജ് 50), അത് പെർഫോമൻസ് ഗ്രാന്റിന് അർഹത നേടും.

പെർഫോമൻസ് ഗ്രാന്റിന് അർഹരായ യുഎൽബികളുടെ പട്ടിക, 2016-17-ലെയും 2017-18-ലെയും വിനിയോഗ സാക്ഷ്യപത്രങ്ങളോടൊപ്പം കേരളസർക്കാർ കേന്ദ്ര ഭവന നഗരകാര്യമന്ത്രാലയത്തിന് (എം.ഒ.എച്ച്.യു.എ) അയച്ചുകൊടുത്തു (2018 നവംബർ). 2018-19-നും 2019-20-നുമുള്ള പെർഫോമൻസ് ഗ്രാന്റുകൾ കേരളത്തിനു നൽകാൻ ശുപാർശ ചെയ്യപ്പെട്ടെങ്കിലും[39], ഇത് കേന്ദ്രസർക്കാർ ധനമന്ത്രാലയത്തിന്റെ അനുമതി കാത്തിരിക്കുകയാണ്. കേരള സർക്കാർ ഈ ഫണ്ടുകൾ താമസം കൂടാതെ നൽകുവാൻ അഭ്യർത്ഥിച്ചുവെങ്കിലും (2020 ഒക്ടോബർ), അനുകൂലമായ നടപടികളൊന്നും ഇതുവരെ എടുത്തുകണ്ടില്ല. ഈ അഭ്യർത്ഥനയ്ക്കുള്ള പ്രതികരണമായി എം.ഒ.എച്ച്.യു.എയിൽ നിന്ന് 2022 ഫെബ്രുവരി വരെയും മറുപടിയൊന്നും ലഭിച്ചില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) വ്യക്തമാക്കി.

ഈ സഹായധനത്തിന്റെ അന്തർലീനമായ ഉദ്ദേശ്യം തന്നെ തീരുമാനം എടുക്കലിന് ആവശ്യമായ ആധികാരിക വിവരങ്ങൾ എല്ലാ തല്പരകക്ഷികൾക്കും ലഭ്യമാക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളുടെ വരവുകളെയും ചെലവിനെയും കുറിച്ചുള്ള ഡേറ്റ സമാഹരിക്കുന്നതിന് വേണ്ട നടപടി താഴെത്തട്ടിൽ തന്നെ ആരംഭിക്കുക എന്നതായിരുന്നതിനാൽ, ഈ സഹായധനം ലഭിക്കാത്തത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചേക്കാം.

(ii) സംസ്ഥാന സർക്കാർ 2014-15-ൽ ആ വർഷത്തെ പതിമൂന്നാം എഫ്.സി സഹായധനം ആയ ₹166.39 കോടി, കേന്ദ്രസർക്കാരിൽ നിന്നും ഫണ്ടുകൾ ആ വർഷമോ അടുത്ത വർഷമോ ലഭിക്കും എന്ന പ്രതീക്ഷയോടെ, മുൻകൂറായി നൽകുകയുണ്ടായി. എന്നാൽ, പതിമൂന്നാം എഫ്.സിയുടെ കാലാവധി 2014-15 ഓടെ കഴിഞ്ഞതിനാൽ, 2014-15 വർഷത്തെ രണ്ടാം ഗഡു കേന്ദ്രസർക്കാർ നൽകിയില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് അർഹമായ സഹായധനത്തിൽ നിന്ന് ഉറവിടത്തിൽ കുറവുകൾ ഒന്നും വരുത്തരുത് എന്ന് പതിനാലാം കേന്ദ്രധനകാര്യകമ്മീഷൻ മാർഗ്ഗരേഖകളിലെ ഖണ്ഡിക 17 നിഷ്കർഷിക്കുന്നു. ഇതിന് വിരുദ്ധമായി, പതിമൂന്നാം ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട് 2014-15-ൽ അധികമായി നൽകിയ ₹166.39 കോടി വികസനസഹായധനത്തിൽ നിന്നും 2015-16-ൽ സംസ്ഥാന സർക്കാർ തട്ടിക്കിഴിച്ചു (2016 മാർച്ച്). ഇതിൽ ₹20.44 കോടി തെരഞ്ഞെടുത്ത 21 യുഎൽബികളുമായി ബന്ധപ്പെട്ടതാണ്. ഈ തുക ഫലപ്രാപ്തിയുള്ള പദ്ധതി നടപ്പാക്കലിന് വിനിയോഗിക്കുവാൻ ഈ യുഎൽബികളുടെ കൈവശം ഉണ്ടായിരിക്കുമായിരുന്നു.

ഇതിനെക്കുറിച്ചുള്ള സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ല (2021 ഡിസംബർ).

[39] കേരളത്തിലെ യുഎൽബികൾക്ക് 2018-19-നും 2019-20-നുമുള്ള പെർഫോമൻസ് ഗ്രാന്റുകൾ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ടെന്നും, അത് ധനമന്ത്രാലയത്തിന്റെ അനുമതി കാത്തു നിൽക്കുകയാണെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് (എൻ.ഐ.യു.എ) 2020 മാർച്ച് 17-ന് അയച്ച ഇ-മെയിലിലൂടെ കേരള സർക്കാരിനെ അറിയിച്ചു.

### 4.2.3 തദ്ദേശസ്ഥാപനങ്ങൾ ഫണ്ടുകൾ പിൻവലിക്കുന്നതിനുള്ള സമ്പ്രദായത്തിന്റെ മാറ്റം

2006 ഏപ്രിൽ 12 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗത്തിനായുള്ള ഫണ്ടുകൾ കണ്ടിൻജന്റ് ബില്ലുകൾ[40] മുഖാന്തരം സഞ്ചിതനിധിയിൽ നിന്നും പിൻവലിക്കുന്ന രീതിയാണ് പിൻതുടർന്ന് വന്നിരുന്നത്. ഈ സമ്പ്രദായത്തിൽ, യുഎൽബികൾക്ക് വകയിരുത്തിയ ഫണ്ടുകൾ സാമ്പത്തികവർഷത്തിന്റെ അവസാനം വിനിയോഗിക്കാതെ കിടക്കുകയാണെങ്കിൽ പാഴാകും. എല്ലാ സാമ്പത്തിക വർഷത്തിലെയും മാർച്ച് 31-ന് ഫണ്ടുകൾ പാഴാക്കുന്നത് ഒഴിവാക്കാനും ട്രഷറി നിയന്ത്രണങ്ങളും ധനകാര്യവകുപ്പിൽ നിന്നുള്ള വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് പോലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാനും ഒരു സമ്പ്രദായം കൊണ്ടുവന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്വയംഭരണം നൽകാൻ മൂന്നാം എസ്.എഫ്.സി ശുപാർശ ചെയ്തു (2005 നവംബർ). സർക്കാർ ശുപാർശകൾ അംഗീകരിക്കുകയും 2006-07 മുതൽ പുതിയ സമ്പ്രദായം കൊണ്ടുവരുകയും ചെയ്തു. ഇതിൻ പ്രകാരം ഓരോ യുഎൽബിക്കും കൈമാറ്റം ചെയ്യുന്ന സഹായധനം വികസന ഫണ്ട്, പരിപാലന ഫണ്ട്, പൊതു ഉദ്ദേശ്യ ഫണ്ട് എന്നിവയ്ക്കായി മൂന്നു പബ്ളിക് അക്കൗണ്ടുകളിലായി[41] ട്രഷറിയിൽ നിക്ഷേപിക്കേണ്ടതാണ്.

ഈ സമ്പ്രദായം 2015 മാർച്ചിൽ നിർത്തലാക്കുകയും[42], കണ്ടിൻജന്റ് ബില്ലുകൾ മുഖാന്തിരം സഞ്ചിതനിധിയിൽ നിന്നും പിൻവലിക്കുന്ന സമ്പ്രദായം സർക്കാർ തിരിച്ചു കൊണ്ടുവരികയും ചെയ്തു. ഇതിന് കീഴിൽ ഒരു സാമ്പത്തിക വർഷത്തെ വകയിരുത്തൽ മൂന്നു ഗഡുക്കളായി എല്ലാവർഷവും മാർച്ച്, ജൂലൈ, നവംബർ 25-നോ അതിന് മുമ്പായോ ധനകാര്യവകുപ്പ് നൽകുന്നതാണ്. എല്ലാ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ[43] പ്രകാരം ട്രഷറി ക്യൂവിലോട്ട് മാറ്റേണ്ടതാണ്. ക്യൂവിലെ ബില്ലുകൾ അടുത്ത സാമ്പത്തികവർഷം പാസാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇൻഫർമേഷൻ കേരളാ മിഷൻ (ഐകെഎം) നൽകിയ വിവരങ്ങൾ പ്രകാരം, മാർച്ചിന് വളരെ മുമ്പേ അതായത്, മുൻവർഷത്തെ ജൂൺ മാസത്തിൽ തന്നെ ഹാജരാക്കിയ ബില്ലുകൾപോലും ട്രഷറി ക്യൂവിൽ നിലനിർത്തിയിരുന്നു. തൽഫലമായി തെരഞ്ഞെടുത്ത യുഎൽബികൾക്ക് 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ എസ്.എഫ്.സി സഹായധനത്തിൽ നിന്നും ₹447.74 കോടി വിനിയോഗിക്കാൻ കഴിഞ്ഞില്ല.

ഇതിനു പുറമേ, എല്ലാ വർഷവും മാർച്ച് 31-ന് പിൻവലിക്കാതെ കിടക്കുന്ന വകയിരുത്തലുകൾ ട്രഷറി ഡയറക്ടർ നൽകുന്ന മൊത്തം കണക്കുകളുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ / സപ്ലിമെൻറി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ, മുൻവർഷം ക്യൂവിൽ നിലനിർത്തിയിരുന്ന ബില്ലുകൾ പാസ്സാക്കാൻ അനുവദിച്ചു കൊണ്ടുള്ള അഡീഷണൽ ഓതറൈസേഷനുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ സൂക്ഷ്മപരിശോധന നടത്തിയതിൽ വെളിപ്പെട്ടത്, യുഎൽബികൾക്ക് നടപ്പു വർഷത്തെ വകയിരുത്തലിൽ നിന്നാണ് തുക അനുവദിച്ചിരുന്നത് എന്നാണ്. അങ്ങനെ, ഒരു പ്രത്യേക വർഷം കൈമാറ്റം ചെയ്ത തുക വർഷാവസാനം വിനിയോഗിക്കാതെ കിടന്നിരുന്നത് അടുത്ത വർഷം വിനിയോഗിക്കുവാനായി യുഎൽബികൾക്ക് ലഭ്യമാക്കിയിരുന്നില്ല.

[40] 3604, 3054 എന്നീ മുഖ്യശീർഷകങ്ങളിൽ

[41] 8448 എന്ന മുഖ്യശീർഷകം

[42] 2015 മാർച്ച് 21-ലെ ജി.ഓ (പി) നമ്പർ 119/2015/ധന-ഉം, 2015 സെപ്റ്റംബർ 19-ലെ ജി.ഓ (പി) നമ്പർ 419/2015/ധന (കെ.എൽ.ജി.എസ്.ഡി.പി, സി.എഫ്.സി സഹായം)-ഉം പ്രകാരം.

[43] 2018 മാർച്ച്, 2019 മാർച്ച്, 2020 മാർച്ച്

ട്രഷറി നിയന്ത്രണങ്ങളും, ഫണ്ടുകൾ പാഴാക്കുന്നതും ഒഴിവാക്കാനായി എസ്.എഫ്.സി ശുപാർശ ചെയ്തതും, സർക്കാർ അംഗീകരിച്ചതും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിച്ചതുമായ സംവിധാനത്തിൽ നിന്ന് നേരത്തെ നിലവിലുണ്ടായിരുന്ന സംവിധാനത്തിലേക്കുള്ള തിരിച്ചുപോക്ക് ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗത്തിലെ പ്രതീക്ഷിത തടസ്സങ്ങൾ വിലയിരുത്താതെ നടപ്പാക്കിയത്, തെരഞ്ഞെടുത്ത യുഎൽബികളിൽ ₹447.74 കോടി വിനിയോഗിക്കാതിരിക്കുന്നതിന് ഇടയാക്കി.

ക്യൂ ബിൽ സമ്പ്രദായം നടപ്പാക്കിയത് തദ്ദേശഭരണസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അവരുടെ വാർഷിക ചെലവ് ഉയർത്തുവാൻ പ്രേരിപ്പിക്കുവാനും യഥാർത്ഥ ചെലവും ബഡ്ജറ്റ് വകയിരുത്തലുമായുള്ള അന്തരം പരിഹരിക്കാനുമായിരുന്നു എന്നാണ് മറുപടിയായി തസ്വഭവ എസിഎസ് പറഞ്ഞത് (2021 നവംബർ). ഇത് ബഡ്ജറ്റിലൂടെ അധികാരപ്പെടുത്തിയ തുകകൾ വിനിയോഗിക്കാൻ കഴിയാതെയിരിക്കുക മൂലം പാഴാകുന്നതിന് അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം പരിഹാരമുണ്ടാക്കും എന്നും വ്യക്തമാക്കി.

എന്തുകൊണ്ടാണ് അടുത്ത വർഷത്തെ വകയിരുത്തലിന് ഉപരിയായിട്ടല്ലാതെ, അടുത്തവർഷത്തേക്ക് വകയിരുത്തിയ തുകകളിൽ നിന്ന് അഡീഷണൽ ഓതറൈസേഷൻ നടത്തിയത് എന്നതിന് മറുപടിയിൽ വിശദീകരണം ഇല്ലായിരുന്നു. എന്നു മാത്രമല്ല, ധനകാര്യകമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശുപാർശ മറികടക്കുന്നതിനും മാറ്റിമറിക്കുന്നതിനുമുള്ള ഉപകരണമായി സർക്കാർ ഉത്തരവുകളെ അഭയം പ്രാപിക്കുന്നത് വികേന്ദ്രീകരണത്തിന്റെ ഉദ്ദേശ്യത്തിനു തന്നെ വിരുദ്ധമാണ്.

### 4.2.4 തനതു ഫണ്ട് / പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്ന് പെൻഷൻ നൽകൽ

1996-ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മരണാനന്തര-പെൻഷൻ - ആനുകൂല്യങ്ങൾ) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരം, ഓരോ യുഎൽബിയും അവരുടെ ഓരോ ജീവനക്കാരന്റെയും മൊത്ത പ്രതിമാസ വേതനത്തിന്റെ 15 ശതമാനത്തിന് തുല്യമായ തുക, എല്ലാ മാസവും നഗരകാര്യ ഡയറക്ടർ(ഡിയുഎ) നിയന്ത്രിക്കുന്ന കേന്ദ്രപെൻഷൻ ഫണ്ടിലേയ്ക്ക് (സി.പി.എഫ്) നൽകേണ്ടതാണ്. അങ്ങനെ നൽകുന്ന തുക ജീവനക്കാർക്ക് മരണാനന്തര പെൻഷൻ ആനുകൂല്യങ്ങൾ (ഡിസിആർബി) നൽകാൻ ഉപകരിക്കേണ്ടതും, അതുവഴി പിന്നീട് ഡിസിആർബി നൽകുവാനുള്ള ഏതെങ്കിലും ബാദ്ധ്യതയിൽ നിന്ന് യുഎൽബികൾ ഒഴിവാകുകയും ചെയ്യുന്നതാണ്. ഈ സമ്പ്രദായത്തിന്റെ പ്രധാന ഗുണം എന്തെന്നാൽ ഒരു ജീവനക്കാരന് കൊടുക്കേണ്ട ഡിസിആർബി ബാദ്ധ്യത ഓരോ യുഎൽബിയിലും ഉള്ള അയാളുടെ സേവനദൈർഘ്യത്തിന് ആനുപാതികമായി യുഎൽബികൾ തമ്മിൽ പങ്കുവയ്ക്കാൻ കഴിയുമെന്നുള്ളതാണ്.

ഡിയുഎയുടെ അഭ്യർത്ഥന പ്രകാരം, യുഎൽബികൾക്ക് പെൻഷൻ വകയിരുത്തുന്നതിനായി 2016-ന് മുമ്പ് സി.പി.എഫ് അക്കൗണ്ടിലേയ്ക്ക് തുകകൾ സർക്കാർ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. പെൻഷനും മറ്റു ആനുകൂല്യങ്ങളും നൽകുവാനായി അധിക ഫണ്ടുകൾ നൽകുകയില്ല എന്ന വ്യവസ്ഥയോടെ ഇക്കാര്യത്തിനായി പൊതു ഉദ്ദേശ്യഫണ്ട് ഉപയോഗിക്കുവാൻ യുഎൽബികൾക്ക് സർക്കാർ 2016 മാർച്ചിൽ അനുവാദം നൽകി. ഡിയുഎയാണ് സി.പി.എഫ് സൂക്ഷിക്കുന്നതെങ്കിലും, യുഎൽബികൾ പെൻഷൻ വിഹിതം യഥാസമയം ശേഖരിക്കുകയും ഡിയുഎയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നുണ്ടോ എന്ന് മേൽനിരീക്ഷിക്കുവാൻ യാതൊരു സംവിധാനവും ഇല്ലായിരുന്നു എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. തൽഫലമായി, യുഎൽബിയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ വിതരണം സി.പി.എഫിൽ നിന്ന് ഉറപ്പാക്കാൻ

കഴിഞ്ഞിരുന്നില്ല. തെരഞ്ഞെടുത്ത 21 യുഎൽബികളിൽ 14[44] എണ്ണം നൽകിയ വിവരം ചൂണ്ടിക്കാണിക്കുന്നത് ഓഡിറ്റ് കാലയളവിൽ ഡിസിആർബിയ്ക്കു വേണ്ട ഫണ്ടുകൾ യുഎൽബികൾ തനതു ഫണ്ട്/ പൊതു ഉദ്ദേശ്യഫണ്ടിൽ നിന്നാണ് നൽകിയിരുന്നത് എന്നാണ്. സംസ്ഥാനത്തൊട്ടാകെ, 2020 മാർച്ചോടെ, 75 യുഎൽബികൾക്ക് ₹542.81 കോടി സി.പി.എഫിൽ നിന്നും കൊടുക്കേണ്ടതായി അവശേഷിച്ചിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

സി.പി.എഫിൽ ആവശ്യമായ തുകയില്ലാതിരുന്നതിനാൽ മുനിസിപ്പാലിറ്റികളുടെ പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നും പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുവാൻ സർക്കാർ അനുമതി നൽകി എന്ന് നഗരകാര്യ ഡയറക്ടർ ഓഡിറ്റിന് മറുപടി നൽകി (2021 ആഗസ്റ്റ്). യുഎൽബിയിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അന്നു മുതൽ പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് അനുവദിച്ചുവരുന്നത്. ഈ പ്രശ്നത്തിന് മറ്റേതെങ്കിലും ദീർഘകാലപരിഹാരം ഇല്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പൊതു ഉദ്ദേശ്യ ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകുന്നത്, ഒരു മെച്ചപ്പെട്ട സാഹചര്യം അല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് യുഎൽബികളുടെ പക്കലുള്ള ഫണ്ടുകൾ വികസനസൗകര്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള വ്യാപ്തി പരിമിതപ്പെടുത്തുകയും, അവയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു.

സി.പി.എഫിന് ആവശ്യമായ ഫണ്ടുകൾ നൽകിയിരുന്നില്ല എന്നുള്ള ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നതിനൊടൊപ്പം എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) തസ്വഭവ എസിഎസ് പറഞ്ഞത്, യുഎൽബികൾ തങ്ങളുടെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഏറ്റെടുക്കണമെന്നും അതിനുവേണ്ടി വിഭവങ്ങൾ ഉൽപാദിപ്പിക്കേണ്ടതും അവ സംരക്ഷിക്കേണ്ടതുമാണ് എന്നുമായിരുന്നു.

### 4.2.5 യുഎൽബികളുടെ തനതു വരവുകൾ

അഞ്ചാം സംസ്ഥാന ധനകാര്യകമ്മീഷൻ റിപ്പോർട്ട് ചെയ്തത്, കേരളത്തിലെ യുഎൽബികളുടെ തനതു നികുതി നികുതിയേതര വരുമാനങ്ങൾ അവരുടെ ആകെ വരവിന്റെ 30.30 ശതമാനം മാത്രമായിരുന്നു എന്നും ഇത് സൂചിപ്പിക്കുന്നത് യുഎൽബികൾ വലിയൊരു അളവ് വരെ ധനവിഭവങ്ങൾക്കായി സർക്കാരിനെ ആശ്രയിക്കുന്നു എന്നുമായിരുന്നു. കൊച്ചി കോർപ്പറേഷനിലെ നികുതി നികുതിയേതര വരുമാനം, 2019-20-ൽ സംസ്ഥാനത്തെ മൊത്തം തത്തുല്യ കണക്കുകളായ ₹50323.14 കോടിയും ₹12265.22 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ യഥാക്രമം ₹108.92 കോടിയും ₹23.95 കോടിയും മാത്രമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

തെരഞ്ഞെടുത്ത യുഎൽബികളിൽ തനതു വരുമാനം വസൂലാക്കുന്നതിലെ ബുദ്ധിമുട്ടുകൾ / ന്യൂനതകൾ താഴെ വിശദീകരിക്കുന്നു.

#### *4.2.5.1 വസ്തു നികുതി*

**വസ്തു നികുതിയിൻമേലുള്ള സർക്കാർ നിയന്ത്രണത്തിലൂടെ സാമ്പത്തിക സ്വയംഭരണത്തിനെ ക്ഷയിപ്പിക്കൽ**

- മുനിസിപ്പാലിറ്റിയ്ക്കകത്തുള്ള എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റിയുടെ കൗൺസിൽ വസ്തു നികുതി ചുമത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തിന്റെ (എ.ആർ.വി) അടിസ്ഥാനത്തിൽ നികുതി ചുമത്തിയിരുന്ന രീതിയിൽ നിന്നും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്ന മാറ്റം 2009 ഒക്ടോബർ 07 മുതൽ കെ.എം നിയമത്തിലെ 233-ാം വകുപ്പിലെ ഭേദഗതിയിലൂടെ

[44] ആലുവ, ഇരിങ്ങാലക്കട, ചെർപ്പുളശ്ശേരി, കൽപ്പറ്റ, മട്ടന്നൂർ, കോഴിക്കോട് കോർപ്പറേഷൻ, തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, കായംകുളം, തിരുവല്ല, പത്തനംതിട്ട, നീലേശ്വരം, പാനൂർ, ഒറ്റപ്പാലം

കൊണ്ടുവന്നു. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നത്, പുതിയ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14 മുതലും നിലവിലെ കെട്ടിടങ്ങൾക്ക് (എ.ആർ.വി യുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2011 ഏപ്രിൽ 01 മുതലും ബാധകമാക്കേണ്ടതാണ്. കെട്ടിടങ്ങളെ പത്ത് വിഭാഗങ്ങൾ ആയി തിരിച്ച് ഓരോ വിഭാഗത്തിനും കുറഞ്ഞതും കൂടിയതും ആയ നിരക്കുകളും നിശ്ചയിച്ചിരുന്നു. നിലവിലെ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന രീതി നിലവിൽ വരുന്ന തീയതി, ആദ്യം 2013 ഏപ്രിൽ 01 (2013 മാർച്ചിൽ) വരെയും പിന്നീട് 2016 ഏപ്രിൽ 01 (2019 മാർച്ചിൽ) വരെയും സർക്കാർ നീട്ടി. തൽഫലമായി നിലവിലെ കെട്ടിടങ്ങൾക്ക് 2011 ജനുവരി 14-ൽ നിലവിലുണ്ടായിരുന്ന നിർണ്ണയ രീതിയും നിരക്കും തുടർന്നു. പുതുക്കിയ നിർണ്ണയരീതിയും നിരക്കുകളും നിലവിൽ വരുന്ന തീയതി നിരന്തരമായി നീട്ടിയത് യുഎൽബികൾക്ക് കിട്ടാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാനം നിഷേധിക്കുന്നതിലേക്ക് നയിച്ചു.

- തെരഞ്ഞെടുത്ത 21 യുഎൽബികൾ നൽകിയ വിവരമനുസരിച്ച് 14 യുഎൽബികൾ 2011 ജനുവരി 14-ൽ നിലനിന്നിരുന്ന കെട്ടിടങ്ങൾക്ക്, വസ്തു നികതി എ.ആർ.വിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും ചുമത്തിവരുന്നത് (2021) എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. സംസ്ഥാനത്തൊട്ടാകെ പുതുക്കിയ വസ്തു നികുതിക്കായി കെട്ടിടങ്ങളെ നിർണ്ണയിക്കുന്നത്, 93 യുഎൽബികളിൽ 45 എണ്ണത്തിൽ പൂർത്തിയാക്കിയിരുന്നില്ല. നികുതി കണക്കാക്കുന്നതിന്റെ അടിസ്ഥാനം തറവിസ്തീർണ്ണം ആയി മാറ്റിക്കൊണ്ടുള്ള നിയമ ഭേദഗതി 2009 ഒക്ടോബർ 07 മുതൽ പ്രാബല്യത്തിൽ വന്നെങ്കിലും, ചട്ടങ്ങൾ രൂപീകരിക്കാൻ (2011) സർക്കാർ സമയം എടുത്തതും പിന്നീട് സമയദീർഘിപ്പിക്കൽ അനുവദിച്ചതും കാരണം നിയമസഭാസമാജികരുടെ ഉദ്ദേശ്യത്തിന് ദീർഘകാലമായി പ്രാബല്യം നൽകുവാൻ സാധിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ നിസ്സംഗത യുഎൽബികളുടെ കൈകളിലെ ഫലപ്രദമായ സാമ്പത്തിക സ്വയംഭരണത്തെ ക്ഷയിപ്പിക്കും.

- പാർപ്പിട കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വാർഷിക വസ്തു നികുതിയിലെ വർദ്ധനവ് 2011 ജനുവരി 14-ന് മുമ്പ് നിർണ്ണയിച്ചവ എ.ആർ.വി അടിസ്ഥാനത്തിൽ ചുമത്തിയിരുന്ന നികുതിയുടെ 60 ശതമാനം ആയി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ, മേൽപ്പറഞ്ഞ ഉത്തരവ് രണ്ടു വർഷത്തിൽ കൂടുതൽ മരവിപ്പിച്ച് വയ്ക്കുകയും പരിഷ്കരിച്ച ഉത്തരവ് 2013 മാർച്ചിൽ പുറപ്പെടുവിപ്പിക്കുകയും ചെയ്തു. നിർണ്ണയിച്ച വാർഷിക വസ്തു നികുതി വർദ്ധനവ് പാർപ്പിട കെട്ടിടങ്ങൾക്ക് 25 ശതമാനം മുതൽ 60 ശതമാനത്തിനുമിടയ്ക്കും, വാണിജ്യ കെട്ടിടങ്ങൾക്ക് 25 ശതമാനം മുതൽ 150 ശതമാനത്തിനുമിടയ്ക്കും ആയിരിക്കണം. തറവിസ്തീർണ്ണം 2000 ചതുരശ്ര അടി വരെയുള്ള നിലവിലെ പാർപ്പിട കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് തുടരുവാനും തറവിസ്തീർണ്ണം 2000 ചതുരശ്രഅടിക്ക് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങൾക്ക് വാർഷിക നികുതിയിലെ വർദ്ധനവ് നികുതിയുടെ 25 ശതമാനം ആയി പരിമിതപ്പെടുത്തിയും സർക്കാർ വ്യവസ്ഥ ചെയ്തു (2015 ഏപ്രിൽ). അതുപോലെ വാണിജ്യ/വ്യവസായ ഉപയോഗത്തിനായുള്ള കെട്ടിടങ്ങളുടെ വാർഷിക നികുതി വർദ്ധന 2011 ജനുവരി 14-ന് മുമ്പ് എആർവി അടിസ്ഥാനത്തിൽ നിശ്ചയിച്ചിരുന്നത്, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുകയാണെങ്കിൽ 100 ശതമാനമായി പരിമിതപ്പെടുത്തേണ്ടതാണ്. മുകളിലെ ഉത്തരവ്പ്രകാരം

തറവിസ്തീർണ്ണം 660 ചതുരശ്രഅടി വരെയുള്ള താമസത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും 2015-16 മുതൽ വസ്തു നികുതി ഒഴിവാക്കി.

2011-ലെ കേരള മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച വസ്തു നികുതി വർദ്ധനവ് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മാറ്റം വരുത്തിയ സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടി അഭിലഷണീയമല്ലെന്നും നിയമത്തിനു മുന്നിൽ നിലനിൽക്കില്ലെന്നും അഞ്ചാം എസ്.എഫ്.സി നിരീക്ഷിച്ചു. കൂടാതെ, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവനഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ 2013-ൽ ഭേദഗതി ചെയ്തത്, 2015 ഏപ്രിൽ 27-ലെ സർക്കാർ ഉത്തരവ് റദ്ദു ചെയ്തശേഷം, പ്രാബല്യത്തിൽ കൊണ്ടു വരണമെന്നും എസ്.എഫ്.സി ശുപാർശചെയ്തു. എസ്.എഫ്.സി ശുപാർശയുടെ നടപടി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ (2018 ഫെബ്രുവരി) ഇതിനെക്കുറിച്ച് സർക്കാർ പരാമർശമൊന്നും നടത്തിയില്ല.

- കെ.എം നിയമത്തിലെ 233-ാം വകുപ്പ് പ്രകാരം, സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തു നികുതി നിരക്കുകൾക്കും കൗൺസിൽ തീരുമാനിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്കും അവ നിലവിൽ വന്ന തീയതി മുതൽ അഞ്ചു വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം, അഞ്ചു വർഷക്കാലാവധി തീരുന്നതിനു മുമ്പ്, സർക്കാരും യുഎൽബികളും അടുത്ത അഞ്ചു വർഷക്കാലം പ്രാബല്യം ഉണ്ടാകത്തക്ക വിധം അടിസ്ഥാന വസ്തു നികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും പരിക്ഷ്കരിക്കേണ്ടതാണ്. പുതിയ നികുതിദായകർക്ക് തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതി നിരക്കുകൾ 2011 ജനുവരി 14 മുതൽ നിലവിൽ വന്നിട്ടും, അഞ്ചുവർഷത്തിനു ശേഷം 2016-ൽ നികുതി നിരക്കുകൾ പരിഷ്കരിക്കേണ്ടതായിരുന്നെങ്കിലും, പത്തു വർഷക്കാലം കഴിഞ്ഞിട്ടും (2021 മാർച്ച്) നിരക്കു പരിഷ്കരണം നടന്നിട്ടില്ല എന്ന് ശ്രദ്ധിക്കപ്പെട്ടു. അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ പരിഷ്കരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതു കാരണം, യുഎൽബികൾക്ക് വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കാൻ കഴിഞ്ഞിരുന്നില്ല.

തെരഞ്ഞെടുത്ത ഒരു യുഎൽബിയിലും വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളെ കണ്ടെത്തുവാനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) മാപ്പിംഗ് നടപ്പാക്കിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ജിഐഎസ്സുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും ഏറ്റെടുക്കരുതെന്നും ഇക്കാര്യത്തിനായി ഒരു ചെലവും വരുത്തരുതെന്നും സർക്കാർ നിർദ്ദേശിച്ചു (2013 ഡിസംബർ). തൽഫലമായി, യുഎൽബികളിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി ഒരു ജിഐഎസ് സംവിധാനവും സംസ്ഥാനം വികസിപ്പിച്ചിരുന്നില്ല, ഇത് യുഎൽബികൾക്ക് നികുതി വരുമാനം പരമാവധി വസൂലാക്കുന്നതിന് വേണ്ട മികച്ചതും കാലാനുസൃതവുമായ ഡേറ്റാബേസ് നിഷേധിക്കാൻ ഇടയാക്കി (2021 മാർച്ച്). സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടി, മുനിസിപ്പാലിറ്റികൾക്ക് വസ്തുനികുതിയുടെ അടിത്തറ മെച്ചപ്പെടുത്താൻ സാദ്ധ്യമായിരുന്ന മാർഗ്ഗങ്ങളിൽ ഒന്നിനെ തടസ്സപ്പെടുത്തി. വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് ജിഐഎസ് ഉപയോഗിക്കുവാനുള്ള കഴിവ് അടുത്തകാലത്തു മാത്രമാണ് വികസിപ്പിച്ചതെന്നും, രാജ്യത്തുടനീളം അത് പ്രാരംഭഘട്ടത്തിലാണെന്നും തസ്വഭവ എസിഎസ് അറിയിച്ചു (2021 നവംബർ). സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേരള സർക്കാർ പരീക്ഷണങ്ങൾ നടത്തുകയാണ്.

തനതു വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ ഊർജ്ജിതമായി നടക്കുകയാണെന്ന് സർക്കാർ മറുപടി പറഞ്ഞു (2021 ഡിസംബർ).

### വസ്തു നികുതി ബോർഡ്

1980-ൽ രൂപീകരിച്ച പശ്ചിമ ബംഗാൾ മൂല്യനിർണ്ണയ ബോർഡിന്റെ മാതൃകയിൽ വസ്തു നികുതി ബോർഡ് രൂപീകരിക്കണമെന്ന് 13-ാം ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച്, ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളുമായി ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (2011 ഫെബ്രുവരി). നികുതി ചുമത്തേണ്ടുന്ന എല്ലാ വസ്തുക്കൾക്കും മേൽ വസ്തുനികുതി ചുമത്തി പിരിക്കുന്നത് ഉറപ്പാക്കുക, മൂല്യ നിർണ്ണയത്തിനുള്ള വൈദഗ്ദ്ധ്യം പങ്കു വയ്ക്കുക, ഇതുമായി ബന്ധപ്പെട്ട പരിശീലനം യുഎൽബികളിലെ ജീവനക്കാർക്ക് ഏർപ്പാടാക്കുക എന്നീ നടപടികൾ ബോർഡ് എടുക്കേണ്ടതാണ്. യുഎൽബികളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ വസ്തുക്കളുടെയും കണക്കെടുത്ത് വസ്തു നികുതി നിശ്ചയിക്കുന്നതിന് സ്വതന്ത്രവും സുതാര്യവുമായ നടപടി ക്രമം ഏർപ്പെടുത്താനും വസ്തുക്കളുടെ നികുതി നിർണ്ണയത്തിനും, വില നിർണ്ണയത്തിനും അനുയോജ്യമായ അടിസ്ഥാനത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും അവ കാലാനുസൃതമായി പരിഷ്കരിക്കാൻ മുനിസിപ്പാലിറ്റികളെയും, മുനിസിപ്പൽ കോർപ്പറേഷനുകളെയും ബോർഡ് സഹായിക്കേണ്ടതുമാണ്.

എന്നാൽ, സംസ്ഥാനത്ത് ബോർഡ് രൂപീകരിച്ചിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് ഓഡിറ്റിനെ അറിയിച്ചു. വസ്തു നികുതി ബോർഡ് സ്ഥാപിക്കുന്നത് വസ്തു നികുതിയുടെ മെച്ചപ്പെട്ട പിരിവിനും സമയോചിതമായ പരിഷ്കരണത്തിനുമുള്ള ഒരു ചുവടുവയ്പ്പ് ആയിരിക്കും.

### *4.2.5.2 തൊഴിൽ നികുതി*

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ തൊഴിൽനികുതി ചുമത്തുന്നതിനും പിരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, ജീവനക്കാരുടെയും, അസംഘടിതമേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും ശരിയായ ഡേറ്റാബേസ് തയ്യാറാക്കുകയും തൊഴിൽനികുതി ചുമത്തുകയും വേണം എന്ന് അഞ്ചാം സംസ്ഥാന ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ ഡേറ്റാബേസ് സമയാസമയങ്ങളിൽ പുതുക്കേണ്ടതുമാണ്. ഡി ആൻഡ് ഓ ലൈസൻസിനു[45] കീഴിൽ ലൈസൻസ് നൽകിയിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങൾക്കും / സംരംഭങ്ങൾക്കും ജീവനക്കാർക്കും തൊഴിൽനികുതി ചുമത്തേണ്ടതാണ്. ഇതിനുപുറമെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അധികാര പരിധിയിൽ പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകളെ തൊഴിൽ നികുതി വലയത്തിനുള്ളിൽ കൊണ്ടുവരുന്നതിനായി വാർഡ് മെമ്പർമാർ / കൗൺസിലർമാരുടെ സഹായത്തോടെ ഒരു സർവ്വേ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ ശുപാർശ സർക്കാർ അംഗീകരിച്ചിരുന്നെങ്കിലും അത് നടപ്പാക്കിയില്ല. ശുപാർശ നടപ്പാക്കാതിരുന്നതു കാരണം യുഎൽബികളിലെ തൊഴിൽനികുതിദായകരുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചില്ല.

കെ.എം നിയമത്തിലെ 447-ാം വകുപ്പ് പ്രകാരം, നിർദ്ദിഷ്ട നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തൊഴിലുകൾക്കും ലൈസൻസ് നൽകേണ്ടതാണ്. വ്യാപാരികളുടെ ഒരു പട്ടിക സൂക്ഷിക്കുന്ന യുഎൽബിയിലെ ആരോഗ്യ വിഭാഗം ആണ്, യുഎൽബി പ്രദേശത്തെ എല്ലാത്തരം വ്യാപാരങ്ങളുടെയും / സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിനുള്ള ലൈസൻസ് നൽകുന്നത്. യുഎൽബിയിലെ റവന്യൂ സെക്ഷൻ അതിന്റെ അധികാരപരിധിയിൽ ഉള്ള വ്യാപാരികൾ/കടകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തൊഴിൽനികുതി ചുമത്തുന്നതും പിരിക്കുന്നതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

[45] അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കുള്ള ലൈസൻസ്

യുഎൽബിയിലെ റവന്യൂ വിഭാഗത്തിലെ തൊഴിൽനികുതിക്കുള്ള വ്യാപാരികളുടെ പട്ടികയുടെയും, യുഎൽബിയിലെ ആരോഗ്യവിഭാഗത്തിലെ ഡി ആൻഡ് ഓ ലൈസൻസിനുള്ള വ്യാപാരികളുടെ പട്ടികയുടെയും ഒരു സാംപിൾ പരിശോധന നടത്തിയപ്പോൾ, ആരോഗ്യ വിഭാഗം ലൈസൻസ് നല്കിയ എല്ലാ കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്നില്ല എന്നാണ് വെളിപ്പെട്ടത്. ആരോഗ്യവിഭാഗത്തിൽ സൂക്ഷിച്ചിരുന്ന വ്യാപാരികളുടെ പട്ടിക റവന്യൂ വിഭാഗവുമായി പങ്കുവച്ചിരുന്നില്ല, ഇത് ലൈസൻസ് നൽകിയ എല്ലാ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പിരിക്കുന്നത് ഉറപ്പാക്കാൻ യുഎൽബിയിലെ വിഭാഗങ്ങൾ തമ്മിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

തനതു വരുമാനം പിരിക്കുന്നത് ശക്തിപ്പെടുത്താനുള്ള നടപടികൾ തുടങ്ങുന്നതാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ).

### 4.2.5.3 പരസ്യ നികുതി

ഭരണഘടനയുടെ സംസ്ഥാന ലിസ്റ്റിൽ[46] ഉൾപ്പെട്ടിരുന്ന പരസ്യ നികുതി, ചരക്കു സേവന നികുതി (ജി.എസ്.റ്റി) നിലവിൽ വന്നപ്പോൾ ഉപസംഹരിക്കപ്പെട്ടു (2017 ജൂലൈ). അതിനെ തുടർന്ന്, 2017-ലെ കേരള ചരക്കുകളും സേവനങ്ങളും നിയമത്തിലൂടെ കെ.എം നിയമത്തിലെ 271-ാം[47] വകുപ്പ് ഒഴിവാക്കി. അങ്ങനെ മുനിസിപ്പാലിറ്റികൾക്കും/ കോർപ്പറേഷനുകൾക്കും പ്രധാനപ്പെട്ട ഒരു വരുമാനസ്രോതസ്സ് നഷ്ടമായി. പരസ്യങ്ങളിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം പങ്കുവെയ്ക്കുകയോ, വീതിച്ചു കൊടുക്കുകയോ ചെയ്ത് ഈ നഷ്ടം പരിഹരിച്ചിട്ടില്ല. 272-ാം വകുപ്പു പ്രകാരം, ഒരു പരസ്യം പരസ്യ നികുതിയ്ക്ക് വിധേയമാണെങ്കിൽ ഏത് കാലയളവിലേയ്ക്കാണ് നികുതി ഒടുക്കേണ്ടത് എന്നത് സംബന്ധിച്ച് യുഎൽബി സെക്രട്ടറി അനുമതി നൽകേണ്ടതാണ്. ഈ അനുമതി സംബന്ധിച്ച് പ്രത്യേക ഫീസൊന്നും ഈടാക്കാൻ പാടുള്ളതല്ല. കെ.എം നിയമത്തിലെ 567(32)-ാം[48] വകുപ്പ് പൊതുനിരത്തുകളിലും, പാർക്കുകളിലും ഉള്ള പരസ്യങ്ങളെ നിരോധിക്കാനും നിയന്ത്രിക്കാനും ഉള്ള ബൈലാ ഉണ്ടാക്കുവാൻ കൗൺസിലിനെ അധികാരപ്പെടുത്തുന്നു. തെരഞ്ഞെടുത്ത യുഎൽബികളിൽ, നെടുമങ്ങാട് മുനിസിപ്പാലിറ്റിയും, തിരുവനന്തപുരം കോർപ്പറേഷനും, പരസ്യ നികുതി നിർത്തിയതിനെ തുടർന്ന് അവരുടെ അധികാരപരിധിയിൽ വരുന്ന പരസ്യങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിരുന്നു. എന്നാൽ അത്തരം ഫീസ് ചുമത്തുന്നത് അനുവദനീയമാണോ എന്ന് സർക്കാരിൽ നിന്ന് വിശദീകരണം ഇല്ലാത്തതിനാൽ മറ്റു മുനിസിപ്പാലിറ്റികളിലൊന്നും അത്തരം ഫീസ് പിരിക്കുന്നില്ലായിരുന്നു.

### 4.2.5.4 വിനോദ നികുതി

തദ്ദേശസ്ഥാപനങ്ങൾ ചുമത്തുന്നതൊഴികെയുള്ള വിനോദ നികുതി[49] 2017 ജൂലൈ 01 മുതൽ ജി.എസ്.റ്റിയിൽ ഉപസംഹരിച്ചു.[50] എന്നാൽ തദ്ദേശസ്ഥാപനങ്ങൾ വിനോദനികുതി പിരിക്കുന്നത് 2017 ജൂലൈ മുതൽ നിർത്തലാക്കിക്കൊണ്ട് 2017 ജൂൺ 24-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്ഥാപനങ്ങൾ വിനോദ നികുതി ചുമത്തുന്നത് 2019 ജൂൺ 10 മുതൽ വീണ്ടും അനുവദിക്കുകയുണ്ടായി. അങ്ങനെ, 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള

[46] 7-ാം ഷെഡ്യൂളിലെ II-ാം ലിസ്റ്റിലെ 55-ാം ഇനം

[47] മുനിസിപ്പൽ പ്രദേശത്ത് ഏതെങ്കിലും പരസ്യം ഉയർത്തുകയോ, പ്രദർശിപ്പിക്കുകയോ, ബലമായി ഉറപ്പിച്ചു വയ്ക്കുകയോ, നിലനിർത്തുകയോ ചെയ്യുന്ന എല്ലാ വ്യക്തികളും സർക്കാർ അനുമതിയോടെ കൗൺസിൽ പ്രമേയത്തിലൂടെ നിർണ്ണയിക്കുന്ന നികുതി ഒടുക്കേണ്ടതാണ്.

[48] ബൈലാ നിർമ്മിക്കുവാനുള്ള കൗൺസിലിന്റെ അധികാരം

[49] 1961-ലെ കേരള തദ്ദേശ അധികാരികളുടെ വിനോദ നികുതി നിയമത്തിലെ 3-ാം വകുപ്പ്

[50] 2016 സെപ്റ്റംബർ 8 തീയതിയിലെ 101-ാം ഭരണഘടനാ ഭേദഗതി നിയമം 2016-ലെ 17(ബി) വകുപ്പ് പ്രകാരം

കാലയളവിൽ യുഎൽബികൾക്ക് വരുമാനമായി വിനോദനികുതി പിരിക്കുവാൻ സാധിച്ചിരുന്നില്ല. ഇക്കാലത്തിലുള്ള നഷ്ടം പരിഹരിക്കുന്നതിനായി, യുഎൽബികൾക്ക് നഷ്ടപരിഹാരമായി 2017-18 കാലയളവിലേയ്ക്കായി സർക്കാർ ₹83.72 കോടി അനുവദിച്ചു (2018 ഒക്ടോബർ). എന്നാൽ, 2018 ഏപ്രിൽ മുതൽ 2019 മെയ് വരെയുള്ള കാലയളവിലേയ്ക്ക് ഒരു നഷ്ടപരിഹാരവും നൽകാതിരുന്നത് യുഎൽബികൾക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നതിന് ഇടയാക്കി. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്വയംഭരണാധികാരത്തെ വെട്ടികുറയ്ക്കുന്നതിന് ഇടയാക്കിയ തെറ്റായ ഒരു സർക്കാർ ഉത്തരവ് കാരണം, മുനിസിപ്പാലിറ്റികളുടെ തനതു വരുമാനം പ്രതികൂലമായി ബാധിക്കപ്പെട്ടു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ആറാം എസ്.എഫ്.സി അതിന്റെ പ്രഥമ റിപ്പോർട്ടിൽ (2020 ഡിസംബർ), വിനോദനികുതിയും പരസ്യനികുതിയും പിരിക്കുന്നത് നിർത്തലാക്കിയ സർക്കാർ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും ₹100 കോടിയോളം നഷ്ടം ഉണ്ടാക്കി എന്ന് അംഗീകരിക്കവേ ശുപാർശ ചെയ്തത്, സർക്കാർ ജി.എസ്.റ്റി പിരിക്കുന്നതിലൂടെ 2017-18 മുതൽ ഉള്ള ഈ സഞ്ചിതനഷ്ടം 2021 ഏപ്രിൽ 01 മുതൽ നാല് അർദ്ധവാർഷിക ഗഡുക്കളായി നികത്തണമെന്നാണ്. ഇത് പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടു (2021 നവംബർ).

വിനോദനികുതിയുടെയും പരസ്യനികുതിയുടെയും സഞ്ചിതനഷ്ടം നികത്താനുള്ള ആറാം എസ്.എഫ്.സി യുടെ ശുപാർശ സർക്കാർ പരിഗണിക്കുമെന്ന് തസ്വഭവ എസിഎസ് എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ) ഉറപ്പ് നൽകി .

### *4.2.5.5 പ്രദർശന നികുതി*

മുനിസിപ്പാലിറ്റി പ്രദേശത്ത് നടത്തുന്ന എല്ലാ പ്രദർശനങ്ങൾക്കും മുനിസിപ്പൽ കൗൺസിൽ പ്രമേയം വഴി തീരുമാനിക്കുന്ന പ്രകാരം പ്രദർശന നികുതി ചുമത്തേണ്ടതാണ് എന്ന് കെ.എം നിയമം വിഭാവനം ചെയ്യുന്നു. എല്ലാ രണ്ടുവർഷം കഴിയുമ്പോഴും ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി കൗൺസിലിന് പ്രസ്തുത നികുതി ചുമത്താവുന്നതാണ്. ഇതു കൂടാതെ, വിനോദനികുതി ചുമത്താൻ പാടില്ലാത്ത ഒരു പ്രദർശനത്തിനും പ്രദർശന നികുതി ചുമത്താൻ പാടുള്ളതല്ല.

പ്രദർശന നികുതിയുടെ നിലവിലെ ഏറ്റവും കുറഞ്ഞ നിരക്കായ ₹അഞ്ച് മുതൽ ₹50 വരെയുള്ളത് 100 ശതമാനം കണ്ട് വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് എസ്.എഫ്.സി ശുപാർശ ചെയ്തിരുന്നു. സർക്കാർ ഈ ശുപാർശ അംഗീകരിച്ചെങ്കിലും, നടപ്പാക്കിയില്ല. 1999 മാർച്ച് 24-ന് നിശ്ചയിച്ച നികുതി നിരക്ക് ഇരുപത്തിയൊന്ന് വർഷ കാലയളവിനു ശേഷവും പരിഷ്കരിച്ചില്ല. 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെ വിനോദ നികുതി നിർത്തലാക്കിയിരുന്നപ്പോൾ ഉള്ള കാലയളവിൽ പ്രദർശന നികുതിയും ചുമത്തിയിരുന്നില്ല എന്നും ഈയിനത്തിലുള്ള നഷ്ടം ഇപ്പോഴും നികത്തിയിട്ടില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### *4.2.5.6 അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഉള്ള ലൈസൻസ്*

അപകടകരവും, അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കുന്നതിനുള്ള ലൈസൻസ്, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം മുനിസിപ്പൽ കൗൺസിൽ അനുവദിക്കുകയോ, അനുമതി നിഷേധിക്കുകയോ ചെയ്യേണ്ടതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ, മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്ക്

ലൈസൻസ് നൽകൽ) ചട്ടങ്ങൾ[51] നടപ്പാക്കുന്നതിനുള്ള സമയം 2011 ജനുവരി മുതൽ 2017 ജനുവരി[52] വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച നിരവധി സർക്കാർ ഉത്തരവുകളിലൂടെ[53] നിരന്തരം നീട്ടി വച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ചട്ടങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നിരക്കുകൾ അനുസരിച്ച് ലൈസൻസ് ഫീ ചുമത്തുന്നത് തുടർന്നു കൊണ്ടിരിക്കുകയും തൽഫലമായി 2011 മുതൽ 2018 വരെയുള്ള കാലയളവിൽ യുഎൽബികൾക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന വരുമാന സ്രോതസ്സ് നിഷേധിക്കപ്പെട്ടുകയും ചെയ്തു.

നികുതി ചുമത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥയായ "ഷെഡ്യൂൾ III-ൽ പ്രതിപാദിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കുകൾ പ്രകാരം" എന്നതിന് പകരം "ഷെഡ്യൂൾ III-ൽ പ്രതിപാദിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം" എന്ന് ചേർത്ത് കൊണ്ട് സർക്കാർ 2020 ഒക്ടോബറിൽ യുഎൽബി കൗൺസിലുകളുടെ നികുതി ചുമത്തുവാനുള്ള അധികാരം കൂടുതൽ വെട്ടിക്കുറച്ച് ഉത്തരവു പുറപ്പെടുവിച്ചു എന്നും ഓഡിറ്റ് കണ്ടിരുന്നു.

ഓഡിറ്റിന്റെ നിരീക്ഷണം തസ്വഭവ എസിഎസ്സ് അംഗീകരിക്കുകയും ഡി ആൻഡ് ഓ ലൈസൻസ് നൽകുന്നതിനുള്ള ലൈസൻസ് ഫീ നിരക്കുകൾ സംസ്ഥാന സർക്കാർ നിശ്ചയിച്ചതിന്റെ ഫലമായി യുഎൽബികളുടെ നികുതി ചുമത്തുവാനുള്ള അധികാരം വെട്ടിച്ചുരുക്കിയെന്നും കുറഞ്ഞ നിരക്കുകൾ കുറവായി തന്നെ തുടർന്നു എന്നും പ്രസ്താവിക്കുകയും ചെയ്തു (2021 നവംബർ).

### *4.2.5.7 മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം*

നികുതിയേതര സ്രോതസ്സുകളിൽ നിന്നും മതിയായ വരുമാനം ഉണ്ടാക്കുന്നതിൽ അപര്യാപ്തത ഉണ്ടായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

- *വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാടക*
  കെ.എം നിയമത്തിനു കീഴിൽ ഒരു മുനിസിപ്പാലിറ്റിയ്ക്ക് വാണിജ്യപരമോ മറ്റു ആവശ്യങ്ങൾക്കോ ഉള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും, ലൈസൻസിന് പൊതു ജനങ്ങൾക്ക് വാടകയ്ക്ക് നൽകുകയും, കെട്ടിടത്തിന്റെ ഉപയോഗത്തിനും വ്യാപാരത്തിനും അത് നിശ്ചയിക്കുന്ന ഫീസ് ചാർജ്ജ് ചെയ്യാവുന്നതുമാണ്. എന്നാൽ, തെരഞ്ഞെടുത്ത യുഎൽബികളിൽ തനതു വരുമാനത്തിൽ ഈ വരുമാന സ്രോതസ്സിന്റെ പങ്ക് തൃപ്തികരമല്ലായിരുന്നു. തെരഞ്ഞെടുത്ത 21 യുഎൽബികളിലെ രേഖകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത്, 2020 മാർച്ച് അവസാനത്തോടെ ₹4.11 കോടി വരുന്ന വാടക തുക കുടിശ്ശിക ഉണ്ടായിരുന്നു എന്നാണ്. യുഎൽബികൾ തന്നെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്നുള്ള അർഹമായ വാടക സത്വരമായി പിരിച്ചെടുക്കേണ്ട അടിയന്തിര ആവശ്യകതയെയാണ് ഇത് അടിവരയിടുന്നത്.
- *കെട്ടിട പെർമിറ്റ് ഫീസ്*
  തദ്ദേശസ്ഥാപനങ്ങൾക്ക് പെർമിറ്റ് ഫീ പിരിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളിലെ (കെഎംബിആർ) ഷെഡ്യൂൾ II, 2010 ജൂണിൽ പെർമിറ്റ് ഫീ വർദ്ധിപ്പിച്ചുകൊണ്ട് പരിഷ്കരിച്ചു. കെഎംബിആർ 1999

[51] 2020 ഒക്ടോബർ 30 മുതൽ ഈ ലൈസൻസ് വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് എന്ന് പുനർനാമകരണം ചെയ്തു.

[52] 2020 ഒക്ടോബർ 30 ലെ നോട്ടിഫിക്കേഷൻ മുഖാന്തരം 2011 ലെ കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾ മറ്റു വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ലൈസൻസുകൾക്ക് പുതുക്കിയ നിരക്കുകൾ ഉൾപ്പെടുത്തികൊണ്ട് സർക്കാർ ഭേദഗതി ചെയ്തു.

[53] 2011 ജനുവരി 25 മുതൽ 2017 ജനുവരി 10 വരെ സർക്കാർ പുറപ്പെടുവിച്ച 12 ഉത്തരവുകൾ

പിന്നീട് 2019 നവംബറിൽ വീണ്ടും പരിഷ്കരിച്ചു. എന്നാൽ, പെർമിറ്റ് ഫീസുള്ള നിരക്കുകളുടെ ഷെഡ്യൂൾ 2010-ൽ നിശ്ചയിച്ചത് അതേപോലെ തുടർന്നു.

- *പിഴകൾ*

  വില, നാശനഷ്ടം, പിഴകൾ, നഷ്ടപരിഹാരം, വേതനം, ഫീസ് (സ്കൂൾ ഫീസ് അല്ലാത്തത്), ചെലവുകൾ, വാടക, സംഭാവനകൾ, മുനിസിപ്പാലിറ്റിക്കു കിട്ടേണ്ട മറ്റു തുകകൾ എന്നിവയെക്കുറിച്ചാണ് കെ.എം. നിയമത്തിലെ 538-ാം വകുപ്പ് പ്രതിപാദിക്കുന്നത്. കെഎം നിയമത്തിലെ നാലാം ഷെഡ്യൂളിലും അഞ്ചാം ഷെഡ്യൂളിലും 1999 മാർച്ച് 24 മുതൽ ചുമത്തേണ്ട പിഴ വ്യവസ്ഥ ചെയ്തെങ്കിലും ചുമത്തേണ്ട പിഴയുടെ നിരക്കുകൾ 22 വർഷക്കാലം കഴിഞ്ഞിട്ടും പരിഷ്കരിച്ചിട്ടില്ല.

യുഎൽബികളുടെ തനതു വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തുവാൻ മുകളിൽ പറഞ്ഞ ഇനങ്ങളുടെ നിരക്കുകൾ അടിയന്തിരമായി സർക്കാർ പുന:പരിശോധിച്ച് വർദ്ധിപ്പിക്കേണ്ടതുണ്ട്.

തനതു വരുമാന ശേഖരണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുമെന്ന് സർക്കാർ മറുപടി പറഞ്ഞു (2021 ഡിസംബർ).

### 4.2.6 ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിനെ ആശ്രയിക്കുന്നതിലെ അപര്യാപ്തത

യുഎൽബികളുടെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുവാനുള്ള ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഇൻഫർമേഷൻ കേരളാ മിഷനെയാണ് (ഐകെഎം). ഐ.കെ.എമ്മിന്റെ സാങ്കേതിക സഹായ അടിസ്ഥാന സൗകര്യ നിർവ്വഹണ വിഭാഗം ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ച് യുഎൽബികൾക്ക് സഹായം നൽകുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനങ്ങളിൽ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിന്റെ ഓപ്പറേഷനിൽ കൈത്താങ്ങായുള്ള പ്രവർത്തനവും ലോക്കൽ ഡേറ്റാബേസിലെ ഡേറ്റാ എൻട്രിയ്ക്ക് വേണ്ട സഹായവും ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ സമ്പ്രദായം കംമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഐ.കെ.എം വികസിപ്പിച്ച റവന്യൂ ആൻഡ് ലൈസൻസ് സിസ്റ്റം സോഫ്റ്റ് വെയർ ആണ് സഞ്ചയ. വസ്തു നികുതി. തൊഴിൽനികുതി, കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും വാടക, അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളുടെ ലൈസൻസ്, ഭക്ഷ്യവസ്തു മായം ചേർക്കൽ തടയൽ, പരസ്യ നികുതി മുതലായവ ഈ സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്നു. വസ്തു നികുതി സ്വയം സാക്ഷ്യപ്പെടുത്തലിന്റെ ഇ-ഫയലിംഗ്, തൊഴിൽനികുതി വിവരങ്ങളുടെ ഇ-ഫയലിംഗ്, ഇ-പെയ്മെന്റ് സമ്പ്രദായം, ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകൾ (ഡിസിബി) പുറപ്പെടുവിക്കുക മുതലായവയ്ക്കുള്ള സഹായവും സോഫ്റ്റ് വെയർ നൽകുന്നു. സോഫ്റ്റ് വെയർ 2010-11-ൽ വികസിപ്പിക്കുകയും 2016-17-ൽ എല്ലാ യുഎൽബികളിലും പ്രവർത്തനസജ്ജമാക്കുകയും ചെയ്തു.

2019 മാർച്ചിലെ സർക്കാർ ഉത്തരവുപ്രകാരം, വസ്തു നികുതിയുടെ ഡേറ്റാ എൻട്രി സഞ്ചയ ഡേറ്റാബേസിൽ 2019 സെപ്റ്റംബറോടെ പൂർത്തിയാക്കണമായിരുന്നു. സംസ്ഥാനത്തെ 93 യുഎൽബികളിൽ 48 എണ്ണം മാത്രമെ ഇന്നുവരെ (2021 മാർച്ച്/ഏപ്രിൽ) അന്തിമമാക്കിയ ഡേറ്റാബേസ് ഉപയോഗിക്കുന്നുണ്ടായിരുന്നുള്ളൂ എന്ന് നഗരകാര്യ ഡയറക്ടർ ഓഡിറ്റിനോട് സ്ഥിരീകരിച്ചു. തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളിൽ, ഏഴ് യുഎൽബികൾ[54] മാത്രമേ വസ്തു നികുതി ഡേറ്റാബേസിൽ എൻട്രികൾ രേഖപ്പെടുത്തിയിരുന്നുള്ളൂ. നാല് യുഎൽബികളിൽ[55] മാത്രമെ ഡി ആൻഡ് ഓ മോഡ്യൂൾ ഡേറ്റാബേസ് പ്രവർത്തനക്ഷമമാക്കിയിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് നേരിട്ട്

[54] തിരുവനന്തപുരം കോർപ്പറേഷൻ, നെടുമങ്ങാട്, പത്തനംതിട്ട, തിരുവല്ല, കട്ടപ്പന, മട്ടന്നൂർ, നീലേശ്വരം മുനിസിപ്പാലിറ്റികൾ

[55] പൊന്നാനി, നെടുമങ്ങാട്, കട്ടപ്പന മുനിസിപ്പാലിറ്റികളും തിരുവനന്തപുരം കോർപ്പറേഷനും

ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ലൈസൻസുകളും പ്രിന്റ് ചെയ്യുന്നതിനുള്ള സൗകര്യം പരിശോധന നടത്തിയ യഥാക്രമം ഒൻപതും എട്ടും യുഎൽബികളിൽ നൽകിയിരുന്നു. ഐ.കെ.എമ്മിന്റെ ഭരണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പോലെ ഹാൾബുക്കിംഗ്, ആംബുലൻസ്, വാഹനങ്ങൾ, ശ്മശാനം, മുതലായ പണമടച്ചുള്ള സേവനങ്ങൾക്ക് വേണ്ട പ്രത്യേക മോഡ്യൂളുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. വസ്തു നികുതിയ്ക്കും ഡി ആൻഡ് ഓ ലൈസൻസിനും ഒഴികെയുള്ള സൗകര്യങ്ങൾ തെരഞ്ഞെടുത്ത യുഎൽബികളിലെ സഞ്ചയ സോഫ്റ്റ് വെയറിൽ പ്രവർത്തനക്ഷമമല്ലായിരുന്നു. അങ്ങനെ, എല്ലാ യുഎൽബികളിലും ഐകെഎമ്മിൽ നിന്ന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടും, യുഎൽബികൾ ഡിസിബി സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കുന്നതിൽ സോഫ്റ്റ് വെയറിന്റെ ഉപയോഗ വ്യാപ്തി, അതു സ്ഥാപിച്ച് പത്തു വർഷങ്ങൾ കഴിഞ്ഞിട്ടും, വസ്തു നികുതിയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

യുഎൽബികളിലെ നികുതി പിരിവിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താനുള്ള ഒരു വ്യക്തമായ ചുവടുവയ്പ് എന്ന നിലയിൽ എല്ലാ മുനിസിപ്പാലിറ്റികളിലും ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പതിവായി നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

# അദ്ധ്യായം V

## മനുഷ്യവിഭവങ്ങൾ

# അദ്ധ്യായം V

## മനുഷ്യവിഭവങ്ങൾ

### 5.1 യുഎൽബികളിലെ മനുഷ്യശേഷിയുടെ വ്യവസ്ഥാപനം

ചുമതലകളുടെയും ഫണ്ടുകളുടെയും കൈമാറ്റത്തിനൊടൊപ്പം, സ്വയംഭരണത്തിനു പൂർണസജ്ജമായ യൂണിറ്റുകളായി യുഎൽബികൾക്ക് ഫലപ്രദമായ പ്രവർത്തനം സുഗമമാക്കുന്നതിന് മതിയായ എണ്ണം ജീവനക്കാർ കൂടി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കുന്നതിന്റെയും യുഎൽബികളിൽ ലഭ്യമായ മനുഷ്യശേഷിയുടെ പര്യാപ്തതയുടെയും ഓഡിറ്റ് നിരീക്ഷണങ്ങൾ ഇപ്രകാരമാണ്:

#### 5.1.1 മനുഷ്യശേഷിയുടെ ആവശ്യകതയുടെ അപര്യാപ്തമായ നിർണ്ണയം

കെഎം നിയമത്തിലെ 222-ാം വകുപ്പ് പ്രകാരം, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്കു വേണ്ടി ഒരു പൊതു മുനിസിപ്പൽ സർവീസ്, സർക്കാർ രൂപീകരിക്കേണ്ടതും മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ നിയമനവും സേവനവ്യവസ്ഥകളും നിയന്ത്രിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം, യുഎൽബികളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും തരംതിരിവ്, നിയമനസമ്പ്രദായങ്ങൾ, സേവനവ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സംസ്ഥാന സർക്കാർ നിയന്ത്രിക്കുന്നു. കേരള മുനിസിപ്പൽ കോമൺ സർവീസ് (മിനിസ്റ്റീരിയൽ ആൻഡ് റവന്യൂ ബ്രാഞ്ച്) ക്വാളിഫിക്കേഷൻ ആൻഡ് മെത്തഡ് ഓഫ് അപ്പോയിന്റ്മെന്റ് റൂൾസ്, 2001, പൊതുജനാരോഗ്യ നിയമന ചട്ടങ്ങൾ, 1972, കേരള തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് സർവീസുകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ, 2007 എന്നിവ യുഎൽബികളിലെ ജീവനക്കാരുടെ നിയമനത്തെ നിയന്ത്രിക്കുന്നു.

യുഎൽബികളിലെ വിവിധ വിഭാഗങ്ങൾ നിറവേറ്റുന്ന ചുമതലകളുടെ വിശാലമായ ചട്ടക്കൂട് **പട്ടിക 5.1**-ൽ പറഞ്ഞിരിക്കുന്നു:

**പട്ടിക 5.1 : യുഎൽബികളിലെ വിവിധ വിഭാഗങ്ങളെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ**

| വിഭാഗങ്ങൾ/ സെക്ഷനുകൾ | ചുമതലകൾ |
|---|---|
| പൊതുഭരണം | കൗൺസിൽ, ജനറൽ എസ്റ്റാബ്ലിഷ്മെന്റ്, തപാൽ വിതരണവും അയയ്ക്കലും, ടൈപ്പിംഗ്, നിയമപരമായ കാര്യങ്ങൾ |
| റവന്യൂ | നികുതി നിർണ്ണയവും പിരിവും, മുനിസിപ്പാലിറ്റിയുടെ വസ്തുക്കളിന്മേലുള്ള ഫീസ് പിരിവ്, മുനിസിപ്പാലിറ്റി കെട്ടിടത്തിന്മേലുള്ള വാടക, സ്ഥിരതാമസ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, ഉടമസ്ഥാവകാശ മാറ്റം എന്നിവ നൽകുന്നത്. |
| പൊതുജനാരോഗ്യവും ശുചിത്വവും | ശുചീകരണപ്രവൃത്തികളുടെ മേൽനോട്ടം, ജനന-മരണ-വിവാഹങ്ങളുടെ രജിസ്ട്രേഷൻ, ഫാക്ടറികൾ, വ്യാപാരങ്ങൾ, വ്യവസായ പ്രവൃത്തികൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകുന്നത്, ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, ട്യൂട്ടോറിയലുകളുടെ രജിസ്ട്രേഷൻ, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം, പൊതുജനാരോഗ്യ ബോധവൽക്കരണ പരിപാടികളുടെയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെയും മേൽനോട്ടം. |

| വിഭാഗങ്ങൾ/ സെക്ഷനുകൾ | ചുമതലകൾ |
|---|---|
| ധനകാര്യം/ അക്കൗണ്ട്സ് | എല്ലാ മുനിസിപ്പൽ ഫണ്ടുകളുടെയും അക്കൗണ്ടുകളുടെയും കൈകാര്യം ചെയ്യൽ, ബഡ്ജറ്റിന്റെയും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെയും തയ്യാറാക്കൽ, എല്ലാ വരവു ചെലവുകളും, സാമൂഹ്യസുരക്ഷാ പെൻഷൻ, റിക്കവറികൾ, മുൻകൂറുകൾ,വായ്പ, ജി.എസ്.ടി, ഓഡിറ്റ് |
| എൻജിനീയറിംഗ് ആൻഡ് ടൗൺ പ്ലാനിംഗ് | എല്ലാ മുനിസിപ്പൽ പണികളും, ടൗൺ പ്ലാനിംഗ് പണികളും, ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികളും പൊതുമരാമത്തും, മുനിസിപ്പൽ വാഹനങ്ങളുടെ പരിപാലനം, ജലം-വൈദ്യുതി ചാർജ്ജുകൾ, ഭൂമി ഏറ്റെടുക്കൽ, എൻജിനീയറിംഗ് വിഭാഗത്തിന്റെ സ്ഥാപനം |
| വികസനം | വികേന്ദ്രീകൃതാസൂത്രണം, വാർഡ് സഭയും വികസന സെമിനാറും സംഘടിപ്പിക്കുന്നത്, പദ്ധതി അനുമതി മുതലായവയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും . |
| വിവിധം | കുടുംബശ്രീ, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി (ഏ.യു.ഇ.ജി.എസ്), ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) മുതലായവ |
| ക്ഷേമം | സാമൂഹ്യസുരക്ഷാ പെൻഷൻ, തൊഴിലില്ലായ്മ വേതനം |

*(അവലംബം : നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം നൽകിയ വിവരങ്ങൾ)*

യുഎൽബികളിലെ അതിവേഗം വളരുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ജീവനക്കാരുടെ മതിയായ അംഗബലം അത്യാവശ്യമായിരുന്നു. യുഎൽബികൾ അവയുടെ പദവി ഉയർത്തുന്നതിനും പുതിയ തസ്തികകളുടെ സൃഷ്ടിയിലൂടെ സ്ഥാപനഘടന നവീകരിക്കുന്നതിനും, പ്രമേയങ്ങൾ പാസ്സാക്കി. 2014-ൽ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളെ I, II, III എന്നീ ഗ്രേഡുകളായി[56] തരംതിരിച്ചുവെങ്കിലും, മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഇത്തരത്തിലുള്ള ഒരു വർഗ്ഗീകരണത്തിന് ശ്രമിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വർഗ്ഗീകരണ പ്രക്രിയയുടെ ഫലമായി, പുതുതായി രൂപീകരിച്ച 27 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കോർപ്പറേഷനിലും നിലവിലുള്ള മറ്റു രണ്ട് കോർപ്പറേഷനുകളിലും[57] ഒഴികെ, നിലവിലുള്ള യുഎൽബികളിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്നുകൂടി ശ്രദ്ധയിൽപ്പെട്ടു. ഒരേ ഗ്രേഡിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾക്കിടയിൽപ്പോലും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, സീനിയർ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് മുതലായ തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ വിപുലമായ വ്യതിയാനമുള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു.

യുഎൽബികളിൽ മനുഷ്യശേഷിയെ സംബന്ധിച്ചിടത്തോളം അനുവദിക്കപ്പെട്ട അംഗബലമില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിലവിലെ സമ്പ്രദായമനുസരിച്ച്, ഓരോ യുഎൽബികളിൽ നിന്നുമുള്ള അഭ്യർത്ഥനകൾ നഗരകാര്യഡയറക്ടർ സർക്കാരിലേക്ക് അയയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് യുഎൽബികളിലെ നിലവിലുള്ള തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ മാത്രമാണ് കേഡർ അംഗബലം നിശ്ചയിച്ചതായി കാണപ്പെട്ടത്. മറ്റു വിഭാഗങ്ങളിൽ ജീവനക്കാരുടെ ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളൊന്നുമില്ലായിരുന്നു. യുഎൽബികളിലെ

[56] ഒന്നാമത് എസ്.എഫ്.സിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 1993-ൽ മുനിസിപ്പാലിറ്റികളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം തരംതിരിച്ചു. 1993-നു ശേഷം, 20 വർഷത്തെ ഇടവേള കഴിഞ്ഞ് 2014-ൽ മുനിസിപ്പാലിറ്റികളുടെ ഗ്രേഡിംഗ് നടന്നു.

[57] കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകൾ


ജീവനക്കാരുടെ ആവശ്യകത ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിന് സർക്കാരോ പുറമേയുള്ള ഏജൻസികളോ ഒരു പ്രവൃത്തി പഠനമോ നിർണ്ണയമോ നടത്തിയിട്ടില്ല.

കഴിയുന്നതും നേരത്തെതന്നെ തസ്തിക വിന്യാസത്തിന്റെ, ശാസ്ത്രീയമായ പുനഃക്രമീകരണവും ഉറപ്പാക്കലും നടപ്പിലാക്കേണ്ടതാണെന്ന് നാലാമത് എസ് എഫ് സി ശുപാർശ ചെയ്യുകയും അത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. യുഎൽബികളിലെ മനുഷ്യശേഷിയുടെ ആവശ്യകതയെപ്പറ്റി ഫലപ്രദമായ ഒരു പഠനം നടത്തേണ്ടതുണ്ടെന്നും ഇതിനുവേണ്ടി തസ്വഭ വകുപ്പിന് ഒരു ഏജൻസിയെ തിരഞ്ഞെടുക്കാമെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ശുപാർശയിൻമേൽ, നടപടി വിശദീകരണ റിപ്പോർട്ട് സർക്കാർ സമർപ്പിച്ചു (2011 മാർച്ച്). എന്നാൽ, നാളിതുവരെയും ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തിട്ടില്ല (2021 മാർച്ച്).

നഗരകാര്യഡയറക്ടർ (ഡിയുഎ) ഓഡിറ്റിന് സമർപ്പിച്ച വിവരങ്ങൾ പ്രകാരം, 2020 മാർച്ച് 31 വരെ, യുഎൽബികളിൽ നിലവിലുള്ള 7736 തസ്തികകൾക്കെതിരെ, 6754 പേരെയാണ് നിയമിച്ചത്. സംസ്ഥാനത്ത് 982 ഒഴിവുകളുള്ളതിൽ 123 എണ്ണം (12.52 ശതമാനം) യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗത്തിലാണുള്ളതെന്ന് സർക്കാരിന്റെ തസ്വഭ വകുപ്പ് റിപ്പോർട്ട് ചെയ്തു. മുനിസിപ്പാലിറ്റികളുടെ ഗ്രേഡ് ഉയർത്തിയപ്പോൾ (2014 ജൂലൈ), മുനിസിപ്പാലിറ്റികളുടെ പരിഷ്കരിച്ച ഗ്രേഡ് പ്രകാരമുള്ള തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ലെന്ന് കൂടി ഡിയുഎ പ്രസ്താവിച്ചു (2021 ഏപ്രിൽ). അതിനാൽ, മുനിസിപ്പാലിറ്റികൾ / കോർപ്പറേഷനുകൾക്ക് അവയുടെ ഗ്രേഡ് അനുസരിച്ചുള്ള പ്രത്യേക തസ്തിക വിന്യാസം ഇല്ല.

2020-ലെ പ്രഖ്യാപിത ജനസംഖ്യ പ്രകാരം 21 തെരഞ്ഞെടുത്ത യുഎൽബികളിൽ, ഓരോ 1000 ജനസംഖ്യയ്ക്കുള്ള ജീവനക്കാരുടെ എണ്ണം[58] വിശകലനം ചെയ്തപ്പോൾ, **ചാർട്ട് 5.1**- ൽ കാണിച്ചിരിക്കുന്നത് പോലെ 0.3 നും 2.74 നും ഇടയിൽ ആണെന്ന് കണ്ടു.

**പട്ടിക 5.1 : പ്രഖ്യാപിത ജനസംഖ്യക്കെതിരെയുള്ള ജീവനക്കാരുടെ എണ്ണം**




*(അവലംബം: യുഎൽബികൾ നൽകിയ വിവരങ്ങൾ)*

ആലുവ മുനിസിപ്പാലിറ്റിയിൽ ഓരോ 1000 ജനസംഖ്യയ്ക്ക് 2.74 ജീവനക്കാർ ഉണ്ടെന്നിരിക്കെ, 17 യുഎൽബികളിൽ ഓരോ 1000 ജനസംഖ്യയ്ക്ക് ഒന്നിൽ കുറവ് എണ്ണം ജീവനക്കാരാണുണ്ടായിരുന്നത്. മൂന്ന് യുഎൽബികളിൽ മാത്രമാണ് ഓരോ 1000

[58] തസ്വഭ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗം ഒഴികെ

ജനസംഖ്യയ്ക്ക് ഒന്നിനും രണ്ടിനും ഇടയിൽ ജീവനക്കാർ ഉണ്ടായിരുന്നത്. ജീവനക്കാരുടെ ക്ഷാമം സാമൂഹിക സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഗുണത്തെ പ്രതികൂലമായി ബാധിക്കും.

തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരങ്ങൾ കൈമാറിയത് മുഴുവനായും ഫലപ്രദമാകണമെങ്കിൽ തസ്തികാമാനദണ്ഡങ്ങൾ, നിയമനം മുതലായവ തീരുമാനിക്കുന്നതിലെ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം നിർബന്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർക്കാരിന്റെ മുൻ അനുമതി കൂടാതെ ഒരു മുനിസിപ്പാലിറ്റിയുടെയും സർവ്വീസിൽ ഒരു തസ്തികയും സൃഷ്ടിക്കാൻ പാടില്ലാത്തതാണെന്ന് കെഎം നിയമത്തിലെ 223-ാം വകുപ്പ് വ്യക്തമായി വാദിക്കുമ്പോൾ, തദ്ദേശസ്ഥാപനങ്ങളിലെ മനുഷ്യശേഷിയുടെ കുറവിനെ സർക്കാർ പരമാവധി മുൻഗണന കൊടുത്ത് പരിഗണിക്കേണ്ടതുണ്ട്. ആവശ്യത്തിന് ജീവനക്കാർ തദ്ദേശസ്ഥാപനങ്ങളിൽ ഇല്ലാതെ വന്നാൽ യുഎൽബികളിൽ ഫലപ്രദമായ ഒരു സ്വയംഭരണസംവിധാനം ഉറപ്പാക്കുക എന്ന ലക്ഷ്യം അട്ടിമറിക്കപ്പെടും.

എക്സിറ്റ് കോൺഫറൻസിൽ (2021 നവംബർ), തസ്വഭവ എസിഎസ് ഓഡിറ്റ് നിരീക്ഷണം സ്വീകരിക്കുകയും, കാലക്രമേണ ഉത്തരവാദിത്വങ്ങൾ വികസിക്കുകയും വ്യാപ്തികൂടുകയും ചെയ്യുന്നതിനാലും ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ പരസ്പര പൂരകമല്ലാത്തതിനാലും യുഎൽബികൾക്ക് അമിതഭാരം ഏൽക്കേണ്ടിവരുകയാണെന്ന് സൂചിപ്പിക്കുകയും ചെയ്തു.

### 5.1.2 ജീവനക്കാരുടെ നിയമനത്തിലെ അപര്യാപ്തതകൾ

യുഎൽബികളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി 74-ാമത് സിഎഎ നടപ്പിലാക്കുവാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടും, യുഎൽബികളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും തരംതിരിക്കൽ, നിയമനരീതി, സേവനവ്യവസ്ഥകൾ, ശമ്പളവും വേതനവും, അച്ചടക്കവും പെരുമാറ്റവും, എന്നിവയുടെ മേൽ സർക്കാർ ഇപ്പോഴും നിയന്ത്രണം ഏർപ്പെടുത്തുന്നു.

ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് വേണ്ടി യുഎൽബികൾ ഡിയുഎക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും അത് കേരള പബ്ലിക് സർവീസ് കമ്മീഷന് (കെ.പി.എസ്.സി) അയയ്ക്കുകയും ചെയ്യുന്നു. താഴെ കൊടുത്തിരിക്കുന്നത് പോലെ, യുഎൽബികൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും, കെ.പി.എസ്.സിക്കു ഒഴിവുകൾ നിശ്ചയിച്ച് അയയ്ക്കുന്നതിലും റിക്രൂട്ട്മെന്റിന്റെ മുഴുവൻ പ്രക്രിയ പൂർത്തിയാക്കുന്നതിലും ആളുകളെ നിയമിക്കുന്നതിലും വിശദീകരിക്കപ്പെടാത്ത കാലതാമസമുണ്ടായി.

- യുഎൽബികളിൽ നിന്നും ഡിയുഎയ്ക്ക് ലഭിച്ച പ്രൊപ്പോസലുകൾ കെ.പി.എസ്.സിക്ക് അയയ്ക്കുന്നതിൽ 169 ദിവസങ്ങൾ വരെ നീണ്ട കാലതാമസമുണ്ടായി.
- തസ്തികകൾ വിജ്ഞാപനം ചെയ്യുന്നത് മുതൽ ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയയുടെയും പൂർത്തീകരണത്തിന് കെ.പി.എസ്.സി ആകെ 22 മുതൽ 1640 ദിവസങ്ങൾ വരെ സമയമെടുത്തു.
- കെ.പി.എസ്.സിയിൽ നിന്നും സെലക്ഷൻ ലിസ്റ്റ് ലഭിച്ചശേഷം ഡിയുഎയിൽ നിന്നും ജീവനക്കാർക്ക് നിയമനം ലഭിക്കുന്നതിന് ആറ് മുതൽ 595 ദിവസത്തെ ഇടവേള ഉണ്ടായി.

### 5.1.2.1 നഗര തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത

**പട്ടിക 5.2**-ൽ കാണിച്ചിരിക്കുന്നത് പോലെ, യുഎൽബികളിലെ നിലവിലുള്ള തസ്തികകൾക്കെതിരെ ജീവനക്കാരുടെ ഗണ്യമായ കുറവുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 5.2 : 2021 മാർച്ച് 31-ൽ സംസ്ഥാനത്തെ യുഎൽബികളിൽ നിലവിലുള്ള തസ്തികകളും യഥാർത്ഥത്തിലുള്ള ജീവനക്കാരുടെ അംഗബലവും**

| വിഭാഗവും തരവും | നിലവിലുള്ള തസ്തികകൾ | നിയമനം | ഒഴിവുള്ള തസ്തികകൾ |
|---|---|---|---|
| ജനറൽ | 3655 | 3323 | 332 |
| റവന്യൂ | 1018 | 948 | 70 |
| ആരോഗ്യം | 1847 | 1410 | 437 |
| മുനിസിപ്പൽ സെക്രട്ടറിമാർ/ അസിസ്റ്റന്റ് സെക്രട്ടറിമാർ | 99 | 79 | 20 |
| **ആകെ** | **6619** | **5760** | **859** |

*(അവലംബം: നഗരകാര്യ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ, ഇതിൽ എൻജിനീയറിംഗ് വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല)*

**പട്ടിക 5.3**-ൽ പറയും പ്രകാരം, തസ്വഭ വകുപ്പ് കേരള സർക്കാർ നൽകിയ വിവരങ്ങളിൽ വെളിപ്പെടുത്തിയതുപോലെ, യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട 1117 അംഗബലത്തിനെതിരെ 994 ജീവനക്കാർ മാത്രമാണുള്ളത്.

**പട്ടിക 5.3 : സംസ്ഥാനത്തെ യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട അംഗബലവും നിലവിലുള്ള ജീവനക്കാരും**

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട അംഗബലം | നിലവിലുള്ള ജീവനക്കാർ |
|---|---|---|---|
| 1 | സൂപ്രണ്ടിംഗ് എൻജിനീയർ | 6 | 6 |
| 2 | എക്സിക്യൂട്ടീവ് എൻജിനീയർ | 20 | 19 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 52 | 41 |
| 4 | അസിസ്റ്റൻറ് എൻജിനീയർ | 179 | 169 |
| 5 | ഓവർസീയർ ഗ്രേഡ് I | 262 | 227 |
| 6 | ഓവർസീയർ ഗ്രേഡ് II | 221 | 190 |
| 7 | ഓവർസീയർ ഗ്രേഡ് III | 350 | 318 |
| 8 | ക്ലർക്ക് | 27 | 24 |
| | **ആകെ** | **1117** | **994** |

*(അവലംബം: തസ്വഭവ ചീഫ് എൻജിനീയർ നൽകിയ വിവരങ്ങൾ)*

നിർബന്ധിത ചുമതലകൾ നടപ്പിലാക്കുന്നതിന് രൂപകൽപന ചെയ്യപ്പെടുന്ന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും യുഎൽബികളിലെ എൻജിനീയറിംഗ് വിഭാഗം നിർണ്ണായകമായ പങ്ക് വഹിക്കുന്നതിനാൽ, ജീവനക്കാരുടെ അപര്യാപ്തത, പദ്ധതികൾ യഥാസമയം നിർവ്വഹിക്കുന്നതിലും അവയുടെ പരിണിതഫലത്തിന്റെ ഗുണം വാഗ്ദാനം ചെയ്യുന്നതിലും പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. സാങ്കേതിക വൈദഗ്ധ്യം ആവശ്യപ്പെടുന്ന തസ്തികകളിലെ ഒഴിവ് നികത്താത്തത് അംഗീകരിക്കപ്പെട്ട അടിസ്ഥാനസൗകര്യ പദ്ധതികളുടെ നിർവ്വഹണത്തിന്റെ

സമയനിഷ്ഠയെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിച്ചേക്കാം. അദ്ധ്യായം III-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, തൃശ്ശൂർ കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ കോർപ്പറേഷനുകളിലും ജലവിതരണം പോലുള്ള ചുമതലകൾ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. പല മുനിസിപ്പാലിറ്റികളിലും സർക്കാർ നൽകിയ ജീവനക്കാർ ചില ചുമതലകൾ കൈകാര്യം ചെയ്യുന്നത് തുടരുന്നത് ദ്വൈത ഉത്തരവാദിത്വം കാരണം ആശയവൈരുദ്ധ്യത്തിന്റെ അപകടസാധ്യത ഉണ്ടാക്കാം.

അധിക മനുഷ്യവിഭവങ്ങൾക്കുള്ള ആവശ്യത്തിനും നിർദ്ദിഷ്ട പദ്ധതികൾക്കും ഇടപെടലുകൾക്കും വേണ്ടി പ്രത്യേക നൈപുണ്യശേഷി ഏറ്റെടുക്കാൻ തദ്ദേശ സർക്കാരുകളെ പ്രാപ്തരാക്കുന്നതിന് സംസ്ഥാനം തുടർച്ചയായി പ്രതികരിച്ചുകൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). കേരളം അതിന്റെ സമ്പന്നമായ സാമൂഹിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും, സ്ഥിരജോലിയില്ലാതെ തദ്ദേശീയമായി ലഭ്യമായ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുന്ന ഇടപെടലിന്റെയും സഹകരണത്തിന്റെയും പുത്തൻ രീതികൾ കണ്ടെത്തുകയും ചെയ്യുന്നുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി.

ഇടപെടലിന്റെ പുത്തൻ രീതികൾ നിർദ്ദിഷ്ട പദ്ധതികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നും, കൈമാറപ്പെട്ട എല്ലാ ചുമതലകളുടെയും അടിസ്ഥാനത്തിൽ യുഎൽബികളെ സജ്ജമാക്കുവാനോ അവയെ ശരിയായ അർത്ഥത്തിൽ സ്വയം ഭരണസ്ഥാപനങ്ങളായി രൂപപ്പെടുത്തുവാനോ പര്യാപ്തമല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

# അദ്ധ്യായം VI

## ഉപസംഹാരവും ശുപാർശകളും

# അദ്ധ്യായം VI

## ഉപസംഹാരവും ശുപാർശകളും

### 6.1 ഉപസംഹാരം

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തദ്ദേശഭരണം വികേന്ദ്രീകരിക്കുന്നതിൽ സംസ്ഥാനം നടപടികൾ സ്വീകരിച്ചിരുന്നു. അഞ്ച് വർഷത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ, ഭരണഘടനാ ഭേദഗതിയിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണത്തിനുള്ള വ്യവസ്ഥ, തദ്ദേശ സ്ഥാപനങ്ങൾക്ക് കാര്യമായ ഫണ്ട് കൈമാറൽ, ജില്ലാ ആസൂത്രണ സമിതികളുടെ രൂപീകരണം, എല്ലാ വാർഡുകളിലും വാർഡ് സഭകൾ, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ രൂപീകരണം തുടങ്ങിയ നടപടികൾ മറ്റു പലതിന്റെയും കൂട്ടത്തിൽ ഉൾപ്പെടുന്നു.

എന്നിരുന്നാലും, 74-ാം ഭരണഘടനാ ഭേദഗതി പ്രകാരം 1994-ൽ കെ.എം. നിയമം പ്രാബല്യത്തിൽ വന്നെങ്കിലും, ഊർജ്ജസ്വലമായ സ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ വെളിച്ചത്തിൽ വകുപ്പ് 58 പോലുള്ള നിയമത്തിലെ ചില വ്യവസ്ഥകൾ അവലോകനം ചെയ്യേണ്ടതുണ്ടെന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റ് വെളിപ്പെടുത്തി. കൂടാതെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 18 ചുമതലകളിൽ 17 എണ്ണവും കെ.എം. നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, 17 കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ ഏഴെണ്ണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം മാത്രമാണ് യുഎൽബികൾക്കുള്ളത്. ബാക്കിയുള്ള 10 എണ്ണത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാന സർക്കാരിന് ഇപ്പോഴും നേരിട്ടോ പാരാസ്റ്റേറ്റൽ ഏജൻസികൾ മുഖേനയോ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാര്യമായ പങ്കുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഭരണഘടനാ ഭേദഗതിക്കു ശേഷം 25 വർഷത്തിലേറെയായിട്ടും യുഎൽബികൾക്ക് ബന്ധപ്പെട്ട ചുമതലകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ കൈമാറ്റം പൂർത്തിയായിട്ടില്ല. യുഎൽബികളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും യുഎൽബികൾ നടപ്പിലാക്കേണ്ടതുമായ, കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളും മറ്റ് പാരാസ്റ്റേറ്റൽ ഏജൻസികളും സമാന്തരമായി നടപ്പിലാക്കുകയാണുണ്ടായത്.

2015-ലും 2020-ലും നടന്ന യുഎൽബികളിലേക്കുള്ള തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള (പുതുതായി രൂപീകരിച്ച 29 മുനിസിപ്പാലിറ്റികളും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളും ഒഴികെ) കൗൺസിലർമാരുടെ സീറ്റുകളുടെ എണ്ണവും വാർഡുകളുടെ എണ്ണവും 2001-ലെ ജനസംഖ്യാ കണക്കുകളുടെ അടിസ്ഥാനത്തിൽ (തൊട്ടുമുമ്പ് നടന്ന 2011-ലെ സെൻസസിന് പകരം) നിശ്ചയിച്ചതിനാൽ സംസ്ഥാനത്ത് ആകെ 60 കൗൺസിലർമാരുടെ കുറവുണ്ടായിരുന്നു (കോർപ്പറേഷനുകൾ: 01, മുനിസിപ്പാലിറ്റികൾ :59). കൂടാതെ സർക്കാർ അംഗീകരിച്ച സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ 325 ശുപാർശകളിൽ 200 എണ്ണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. നടപ്പാക്കേണ്ട ശുപാർശകളിൽ പ്രവൃത്തികൾ വികേന്ദ്രീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ സൗകര്യമൊരുക്കുന്ന സുപ്രധാന ശുപാർശകളും ഉൾപ്പെടുന്നു.

മുനിസിപ്പാലിറ്റികൾക്ക് ചുമതലകൾ, ആസ്തികൾ മുതലായവയുടെ കൈമാറ്റത്തിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, സംസ്ഥാനത്തുടനീളമുള്ള മുനിസിപ്പാലിറ്റികളിലേക്കുള്ള കേന്ദ്രീകൃത ജലവിതരണ പ്രവൃത്തികൾ ഏൽപ്പിച്ച പാരസ്റ്റേറ്റൽ എന്ന നിലയിലാണ് കെഡബ്ല്യുഎ പ്രവർത്തിച്ചത്. യുഎൽബികൾ

വിതരണ പൈപ്പ് ലൈനിന്റെ വിപുലീകരണം ഡെപ്പോസിറ്റ് ജോലികൾക്കായി കെഡബ്ല്യൂഎയെ ഏല്പിച്ചുകൊണ്ട് ഏറ്റെടുക്കുന്നുണ്ടെങ്കിലും, മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ യുഎൽബികളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നില്ല. ₹33.94 കോടിയുടെ ഡെപ്പോസിറ്റ് ജോലികൾക്ക് കെഡബ്ല്യൂഎ വിനിയോഗ സർട്ടിഫിക്കറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾക്ക് നൽകിയിരുന്നില്ല. മുനിസിപ്പാലിറ്റികളിൽ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും കെഡബ്ല്യൂഎ നിശ്ചയിച്ച നിരക്കിൽ വാട്ടർ ചാർജ്ജ് ഈടാക്കിയെങ്കിലും വരുമാനം മുനിസിപ്പാലിറ്റികളുമായി പങ്കിടുകയുണ്ടായില്ല.

തെരഞ്ഞെടുക്കപ്പെട്ട 21 യുഎൽബികളിൽ ഒൻപത് യുഎൽബികൾക്ക് ജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷിയില്ലായിരുന്നു. ഒൻപതും പതിനൊന്നും യുഎൽബികൾക്ക് യഥാക്രമം പുന:ചംക്രമണം ചെയ്യാവുന്നതും അല്ലാത്തതുമായ അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി ഇല്ലായിരുന്നു. പതിനഞ്ച് യുഎൽബികൾ മാത്രം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുമായി കരാറിലേർപ്പെട്ടു. സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 499 എണ്ണത്തിൽ, അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനായി ഏജൻസി കരാറിൽ ഏർപ്പെട്ടിരുന്നില്ല. തെരഞ്ഞെടുത്ത യുഎൽബികളൊന്നും തന്നെ ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതായി കണ്ടില്ല.

സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപകരണമായി ബഡ്ജറ്റിനെ മുനിസിപ്പാലിറ്റികൾ ഉപയോഗിക്കുന്നില്ലെന്നും അയഥാർത്ഥമായ വരവു ചെലവ് ബഡ്ജറ്റുകൾ രൂപീകരിച്ചെന്നും ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളിൽ മുൻ വർഷങ്ങളിലെ ഫണ്ടുകളുടെ യഥാർത്ഥ വരവ് പരിഗണിക്കാതെ വിവിധ പ്രവർത്തനങ്ങൾക്കായി വിഭവങ്ങൾ അനുവദിച്ചതായി കണ്ടു. ട്രഷറികളിൽ നിന്ന് ഫണ്ട് പിൻവലിക്കുന്നതിനുള്ള അപര്യാപ്തമായ സംവിധാനത്തിന്റെ ഫലമായി എസ്.എഫ്.സി ഗ്രാന്റിൽ നിന്ന് ₹447.74 കോടി ഉപയോഗിക്കാൻ നഗരസഭകൾക്ക് സാധിച്ചില്ല. കൂടാതെ, പരസ്യനികുതി, വിനോദ നികുതി മുതലായവയുമായി ബന്ധപ്പെട്ട നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള ഫലപ്രദമായ അധികാരങ്ങളുടെ അഭാവത്താൽ യുഎൽബികൾ പരിമിതപ്പെട്ടിരിക്കുകയാണ്. പുതിയ നികുതിദായകർക്ക് 2011 ജനുവരി 14 മുതൽ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വന്നുവെങ്കിലും പത്ത് വർഷത്തിനു ശേഷവും നിരക്കുകളുടെ പരിഷ്കരണം നടന്നില്ല (2021 മാർച്ച്). തെറ്റായ ഒരു സർക്കാർ ഉത്തരവിന്റെ ഫലമായി മുനിസിപ്പാലിറ്റികൾക്ക് 2017 ജൂലൈ 01 മുതൽ 2019 ജൂൺ 10 വരെയുള്ള കാലയളവിൽ വിനോദ നികുതി ചുമത്താൻ കഴിഞ്ഞില്ല.

വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ 2014-ൽ നഗരസഭകളെ I,II,III എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ചെങ്കിലും നിലവിലുള്ള നഗരസഭകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചില്ല. 982 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ജീവനക്കാരുടെ കുറവ് ഗണ്യമായിരുന്നു.

അങ്ങനെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുടെ നിർവ്വഹണത്തിലുണ്ടായ പോരായ്മകൾ കൊണ്ടും, അടിസ്ഥാനപരമായ പ്രധാന ചുമതലകൾ പോലും കൈമാറാത്തതിനാലും, സംസ്ഥാനത്ത് 74-ാം സിഎഎയുടെ നടപ്പാക്കൽ തടസ്സപ്പെട്ടു.

## 6.2 ശുപാർശകൾ

യുഎൽബികൾക്ക് യഥാർത്ഥമായ സ്വയംഭരണാധികാരവും ശരിയായ ഉത്തരവാദിത്വവും നൽകുന്നതിന്, യുഎൽബികളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ/ ഉപചുമതലകളുടെയും സംസ്ഥാന സർക്കാരിന്റെ കൈകളിൽ നിലനിർത്തിയിരിക്കുന്ന

അധികാരങ്ങളുടെ വ്യാപ്തിയും സംബന്ധിച്ച് വ്യക്തത ഉറപ്പാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെയും മുനിസിപ്പാലിറ്റികളുടെയും പാരാസ്റ്റേറ്റലുകളുടെയും പങ്കിനെ വ്യക്തമായി വേർതിരിച്ച് നൽകേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ തത്വങ്ങൾക്കനുസൃതമായി, പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ ചുമതലകളുടെ കൂടെ ഉദ്യോഗസ്ഥരെ കൂടി യുഎൽബികൾക്ക് കൈമാറണം. ഉത്തരവാദിത്വവും കാര്യക്ഷമമായ മേൽനോട്ടവും സുഗമമാക്കുന്നതിന് യുഎൽബികളെ ഏൽപ്പിച്ച ചുമതലകൾ സർക്കാർ വകുപ്പുകൾ സമാന്തരമായി നടപ്പാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

74-ാം ഭരണഘടനാ ഭേദഗതി നിയമം വിഭാവനം ചെയ്യുന്ന പ്രകാരമുള്ള മെച്ചപ്പെട്ട ഉത്പന്നങ്ങളും ഫലങ്ങളും ഉണ്ടാക്കുന്നതിന്, തദ്ദേശസ്ഥാപനങ്ങളുടെ അധികാര വിഭജനം സുഗമമാക്കുന്നതിലും ചെലവുകളെ ഫലപ്രദമാക്കുന്നതിലുമുള്ള സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പങ്ക് പരിഗണിച്ചുകൊണ്ട്, അവയുടെ സ്വീകരിക്കപ്പെട്ട ശുപാർശകൾ നടപ്പിലാക്കാൻ സർക്കാരിന് അടിയന്തിര നടപടി കൈക്കൊള്ളാവുന്നതാണ്.

74-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരമുള്ള സംസ്ഥാന നിയമനിർമ്മാണത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച്, സർക്കാരിന് വിജ്ഞാപനം വഴി യുഎൽബികൾക്ക് ജലവിതരണത്തിന്റെയും അതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വങ്ങൾ, അവയുടെ അധികാരപരിധിയിലുള്ള മേഖലകളിൽ സേവനം പ്രദാനം ചെയ്യുന്നത് സുഗമമാക്കുന്നതിനു വേണ്ടി, കൈമാറാം.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് നഗരതദ്ദേശ സ്ഥാപനങ്ങളെ അവയുടെ സോണൽ ഏരിയകളിലെ പ്രവർത്തനക്ഷമമായ കണക്ഷനുകളുടെ എണ്ണത്തിന് അനുസൃതമായി വാട്ടർ ചാർജ്ജ് ഈടാക്കാൻ അനുവദിക്കാവുന്നതാണ്. അതുവഴി കെഡബ്ല്യൂയിലേക്ക് അടയ്ക്കുന്ന ചാർജ്ജുകളുടെ രൂപത്തിൽ തനതു വരുമാനനഷ്ടം ഒഴിവാക്കാം.

കെ.എം നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ചുമതലകളെ സംബന്ധിച്ച് വരുമാനസമ്പാദന സേവനങ്ങൾ നിലവിൽ പാരാസ്റ്റേറ്റലുകൾ കൈകാര്യം ചെയ്യുകയും വരുമാനം മുനിസിപ്പാലിറ്റികളുമായി പങ്കിടാതിരിക്കുകയും ചെയ്യുമ്പോൾ, പാരാസ്റ്റേറ്റലിലൂടെ ഇത്തരം സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള വ്യവസ്ഥ മുനിസിപ്പാലിറ്റിക്ക് വരുമാന സാധ്യതയുള്ള സ്രോതസ്സ് നഷ്ടപ്പെടുത്തുന്നതിനാൽ, അത്തരം ചുമതലകൾ / പ്രവൃത്തികൾ മുനിസിപ്പാലിറ്റികൾക്ക് കൈമാറുന്നതിന് മുൻഗണന നൽകേണ്ടതുമാണ്.

പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ സ്വാശ്രയത്വത്തിലേക്കുള്ള പുരോഗതിയിൽ യുഎൽബികളെ കെഡബ്ല്യുഎ പോലുള്ള പാരാസ്റ്റേറ്റൽ ഏജൻസികൾ കൈപിടിച്ചു നടത്തുകയും നയിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാകുന്നതിന് പാരാസ്റ്റേറ്റലിൽ നിന്ന് മുനിസിപ്പാലിറ്റിയിലേക്കുള്ള ഉത്തരവാദിത്വത്തിന്റെ കൈമാറ്റത്തോടൊപ്പം മുനിസിപ്പാലിറ്റികളും പാരാസ്റ്റേറ്റലുകളും തമ്മിലുള്ള ബന്ധത്തിലും മാറ്റം വരേണ്ടതുണ്ട്.

ആരോഗ്യമേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യം, ശുചീകരണം എന്നിവയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യസേവനങ്ങൾ കാര്യക്ഷമമായി പ്രദാനം ചെയ്യുന്നതിനും, പ്രാദേശിക ഭരണകൂടങ്ങളെ പ്രാപ്തരാക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന് ഏറ്റവും ഉയർന്ന മുൻഗണന സർക്കാരിന് നൽകാവുന്നതാണ്.

വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന്, സാധ്യതയുള്ള ഉറവിടങ്ങളിൽ നിന്നുള്ള വരവിന്റെയും, വിനിയോഗിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഫണ്ടുകളുടെയും യഥാർത്ഥരൂപം കണക്കിലെടുത്ത് യുഎൽബികൾ അവയുടെ ബഡ്ജറ്റുകൾ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കാൻ യുഎൽബികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

ഫലപ്രദമായ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഒരു ഉപകരണമായി ബഡ്ജറ്റിനെ വിഭാവനം ചെയ്യുവാൻ സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾക്ക് അനുസൃതമായി തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ബഡ്ജറ്റ് മാനുവൽ സർക്കാരിന് തയ്യാറാക്കാവുന്നതാണ്.

ബില്ലുകൾ ട്രഷറി ക്യൂവിൽ പെടുന്നതിനാൽ ഫണ്ടുകൾ ലാപ്സാകുന്നതു വഴി മുനിസിപ്പാലിറ്റികൾക്ക് ഫണ്ട് നഷ്ടപ്പെടുന്നതൊഴിവാക്കാൻ അത്രയും ഫണ്ട് മുനിസിപ്പാലിറ്റിയുടെ വരും വർഷത്തെ വകയിരുത്തലിന്റെ കൂടെ അധികമായി ചേർത്ത് സർക്കാരിന് നൽകാവുന്നതാണ്.

സാമ്പത്തിക സ്വാശ്രയത്വത്തിലൂടെ മുനിസിപ്പാലിറ്റികളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിന് അനുസൃതമായി യുഎൽബികളിലെ ജീവനക്കാരുടെ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള ഫണ്ടിന്റെ ആവശ്യകത നിറവേറ്റുന്നതിനുള്ള ഒരു സുസ്ഥിര പരിഹാരം കാണേണ്ടതാണ്.

യുഎൽബികളുടെ സാമ്പത്തിക സ്വാശ്രയത്വം ഉയർത്തിപ്പിടിക്കുന്നതിനും സാമൂഹികസേവനങ്ങളുടെ മെച്ചപ്പെട്ട വിതരണത്തിനും, വർദ്ധിച്ച തനതുവരുമാനത്തിനുമായി യുഎൽബികൾ ചുമത്തുന്ന വിവിധതരം നികുതികൾ, സർക്കാർ നിശ്ചയിക്കുന്ന നിരക്കുകൾ / പരിധികളെ അടിസ്ഥാനമാക്കിയുള്ളതിനാൽ, നികുതി നിരക്കുകളിൽ കാലാനുസൃതമായ പരിഷ്കരണവും, പുതുക്കിയ നിരക്കുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതും ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ അടിയന്തിര ആവശ്യമാണ്.

ഫലപ്രദമായ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിന് വസ്തു നികുതി ചുമത്തുന്നതിലും പിരിക്കുന്നതിലും സർക്കാരിന് താഴെപ്പറയുന്നവ ഉറപ്പാക്കാം:

- കേരള മുനിസിപ്പാലിറ്റി ആക്ടിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനം (കെട്ടിടങ്ങളുടെ വാർഷികവാടക മൂല്യം, പ്ലിന്ത് ഏരിയ അടിസ്ഥാനം, ന്യായവില അടിസ്ഥാനം മുതലായവ) ഒരിക്കൽ വ്യക്തമാക്കിയാൽ, വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാത്തതുകൊണ്ടോ, വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസം വരുത്തിയതു കൊണ്ടോ ഈ വ്യവസ്ഥ നിഷ്ഫലമാകുന്നില്ല. നിയമം അനുശാസിക്കുന്ന കാലയളവ് കവിയുന്ന സന്ദർഭങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ നിയമസഭയിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർബന്ധമാക്കിക്കൊണ്ട് നിയമം ഭേദഗതി ചെയ്യാവുന്നതാണ്.
- വസ്തു നികുതി മൂല്യനിർണ്ണയം, പുതുക്കിയ ഡേറ്റാബേസിന്റെ പരിപാലനം മുതലായവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുനിസിപ്പാലിറ്റികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് വസ്തു നികുതി ബോർഡ് പോലുള്ള ഒരു സംവിധാനം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിഗണിക്കാവുന്നതാണ്.
- 74-ാമത് സി.എ.എ നിലവിൽ വന്ന് 25 വർഷത്തിലേറെയായിട്ടും വസ്തു നികുതിയുടെ പരമാവധി നിരക്ക് നിർണ്ണയിക്കാനുള്ള അധികാരം സംസ്ഥാനത്തിന്റെ കൈകളിൽ നിക്ഷിപ്തമായതിനാൽ, വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിർണ്ണയിക്കുന്നതിന് മുനിസിപ്പൽ

കൗൺസിലുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഉൾപ്പെടുന്ന ഒരു സമിതി മുഖേന നേരിട്ടോ, അല്ലാതെയോ മുനിസിപ്പാലിറ്റികളെ ശാക്തീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ജി.എസ്.ടിയിൽ പരസ്യനികുതി ഉൾപ്പെടുത്തിയതിന്റെ അനന്തരഫലമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വ്യത്യസ്ത സമീപനങ്ങൾ കണക്കിലെടുത്ത് പരസ്യം ചെയ്യുന്നതിന് ഫീസ് ചുമത്താനുള്ള മുനിസിപ്പാലിറ്റികളുടെ അധികാരത്തെക്കുറിച്ച് വിശദീകരണം നൽകുന്ന കാര്യം സർക്കാരിന് പരിഗണിക്കാവുന്നതാണ്.

മുനിസിപ്പാലിറ്റികളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾക്ക് ആനുപാതികമായി മാനവശേഷി ഉണ്ടെന്ന് ഉറപ്പാക്കാൻ, നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാനവശേഷി ആവശ്യകതകളുടെ, ഇനിയും നിശ്ചയിക്കാനിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള, വിലയിരുത്തൽ എത്രയും നേരത്തെ ഏറ്റെടുക്കേണ്ടതുണ്ട്.

**തിരുവനന്തപുരം,**

**(അനിം ചെറിയാൻ)**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് – I), കേരള**

**മേലൊപ്പിട്ടത്**

**ന്യൂഡൽഹി,**

**(ഗിരീഷ് ചന്ദ്ര മുർമു)**
**ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

# അനുബന്ധങ്ങൾ

## അനുബന്ധം 1.1
## തെരഞ്ഞെടുത്ത യുഎൽബികളുടെ ലിസ്റ്റ്
*(സൂചിക: ഖണ്ഡിക 1.5)*

### കോർപ്പറേഷനുകൾ

1. തിരുവനന്തപുരം കോർപ്പറേഷൻ
2. കൊച്ചി കോർപ്പറേഷൻ
3. കോഴിക്കോട് കോർപ്പറേഷൻ

### മുനിസിപ്പാലിറ്റികൾ

1. നെടുമങ്ങാട്
2. കായംകുളം
3. ഹരിപ്പാട്
4. പന്തളം
5. തിരുവല്ല
6. പത്തനംതിട്ട
7. കട്ടപ്പന
8. ആലുവ
9. ഇരിഞ്ഞാലക്കുട
10. വടക്കാഞ്ചേരി
11. പൊന്നാനി
12. ഒറ്റപ്പാലം
13. ചെർപ്പുളശ്ശേരി
14. കൽപ്പറ്റ
15. കൊടുവള്ളി
16. പാനൂർ
17. മട്ടന്നൂർ
18. നീലേശ്വരം

## അനുബന്ധം 2.1
## 74-ാം ഭേദഗതിനിയമവുമായുള്ള സംസ്ഥാനതല നിയമനിർമ്മാണങ്ങളുടെ താരതമ്യം

*(സൂചിക: ഖണ്ഡികകൾ 2.2, 2.5)*

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | നിരീക്ഷണം |
|---|---|---|---|
| അനുച്ഛേദം 243 ക്യൂ | **മുനിസിപ്പാലിറ്റികളുടെ രൂപീകരണം:** ചെറിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കൗൺസിൽ, പരിവർത്തന പ്രദേശത്തിന് ഒരു നഗര പഞ്ചായത്ത്, വലിയ നഗരപ്രദേശത്തിന് മുനിസിപ്പൽ കോർപ്പറേഷൻ എന്നിങ്ങനെ മൂന്ന് തരത്തിലുള്ള നഗരസഭകളുടെ രൂപീകരണത്തിന് ഇത് വ്യവസ്ഥ ചെയ്യുന്നു. | **വകുപ്പ് 4 - മുനിസിപ്പാലിറ്റികളുടെ രൂപീകരണവും പരിവർത്തനവും മാറ്റവും** | പരിവർത്തന പ്രദേശത്തിനായി നഗര പഞ്ചായത്തിനും ചെറിയ നഗര പ്രദേശത്തിന് മുനിസിപ്പൽ കൗൺസിലിനും വലിയ നഗരപ്രദേശത്തിന് മുനിസിപ്പൽ കോർപ്പറേഷനും വ്യവസ്ഥ ചെയ്യുന്നു. എന്നിരുന്നാലും, സംസ്ഥാനത്ത് നഗര പഞ്ചായത്തുകൾ വിജ്ഞാപനം ചെയ്തതായി/ രൂപീകരിച്ചതായി കണ്ടില്ല. |
| അനുച്ഛേദം 243 ആർ | **മുനിസിപ്പാലിറ്റികളുടെ ഘടന:** ഒരു മുനിസിപ്പാലിറ്റിയിലെ എല്ലാ സീറ്റുകളും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക പരിജ്ഞാനമുള്ള വ്യക്തികളാലും നികത്തപ്പെടേണ്ടതാണ്. ഒരു സംസ്ഥാനത്തെ നിയമസഭയ്ക്ക് നിയമം വഴി, മുനിസിപ്പൽ പ്രദേശം മുഴുവനായോ ഭാഗികമായോ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും മുനിസിപ്പൽ പ്രദേശത്തിനകത്ത് സമ്മതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ള രാജ്യസഭാംഗങ്ങൾക്കും സംസ്ഥാനത്തെ നിയമസമിതിയിലെ അംഗങ്ങൾക്കും മുനിസിപ്പാലിറ്റിയിലേക്ക് പ്രാതിനിധ്യം നൽകാവുന്നതാണ്. | **വകുപ്പ് 6 - കൗൺസിലിന്റെ രൂപീകരണം** | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക പരിജ്ഞാനമുള്ള വ്യക്തികൾക്കും മുനിസിപ്പൽ പ്രദേശം മുഴുവനായോ ഭാഗികമായോ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും മുനിസിപ്പൽ പ്രദേശത്തിനകത്ത് സമ്മതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ള രാജ്യസഭാംഗങ്ങൾക്കും സംസ്ഥാനത്തെ നിയമസഭാംഗങ്ങൾക്കും പ്രാതിനിധ്യം നൽകിയിട്ടില്ല. |

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | നിരീക്ഷണം |
|---|---|---|---|
| അനുച്ഛേദം 243 എസ് | **വാർഡ് കമ്മിറ്റിയുടെ രൂപീകരണവും ഘടനയും:** മൂന്നു ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള എല്ലാ മുനിസിപ്പാലിറ്റികളിലും വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. | **വകുപ്പ് 42 - വാർഡ് കമ്മിറ്റികളുടെ രൂപീകരണം** ജനസംഖ്യ ഒരു ലക്ഷം കവിയുന്ന ഓരോ മുനിസിപ്പാലിറ്റിയിലും, അതിന്റെ രൂപീകരണ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ വകുപ്പ് 43-ൽ നൽകിയിരിക്കുന്ന പ്രകാരം ആ മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിനും ഒരു വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. | മൂന്ന് ലക്ഷത്തിന് പകരം, ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| അനുച്ഛേദം 243 ടി | **സീറ്റുകളുടെ സംവരണം:** പട്ടികജാതി/പട്ടികവർഗ്ഗാക്കാർക്കും വനിതകൾക്കും സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ്.[59] | **വകുപ്പ് 6(5) മുതൽ (8) - കൗൺസിലിന്റെ രൂപീകരണം** പട്ടികജാതി/പട്ടിക വർഗക്കാർക്കും സ്ത്രീകൾക്കും സീറ്റ് സംവരണത്തിനുള്ള വ്യവസ്ഥ വ്യക്തമാക്കി. | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 യു | **മുനിസിപ്പാലിറ്റികളുടെ കാലാവധി:** മുനസിപ്പാലിറ്റിക്ക് അതിന്റെ ആദ്യ യോഗം ചേരുന്ന തീയതി മുതൽ അഞ്ച് വർഷത്തെ നിശ്ചിത കാലാവധിയുണ്ട്. കാലാവധി അവസാനിച്ച് ആറ് മാസത്തിനുള്ളിൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. | **വകുപ്പ് 7- മുനിസിപ്പാലിറ്റികളുടെ കാലാവധിയും ഒഴിവുകൾ നികത്തലും** | ഉൾപ്പെടുത്തിയിട്ടുണ്ട് |

[59] ഇരുപതോ അതിൽ കുറവോ അനുവദിക്കപ്പെട്ട അംഗബലമുള്ള ഓരോ മുനിസിപ്പൽ കൗൺസിലിലും, വനിതകൾക്കായുള്ള സംവരണം ചെയ്യപ്പെടുന്നതിന്റെ എണ്ണം ഒന്നായിരിക്കുകയും ഇരുപതിൽ കൂടുതൽ അനുവദിക്കപ്പെട്ട അംഗബലമുള്ള മുനിസിപ്പൽ കൗൺസിലുകളിൽ, അത്തരം സംവരണങ്ങളുടെ എണ്ണം രണ്ടായിരിക്കുകയും വേണമെന്ന് കെ.എം. ആക്ട് 1960 വിഭാവനം ചെയ്തിരുന്നു.

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 വി | **അംഗത്വത്തിനുള്ള അയോഗ്യതകൾ** : താഴെപ്പറയുന്ന സന്ദർഭങ്ങളിൽ മുനിസിപ്പാലിറ്റി അംഗമാകുന്നതിൽ നിന്നും ഒരു വ്യക്തിയെ അയോഗ്യനാക്കാം<br>• ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്കായി തൽസമയം പ്രാബല്യത്തിൽ വരുന്ന ഏതെങ്കിലും നിയമം വഴിയോ അല്ലെങ്കിൽ അതിനു കീഴിലോ അയോഗ്യനാക്കപ്പെടുന്ന പക്ഷം<br>• സംസ്ഥാനത്തെ നിയമസഭ ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ അതിനു കീഴിലോ അയോഗ്യനാക്കപ്പെടുന്ന പക്ഷം | **വകുപ്പ് 91 - കൗൺസിലർമാരുടെ അയോഗ്യത** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഡബ്ല്യു | **മുനിസിപ്പാലിറ്റികളുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്തങ്ങളും:**<br>എല്ലാ മുനിസിപ്പാലിറ്റികൾക്കും ഫലപ്രദമായി സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നൽകുന്നതാണ്. പന്ത്രണ്ടാം ഷെഡ്യൂളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ അവരെ പ്രാപ്തരാക്കുന്നതിന് അത്തരം അധികാരങ്ങളും അധികാരശക്തിയും സംസ്ഥാന സർക്കാർ ഏൽപ്പിക്കുന്നതാണ്. | **വകുപ്പ് 5 (2) - മുനിസിപ്പാലിറ്റിയുടെ ഏകാംഗീകരണവും ഭരണവും**<br>ഓരോ മുനിസിപ്പാലിറ്റിയും, ഈ നിയമത്തിന് അല്ലെങ്കിൽ തൽസമയം നിലവിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിന് കീഴിലോ അല്ലെങ്കിൽ വ്യവസ്ഥ ചെയ്യുന്നതോ ആയ അത്തരം അധികാരങ്ങൾ പ്രയോഗിക്കുകയും അത്തരം കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ഉത്തരവാദിത്വങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുന്നതുമാണ്. | നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും അധികാരശക്തിയും പന്ത്രണ്ടാം ഷെഡ്യൂളുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കിയിട്ടില്ല. |

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 എക്സ് | **മുനിസിപ്പാലിറ്റികൾക്ക് നികുതി ചുമത്താനുള്ള അധികാരവും ഫണ്ടുകളും:**<br>• മുനിസിപ്പാലിറ്റികൾക്ക് നികുതി, ഫീസ്, തീരുവ തുടങ്ങിയവ ഈടാക്കാനും പിരിക്കാനും അധികാരം നൽകും.<br>• സംസ്ഥാനത്ത് നിന്ന് മുനിസിപ്പാലിറ്റികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകും<br>• മുനിസിപ്പാലിറ്റിക്ക് പണം ക്രെഡിറ്റ് ചെയ്യുന്നതിനും പിൻവലിക്കുന്നതിനുമുള്ള ഫണ്ടുകളുടെ രൂപീകരണം | **വകുപ്പ് 230 - നികുതികളും തീരുവകളും ഇനം തിരിച്ച് പറയൽ**<br><br>**വകുപ്പ് 279 - സർക്കാരിന്റെ നിർദ്ദേശത്തിന്മേൽ നികുതി ചുമത്തൽ**<br><br>**വകുപ്പ് 283 - മുനിസിപ്പൽ ഫണ്ട്** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 വൈ<br><br>അനുച്ഛേദം 243 ഐ യോടൊപ്പം ചേർത്ത് വായിക്കുക | **ധനകാര്യ കമ്മീഷൻ:**<br>• മുനിസിപ്പാലിറ്റികളുടെ സാമ്പത്തികനില അവലോകനം ചെയ്യുകയും മുനിസിപ്പൽ സ്ഥാപനങ്ങളുടെ സാമ്പത്തിക നില ഉയർത്താൻ സഹായിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതിന്<br>• സംസ്ഥാന ഗവൺമെന്റ് ഈടാക്കുന്ന നികുതികൾ, ഫീസ്, ടോളുകൾ, ഡ്യൂട്ടികൾ എന്നിവയുടെ മൊത്തം വരുമാനം സംസ്ഥാനത്തിനും മുനിസിപ്പാലിറ്റികൾക്കും ഇടയിൽ വീതിക്കുന്നതിന്<br>• സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് സംസ്ഥാനത്തെ മുനിസിപ്പൽ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന്;<br>സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷൻ രൂപീകരിക്കേണ്ടതാണ് | **വകുപ്പ് 205 - ധനകാര്യ കമ്മീഷൻ**<br>**വകുപ്പ് 206 - ധനകാര്യ കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് | **മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ്:**<br>മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകളുടെ പരിപാലനത്തിനും അത്തരം അക്കൗണ്ടുകളുടെ ഓഡിറ്റിംഗിനും വ്യവസ്ഥ ചെയ്യുന്നു. | **വകുപ്പ് 295 - അക്കൗണ്ടുകളും ഓഡിറ്റും** | ഉൾപ്പെടുത്തിയിട്ടുണ്ട് |

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 ഇസഡ് എ<br><br>അനുച്ഛേദം 243 കെ യോടൊപ്പം ചേർത്ത് വായിക്കുക | **മുനിസിപ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പ്:**<br><br>മുനിസിപ്പാലിറ്റികളുടെ തെരഞ്ഞെടുപ്പിന്റെ എല്ലാ നടപടിക്രമങ്ങളുടെയും മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ (എസ്.ഇ.സി) നിക്ഷിപ്ത മായിരിക്കും | **വകുപ്പ് 68 -**<br><br>**മുനിസിപ്പാലിറ്റി കളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് ബി | **കേന്ദ്രഭരണപ്രദേശങ്ങൾക്കുള്ള ബാധകത:** ഈ ഭാഗത്തിലെ വ്യവസ്ഥകൾ കേന്ദ്രഭരണ പ്രദേശങ്ങൾക്ക് ബാധകമായിരിക്കും | | കെ.എം ആക്ടിൽ വ്യവസ്ഥകളൊന്നും നൽകിയിട്ടില്ല |
| അനുച്ഛേദം 243 ഇസഡ് സി | **ഈ ഭാഗം ചില പ്രദേശങ്ങളിൽ ബാധകമല്ല:** ചില പട്ടിക പ്രദേശങ്ങൾക്കും ഗോത്രവർഗ്ഗപ്രദേശങ്ങൾക്കും ഭാഗം ബാധകമല്ല | | കെ.എം ആക്ടിൽ വ്യവസ്ഥകളൊന്നും നൽകിയിട്ടില്ല |
| അനുച്ഛേദം 243 ഇസഡ് ഡി | **ജില്ലാ ആസൂത്രണത്തിനുള്ള സമിതി**<br>• ജില്ലാതലത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ രൂപീകരണം<br>• ജില്ലാ ആസൂത്രണ സമിതിയുടെ ഘടന<br>• കരട് വികസന പദ്ധതി തയ്യാറാക്കി സർക്കാരിന് കൈമാറുക | **വിഭാഗം 53 - ജില്ലാ ആസൂത്രണ സമിതി** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് ഇ | **വൻനഗര ആസൂത്രണത്തിനുള്ള കമ്മിറ്റി:** 10 ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള (അനുച്ഛേദം 243 പി യിൽ നിർവചിച്ചിരിക്കുന്നത് പ്രകാരം) ഓരോ വൻനഗര പ്രദേശത്തും ഒരു വൻനഗര ആസൂത്ര സമിതി (എം.പി.സി) രൂപീ കരിക്കുന്നതിനുള്ള വ്യവസ്ഥ | **വകുപ്പ് 54 - വൻനഗര ആസൂത്രണ സമിതി**<br>(1) ഒരു വൻനഗര പ്രദേശത്തിന് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിന് ഗസറ്റ് വിജ്ഞാപനം വഴി പ്രദേശത്തിന് ഒരു വൻനഗര ആസൂത്രണ കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ് | കെ.എം ആക്ടിൽ വൻനഗര പ്രദേശം നിർവചിട്ടില്ല. എന്നിരുന്നാലും, ജനസംഖ്യ 10 ലക്ഷമോ അതിൽ കൂടുതലോ എന്ന് വ്യക്തമാക്കാതെ, വൻനഗര പ്രദേശത്ത് വൻനഗര ആസൂത്രണസമിതി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## അനുബന്ധം 2.1 (അവസാനിച്ചു.)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 ഇസഡ് എഫ് | **നിലവിലുള്ള നിയമങ്ങളുടെയും മുനിസിപ്പാലിറ്റികളുടെയും തുടർച്ച:** ഈ ഭാഗത്തിൽ എന്തു തന്നെയായിരുന്നാലും 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്ടിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ്, മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരുന്നതും, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായതുമായ, ഏതെങ്കിലും നിയമത്തിന്റെ, ഏതു വ്യവസ്ഥയും ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെയോ അങ്ങനെയുള്ള പ്രാരംഭം മുതൽ ഒരു വർഷം അവസാനിക്കുന്നതുവരെയോ, ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്. | **വകുപ്പ് 575 - റദ്ദാക്കലും ഒഴിവാക്കലും** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് ജി | **തെരഞ്ഞെടുപ്പ് വിഷയങ്ങളിൽ കോടതികളുടെ ഇടപെലിന് വിലക്ക്:** (എ) നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങൾക്ക് സീറ്റുകൾ നല്കുന്നതോ സംബന്ധിച്ച് 243 ഇസഡ് എ അനുച്ഛേദത്തിൻ കീഴിൽ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും, സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല.<br>(ബി) ഏതെങ്കിലും മുനിസിപ്പാലിറ്റിയിലേക്കുള്ള യാതൊരു തെരഞ്ഞെടുപ്പും ഒരു സംസ്ഥാനത്തിന്റെ നിയമസഭ ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൽ കീഴിലോ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിക്കപ്പെട്ട ഒരു ഹർജി മുഖാന്തരമല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല. | **സെക്ഷൻ 70 - അതിർത്തിനിർണ്ണത്തിന്റെയും മറ്റും സാധുത സെക്ഷൻ 163 - തെരഞ്ഞെടുപ്പ് ഹർജികൾ** | ഉൾപ്പെടുത്തിയിട്ടുണ്ട് |

*(സ്രോതസ്സ് :74-ാം ഭരണഘടനാ ഭേദഗതി നിയമം, കെ.എം.ആക്ട്, 1994)*

## അനുബന്ധം 2.2
## പ്രവർത്തന മാപ്പിംഗ്
*(സൂചിക: ഖണ്ഡിക 2.3)*

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ട ത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 1. | ടൗൺ പ്ലാനിംഗ് നഗരാസൂത്രണം | വിശദമായ നഗരാസൂത്രണത്തിന്റെയും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള കർമപദ്ധതിയുടെയും തയ്യാറാക്കൽ (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• മാസ്റ്റർ പ്ലാനും വിശദമായ ടൗൺപ്ലാനിംഗ് പദ്ധതിയും യുഎൽബികൾ തയ്യാറാക്കുകയോ തയ്യാറാക്കിപ്പിക്കുകയോ ചെയ്യേണ്ടതാണ്.<br>• മാസ്റ്റർ പ്ലാനും വിശദമായ നഗരാസൂത്രണ സ്കീമും തയ്യാറാക്കുന്നതിനും നഗരഗ്രാമാസൂത്രണ വകുപ്പിനെ കൊണ്ട് അവ തയ്യാറാക്കിപ്പിക്കുന്നതിനും യുഎൽബികൾ പ്രമേയം പാസാക്കി. |
| 2. | ഭൂവിനിയോഗത്തിന്റെയും കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെയും എന്നിവയുടെ നിയന്ത്രണം | കെട്ടിട നിർമ്മാണം നിയന്ത്രിക്കൽ (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• കെ.എം. ആക്ടിന്റെ ഒന്നാം പട്ടികയിൽ ഭൂവിനിയോഗ നിയന്ത്രണം ഒരു ചുമതലയായി പരാമർശിച്ചിട്ടില്ല. എന്നിരുന്നാലും, കെ.എം. ആക്ടിലെ 381-ാം വകുപ്പ് ഭൂവിനിയോഗം നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.<br>• മാസ്റ്റർ പ്ലാനും വിശദമായ ടൗൺ പ്ലാനിംഗ് പദ്ധതികളും നഗരഗ്രാമാസൂത്രണ വകുപ്പാണ് തയ്യാറാക്കുന്നത്. |
| 3. | സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനുള്ള ആസൂത്രണം | വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുക (ബി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• പദ്ധതി രൂപീകരണവും സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി എല്ലാ വർഷവും മുനിസിപ്പാലിറ്റികൾ വികസന പദ്ധതികൾ തയ്യാറാക്കുന്നു.<br>• കൈമാറ്റം ചെയ്ത വകുപ്പുകളും പദ്ധതി നിർവ്വഹണത്തിൽ പങ്കുചേരുന്നു. വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികളുടെ നിരവ്വഹണകരങ്ങളായി യുഎൽബികൾ പ്രവർത്തിക്കുന്നു. |
| 4. | റോഡുകളും പാലങ്ങളും | റോഡുകളുടെയും മറ്റ് പൊതുമുതലുകളുടെയും പരിപാലനം (എ) മുനിസിപ്പാലിറ്റികളിലെ ദേശീയ പാതകളും, സംസ്ഥാന പാതകളും പ്രധാന ജില്ലാറോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക (സി) കാൽനടയാത്രക്കാർക്ക് നടപ്പാതയും റോഡ് മുറിച്ചുകടക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ (എ) | **യുഎൽബികൾക്ക് പൂർണ്ണമായ അധികാരം** |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ട ത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 5. | ഗാർഹിക വ്യാവസായിക വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലവിതരണം | അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക (സി)<br>അതത് മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക (സി)<br>പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം (എ)<br>കുളങ്ങളുടെയും മറ്റ് ജലസംഭരണികളുടെയും സംരക്ഷണം (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• കേരള വാട്ടർ അതോറിറ്റിയാണ് പ്രധാന പങ്ക് വഹിക്കുന്നത്. യുഎൽബിയിലെ പദ്ധതിരഹിത പ്രദേശങ്ങൾക്കായി വിതരണ പൈപ്പ് ലൈൻ വിപുലീകരണ പ്രവർത്തനങ്ങൾ ഡെപ്പോസിറ്റ് വർക്കുകളായി കെഡബ്ല്യുഎ ക്രമീകരിക്കുന്നു.<br>• പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ പരിപാലനവും കുളങ്ങളുടെയും ജലസംഭരണികളുടെയും സംരക്ഷണവും യുഎൽബികൾ ഏറ്റെടുക്കുന്നു. |
| 6. | പൊതുജനാരോഗ്യം, ശുചിത്വ സംരക്ഷണം, ഖരമാലിന്യ സംസ്കരണം | എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന ഡിസ്പെൻസറികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവ പ്രവർത്തിപ്പിക്കുക (സി)<br>ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃ സംരക്ഷണ ഭവനങ്ങളും നടത്തുക (സി)<br>രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടപ്പാക്കുക (സി)<br>കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക (സി)<br>രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക (എ)<br>രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ദേശീയ സംസ്ഥാന തലനയങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കൽ (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• പ്രവർത്തന നിർവ്വഹണത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഏർപ്പെട്ടിരിക്കുന്നു. മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും യുഎൽബികളെ ഏൽപ്പിക്കുന്നു.<br>• തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ (എച്ച്.എം.സി) മുഖേന ആശുപത്രി പ്രവർത്തനങ്ങളിൽ പരിമിതമായ നിയന്ത്രണം ചെലുത്തുന്നു.<br>• എല്ലാ ചികിത്സാസമ്പ്രദായങ്ങൾക്കും കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങൾ കൂടാതെ ശിശുക്ഷേമ കേന്ദ്രങ്ങൾ, മാതൃസംരക്ഷണ കേന്ദ്രങ്ങൾ, കുടുംബക്ഷേമ പരിപാടികൾ നടത്തുക മുതലായ ചുമതലകൾ നിർവ്വഹിക്കുന്നത് കുടുംബക്ഷേമ വകുപ്പാണ്.<br>• പ്രതിരോധ കുത്തിവയ്പുകളും രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നയങ്ങളും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിധിയിലാണ്. |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്റ്റിൽ ഉൾപ്പെട്ട ത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| | | ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക (സി)<br>ഖരമാലിന്യങ്ങളുടെ ശേഖരണവും നിർമ്മാർജനവും ദ്രവമാലിന്യം നീക്കം ചെയ്യുന്നതിന്റെ ക്രമീകരണവും (എ)<br>പരിസ്ഥിതി ശുചിത്വപരിപാലനം (എ) | • ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷൻ ഭരണപരവും സാങ്കേതികവുമായ പിന്തുണ നൽകുന്നു.<br>• ശുചിത്വ മിഷൻ വഴി കേന്ദ്രസംസ്ഥാന ഫണ്ടുകൾ യുഎൽബികൾക്ക് ലഭ്യമാക്കുന്നു.<br>• ശുചിത്വ മിഷൻ മഴക്കാല പൂർവ ശുചീകരണത്തിനായി വാർഡ് ശുചിത്വ സമിതികൾക്ക് ഫണ്ട് നൽകുന്നു.<br>• ദ്രവമാലിന്യ നിർമ്മാർജനം കെഡബ്ല്യൂഎ / വകുപ്പ് നടത്തുന്നു. യുഎൽബികൾ ഖരമാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും നടത്തുന്നു.<br>• പരിസ്ഥിതി ശുചിത്വ പരിപാലനം യുഎൽബികളുടെ അനിവാര്യ ചുമതലയാണ്. താത്കാലിക ശുചീകരണ ജീവനക്കാരെ വെച്ച് യുഎൽബികൾ പൊതു ചന്തകളും തെരുവകളും വൃത്തിയാക്കുന്നു.<br>• യുഎൽബികൾ ഖരമാലിന്യ സംസ്കരണത്തിനായുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. |
| | | പൊതു-ചന്തകൾ പരിപാലിക്കുക | • യുഎൽബികൾ നിയന്ത്രിക്കുന്നു |
| 7. | അഗ്നിശമന സേവനങ്ങൾ | | **കൈമാറ്റം ചെയ്തിട്ടില്ല.** |
| 8. | നഗര വനവൽക്കരണം, പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതിക വശങ്ങളുടെ പ്രോത്സാഹനം | കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും വളർത്തുക (സി)<br>മരങ്ങൾ നടുന്നതിനും പരിസ്ഥിതി ബോധവൽക്കരണത്തിനുമായി ക്യാമ്പയിൻ സംഘടിപ്പിക്കുക (സി)<br>പാഴ്ഭൂമിയിലെ വനവൽക്കരണം (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>കാലിത്തീറ്റ, വിറക് മുതലായവയ്ക്കായി മരങ്ങൾ വളർത്തുന്നതിലും വനവൽക്കരണത്തിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിലും വനം വകുപ്പ് ഏർപ്പെട്ടിരിക്കുന്നു. |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം. ആക്ടിൽ ഉൾപ്പെട്ടത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 9. | വികാലംഗരും ബുദ്ധിമാന്ദ്യമുള്ളവരും ഉൾപ്പെടുന്ന സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക | അംഗൻവാടികൾ പ്രവർത്തിപ്പിക്കുക (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• യുഎൽബികൾ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നു<br>• ഐസിഡിഎസ് ഓഫീസറാണ് പോഷകാഹാര പരിപാടികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.<br>• പോഷകാഹാര പരിപാടികൾക്കുള്ള കേന്ദ്രഫണ്ടിന്റെ 50 ശതമാനവും ലഭ്യമാക്കുന്നത് വനിതാ ശിശു വികസന വകുപ്പിലൂടെയാണ്. |
| | | അഗതികൾ, വിധവകൾ, വികലാംഗർ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക(സി) | • അഗതികൾ, വിധവകൾ, ഭിന്നശേഷിക്കാർ, കർഷകത്തോഴിലാളികൾ എന്നിവർക്കുള്ള പെൻഷൻ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും യുഎൽബികളാണ്<br>• മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള ഫണ്ട് സർക്കാർ നൽകുന്നു |
| | | തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക (സി) | • തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും യുഎൽബികൾ ആണ്<br>• മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള ഫണ്ട് സർക്കാർ നൽകുന്നു |
| | | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക (സി) | • യുഎൽബികളും പട്ടികജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസനവകുപ്പും അനുവദിക്കുന്ന സാമ്പത്തിക സഹായം |
| | | വികലാംഗർ, അഗതികൾ മുതലായവരുടെ ക്ഷേമത്തിനായി സ്ഥാപനങ്ങൾ ആരംഭിക്കുക (സി) | • സാമൂഹികനീതി വകുപ്പ് വികലാംഗർ, അഗതികൾ മുതലായവരുടെ ക്ഷേമത്തിനായി സ്ഥാപനങ്ങൾ നടത്തുന്നു. |
| | | ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും തിരിച്ചറിയുകയും വീടും സ്ഥലവും നൽകുകയും ചെയ്യുക (സി)<br>പ്രത്യേക ഘടക പദ്ധതിയുടെയും (എസ്.സി.പി) ഗോത്രവർഗ്ഗ ഉപ പദ്ധതിയുടെയും (ടി.എസ്.പി) കീഴിൽ ഗുണഭോക്താധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക (സി) | • പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) ഗോത്രവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിവയ്ക്ക് കീഴിൽ യുഎൽബി ഗുണഭോക്താധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നു |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം. ആക്ടിൽ ഉൾപ്പെട്ടത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക (സി)<br>പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക (സി)<br>സഹായം അർഹിക്കുന്ന പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും വിവേചനപൂർവ്വം സഹായം നൽകുക (സി) | • വാസകേന്ദ്രങ്ങളിൽ യുഎൽബികൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.<br>• യുഎൽബികളും എസ്.സി / എസ്.ടി വികസന വകുപ്പും എസ്.സി / എസ്.ടി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നു |
| | | മുനിസിപ്പൽ പ്രദേശത്ത് നഴ്സറി സ്കൂളുകൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, എസ് സി/എസ് ടി ക്ക് പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സഹകരണസംഘങ്ങൾ എന്നിവ നടത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക (സി) | • പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ് നഴ്സറി സ്കൂളുകൾ, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ കേന്ദ്രങ്ങൾ, പ്രീമെട്രിക് പോസ്റ്റ്—മെട്രിക് ഹോസ്റ്റലുകൾ തുടങ്ങിയവ നടത്തുന്നു. |
| | | ഭവനനിർമ്മാണ പദ്ധതികൾ, അഭയകേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ, ചെലവ് കുറഞ്ഞ ഭവന നിർമ്മാണം, ഭവന സമുച്ചയത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം മുതലായവ നടപ്പിലാക്കുക (സി)<br>ഭവന നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുക (സി) | • പദ്ധതി നടപ്പിലാക്കുന്നതിനായി യുഎൽബികൾ, ഫണ്ട് സ്വരൂപിക്കുന്നു<br>• യുഎൽബികൾ ഭവനനിർമ്മാണ വകുപ്പ്, പട്ടികജാതി / പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ഭവന പദ്ധതികൾ നടപ്പിലാക്കുന്നു. കുടുംബശ്രീയും നിർവ്വഹണത്തിൽ പങ്ക് വഹിക്കുന്നു. |
| 10. | ചേരി മെച്ചപ്പെടുത്തലും നവീകരണവും | ചേരിപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം**<br>കുടുംബശ്രീ വഴി നടപ്പാക്കൽ |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ടത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 11. | നഗര ദാരിദ്ര്യ നിർമ്മാർജനം | ദരിദ്രരെ കണ്ടെത്തുക (സി)<br>പാവപ്പെട്ടവർക്കായി പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതികൾ നടപ്പിലാക്കുക (സി)<br>ദരിദ്രർക്ക് തുടർച്ചയായ പ്രയോജനം ലഭിക്കുന്നതിന് സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക (സി)<br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ സ്വയം തൊഴിൽ ചെയ്യുന്നതിനും പ്രതിഫലം ലഭിക്കുന്ന തൊഴിലിനുമുള്ള കഴിവുകൾ വികസിപ്പിക്കുക (സി)<br>സ്വയം പദ്ധതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക (സി) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം**<br>• വാർഡ് കമ്മിറ്റികൾ/വാർഡ് സഭകൾ വഴി വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ പങ്കാളിത്തത്തിലൂടെ യുഎൽബികൾ ഏർപ്പെടുന്നു.<br>• യുഎൽബികൾക്ക് നൽകുന്ന ഗ്രാന്റുകൾ ഉപയോഗിച്ച് പ്ലാൻ സ്കീമുകൾ നടപ്പിലാക്കുക.<br>• എൻഎച്ച്ജി/എസ്എച്ച്ജികൾ വഴി കുടുംബശ്രീ പദ്ധതികൾ നടപ്പിലാക്കുന്നു. യുഎൽബികൾ ആസ്തികൾ സൃഷ്ടിക്കുന്നു. |
| 12. | പാർക്കുകൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങിയ നാഗരിക സൗകര്യങ്ങൾ ലഭ്യമാക്കുക | കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• സ്മാർട്ട് സിറ്റി മിഷനും അമൃത് മിഷനും നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്നു. |
| | | വാഹനങ്ങൾക്ക് പാർക്കിംഗ് സ്ഥലം നൽകൽ (എ)<br>യാത്രക്കാർക്കുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മാണം (എ)<br>പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് സൗകര്യങ്ങളും കളിസ്ഥലങ്ങളും ഒരുക്കുക (എ) | പൊതു സ്ഥലങ്ങളിൽ പാർക്കിംഗ് സ്ഥലങ്ങൾ, വെയിറ്റിംഗ് ഷെഡുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ യുഎൽബികൾ ഏർപ്പെടുത്തുന്നു. |
| 13. | സാംസ്കാരികവും വിദ്യാഭ്യാസപരവും സൗന്ദര്യാത്മകവുമായ വശങ്ങളുടെ പ്രോത്സാഹനം | മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക (എ)<br>മുനിസിപ്പൽ പ്രദേശത്ത് സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളുകൾ, സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ, സർക്കാർ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ, ഗവൺമെന്റ് ടെക്നിക്കൽ സ്കൂളുകൾ, സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, പോളിടെക്നിക്കുകൾ എന്നിവ നടത്തുക (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• വിദ്യാഭ്യാസ വകുപ്പും ടൂറിസം വകുപ്പും ഏർപ്പെടുന്നു<br>• പ്രീ-പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളുകൾ എന്നിവ മാത്രമേ സ്കീമുകൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥരുള്ള തദ്ദേശ സ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ടിട്ടുള്ളൂ<br>• സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) സമഗ്രശിക്ഷകേരള (എസ്.എസ്.കെ) പദ്ധതികൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്നു.<br>• യുഎൽബികൾ ടോയ്‌ലറ്റുകൾ നൽകുകയും സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുകയും ഫർണിച്ചർ നൽകൽ, അധ്യാപക പരിശീലനം മുതലായ വിവിധ ഇനങ്ങൾക്കായി എസ്എസ്എ വരുത്തുന്ന ചെലവിന്റെ 40 ശതമാനം വിഹിതം സംഭാവന നൽകുകയും ചെയ്യുന്നു. |

## അനുബന്ധം 2.2 (അവസാനിച്ചു.)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ടത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 14. | ശവസംസ്കാരങ്ങളും ശ്മശാനങ്ങളും ശവദാഹങ്ങളും ശവദാഹഭൂമിയും വൈദ്യുതശ്മശാനങ്ങളും | ശ്മശാനങ്ങളുടെയും ശവദാഹഭൂമികളുടെയും സ്ഥാപനവും പരിപാലനവും (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |
| 15. | കന്നുകാലി പൗണ്ടുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയൽ | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും തെരുവ് നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക (എ)<br>മൃഗങ്ങളോടുള്ള ക്രൂരത തടയൽ (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• വളർത്തു നായ്ക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് ലൈസൻസ് നൽകുന്നു. തെരുവ് നായ്ക്കളുടെ നിയന്ത്രണവും മൃഗങ്ങളോടുള്ള ക്രൂരത തടയലും വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. |
| 16. | ജനന മരണ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സുപ്രധാന സ്ഥിതി വിവരക്കണക്കുകൾ | ജനന മരണ രജിസ്ട്രേഷൻ (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |
| 17. | തെരുവ് വിളക്കുകൾ, പാർക്കിംഗ് സ്ഥലങ്ങൾ, ബസ് സ്റ്റോപ്പുകൾ, മുതലായ പൊതു സൗകര്യങ്ങൾ | തെരുവ് വിളക്കുകൾ കത്തിക്കലും അവയുടെ പരിപാലനവും (എ)<br>വാഹനങ്ങൾക്ക് പാർക്കിംഗ് സ്ഥലങ്ങൾ ഏർപ്പെടുത്തുക (എ)<br>യാത്രക്കാർക്കുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മാണം, പൊതു സ്ഥലങ്ങളിൽ ടോയ് ലറ്റ് സൗകര്യങ്ങളും കുളിസ്ഥലങ്ങളും ഒരുക്കുക (എ)<br>കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക (എ)<br>കടത്തുകൾ ഏർപ്പെടുത്തുക (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |
| 18. | കശാപ്പ് ശാലകളും തോൽപ്പണിശാലകളുടെയും നിയന്ത്രണം | മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന്റെയും മാംസം, മത്സ്യം, മറ്റ് എളുപ്പത്തിൽ കേടാകുന്ന ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിൽപ്പനയുടെയും ക്രമീകരണം (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |

*(സ്രോതസ്സ് : 74-ാം ഭരണഘടനാ ഭേദഗതി നിയമം, സർക്കാർ ഉത്തരവുകൾ)*

## അനുബന്ധം 2.3
## കൗൺസിലർമാരുടെ എണ്ണത്തിൽ സംസ്ഥാന വ്യാപകമായ കുറവ്
*(സൂചിക: ഖണ്ഡിക 2.5.1)*

| ക്രമ നമ്പർ | ജില്ല | യുഎൽബി | ജനസംഖ്യ | ആവശ്യമായ കൗൺസിലർമാരുടെ എണ്ണം | കൗൺസിലർമാരുടെ യഥാർത്ഥ എണ്ണം | കുറവ് | |
|---|---|---|---|---|---|---|---|
| **കോർപ്പറേഷൻ** | | | | | | | **കോർപ്പറേഷൻ:** പരമാവധി നൂറ് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ നാല് ലക്ഷം ജനസംഖ്യക്ക് അമ്പത്തിയഞ്ച് കൗൺസിലർമാരും നാല് ലക്ഷം കവിയുന്ന ഓരോ പതിനായിരം ജനസംഖ്യക്കും ഓരോന്ന് വീതവും |
| 1 | എറണാകുളം | കൊച്ചി | 602046 | 75 | 74 | 1 | |
| **മുനിസിപ്പാലിറ്റികൾ** | | | | | | | **മുനിസിപ്പാലിറ്റി :** പരമാവധി അമ്പത്തിരണ്ട് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപത്തിയഞ്ച് കൗൺസിലർമാരും ഇരുപതിനായിരം കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യക്കും ഓരോന്ന് വീതവും |
| 1 | എറണാകുളം | തൃപ്പൂണിത്തുറ | 92522 | 52 | 49 | 3 | |
| 2 | എറണാകുളം | കളമശ്ശേരി | 71038 | 45 | 42 | 3 | |
| 3 | എറണാകുളം | മരട് | 44704 | 34 | 33 | 1 | |
| 4 | എറണാകുളം | കോതമംഗലം | 38837 | 32 | 31 | 1 | |
| 5 | എറണാകുളം | മൂവാറ്റുപുഴ | 30397 | 29 | 28 | 1 | |
| 6 | എറണാകുളം | പിറവം | 29105 | 28 | 27 | 1 | |
| 7 | എറണാകുളം | പെരുമ്പാവൂർ | 28105 | 28 | 27 | 1 | |
| 8 | ഇടുക്കി | തൊടുപുഴ | 52025 | 37 | 35 | 2 | |
| 9 | കണ്ണൂർ | പയ്യന്നൂർ | 72311 | 45 | 44 | 1 | |
| 10 | കണ്ണൂർ | കൂത്തുപറമ്പ | 32405 | 29 | 28 | 1 | |
| 11 | കാസറഗോഡ് | കാഞ്ഞങ്ങാട് | 73536 | 46 | 43 | 3 | |
| 12 | കോട്ടയം | ചങ്ങനാശ്ശേരി | 56049 | 39 | 37 | 2 | |
| 13 | കോട്ടയം | ഏറ്റുമാനൂർ | 51129 | 37 | 35 | 2 | |
| 14 | കോട്ടയം | ഈരാറ്റുപേട്ട | 34245 | 30 | 28 | 2 | |
| 15 | കോഴിക്കോട് | വടകര | 80356 | 49 | 47 | 2 | |
| 16 | കോഴിക്കോട് | കൊയിലാണ്ടി | 71929 | 45 | 44 | 1 | |
| 17 | മലപ്പുറം | മഞ്ചേരി | 97102 | 52 | 50 | 2 | |
| 18 | മലപ്പുറം | പൊന്നാനി | 90491 | 52 | 51 | 1 | |
| 19 | മലപ്പുറം | മലപ്പുറം | 68088 | 44 | 40 | 4 | |
| 20 | മലപ്പുറം | തിരൂർ | 56058 | 39 | 38 | 1 | |
| 21 | മലപ്പുറം | പെരിന്തൽമണ്ണ | 49723 | 36 | 34 | 2 | |
| 22 | മലപ്പുറം | കോട്ടക്കൽ | 48342 | 36 | 32 | 4 | |
| 23 | മലപ്പുറം | നിലമ്പൂർ | 46342 | 35 | 33 | 2 | |

## അനുബന്ധം 2.3 (അവസാനിച്ചു.)

| ക്രമ നമ്പർ | ജില്ല | യുഎൽബി | ജനസംഖ്യ | ആവശ്യമായ കൗൺസിലർമാരുടെ എണ്ണം | കൗൺസിലർമാരുടെ യഥാർത്ഥ എണ്ണം | കുറവ് | |
|---|---|---|---|---|---|---|---|
| 24 | മലപ്പുറം | വളാഞ്ചേരി | 44437 | 34 | 33 | 1 | |
| 25 | പാലക്കാട് | ഒറ്റപ്പാലം | 53792 | 38 | 36 | 2 | |
| 26 | പാലക്കാട് | ഷൊർണ്ണൂർ | 43528 | 34 | 33 | 1 | |
| 27 | പത്തനംതിട്ട | പന്തളം | 45497 | 35 | 33 | 2 | |
| 28 | തിരുവനന്തപുരം | നെയ്യാറ്റിൻകര | 70840 | 45 | 42 | 3 | |
| 29 | തിരുവനന്തപുരം | നെടുമങ്ങാട് | 60161 | 41 | 39 | 2 | |
| 30 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | 71244 | 45 | 44 | 1 | |
| 31 | തൃശ്ശൂർ | ഗുരുവായൂർ | 70012 | 45 | 43 | 2 | |
| 32 | തൃശ്ശൂർ | കുന്നംകുളം | 54071 | 38 | 37 | 1 | |
| 33 | വയനാട് | കൽപ്പറ്റ | 31580 | 29 | 28 | 1 | |
| ആകെ | | | | | | 60 | |

*(സ്രോതസ്സ്: കെ.എം ആക്ട്, 1994, നഗരകാര്യ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ, മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ഔദ്യോഗിക വെബ്സൈറ്റുകൾ)*

## അനുബന്ധം 2.4
## എസ്.എഫ്.സികളുടെ രൂപീകരണത്തിലെയും റിപ്പോർട്ടുകളുടെ സമർപ്പണത്തിലെയും സമയനിഷ്ഠ
*(സൂചിക: ഖണ്ഡിക 2.5.3)*

| എസ്.എഫ്.സി | എസ്.എഫ്.സി രൂപീകരിക്കേണ്ട തീയതി | രൂപീകരിച്ച തീയതി | കാലതാമസം ദിവസങ്ങളിൽ | എസ്.എഫ്.സി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്ന തീയതി | സർക്കാർ എടുത്ത നടപടികളുടെ റിപ്പോർട്ട് സമർപ്പിക്കുന്ന തീയതി | കാലതാമസം ദിവസങ്ങളിൽ | കമ്മീഷന്റെ കാലയളവ് |
|---|---|---|---|---|---|---|---|
| ഒന്നാമത് | 1994 ഏപ്രിൽ 23 | 1994 ഏപ്രിൽ 23 | ഇല്ല | 1996 ഫെബ്രുവരി 29 | 1997 മാർച്ച് 13 | 378 | 1996-97 മുതൽ 2000-01 വരെ |
| രണ്ടാമത് | 1999 ഏപ്രിൽ 23 | 1999 ജൂൺ 23 | 61 | 2001 ജനുവരി 08 | 2004 ജനുവരി 07 | 1094 | 2001-02 മുതൽ 2005-06 വരെ |
| മൂന്നാമത് | 2004 ഏപ്രിൽ 23 | 2004 സെപ്റ്റംബർ 20 | 150 | 2005 നവംബർ 23 | 2006 ഫെബ്രുവരി 16 | 85 | 2006-07 മുതൽ 2010-11 വരെ |
| നാലാമത് | 2009 ഏപ്രിൽ 23 | 2009 സെപ്റ്റംബർ 19 | 149 | 2011 ജനുവരി 20 (ആദ്യ ഭാഗം)<br><br>2011 മാർച്ച് 31 (രണ്ടാം ഭാഗം) | 2011 ഫെബ്രുവരി 24 (ആദ്യ ഭാഗം)<br><br>2012 മാർച്ച് 22 (രണ്ടാംഭാഗം) | 35 (ആദ്യ ഭാഗം)<br><br>357 (രണ്ടാം ഭാഗം) | 2011-12 മുതൽ 2015-16 വരെ |
| അഞ്ചാമത് | 2014 ഏപ്രിൽ 23 | 2014 ഡിസംബർ 17 | 238 | 2015 ഡിസംബർ 19 (ആദ്യ ഭാഗം)<br><br>2016 മാർച്ച് 11 (രണ്ടാം ഭാഗം) | 2018 ഫെബ്രുവരി 07 (ആദ്യ ഭാഗം & രണ്ടാം ഭാഗം) | 781 (ആദ്യ ഭാഗം)<br><br>698 (രണ്ടാം ഭാഗം) | 2016-17 മുതൽ 2020-21 വരെ |

*(സ്രോതസ്സ്: എസ്.എഫ്.സി സെൽ, കേരള സർക്കാർ)*

## അനുബന്ധം 2.5

## സർക്കാർ അംഗീകരിച്ചെങ്കിലും ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത, യുഎൽബികളുടെ ശാക്തീകരണം സുഗമമാക്കുന്ന സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ

*(സൂചിക: ഖണ്ഡിക 2.5.3)*

### i. തനതു വരുമാനവുമായി ബന്ധപ്പെട്ട ശുപാർശകൾ

- കേബിൾ ടെലിവിഷൻ/ഡിഷ് ടിവി ഓപ്പറേറ്റർമാർ വാർഷിക ലൈസൻസ് ഫീസും വിനോദ നികുതിയും അടയ്ക്കേണ്ടത് നിർബന്ധമാക്കാവുന്നതാണ് (ഒന്നാമത്, രണ്ടാമത്, നാലാമത് എസ്.എഫ്.സികൾ).
- ഭൂമിയുടെ ഉപയോഗ വ്യതിയാന നിരക്ക് അടുത്ത കാലത്ത് സംസ്ഥാനത്ത് അനിയന്ത്രിതമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ കാർഷികേതര ഉപയോഗത്തിനായി വികസിപ്പിച്ചിട്ടുള്ള ഭൂമിയെ വസ്തു നികുതിയുടെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള സാദ്ധ്യത സർക്കാരിന് പരിശോധിക്കാവുന്നതാണ് (നാലാമത് എസ്.എഫ്.സി).
- 1975-ലെ കേരള കെട്ടിട നികുതി നിയമ പ്രകാരം പിരിച്ചെടുക്കപ്പെടുന്ന കെട്ടിട നികുതി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് (ഒന്നാമത് എസ്.എഫ്.സി).
- 1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും കൃഷി ഫാമുകളിലെയും പ്രവേശനഫീസും ഹൗസ് ബോട്ട് സർവ്വീസുകളും വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- ബിൽഡിംഗ് പെർമിറ്റ് ഫീസും മറ്റ് നികുതിയേതര ഇനങ്ങളുടെ നിരക്കുകളും (വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒഴികെ) കുറഞ്ഞത് 50 ശതമാനം ഉയർത്തേണ്ടതാണ് (അഞ്ചാമത് എസ്.എഫ്.സി).

### ii. സ്ഥാപനപരമായ നടപടികളുമായി ബന്ധപ്പെട്ട ശുപാർശകൾ

- മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും എഞ്ചിനീയറിംഗ് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കേഡറിൽ എൺവയോൺമെന്റ് എഞ്ചിനീയർ, മെക്കാനിക്കൽ എഞ്ചിനീയർ, ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നീ പുതിയ തസ്തികകൾ മൂന്ന് മേഖലകളിലായി സൃഷ്ടിക്കേണ്ടതാണ് (അഞ്ചാമത് എസ്.എഫ്.സി).
- കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം നൽകുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട്, വിവിധ ഗ്രേഡുകളിലുള്ള ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ഒരു കർമ്മ പദ്ധതി മൂന്ന് വർഷത്തിനുള്ളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) തയ്യാറാക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- മനുഷ്യവിഭവ വികസന വിഷയത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിശദാംശങ്ങളും മാതൃകകളും രൂപപ്പെടുത്തുന്നതിന് ധനകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും മറ്റ് രണ്ട് വിദഗ്ദ്ധരും അടങ്ങുന്നതും ഒരു പ്രമുഖ വിദഗ്ദ്ധൻ നേതൃത്വം നൽകുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഒരു മനുഷ്യവിഭവ കമ്മീഷൻ രൂപീകരിക്കാവുന്നതാണ്. ആറ് മാസത്തിനുള്ളിൽ ജോലി പൂർത്തിയാക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- അച്ചടക്ക നിയമങ്ങളും പെരുമാറ്റച്ചട്ടങ്ങളും ഉൾപ്പെടുത്തിക്കൊണ്ടും മനുഷ്യ വിഭവപരിപാലനത്തിന്റെയും പ്രവർത്തന നിലവാര നിർണ്ണയത്തിന്റെയും പൊതുവായി അംഗീകരിക്കപ്പെട്ട തന്ത്രങ്ങൾ വിശദീകരിക്കുകയും ചെയ്യുന്ന പേഴ്സണൽ മാനേജ്മെന്റ് മാനുവൽ തയ്യാറാക്കാവുന്നതാണ് (നാലാമത് എസ്.എഫ്.സി).

## അനുബന്ധം 2.5 (അവസാനിച്ചു.)

### iii. മറ്റ് ശുപാർശകൾ

- ധനവിനിയോഗ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിന് കെഎം ആക്ടിൽ സാമ്പത്തിക ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ഒരു അധ്യായം ചേർക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- മതിയായ എണ്ണം ഉദാഹരണങ്ങൾ സഹിതം ലളിതമായ രീതിയിൽ ബഡ്ജറ്റ് നിയമങ്ങൾ വിശദമായി വിപുലീകരിക്കുകയും ധനവിനിയോഗ നിയന്ത്രണം പ്രാപ്തമാക്കുന്നതിന് വിനിയോഗത്തിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുകയും ചെയ്യുന്ന നിർദ്ദേശങ്ങൾ ഒരു ബഡ്ജറ്റ് മാനുവലിന്റെ രൂപത്തിൽ തയ്യാറാക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- ജില്ലാ ആസൂത്രണ സമിതി പോലെയുള്ള നിർണായക ഭരണഘടനാ സംവിധാനത്തിന്റെ അധികാരങ്ങളിലും ചുമതലകളിലുമുള്ള വ്യക്തതക്കുറവ് പരിഹരിക്കേണ്ടതുണ്ട് (നാലാമത് എസ്.എഫ്.സി).
- പ്രാദേശിക ഭരണകൂടങ്ങളിൽ  നിയുക്തമായ ചുമതലകൾ നിർവ്വഹിക്കുന്ന പാരാസ്റ്റേറ്റലുകൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളും പ്രാദേശിക ഭരണകൂടങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമായി നിർവ്വചിക്കേണ്ടതുണ്ട് (നാലാമത്  എസ്.എഫ്.സി).

## അനുബന്ധം 2.6
## കെ.എം ആക്ടിനുമേൽ സർക്കാരിനുള്ള അധികാരങ്ങൾ
*(സൂചിക: ഖണ്ഡിക 2.6)*

| ക്രമ നമ്പർ | വിഷയം | നിബന്ധന |
|---|---|---|
| 1 | ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരം | ഈ ആക്ടിന്റെ ആവശ്യങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുന്നതിനുവേണ്ടി ഗസറ്റ് വിജ്ഞാപനം വഴി, സർക്കാരിന് മുൻകാല പ്രാബല്യത്തോട്ടുകൂടിയോ പിൻകാല പ്രാബല്യത്തോട്ടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. (കെ.എം. ആക്ട്, 1994-ലെ വകുപ്പ് 565) |
| 2 | മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിനുള്ള അധികാരം | ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ധനകാര്യം, കണക്കുകൾ സൂക്ഷിക്കൽ, ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെയും സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തെരഞ്ഞെടുപ്പ്, വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണം എന്നീ സംഗതികളിൽ ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും അത്തരം നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി പാലിക്കേണ്ടതുമാണ്. (കെ.എം. ആക്ട്, 1994-ലെ വകുപ്പ് 58) |
| 3 | മുനിസിപ്പാലിറ്റി പിരിച്ചുവിടുന്നതിന് സർക്കാരിനുള്ള അധികാരം | ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തൊട്ടടുത്ത സാമ്പത്തിക വർഷത്തെ മുനിസിപ്പാലിറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കുന്നതിൽ കൗൺസിൽ പരാജയപ്പെടുകയും ആ കാരണത്താൽ മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുകയും ചെയ്യുകയോ അല്ലെങ്കിൽ ഭൂരിപക്ഷം കൗൺസിലർമാരും രാജിവയ്ക്കുകയോ അയോഗ്യരാക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽപ്പറയുന്ന തീയതി മുതൽ മുനിസിപ്പാലിറ്റി പിരിച്ചുവിടാവുന്നതും അതിന്റെ ഒരു പകർപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സർക്കാർ അയച്ചുകൊടുക്കേണ്ടതുമാണ്. (കെ.എം ആക്ട്, 1994-ലെ വകുപ്പ് 64) |
| 4 | ചില പണികൾ ഏറ്റെടുക്കാൻ സർക്കാരിനുള്ള അധികാരം | സർക്കാർ, ഒരു മുനിസിപ്പാലിറ്റിയുടെ സമ്മതത്തോടുകൂടി, അതിനുവേണ്ടി ജലവിതരണത്തിന്റെയോ ഡ്രെയിനേജിന്റെയോ അഥവാ മറ്റ് പണികളുടെയോ നിർമ്മാണം ഏറ്റെടുക്കാവുന്നതും അങ്ങനെയുള്ള പണികളുടെ നിർമ്മാണം നടത്തുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ആളെയോ നിയമിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും അലവൻസുകളും ഉൾപ്പെടെയുള്ള ചെലവ് മുനിസിപ്പൽ ഫണ്ടിൽ നിന്ന് അധികാരപ്പെട്ട വായ്പകളുടെ സേവനങ്ങൾക്കു വേണ്ടിയുള്ള ചാർജ്ജുകളൊഴികെ, മറ്റേത് ചാർജ്ജിനേക്കാളും മുൻഗണന നൽകി കൊടുക്കണമെന്ന് നിർദ്ദേശിക്കാവുന്നതുമാണ്. (കെ.എം ആക്ട്, 1994-ലെ വകുപ്പ് 62) |

## അനുബന്ധം 2.6 (അവസാനിച്ചു.)

| ക്രമ നമ്പർ | വിഷയം | നിബന്ധന |
|---|---|---|
| 5 | വസ്തു ആർജ്ജിക്കുന്നതിനും കൈയൊഴിയുന്നതിനും മുനിസിപ്പാലിറ്റിക്കുള്ള അധികാരം | ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ അതിനു പുറത്തോ ഉള്ള ഭൂമിയോ കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് എന്തെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനുവേണ്ടി ആർജ്ജിക്കുകയോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കയ്യൊഴിക്കുകയോ ചെയ്യാവുന്നതാണ്. (കെ.എം ആക്ട്, 1994-ലെ വകുപ്പ് 215) |
| 6 | ചില ബൈലാകൾക്ക് മുൻകാലപ്രാബല്യം നൽകുന്നതിനുള്ള അധികാരം | കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിക്കും ഈ അദ്ധ്യായത്തിൽ ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി, മുൻകാല പ്രാബല്യത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. (കെ.എം ആക്ട്, 1994-ലെ വകുപ്പ് 568) |
| 7 | ബൈലാകളോ റെഗുലേഷനുകളോ സ്ഥിരീകരിക്കൽ | ഏതെങ്കിലും ബൈലായോ, റെഗുലേഷനോ, അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. (കെ.എം ആക്ട്, 1994-ലെ വകുപ്പ് 572) |

(*സ്രോതസ്സ്: കെ.എം ആക്ട്, 1994*)

## അനുബന്ധം 3.1
## തെരഞ്ഞെടുത്ത യുഎൽബികളുടെ ഖരമാലിന്യനിർമ്മാർജനത്തിന്റെ വിശദാംശങ്ങൾ
*(സൂചിക: ഖണ്ഡിക 3.2.1)*

| നഗര തദ്ദേശ സ്ഥാപനം | തരം | പ്രതിദിന ഉത്പാദനം (ടൺ) | കൈകാര്യം ചെയ്യാനുള്ള ശേഷി (ടൺ) | മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ശതമാനം |
|---|---|---|---|---|
| ഇരിങ്ങാലക്കുട | ജൈവമാലിന്യം | 15.50 | 9.00 | 58.06 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 3.50 | 3.50 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 1.00 | 1.00 | 100.00 |
| വടക്കാഞ്ചേരി | ജൈവമാലിന്യം | 12.00 | 2.00 | 16.67 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.00 | 5.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 3.00 | 3.00 | 100.00 |
| ചെർപ്പുളശ്ശേരി | ജൈവമാലിന്യം | വിശദാംശങ്ങൾ ലഭ്യമല്ല | | |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 2.00 | 1.00 | 50.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 1.00 | 0.50 | 50.00 |
| ഒറ്റപ്പാലം | ജൈവമാലിന്യം | 0.10 | 0.10 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.00 | 0.45 | 9.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.02 | 0.015 | 0.75 |
| പൊന്നാനി | ജൈവമാലിന്യം | 6.00 | 5.00 | 83.33 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 1.50 | 1.00 | 66.67 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.50 | 0.25 | 50.00 |
| കൊടുവള്ളി | ജൈവമാലിന്യം | 0.05 | 0.05 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.60 | 0.40 | 66.67 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.10 | 0.08 | 80.00 |
| കൽപ്പറ്റ | ജൈവമാലിന്യം | 6.00 | 6.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 3.50 | 4.00 | 114.29 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 4.00 | 4.00 | 100.00 |
| മട്ടന്നൂർ | ജൈവമാലിന്യം | 9.38 | 9.38 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.00 | 5.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.49 | 0.49 | 100.00 |

## അനുബന്ധം 3.1 (തുടരുന്നു...)

| നഗര തദ്ദേശ സ്ഥാപനം | തരം | പ്രതിദിന ഉത്പാദനം (ടൺ) | കൈകാര്യം ചെയ്യാനുള്ള ശേഷി (ടൺ) | മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ശതമാനം |
|---|---|---|---|---|
| നീലേശ്വരം | ജൈവമാലിന്യം | 4.00 | 4.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 1.00 | 1.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 3.00 | 0.00 | 0.00 |
| കൊച്ചി കോർപ്പറേഷൻ | ജൈവമാലിന്യം | 226.00 | 250.00 | 110.62 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 80.00 | 1.00 | 1.25 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 20.00 | 0.00 | 0.00 |
| നെടുമങ്ങാട് | ജൈവമാലിന്യം | 5.60 | 2.80 | 50.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.60 | 2.80 | 50.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.20 | 0.00 | 0.00 |
| കായംകുളം | ജൈവമാലിന്യം | 5.00 | 3.00 | 60.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.10 | 0.45 | 450.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.34 | 0.00 | 0.00 |
| ഹരിപ്പാട് | ജൈവമാലിന്യം | 8.30 | 4.00 | 48.19 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.25 | 0.25 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.05 | 0.05 | 100.00 |
| തിരുവല്ല | ജൈവമാലിന്യം | 5.20 | 4.00 | 76.92 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 2.00 | 0.5 | 0.25 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.45 | 0.00 | 0.00 |
| പത്തനംതിട്ട | ജൈവമാലിന്യം | 2.00 | 1.50 | 75.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.50 | 0.40 | 80.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.50 | 0.30 | 60.00 |

## അനുബന്ധം 3.1 (അവസാനിച്ചു.)

| നഗര തദ്ദേശ സ്ഥാപനം | തരം | പ്രതിദിന ഉത്പാദനം (ടൺ) | കൈകാര്യം ചെയ്യാനുള്ള ശേഷി (ടൺ) | മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ശതമാനം |
|---|---|---|---|---|
| പന്തളം | ജൈവമാലിന്യം | 1.50 | 2.00 | 133.33 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.05 | 1.00 | 2000.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.15 | 1.00 | 666.67 |
| കട്ടപ്പന | ജൈവമാലിന്യം | 5.50 | 4.00 | 72.73 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 2.50 | 2.50 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 2.00 | 2.00 | 100.00 |
| കോഴിക്കോട് കോർപ്പറേഷൻ | ജൈവമാലിന്യം | 205.00 | 150.00 | 0.73 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 26.00 | 10.00 | 0.38 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 69.00 | 25.00 | 0.36 |
| ആലുവ | ജൈവമാലിന്യം | 10.00 | 6.00 | 0.6 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 4.00 | 4.00 | 100 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.00 | 0.00 | 0.00 |
| പാനൂർ | ജൈവമാലിന്യം | 13.13 | 0.6 | 0.05 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 3.00 | 3.00 | 100 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 1.38 | 1.38 | 100 |

*(സ്രോതസ്സ്: തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ നൽകിയ വിവരങ്ങൾ)*

## അനുബന്ധം 3.2

**2015-20 കാലയളവിൽ ഖരമാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ച ഫണ്ടിന്റെയും തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ**

*(സൂചിക: ഖണ്ഡിക 3.2.1)*

| യുഎൽബി | വിഹിതം | ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|
| തിരുവനന്തപുരം | 404460817 | 182672434 | 45.16 |
| കൊച്ചി | 59086897 | 4928656 | 8.34 |
| കോഴിക്കോട് | 143054509 | 29555000 | 20.66 |
| നെടുമങ്ങാട് | 32623640 | 4383940 | 13.44 |
| കായംകുളം | 87332568 | 3268772 | 3.74 |
| ഹരിപ്പാട് | 8185302 | 3536839 | 43.21 |
| തിരുവല്ല | 22916822 | 2117138 | 9.24 |
| പന്തളം | 14437672 | 1350418 | 9.35 |
| പത്തനംതിട്ട | 10102508 | 4232043 | 41.89 |
| കട്ടപ്പന | 34496497 | 6757269 | 19.59 |
| ആലുവ | 51899297 | 21245020 | 40.94 |
| ഇരിങ്ങാലക്കുട | 26770079 | 9742747 | 36.39 |
| വടക്കാഞ്ചേരി | 13264618 | 209519 | 1.58 |
| ചെർപ്പുളശ്ശേരി | 15457149 | 2052425 | 13.28 |
| ഒറ്റപ്പാലം | 38232275 | 6143697 | 16.07 |
| പൊന്നാനി | 23510375 | 1917091 | 8.15 |
| കൊടുവള്ളി | 37685732 | 952872 | 2.53 |
| കൽപ്പറ്റ | 35681688 | 9830368 | 27.55 |
| പാനൂർ | 11487500 | 337500 | 2.94 |
| മട്ടന്നൂർ | 4954000 | 980000 | 19.78 |
| നീലേശ്വരം | 41424120 | 9678946 | 23.37 |

*(സ്രോതസ്സ്: തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ നൽകിയ വിവരങ്ങൾ)*